സിനിമാമാസിക

K. L. V. VASANTHA

IN

KUNDALAKESI

(IN TAMIL)

RIGHTS FOR TRAVANCORE,
COCHIN & MALABAR.

Special Number

Price Re. 1.



International Film Corporation,

FILM DISTRIBUTORS, NAGERCOIL.

സിനിമാകൊട്ടക ഉടമസ്ഥർക്കും, സിനിമാപ്രേമികൾക്കും ഒരു സുവർണ്ണാവസരം!!

തെന്നിൻഡ്യായിലെ സുപ്രസിദ്ധ സിനിമാതാരങ്ങളാൽ അഭിനയിക്കപ്പെട്ടിട്ടുള്ള ചില മുഖ്യചിത്രങ്ങളെ ഞങ്ങൾ തിരുവിതാംകൂറിലേക്കും തിരുനൽവേലി ഡിസ്ട്രിക്ടിലേക്കും വിനിയോഗത്തിനായി എടുത്തിരിക്കുകയാണെന്ന് എന്നുള്ള വസ്തുത അറിയിച്ചുകൊള്ളുന്നു. തമിഴിലും, തെലുങ്കിലും, ഹിന്ദിയിലുമുള്ള പ്രസ്തുത ചിത്രങ്ങൾ തിയേറ്റർ ഉടമസ്ഥന്മാർക്ക് സ്വർണ്ണഖനികൾ തന്നെ. അവയെ ബുക്ക് ചെയ്യാൻ ആഗ്രഹിക്കുന്നവർ ഉടനെ ഞങ്ങളെ അറിയിക്കുക.

തെൻനാട്ടിലെ പ്രബലനടനായ പി. യു. ചിന്നപ്പാ, നടീരത്നങ്ങളായ ടി. ആർ. രാജകുമാരി, കുമാരി രുഗ്മണി മുതലായവർ നടിക്കുന്നതും മി. സൗന്ദരരാജനാൽ ഡയറക്റ്റ് ചെയ്തിട്ടുള്ളതുമായ

"പങ്കജവല്ലി" (തമിൾ)

ചിന്നപ്പാ, എം. വി. രാജമ്മ, സരോജ, കാളി എൻ രത്നം തുടങ്ങിയവർ നടിക്കുന്ന

അർദ്ധനാരി

നാടകവേദിയിൽതന്നെ പ്രശസ്തി സമ്പാദിച്ചതും ലക്ഷ്മണൻ, ലക്ഷ്മി, രാജാകാന്തം, രാജലക്ഷ്മി, മുതലായവർ നടിച്ചിരിക്കുന്ന

ഉത്തമി

വിമലാകുമാരി, ഇന്ദ്രാചാര്യ, മററു പല നടീനടന്മാർ അഭിനയിച്ചതും, രോമാഞ്ചം ഉളവാക്കുന്ന അത്യത്ഭുത സംഭവങ്ങളാൽ നിറഞ്ഞതും ആയ

"വേതാളപുരം" എന്ന തമിഴ് മാജിക്ക് പടം

നാഗർകോവിൽ മഹാദേവൻ, കൃഷ്ണവേണി, ടി. എസ്സ്. ദുരൈരാജ് എന്നിവർ നടിക്കുന്ന

കാമവല്ലി (തമിഴ്)

മലമങ്ക

ഇതല്ലാതെ ഇതരപടങ്ങളും വിനിയോഗിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്തുവരുന്നു. ചിത്രങ്ങളെപ്പററിയുള്ള പൂർണ്ണ വിവരങ്ങൾക്കും, Terms മുതലായവയ്ക്കും ഉടനെ എഴുതുക. തിയേററർ മുതലാളിമാരുടെ സൌകര്യത്തെ ഉദ്ദേശിച്ച് ഞങ്ങളുടെ ഒരു ബ്രാഞ്ച് താമസംവിനാ കൊല്ലത്ത് തുടങ്ങുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു.

International Film Corporation,
Film Distributors,
Nagercoil.

ഇൻവെസ്റ്റ്മെൻറ് കോർപ്പറേഷൻ (ക്ലിപ്തം)

ഹെഡ് ആഫീസ് — കോട്ടയം.

ശാഖകൾ:-

ആലപ്പുഴ　　കൊല്ലം

ആലുവാ　　തിരുവല്ലാ

തിരുവനന്തപുരം.

അധികൃത മൂലധനം	**രൂ.**	**5,00,000**
പിരിഞ്ഞുകിട്ടിയ മൂലധനം	**രൂ.**	**3,50,000**
കരുതൽ ധനം	**രൂ.**	**1,50,000**

ആദായവീതം:-	**118-ൽ**	**35**	**ശതമാനം.**
	119-ൽ	**20**	"
	120-ൽ	**15**	"
	121-ൽ	**20**	"

നായകന്മാർ:-

മെസ്സേഴ്സ്: ഏ. വി. ജോർജ്ജ്; അഞ്ചേരിൽ, കോട്ടയം. (ചെയർമാൻ)

കെ. വെങ്കിടസുബ്രഹ്മണ്യയ്യർ; കൈതാരം, പരിപ്പ്.

കെ. ററി. തോമ്മസ് ബി. എ., ബി. എൽ.
അഡ്വൊക്കെററ്, കോട്ടയം.

എൻ. എക്സ്. ജോർജ്ജ് ബി. എ., കോട്ടയം.

എം. സി. മാത്യു. മാളിയേക്കൽ, കോട്ടയം.

പ്രതിമാസ ലേലച്ചിട്ടികൾ നടത്തുന്ന സ്ഥാപനങ്ങളും വ്യക്തികളും ഈ കാലത്തു ധാരാള മുണ്ടെങ്കിലും ഞങ്ങൾ തലയാളായി നടത്തുന്ന ചിട്ടികളിൽ പൊതുജനങ്ങൾക്കുള്ള മതിപ്പും വിശ്വാസവും സീമാതീതമാണ്. മൂന്നുലക്ഷം രൂപയ്ക്കുമേൽ മൂലധനമുള്ള ചിട്ടികൾ ഞങ്ങൾ കോട്ടയത്തു നടത്തി വരുന്നതിനു പുറമെ ഞങ്ങളുടെ ചിററാളന്മാരുടെ സൗകര്യത്തെ ലാക്കാക്കി മുകളിൽ പറഞ്ഞിരിക്കുന്ന കമ്പനി ശാഖകളിലും ചിട്ടികൾ മുതലിച്ചു നടത്തി വരുന്ന വിവരവും അറിയിച്ചുകൊള്ളുന്നു.

മാനേജിംഗ് ഏജൻസ്

എം. സി. മാത്യു & കമ്പനി (ക്ലിപ്തം) കോട്ടയം.

AWAIT! Varma Pictures

present the year's superhit.

SREE MURUGAN

Ready for Booking

My Son.
Kannagi
Kubera Kuchela.
Aravalli
(Cochin & Br. Malabar)
Bhooloka Ramba

Paranjyoti
Santa
Call of Tarson
Peril of Nyoka
Tiger Woman
Aladdin

AWAIT!

EKAMBAVANAM

CHANDRU FILMS

Broadway-Ernakulam.

THE JAI HIND FILMS LIMITED

(Incorporated in Travancore State with limited liability)

Registered Office:- KOTTAYAM, Travancore.

Authorised & Issued Capital Rs. 5,00,000

Divided into

50,000 Ordinary Shares of Rs. Ten each

DIRECTORS

1. Dr. C. R. Krishna Pillai, Madras.
2. K. Gopala Pillai, Kottayam.
3. M. M. Cherian, Kottayam.
4. V. Hally Mathew, Kottayam.
5. C. I. Abraham, Kottayam.
6. T. J. Philip, Ambalapuzha.
7. M. N. Nayar, Kottayam.

BANKERS

THE TRAVANCORE BANK LIMITED.
(Bankers to H. H. The Maharaja of Travancore)

THE INDIAN BANK LIMITED.

THE TRAVANCORE FORWARD BANK LIMITED.

Managing Agents

M. N. NAYAR & Co.,

KOTTAYAM.

OBJECTS

Production, Distribution & Exhibition of Films.

Few more Shares available at par

Enquiries Solicited

Copies of the Prospectus & Application can be had from the Bankers & Managing Agents.

വിവാഹമഹോൽസവം

കുട്ടപ്പന്റെ കല്യാണ ഒരുക്കങ്ങൾ

മറിയാമ്മ:-

ചേട്ടത്തീ കുട്ടപ്പന്റെ കല്യാണം വരുന്ന തിങ്കളാഴ്ചയല്ലേ മന്ത്രകോടിയും മറ്റും വാങ്ങിച്ചോ?

അന്നാമ്മ:-

തുണിയൊക്കെ നാളെ വാങ്ങിക്കും. നിങ്ങളുടെ പെണ്ണമ്മയുടെ മന്ത്രകോടി എവിടുന്നാ വാങ്ങിച്ചതു്? നല്ല കസവും ഒന്നാംതരം ഇഴയും. ഞാൻ കഴിഞ്ഞ ഞായറാഴ്ച പള്ളിയിൽവച്ചു കണ്ടു. വിലയും കൂടുതൽ ഇല്ലെന്നാണല്ലോ പറഞ്ഞതു്.

മറിയാമ്മ:-

അതേ അതേ 45 രൂപായേ ഉള്ളു. നല്ല ഒന്നാംതരം നേരിയതു്. കോട്ടയത്തു് <u>ഏ. എം. വക്കി ആൻഡ് കമ്പനിയിൽ</u> നിന്നാണു വാങ്ങിച്ചതു്. അവിടെ കസവു നേരിയതുകളും, സാരികളും, തുപ്പട്ടാവുകളും, ഒക്കെ വേണ്ടപോലെ ധാരാളം വരുത്തി വച്ചിട്ടുണ്ടു്. വിലയും വളരെ കുറവാണെന്നു മാത്തുച്ചന്റെ അപ്പച്ചൻ പറഞ്ഞു.

അന്നാമ്മ:-

അതു തരക്കേടില്ലല്ലോ. 45 രൂപായേ കൊടുത്തൊള്ളോ. എന്നാൽ നാളെ അവിടെത്തന്നെ പോകാൻ പറയാം. ഇന്നാൾ ഇവിടെ രണ്ടു നേരിയതു വാങ്ങിച്ചു കൊണ്ടു വന്നതും അവിടെ നിന്നാണെന്നു തോന്നുന്നു. പേരെന്താ പറഞ്ഞതു്. <u>ഏ. എം. വക്കി ആൻഡ് കമ്പനിയെന്നല്ലേ?</u>

മറിയാമ്മ:-

അതേ അതേ. <u>എ. എം. വക്കി ആൻഡ് കമ്പനി.</u> അത്രയും വില കുറച്ചു മറ്റെങ്ങും കിട്ടുകയില്ല. അതുകൊണ്ടു് അവിടെത്തന്നെ പോകാൻ പറയണം.

ആററം അസിസിൻെറ രഹസ്യം

?

അതേ! നിങ്ങൾ അക്ഷമയോടെ കാത്തിരിക്കുന്ന ആ ഹൃദയാനന്ദകരമായ

സംഗീതപ്രവാഹം ഇവ രണ്ടും

വികടയോഗി

എന്ന മഹൽ ചിത്രത്തിൽ

സംഗീത ചക്രവത്തി

എം. കെ. ത്യാഗരാജഭാഗവതർ

പാടിയതു്.

നടനസാമ്രാട്ട്

പി. യു. ചിന്നപ്പാ

പാശ്ചാത്യ മാതൃകയിൽ
വേഷവിധാനം ചെയ്തു നടിക്കുന്നതു്.

മോഹനാംഗി

ററി. ആർ. രാജകുമാരി

ഇദംപ്രഥമമായി ഒരു കാളേജുകുമാരിയുടെ
വേഷം അഭിനയിക്കുന്നു.

ഹൃദയാവജ്ജകമായ കഥാഘടനയോടുകൂടിയ മഹനീയമായ സോഷ്യൽ ചിത്രം.

Distributors for KERALA:- SWAMY FILMS, Kottayam.

ഡയറക്ടർ. ററി. ആർ. സുന്ദരം B. A. B., Sc.

ഇദം പ്രഥമമായി K. L. V. വസന്ത മുതൽപേരോടുകൂടി കഥാനായകനായി അഭിനയിക്കുന്ന

രാമായണത്തിലെ ഒരു മഹനീയ രംഗം.

സുലോചന

Distributors for Travancore

Swamy Films, Kottayam.

അത്ഭുതം മാജിക്ക് സീനറികൾ നിറഞ്ഞതും, മഹാഭാരതത്തിലെ ഒരു മഹത്തായ
അദ്ധ്യായത്തെ പ്രതിദ്ധ്വനിപ്പിക്കുന്നതുമായ

മഹാത്മാഉദങ്കർ

വിജയകുമാരി, K. R ചെല്ലം, ബേബി കമല, കൊളത്തുമണി, കൊത്തമംഗലം ചീനു,
K. R. രാമചന്ദ്രൻ, സൗദാമിനി, വിദ്വാൻ ഗണേശൻ, മുതൽപേർ നടിച്ചതു്.

ബോംബയിലെ പ്രശസ്ത വിഷ്ണു സിനിട്ടോണിൽ തയാറാക്കപ്പെടുന്ന ഈ ചിത്രം തമിഴ്ചിത്ര നിർമ്മാണത്തിൽ ഒരു പുതിയ അദ്ധ്യായം ഉൽഘാടനം ചെയ്യുന്നു.

Rights Controlled For Malabar, Cochin & Travancore.

Swamy Films, Kottayam.

ദീപാവലി ദിനത്തിൽ !

നാഗരുകോവിൽ ശ്രീറാം ടോക്കീസിൽ

പ്രാരംഭ പ്രദർശനം.

"ചിത്രകല"യുടെ

ശ്രീകുമാരഗുരു

അതിമഹത്തായ പുരാതന ചരിത്രകഥ

കർണ്ണാനന്ദകരമായ സംഗീതപീയൂഷം.

ഡയറക്ടർ - ജെ. സിൻഹാ

തെക്കെ ഇൻഡ്യയിലെ പ്രധാന കേന്ദ്രങ്ങളിലെല്ലാം ഇപ്പോൾ
വൻപിച്ച ജനക്കൂട്ടമദ്ധ്യത്തിൽ പ്രദൾനം നടത്തി വരുന്നു.

നിങ്ങളുടെ തിയേറററിൽ പ്രദർശനം പ്രതീക്ഷിക്കുക !!

വിതരണാവകാശം

മൈസൂർ സ്റ്റേററ്, കൂർഗ്, സൗത്ത് കാനറാ,
ബോംബെ പ്രോവിൻസ്.
(ബോംബെ നഗരം ഒഴികെ)

കർണ്ണാടക ഫിലിംസ് —
ബാംഗളൂർ സിററി.

മററു വിവരങ്ങൾ ആവശ്യപ്പെടുക:-

CHITRAKALA MOVIETONE Ltd., MADURA.

THE MALIAKKAL SHOP

K. K. ROAD, KOTTAYAM.

The most popular resort for shopping in best Toilet Soaps, Toys, Toffee &c.,

BEST PRESENTATION ARTICLES IN SILVER, NICKEL, & GLASS.

Tinned goods of vitaminized vegetables

and

all kinds of Jams.

Dealers in

All kinds of Stationery, Fancy goods and all varieties of

ELECTRICAL AND MECHANICAL ACCESSORIES.

Ready cooked-corn Beef, sardines, salmons, cheases, bacon, sausages, chicken and meat soups in air-conditioned cans.

HONEY & VINEGAR ALWAYS AVAILABLE.

LONG LIVE
HIS HIGHNESS SRI CHITRA THIRUNAL SIR BALA RAMA VARMA, G. C. I. E., D. LITT.,
MAHARAJA OF TRAVANCORE.



വേണാട്ടിൻ ഭരണം മുറയ്ക്കഖിലഹൃൽസമ്മോദമേററം പടി-
യ്യാണായിട്ടു നടത്തിടുന്ന സുകൃതക്കാമ്പായ ചിത്രർക്ഷജൻ
ചേണാളുംപടി ലോകമാകെയൊരുപോൽ സൽക്കീർത്തി പാകിച്ചിരം
കാണായുള്ളൊരു ദൈവമായി വിലസാനീശൻ കടാക്ഷിയ്ക്കണം.

(സിനിമാ മാസിക.)

V. S. P. K.

സിനിമാ മാസിക

തിരുനാൾ വിശേഷാൽപ്രതി

വാല്യം 1	1946 ഒക്ടോബർ - 1122 തുലാം	ലക്കം 1

സ്വന്തം പ്രസ്താവന

മലയാളഭാഷയിൽ ഇന്ന് അനേകം ദിനപത്രങ്ങളും പ്രതിവാരികകളും, മാസികകളും പ്രസിദ്ധംചെയ്യുന്നുണ്ടെങ്കിലും ജനസാമാന്യത്തിന്റെ സാമൂഹ്യജീവിതത്തിൽ സമൂലവും വിപ്ലവപരവുമായ പരിവർത്തനങ്ങൾ തന്നെ വരുത്തിക്കൂട്ടുവാൻ സർവ്വവിധ സാദ്ധ്യതകളോടും കൂടിയ ചലച്ചിത്രങ്ങളെ സംബന്ധിച്ച പ്രത്യേകം പ്രതിപാദിക്കുന്നതിനായി ഒരു വാരികയോ മാസികയോ ഇല്ലാത്തതിനാൽ ചലച്ചിത്ര വ്യവസായത്തിന്റെ നാനാവശങ്ങളെയും പററി പ്രതിപാദിക്കയും കേരളീയ ജനതയ്ക്ക് ഏതദ്വിഷയകമായി വേണ്ട പ്രബോധനങ്ങൾ നൽകുകയും ചെയ്യത്തക്കവണ്ണം "സിനിമാ മാസിക" എന്ന പേരിൽ ഇങ്ങനെ ഒരു നൂതന പ്രസിദ്ധീകരണം സമാരംഭിക്കുവാൻ സാധിച്ചതിൽ ഞങ്ങൾക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്. മാസികയുടെ പ്രസിദ്ധീകരണത്തിനു വേണ്ട അനുമതിയും മററു സഹായസഹകരണങ്ങളും നൽകിയ തിരുവിതാംകൂർ ഗവർമ്മെൻറിനോടും ലേഖനങ്ങൾ അയച്ചുതന്നും പരസ്യങ്ങൾ നൽകിയും മററും ഈ നൂതനോദ്യമത്തിൽ ഞങ്ങളെ പ്രോത്സാഹിപ്പിച്ചിട്ടുള്ള മാന്യമഹാജനങ്ങളോടും ഞങ്ങൾക്കുള്ള അകൈതവമായ കൃതജ്ഞതയേയും ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

സിനിമാവ്യവസായത്തിന്റെ ശോഭനഭാവിയെ പരിഗണിക്കുമ്പോൾ ഇങ്ങനെ ഒരു നൂതന പ്രസിദ്ധീകരണത്തിന്റെ ആവശ്യത്തെയോ വിജയസാദ്ധ്യതകളെയോ പററി ഞങ്ങൾക്കു ലവലേശവും ശങ്ക തോന്നുന്നില്ല. എങ്കിലും അഭ്യസ്തവിദ്യരും ഉദാരമതികളുമായ കേരളീയ മഹാജനങ്ങളുടെ ഹൃദയപൂർവ്വമായ സഹായസഹകരണങ്ങളിലാണു സിനിമാ മാസികയുടെ ഭാവി സ്ഥിതിചെയ്യുന്നത്. ഞങ്ങളുടെ ഉദ്യമം സഫലവും വിജയകരവുമാക്കിത്തീർക്കുന്നതിലേക്ക് അവരുടെ സർവ്വവിധ സഹകരണങ്ങളെയും ഞങ്ങൾ സാദരം അഭ്യർത്ഥിക്കയും ചെയ്യുന്നു.

ദക്ഷിണേന്ത്യയിലെ ചലച്ചിത്രവ്യവസായം ഇന്നും കേവലം പരിതാപകരമായ ഒരവസ്ഥയിൽ മാത്രമാണു സ്ഥിതിചെയ്യുന്നത്. യുദ്ധാനന്തരകാലത്തെ ഉദ്ദേശിച്ച ചലച്ചിത്ര വ്യവസായം സംബന്ധിച്ചും പല പുതിയ പദ്ധതികളും നിർദ്ദേശങ്ങളും പല ഭാഗങ്ങളിൽനിന്നും പുറപ്പെടുന്നുണ്ടെങ്കിലും ഇവയൊന്നും പ്രായോഗികമാക്കുന്നതിൽ ആരുംതന്നെ യാതൊരു ശ്രദ്ധയും പതിച്ചുകാണുന്നില്ലെന്നു സവ്യസനം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. തെക്കെ ഇൻഡ്യയിലെ ചലച്ചിത്രനിർമ്മാണം ഇന്നു നടന്നുകൊണ്ടിരിക്കുന്നതു ജനസഞ്ചയത്തിനു വിജ്ഞാനവും വിനോദവും നൽകുക എന്ന ആദർശപരമായ ലക്ഷ്യത്തെ അല്പമെങ്കിലും മുൻനിറുത്തിയാണെന്നു പറവാൻ യാതൊരു നിർവ്വാഹവുമില്ല. നാട്ടിൽ അങ്ങുമിങ്ങുമായി ഏതാനും പേർ ഫിലിംനിർമ്മാണം ഒരു തൊഴിലായി സ്വീകരിച്ചിരിക്കുന്നതുകൊണ്ടും അതിൽനിന്ന് അവർക്കു വൻപിച്ച ആദായം ലഭിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടും ഈ തൊഴിൽ ഇങ്ങനെ അഭംഗം തുടർന്നുകൊണ്ടിരിക്കുന്നു എന്നു മാത്രമേ പറവാൻ ന്യായം കാണുന്നുള്ളൂ. സിനിമായുടെ മഹത്തായ സേവനശക്തിയെയോ സിനിമാവഴി ജനസാമാന്യത്തിനു നൽകാൻ കഴിവുള്ള അമൂല്യങ്ങളായ അനുഗ്രഹങ്ങളെയോ പററി ഇപ്പോഴത്തെ ഉല്പാദകരിൽ ആർക്കെങ്കിലും അല്പമെങ്കിലും ബോധമോ ചിന്തയോ ഉണ്ടെന്നു തോന്നുന്നില്ല. ഉല്പാദകർ അവരുടെ ഇഷ്ടംപോലെ ചിത്രനിർമ്മാണത്തിനുള്ള വിഷയങ്ങൾ തിരഞ്ഞെടുക്കുന്നു. നടീനടന്മാരെ തിരഞ്ഞെടുക്കുന്നതും, നിർമ്മാണരീതി നിർണ്ണയിക്കുന്നതും, ചിത്രനിർമ്മാണത്തിനുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതും എല്ലാം അവർതന്നെ. ജനങ്ങളുടെ അഭിരുചിക്കോ ആവശ്യത്തിനോ ഇതിൽ യാതൊരു സ്ഥാനവും കല്പിക്കപ്പെടുന്നില്ല. സിനിമാശാല ഒരു വിനോദസ്ഥലം മാത്രമാണെന്നും, മിക്കവാറും ജനങ്ങൾ അവിടെ പോകുന്നതു തലച്ചോറുകൊണ്ടു ജോലി ചെയ്യാനല്ല- വിനോദത്തിനും വിശ്രമത്തിനും വേണ്ടി മാത്രമാണെന്നും സമ്മതിക്കാം. എന്നാൽ സിനിമായ്ക്കു മനുഷ്യന്റെ സാമൂഹ്യജീവിതത്തിൽ പ്രയോഗിക്കാൻ കഴിവുള്ളതും പ്രയോഗിച്ചുകൊണ്ടിരിക്കുന്നതുമായ പ്രേരകശക്തിയെ നമുക്ക് ഒരുവിധത്തിലും അവഗണിക്കാവുന്നതല്ല. വിദ്യാഭ്യാസപരമായ ഫിലിമുകൾക്ക് ഇന്ന് അമേരിക്കയിലും മററുമുള്ള സ്ഥാനം അത്യുൽകൃഷ്ടമാണ്. സാമൂ

ഹ്യപുരോഗതിക്കു വേണ്ടിയുള്ള മനുഷ്യരാശിയുടെ ദൈനംദിനസമരത്തിൽ സിനിമായ്ക്കുള്ള അപ്രതിരോധ്യമായ പ്രേരകശക്തി പരിഷ്കൃതരാജ്യങ്ങളിലെല്ലാം സ്വഃശിരകമ്പം അംഗീകരിക്കപ്പെട്ടിരിക്കുന്നു. ചലച്ചിത്രങ്ങളുടെ മഹത്തായ സാധ്യതകളെപ്പററി മിസ്സസ് ലീലാവതി മുൻഷി ഒരവസരത്തിൽ ചെയ്തിട്ടുള്ള ഒരു പ്രസ്താവന ഈ ഘട്ടത്തിൽ സവിശേഷം സ്മരണീയമാണ്.

“ഫിലിം ഒരു അധ്യാപകനല്ല. പക്ഷെ അതു് അധ്യാപനം നടത്തുന്നു. ആരും കാണാതെയും ആരും അറിയാതെയും അതു ജനസമുദായത്തിൻെറ സ്വഭാവഗതിയെ രൂപീകരിക്കയും അനേകായിരം ഭവനങ്ങളിൽ സൗന്ദര്യവും; കലാവാസനയും, സൽഗുണങ്ങളും ഉല്പാദിപ്പിക്കയും ചെയ്യുന്നു. ഓരോ വീട്ടിലും സംഗീതം പ്രചരിപ്പിക്കുവാൻ അതിനു കഴിയുന്നു. സാമാന്യജനങ്ങൾക്കു ഒരു ദേശീയഭാഷ നൽകുവാനും അതിനു സാധിക്കും. ചുരുക്കി പറഞ്ഞാൽ ജനങ്ങൾക്കു വിജ്ഞാനവും വിനോദവും ഒരേഅവസരത്തിൽ നൽകുകയും ലോകത്തിൻെറ നാനാഭാഗങ്ങളിലുമുള്ള വാർത്തകൾ അവരെ അറിയിക്കുകയും ചെയ്യുന്ന ഒരു മഹാശക്തിയാണു ചലച്ചിത്രം. അതിനാൽ അതിനു നമ്മുടെ ജീവിതത്തിൽ പരിപൂർണ്ണമായ ഒരു വിപ്ലവം തന്നെ വരുത്താൻ കഴിയുമെന്നു പറയുന്നതിൽ തെല്ലും അബദ്ധമില്ല.”

ഇങ്ങനെ അതിശക്തിമത്തായ സേവനസാധ്യതകളോടുകൂടിയ ഒരു വ്യവസായത്തിൻെറ വളർച്ചയും പുരോഗതിയും കേവലം ലാഭേച്ഛുക്കളായ ഏതാനും പണക്കൊതിയന്മാരുടെ തോന്ന്യാസത്തിനു വിധേയമായി വിട്ടുകൊടുക്കാതെ രാജ്യത്തിനും ജനങ്ങൾക്കും പ്രയോജനകരമായ രീതിയിൽ അതിനെ പുരോഗമിപ്പിക്കേണ്ടതു് എത്രയും അത്യാവശ്യമാകുന്നു. അതിനുള്ള ചില പ്രായോഗിക നിർദ്ദേശങ്ങൾകൂടെ ഇവിടെ നൽകുന്നതു് അസ്ഥാനത്താകയില്ലെന്നു വിശ്വസിക്കുന്നു.

ഒന്നാമതായി ഫിലിം നിർമ്മാണം നിർമ്മാതാക്കളുടെ ആദായപോഷണത്തിനുള്ള ഒരു മാർഗ്ഗം മാത്രമെന്ന നിലവിട്ടു പൊതുജനങ്ങളുടെ ആവശ്യത്തിനും അഭിരുചിക്കും യോജിച്ചതരത്തിൽ ആക്കിത്തീർക്കണം. ഫിലിം നിർമ്മാണത്തിൻെറ ഉൽക്കർഷത്തെ ലാക്കാക്കിയുള്ള ഏതു പദ്ധതിയിലും സിനിമാ ജനസമുദായത്തിൻെറ കലാപരമായ അഭിലാഷങ്ങളുടെ പരിപൂർത്തിക്കു വേണ്ടിയുള്ളതാണെന്നും സംതൃപ്തവും സമാധാന പരവുമായ ഒരു ജനസമുദായമദ്ധ്യത്തിൽ അതിനു ശാശ്വതവും സജീവവുമായ ഒരു സ്ഥാനം ഉണ്ടെന്നും ഉള്ള തത്വങ്ങൾ സർവപ്രധാനമായി അംഗീകരിക്കപ്പെടണം. അടുത്തതായി ഫിലിമുകളുടെ വിവിധത്വം. വിജ്ഞാനവും വിനോദവും തമ്മിൽ ഏതേതുതോതിൽ കൂട്ടിച്ചേർക്കണം എന്നിങ്ങനെയുള്ള സംഗതികളാണു് ചിന്താവിഷയമാകുന്നതു്. ഈ കാര്യത്തിൽ മൂന്നു സംഗതികളാണു പ്രധാനമായി ഓർമ്മയിൽ ഇരിക്കേണ്ടതു്. അതായതു സാധാരണഗതിയിൽ ഒരു ഫിലിം ഒരു പുരുഷനെ സന്തുഷ്ടനാക്കുന്നതിനും ഒരു സ്ത്രീയെ വിനോദിപ്പിക്കുന്നതിനും ഒരു ശിശുവിനെ ആഹ്ലാദത്തോടുകൂടി ചില നൂതനാശയങ്ങൾ നൽകുന്നതിനും പര്യാപ്തമായിരിക്കണം. ഇതു മൂന്നും ഭാരതീയ സംസ്കാരത്തിനും ആശയഗതിക്കും അനുയോജ്യമായ രീതിയിൽ നിർവഹിക്കപ്പെടുകയും ചെയ്യണം.

ഇടത്തരക്കാരായ ആളുകൾ സിനിമായ്ക്കു പോകുന്നതു് സ്വല്പസമയത്തേക്കെങ്കിലും ജീവിതക്ലേശങ്ങളിൽനിന്നു് ഒഴിവാകുന്നതിനു വേണ്ടിയാണ്. സിനിമാ ഏററവും ചെലവുകുറഞ്ഞ വിനോദമായതുകൊണ്ടു് അവർ അതിനെ ഇഷ്ടപ്പെടുന്നു. എന്നാൽ ധനികന്മാർ വെറും നേരംപോക്കിനു വേണ്ടി മാത്രമാണു സിനിമാശാലകളിൽ പോകുന്നതു്. അവർ കാണുന്നതു് എന്താണെന്നുപോലും അവർ ചിന്തിക്കുന്നില്ല. സിനിമാസന്ദർശകരിൽ ഭൂരിപക്ഷവും താണതരക്കാരായതുകൊണ്ടു് അവരുടെ അഭീഷ്ടങ്ങൾക്കാണു് ഏററവും കൂടുതൽ പ്രാധാന്യം കല്പിക്കപ്പെടേണ്ടതു്. ഫിലിംനിർമ്മാണത്തിൽ അവരുടെ ആവശ്യങ്ങൾക്കും അഭിരുചികൾക്കും പ്രഥമഗണന നൽകപ്പെടണം. അവർ ധാർമ്മികതത്വങ്ങൾ പഠിക്കുന്നതിനോ സാങ്കേതികമോ ശാസ്ത്രീയമോ ആയ പരിജ്ഞാനം സമ്പാദിക്കുന്നതിനോ അല്ല ചലച്ചിത്രങ്ങൾ കാണുവാൻ വരുന്നതു്. അവർക്കു ചിരിക്കണം, സന്തോഷിക്കണം, മനോവ്യഥകളിൽനിന്നും ചിന്താക്ലേശങ്ങളിൽനിന്നും താൽക്കാലികമായിട്ടെങ്കിലും ഒരു നിർവൃതി നേടണം. ഇതാണു് അവരുടെ ആവശ്യം.

എന്നാൽ വിനോദത്തോടു ചേർത്തു വിജ്ഞാനംകൂടെ നൽകുന്നതിലാണു ഫിലിംനിർമ്മാണത്തിൻെറ വിജയം അന്തർഭവിച്ചിരിക്കുന്നതു്. കഥകൾ തെരഞ്ഞെടുക്കുന്ന വിഷയത്തിൽ പ്രത്യേകം ശ്രദ്ധപതിക്കേണ്ടതാകുന്നു. ദക്ഷിണേന്ത്യൻ ഫിലിമുകളിൽ ഭൂരിഭാഗവും ചരിത്രപരമോ പുരാണപരമോ ആയ കഥകളോടനുബന്ധിച്ചുള്ളവയാണ്. എന്നാൽ വിജയകരമായിട്ടെന്നുവേണ്ടാ നിരാക്ഷേപമായ രീതിയിൽഎങ്കിലും ഒരൊററ ചരിത്രകഥയോ പുരാണകഥയോ ചിത്രരൂപത്തിലാക്കുവാൻ ഇവർക്കു സാധിച്ചിട്ടില്ലെന്നു കാണുന്നതു നിർഭാഗ്യകരംതന്നെ. ഇൻഡ്യയിൽ തന്നെ ചരിത്രകഥകൾ പാശ്ചാത്യരീതിയിൽ ഫിലിമാക്കുന്നതിനു വേണ്ടത്ര വൈദഗ്ദ്ധ്യം സിദ്ധിച്ചിട്ടുള്ള ഡയറക്ടറന്മാർ സോറാബ് മോഡിയല്ലാതെ വേറെ ആരെങ്കിലും ഉണ്ടോ എന്ന കാര്യം സംശയാസ്പദമാണ്. വേറൊരു പ്രധാന ദൂഷ്യം കാണപ്പെടുന്നതു പുതിയ കലാകാരന്മാരെ രംഗപ്രവേശം ചെയ്യിക്കുന്നതിൽ ഉല്പാദകർ പ്രദർശിപ്പിക്കുന്ന അനാസ്ഥയാണ്. ഏതാനും ചില പഴയ പല്ലുകൊഴിഞ്ഞ നടീനടന്മാരുടെ വാലിൽ തൂങ്ങി ഏതുവിധവും പണം ഉണ്ടാക്കണമെന്നുള്ള വിചാരം മാത്രമേ ഉല്പാദകർക്കു് ഉള്ളു എന്നു തോന്നുന്നു. പാശ്ചാത്യരാജ്യങ്ങളിൽ ഒരു കലാകാരൻെറ പല ചിത്രനിർമ്മാണശാലകളിൽ അഭിനയിക്കുക എന്ന പതിവുതന്നെ നിലവിൽ ഇല്ല. ഏതെങ്കിലും ഒരു ചിത്രത്തിൽ ഒരു പ്രത്യേകഭാഗം അഭിനയിക്കുന്നതിനു് ഒരു പ്രത്യേക നടനോ നടിയോ വേണ്ടിവന്നാൽ അവർ ഏതു ചെലവുചെയ്തും ആ ആളിനെ കൊണ്ടുവന്നു് അഭിനയിപ്പിക്കുമെന്നു മാത്രം. എന്നാൽ ഇവിടത്തെ സ്ഥിതി അതല്ല. പൊതുവെ പേരെടുത്ത കുറെ നടീനടന്മാരുണ്ടു്. അവർ ഏതു ഭാഗവും അഭിനയിക്കാൻ മതിയായവരാണെന്നാണു് ചില നിർമ്മാതാക്കളുടെ മതം. ചില ചിത്രങ്ങളിൽ സ്ത്രീകൾ പുരുഷവേഷം കെട്ടുന്നതായി കാണുന്നു. ഇതു ശരിയായ യോഗ്യതയുള്ള പുരുഷന്മാരുടെ അഭാവംകൊണ്ടാണോ അതോ നമ്മുടെ സ്ത്രീകൾക്കു പുരുഷന്മാരെക്കാൾ പുരുഷത്വമുള്ളതുകൊണ്ടാണോ എന്നു മനസ്സിലാകുന്നില്ല. ഏതായാലും പുതിയ പുതിയ ആളുകളെ രംഗപ്രവേശം ചെയ്യിക്കേണ്ടതു ദക്ഷിണേന്ത്യൻ ഫിലിം

തിരുനാൾ മംഗളാശംസ

രാജ്യത്തിന്റെയും പ്രജകളുടെയും ക്ഷേമൈശ്വര്യങ്ങൾക്കുവേണ്ടി 'ആത്മാർപ്പണം' ചെയ്തിരിക്കുന്നതായി കിരീടധാരണ മഹോത്സവവേളയിൽ ചെയ്ത പ്രസ്താവനയ്ക്ക് അണുമാത്രംപോലും ഭംഗംവരുത്താതെ കഴിഞ്ഞ ഒന്നര ദശാബ്ദത്തിലധികം കാലമായി പ്രജകളുടെ സർവ്വവിധ പുരോഗതിയെയും മാത്രം ലക്ഷ്യമാക്കി പ്രജാപരിപാലനം നിർവഹിച്ചുവരുന്ന ശ്രീ ചിത്തിര തിരുനാൾ മഹാരാജാവു തിരുമനസ്സിലേക്കു 34 തിരുവയസ്സു പൂർത്തിയാകുന്ന ഈ സുമുഹൂർത്തത്തിൽ ഈ ശുഭദിനത്തിൽ തന്നെ ഭൂജാതം ചെയ്യുവാൻ ഭാഗ്യം സിദ്ധിച്ചിരിക്കുന്ന സിനിമാ മാസികയും രാജ്യത്തെ നാനാജാതിമതസ്ഥരായ 61 ലക്ഷം ജനങ്ങളോടൊപ്പം തിരുമനസ്സിലേക്ക് ആയുരാരോഗ്യാദി സർവ്വ മംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു. ഒരു രാജ്യചരിത്രത്തെ സംബന്ധിച്ചടത്തോളം കേവലം ഹ്രസ്വമായ ഈ കാലഘട്ടത്തിൽ തിരുവിതാംകൂറിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള അനേകം വൻപിച്ച വ്യാവസായിക പദ്ധതികളും ക്ഷേത്രപ്രവേശന വിളംബരം മുതലായി ചരിത്രം നിർമ്മിക്കുന്ന സാമൂഹ്യപരിഷ്ക്കാരങ്ങളും ലോകത്തിലെവിടെയുമുള്ള മഹാശയന്മാരുടെയെല്ലാം ഉള്ളഴിഞ്ഞ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുണ്ട്. തിരുമനസ്സിലെ ഭരണകാലത്ത് ഇവിടെ സമാരംഭിക്കാൻ കഴിഞ്ഞിട്ടുള്ള വ്യാവസായിക സ്ഥാപനങ്ങൾ രാജ്യത്തിന്റെ സാമ്പത്തികഭാവിയെ എത്രമാത്രം ശ്രേയസ്കരമാക്കിത്തീർക്കുമെന്നു സാമാന്യജനങ്ങൾക്കുപോലും ദൃഢബോധ്യമുള്ളതാകുന്നു. തിരുവിതാംകൂർ സർവ്വകലാശാല സ്വപ്രജകളുടെ വിദ്യാഭ്യാസ പുരോഗതിയിലും, യുവജനങ്ങളെ ജീവിതായോധനത്തിനു സർവ്വഥാ യോഗ്യരും സന്നദ്ധരുമാക്കിത്തീർക്കുന്നതിലും തിരുമനസ്സിലേക്കുള്ള ആകാംക്ഷയുടെയും അഭിവാഞ്ഛയുടെയും പ്രത്യക്ഷലക്ഷ്യമായി രാജ്യചരിത്രത്തിൽ എന്നെന്നും സുവർണ്ണലിപികളിൽ രേഖപ്പെടുത്തപ്പെടുന്നതാകുന്നു. കേരളീയ കലകളുടെയും സംസ്കാരത്തിന്റെയും പരിപോഷണത്തിലും അവയെ യഥാർഹം പ്രോത്സാഹിപ്പിക്കുന്നതിലും തിരുമനസ്സിലേക്കും രാജകുടുംബത്തിനുമുള്ള അതിരററ താല്പര്യം സുവിദിതമാണല്ലോ. പ്രാചീന ഭാരതീയ കലകളെ യഥായോഗ്യം പരിഷ്ക്കരിച്ചും പരിപോഷിപ്പിച്ചും കാലാനുസൃതമായ നിലയിലെത്തിക്കുകയും ലോകത്തിലെ ഇതരജനങ്ങളുടെ ഇടയിൽ അവയ്ക്കു ഒരു മഹനീയ സ്ഥാനം നേടിക്കൊടുക്കുകയും ചെയ്യുന്നതിൽ നമ്മുടെ തിരുമനിമാർ പ്രദർശിപ്പിക്കുന്ന നിഷ്ക്കർഷാപൂർവമായ ശ്രദ്ധ എത്രയും അഭിനന്ദനാർഹവും തിരുവിതാംകൂർ ജനങ്ങൾക്ക് ഏററവും അഭിമാനകരവും തന്നെയാണ്. നൃത്തം, സംഗീതം, നാട്യം, ചിത്രമെഴുത്ത് എന്നുവേണ്ട സർവ്വലളിതകലകൾക്കും തിരുമനസ്സിലേയും വിശിഷ്യ അമ്മമഹാറാണി തിരുമനസ്സിലെയും ഹൃദയപൂർവ്വമായ പ്രോത്സാഹനങ്ങൾ സർവ്വദാ ലഭിച്ചുകൊണ്ടിരിക്കുന്നു. സിനിമാവ്യവസായത്തെ തന്നെയും ജനങ്ങളുടെ വിദ്യാഭ്യാസപരവും സാമൂഹ്യവുമായ ഉൽക്കർഷത്തിനുവേണ്ടി പ്രയോജനപ്പെടുത്തുന്നതിലും തിരുമനസ്സിലെ സവിശേഷശ്രദ്ധ പതിഞ്ഞുകൊണ്ടാണിരിക്കുന്നത് എന്നു കാണുന്നതിൽ ഞങ്ങൾക്കു പ്രത്യേകിച്ചും അതിരററ സന്തോഷമുണ്ട്. ദൃശ്യവിദ്യാഭ്യാസപദ്ധതിയുടെ പുരോഗമനത്തിൽ നമ്മുടെ ഗവർമ്മെൻറു പ്രദർശിപ്പിച്ചുവരുന്ന പ്രത്യേകശ്രദ്ധയേയും താല്പര്യത്തെയും രാജ്യത്തെ ജനങ്ങൾ വേണ്ടപോലെ മനസ്സിലാക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നുണ്ടോ എന്നു സംശയമാണ്. ദൃശ്യവിദ്യാഭ്യാസപദ്ധതിയുടെ പുരോഗമനാർത്ഥം ഗവർമ്മെൻറു കൈക്കൊണ്ടിരിക്കുന്ന നടപടികൾ ബ്രിട്ടീഷിന്ത്യൻ രാജ്യതന്ത്രജ്ഞന്മാരിൽ പലരുടെയും സവിശേഷമായ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുള്ളതാകുന്നു.

രാജ്യത്തിന്റെ സാമ്പത്തികവും വ്യാവസായികവുമായ സർവ കഴിവുകളെയും കഴിവുള്ളത്ര വികസിപ്പിച്ചു തിരുവിതാംകൂറിനു ഭൂപടത്തിൽ ഒരു സ്ഥാനം സമ്പാദിക്കുന്നതിനുള്ള തിരുമനസ്സിലെ നിരന്തര ശ്രമങ്ങളെ എത്ര അഭിനന്ദിച്ചാലും അധികമാകുന്നതല്ല. ഇങ്ങനെ സ്വപ്രജകളുടെ ഉൽക്കർഷം എന്ന ഏകലക്ഷ്യത്തെ മുൻനിറുത്തി നാടുവാഴുന്ന മഹാരാജാവു തിരുമനി സർവ്വവിധൈശ്വര്യപ്രതാപങ്ങളോടുംകൂടി നീണാൾ വാണരുളുന്നതിനു സർവ്വേശ്വരൻ കടാക്ഷിക്കട്ടെ.

വ്യവസായത്തിന്റെ കാലാനുസൃതമായ പുരോഗതിക്ക് അത്യന്താപേക്ഷിതമാണെന്നുള്ളതു നിസ്തർക്കംതന്നെ. ചിത്രവിതരണക്കാർ, പത്രപ്രവർത്തകന്മാർ മുതലായവർക്കും ഈ കാര്യത്തിൽ ഒഴിച്ചുകൂടാൻപാടില്ലാത്ത ചില കർത്തവ്യങ്ങളുണ്ട്. പരസ്യക്കൂലിയെ മാത്രം ഉദ്ദേശിച്ചു പല ഫിലിംമാസികകളും വെറും പ്രചാരവേല നടത്തുന്ന യന്ത്രങ്ങളായി രൂപാന്തരപ്പെട്ടിരിക്കുന്നു. സൃഷ്ടിപരങ്ങളായ വിമർശനങ്ങളും പ്രായോഗികങ്ങളായ നിർദ്ദേശങ്ങളുംകൊണ്ടു വൃത്താന്തപത്രങ്ങൾക്കും മാസികകൾക്കും കാര്യമായി പലതും ചെയ്യുവാൻ കഴിയുമെന്നാണു ഞങ്ങളുടെ ദൃഢമായ അഭിപ്രായം. ചിത്രവിതരണക്കാർ കേവലം പണക്കൊതിമാത്രംകൊണ്ട് പരസ്പരം മത്സരിച്ച് ഒന്നിനും കൊള്ളാത്ത ചിത്രങ്ങൾക്കു വില കൂട്ടാതെ കഴിവുള്ളത്ര നല്ല ചിത്രങ്ങൾ പ്രചരിപ്പിക്കുന്നതിനു ശ്രമിക്കേണ്ടതാണ്. മേൽപ്പറഞ്ഞ വിഷയങ്ങളിൽ പലതിനെയും പററി പിന്നീടു കൂലംകഷമായി പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നതുകൊണ്ടു തൽക്കാലം ഓരോന്നിനെയുംപററി ദീർഘമായി ഉപന്യസിക്കുന്നില്ല. ഇത്രയും പ്രസ്താവിച്ചുകൊണ്ട് ഈ മാസികാശിശുവിനെ സഹൃദയരായ കേരളീയരുടെ ഉദാരഹസ്തങ്ങളിൽ സമർപ്പിക്കയും ഈ നൂതനശ്രമത്തിൽ സർവ്വവിധ സഹായസഹകരണങ്ങളും നൽകി ഞങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ ഒരിക്കൽക്കൂടെ സവിനയം അഭ്യർത്ഥിക്കയും ചെയ്തുകൊള്ളുന്നു.

ചിത്രസംവിധാനം

ഈ. വി. യും മനോരമ ആഴ്ചപ്പതിപ്പും.

അഭിനയിച്ച ഫോട്ടോ എടുത്ത ചിത്രങ്ങൾ.

(സി. ഐ. രാമൻനായർ ബി. ഏ.)

ആഴ്ചപ്പതിപ്പിൽ ചിത്രങ്ങൾ ചേർക്കുന്ന സമ്പ്രദായം അവതു പരിഷ്ക്കരിക്കണമെന്ന് ഈ.വി ആഗ്രഹിച്ചിരുന്നു! ഏറെക്കുറെ എല്ലാം അതു സാധിച്ചും പോന്നിരുന്നു. വൃത്തികെട്ട കടലാസിൽ കുറെ കറുപ്പു മഷിയും പുരട്ടി അതിന്റെ അടിയിൽ "ബ്രിട്ടന്റെ ഏറ്റവും വലിയ കപ്പലാണ് താഴെക്കാണുന്ന മനോഹരചിത്രം" എന്നൊരു കുറിപ്പും കൊടുത്ത് പത്രക്കാർ കസേരയിൽ മലന്നു കിടക്കുകയാണ്. ഇതെന്തൊരു കോമാളിത്തം! കഴകക്കണ്ണുകൊണ്ടു നോക്കിയാൽ പോലും വാലും തലയും തിരിയുകയില്ല. അടിത്തട്ടുമില്ല, മുകൾത്തട്ടുമില്ല, കപ്പൽ സമുദ്രത്തിലുമല്ല; കരയിലുമല്ല; ആകാശത്തിലുമല്ല. പത്രത്തിന്റെ കുറെ ഭാഗം കറുപ്പിച്ചിരിക്കുന്നു എന്നു മാത്രം വിശേഷം. ഇനിയും ഇങ്ങനെയുള്ള ഏറ്റവും വലിയ കപ്പലിന്റെ ചിത്രം കൊടുത്തിരിക്കുന്ന പേജിൽ എഴുന്നെള്ളിച്ചിരിക്കുന്ന ലേഖനം ഈ കപ്പലുമായി യാതൊരു ബന്ധവുമില്ലാത്തതുമായിരിക്കും. "നമ്മുടെ നാട്ടിൻപുറങ്ങൾ" എന്നായിരിക്കുമതു്. ഈ.വി. പറയാറുണ്ടു് "പടം കാണിച്ച് നമ്മെ സമ്മതിപ്പിക്കാൻ ഈ പത്രക്കാർക്കറിവില്ല. പിന്നെ ആ പേജിലെ ലേഖനവിഷയമേതോ; അതിനെ സംബന്ധിക്കുന്ന ഒന്നാണ് ഈ പടം എന്നെങ്കിലും കഴവേറിക്കൂടെ! ഇതു തന്നെ നോക്കു്, നാട്ടിൻപുറത്തിന്റെ പടമെന്നു പറഞ്ഞാലും, കപ്പലിന്റെ പടമാണെന്നു പറഞ്ഞാലും, ത്രിലോക സുന്ദരിയായ അമ്മാളു അംബാളിന്റെ ആണെന്നു പറഞ്ഞാലും എല്ലാം ഒരുപോലെ. പിന്നെ എന്തിനീ രണ്ടു കല്ലുകടി?"

തേഞ്ഞു മാഞ്ഞ ബ്ളോക്കുകൾ വല്ലടത്തു നിന്നും കൈക്കലാക്കി "ഞങ്ങടേടത്തിലും പടമുണ്ടേ!", എന്നു പറയാൻ വേണ്ടി ചില പത്രങ്ങൾ എന്തിനിങ്ങനെ കരിവേഷം കെട്ടുന്നു എന്ന് ഇന്നും ചിന്തിക്കേണ്ടതായിട്ടാണ് ഇരിക്കുന്നതു്. ഈ സുഖദക്കട്ട പത്രങ്ങൾക്കു മാത്രമല്ല. ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച പാഠ്യപുസ്തകങ്ങൾ നോക്കുക, അല്ലാ നോക്കണമേ. ആ ഫോർത്ത്ഫാറം മലയാളം ടെക്സ്റ്റിൽ സുഖവാസ സ്ഥലങ്ങളുടെ ചിത്രങ്ങൾ കാണാം. വർക്കലത്തുരപ്പ്, കന്യാകുമാരി, എന്നൊക്കെ അടിയിൽ എഴുതിയിട്ടുമുണ്ടു്. വർക്കലത്തുരപ്പിൽ സുഖമെടുക്കുന്നവരെ സമ്മതിച്ചുകൊടുക്കണം! ചിത്രമോ വിചിത്രം തന്നെ! അതു പോകട്ടെ. ലേഖനവുമായി എന്തെങ്കിലും ബന്ധമുള്ള ഒരു ചിത്രം ആ പേജിൽ ചേർക്കുക എന്നതു വായനക്കാരോട് ചെയ്യേണ്ട വെറും മര്യാദ മാത്രമാണ്. അതും കൈവശം ഉണ്ടെങ്കിൽ മതിതാനും! എന്നിരിക്കെ. പത്രങ്ങളുടെ മുഖത്തും വായനക്കാരുടെ മുഖത്തും കരിതേച്ചു വിടുന്ന ഈ സമ്പ്രദായം ഒന്നു നിർത്തിയിരുന്നെങ്കിൽ!


ഈ. വി. ഇതിൽ കാണിച്ച ശ്രദ്ധ പത്രനടത്തിപ്പിൽ അദ്ദേഹം വിനിയോഗിച്ച ഒരു ചിത്രം പ്രത്യക്ഷപ്പെടുത്തുന്നു. വാല്മീകിയെപ്പറ്റിയുള്ള ഒരു ലേഖനത്തിൽ റൂസ്‌വെൽട്ടിന്റെ പടം തിരുകിക്കേറ്റാൻ അദ്ദേഹം സമ്മതിച്ചിരുന്നില്ല. കറവപ്പശുക്കളെപ്പറ്റിയുള്ള ഒരു ലേഖനത്തിൽ സിനിമാ താരങ്ങളുടെ പടം കൊടുക്കുന്നതും അതുപോലെ അപഹാസ്യമായിട്ടാണ് അദ്ദേഹം കരുതിയിരുന്നതു്. ആഴ്ചപ്പതിപ്പു കുറച്ച് അഭിവൃദ്ധിപ്പെട്ടപ്പോൾ അങ്ങനെ അങ്ങുന്നും ഇങ്ങുന്നും കിട്ടുന്ന പടങ്ങൾ ചേർക്കാൻ മാത്രമായി ഒത്ത നട്ടുക്കു് ഒരു



വസുന്ധരാദേവി.
(ഉദയനവാസവദത്തയിൽ)

പ്രത്യേക പേജുതന്നെ അദ്ദേഹം നീക്കിവച്ചു. ഇതിൽ അനൗചിത്യമോ, പരാതിയോ ആർക്കും ഉണ്ടാകാവുന്നതു മല്ലല്ലോ. രസികത വർദ്ധിപ്പിക്കുവാൻ വേണ്ടി വ്യാഖ്യാനക്കുറിപ്പുകൾ എഴുതുന്നതല്ലാതെ ഇതു് ഇന്നപടമാണു് എന്നു് എടുത്തു പറയേണ്ടി വരുകയില്ല. അത്രയ്ക്കു് തെളിച്ചവും വെളിവും ആ പടങ്ങൾക്കു് ഉണ്ടായിരുന്നതാനും. മിക്ക പടങ്ങളും ഇംഗ്ലീഷ് മാസികകളിലെപ്പോലെ വർണ്ണാഞ്ചിതങ്ങളുമായിരുന്നു.

ഇംഗ്ലീഷിലെ "സ്ട്രാൻഡു" മാസികയിലെ കഥകളും അവയിലെ ചിത്രങ്ങളും ഈ. വി. മാതൃകയായി സ്വീകരിച്ചിരുന്നു. പ്രാരംഭമായി ചില യത്നങ്ങൾ ആഴ്ചപ്പതിപ്പിൽ കണ്ടിരുന്നതു് പലരും ഓർക്കുന്നുണ്ടാവാം. ചെറുകഥകളുടെ സ്തോഭപൂർണ്ണമായഘട്ടം, രസകരമായഘട്ടം ഇവയെ ചിത്രീകരിച്ചുകൂടിക്കാണിക്കുന്ന പതിവു് ഈ.വി.തുടങ്ങി. അധികവും പെൻസിൽ "സ്കെച്ചു"കളായിരുന്നു. സ്ട്രാൻഡിലെപ്പോലെ വർണ്ണപ്പകിട്ടുള്ള ചിത്രങ്ങൾ ആഴ്ചപ്പതിപ്പിനു് പ്രചാരവും പെരുമയും സിദ്ധിക്കുന്നതോടുകൂടി നടപ്പാക്കാമെന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നു. കഥകൾക്കു പറവുന്ന ഭാഗങ്ങൾ അഭിനയിച്ചു ഫോട്ടോഎടുത്തു് ഈ പ്രസ്ഥാനത്തിനു് ഒരു പുതുമ വരുത്താൻ ഈ.വി. ശ്രമിച്ചു. ഇതിനു് ഒന്നാംതരം ഒരു തെളിവു് ആഴ്ചപ്പതിപ്പിൽ നാലാംലക്കത്തിൽ ചേർത്തിരിക്കുന്ന ഒരുമുഖചിത്രമാണു്.



ടി. ആർ. രാജകുമാരി.
(വികടയോഗിയിൽ)

വളരെക്കാലം നിരാശനായി കഴിഞ്ഞുകൂടിയ സാഹിത്യകാരനു് ഒടുവിൽ ഒരു പ്രസാധകനെ കിട്ടിയ കഥ. "ഞാൻ പ്രസിദ്ധനായതു്", എന്ന പേരിൽ മി: എം. ജി. കേശവപിള്ളയുടേതാണെന്നു തോന്നുന്ന ആ ലക്കത്തിൽ ചേർത്തിരുന്നു. കഥയിൽ ഇങ്ങനെ ഒരു വാചകം വരുന്നു "എൻെറ നേരെ ചൂണ്ടിയിരുന്ന കൈത്തോക്കു് വലത്തു കൈയിലും ശ്വാസംമുട്ടി ബീഭത്സനൃത്തം ചെയ്യുന്ന കിട്ടുവിൻെറ കണ്ഠം ഇടത്തു കൈയിലും ആയി കുറച്ചു നിന്നിരുന്ന ആ നില ആരെയും ഭയപ്പെടുത്തുമായിരുന്നു. ഈ ഘട്ടമാണു മുഖചിത്രത്തിൽ! ഈ.വി. തന്നെ പറയുന്നു "ഈ ലക്കത്തിൽ മുഖചിത്രമായി ചേർത്തിരിക്കുന്ന പടം ഈ കഥയ്ക്കുവേണ്ടി തിരുവിതാംകൂറിലെ മൂന്നു സുപ്രസിദ്ധ വക്കീലന്മാർ അഭിനയിച്ചെടുത്തിട്ടുള്ളതാണു്. കഥകൾക്കു ചേർന്ന വിധം രംഗങ്ങൾ അഭിനയിക്കുക എന്ന പ്രസ്ഥാനം ഇൻഡ്യയിലെ പത്രലോകത്തിൽ ഇദംപ്രഥമമായി ഞങ്ങളാണു് ആരംഭിക്കുന്നതെന്നുള്ള വസ്തുത പ്രസ്താവിച്ചുകൊള്ളട്ടെ". ഈ വക്കീലന്മാർ ഒന്നു് ആരായതു് ബീഭത്സനൃത്തം ചെയ്യുന്ന കിട്ടു ഈ. വി. കൃഷ്ണപിള്ളയും, കൈത്തോക്കു ചൂണ്ടുന്നതു് മി: സി. ഐ. പരമേശ്വരൻപിള്ളയും (എൻെറ ജ്യേഷ്ഠനാണെന്നു പറഞ്ഞുകൊള്ളട്ടെ) കൈത്തോക്കിനു നേരേ പേടിച്ചു വിറച്ചു കൊണ്ടു നിൽക്കുന്നതു് മി: എം. ജി. കേശവപിള്ളയുമാണു്. ഈ ചിത്രത്തിലെ "കിട്ടു" നമ്മെ രസിപ്പിക്കാൻ വേണ്ടിമാത്രം എത്ര പ്രാകൃതമായ ഒരു വേഷത്തിൽ ചിറിയും പൊളിച്ചു്, ഒരു വശത്തേക്കു നോക്കി കുടവയറും തടവി, ഭീരുത്വം ഉടലെടുത്തപോലെ നമ്മുടെ മുൻപിൽ നിൽക്കുന്നു! അതാണു് ഈ.വി.കൃഷ്ണപിള്ള! ആർക്കുതോന്നും? ആർക്കു സാധിക്കും? എന്തിനുവേണ്ടി?

വിഷയങ്ങളുടെ വൈവിധ്യം, അടുക്കു്, ക്രമപ്പെടുത്തൽ, ലേഖനങ്ങളുടെ ദൈർഘ്യം, അതിനു നൽകുന്ന തലക്കെട്ടു്, അവിടെയുള്ള പകിട്ടു വേലകൾ, പുതിയ പുതിയ പംക്തികൾ, ഇങ്ങനെ എത്രയോ അഭിലഷണീയമായ സംസ്കരണവും, നൂതനത്വവും ആണു് മനോരമ ആഴ്ചപ്പതിപ്പിൽ ഈ. വി. സംക്രമിപ്പിച്ചതു്. ഒരു വർഷത്തിൽ ചില്വാനമേ അതു നടക്കുകയുണ്ടായുള്ളു. കഷ്ടിച്ചു് ഒരു ഏഴു മാസമേ ഈ. വി.യുടെപൂർണ്ണമായ മേൽനോട്ടം അതിനു് കൈവന്നിരുന്നുള്ളു. സാഹിത്യത്തിൽ ഇതുപോലൊരാഴ്ചപ്പതിപ്പ് ഇനിയുണ്ടായെങ്കിലായി. ഏതെങ്കിലും ഒരാഴ്ചപ്പതിപ്പിൻെറ ഉള്ളടക്കം നോക്കണം. ആദ്യമൊന്നു വായിച്ചുപോകും. ഒന്നോ രണ്ടോ ദിവസങ്ങൾ വായിക്കാനുള്ള വകയും കാണും; വായിച്ചു കഴിഞ്ഞാൽ ദൂരത്തെറിയാൻ തോന്നുകയുമില്ല; നാം സൂക്ഷിച്ചുവയ്ക്കും, പിൽക്കാലത്തും വായിച്ചു രസിക്കാൻ വകയുണ്ടെന്നു കരുതി. ഇപ്പോഴുള്ള ആഴ്ചപ്പതിപ്പുകളെ സംബന്ധിച്ചിടത്തോളം ഇങ്ങനെ സൂക്ഷിച്ചുവയ്ക്കാൻ തോന്നിപ്പിക്കുന്നവ എത്രയുണ്ടെന്നു കൂടി ആലോചിക്കുന്നതു കൊള്ളാം.

ഇന്ത്യൻ ഡയറക്ടർ ഇംഗ്ലണ്ടിൽ


നീചനഗർ എന്ന ഫിലിം സെൻസർ ചെയ്തു കഴിഞ്ഞയുടൻ തന്നെ ഡയറക്ടർ ചേതൻ ആനന്ദ് അതിൻെറ ഒരു പ്രതിയുംകൊണ്ടു് ഇംഗ്ലണ്ടിലേക്കു പറന്നിരിക്കുന്നു. ഇംഗ്ലണ്ടിൽ മാത്രമല്ല സഖ്യരാഷ്ട്ര വിദ്യാഭ്യാസ സമ്മേളന കാലത്തു് ഫ്രാൻസിലും പ്രസ്തുത ഫിലിം പ്രദർശിപ്പിക്കണമെന്നാണു് അദ്ദേഹത്തിൻെറ ഉദ്ദേശം. വിദ്യാഭ്യാസ സമ്മേളന കാലത്തു പാരീസിൽ ഓരോ രാജ്യങ്ങളുടെയും വക ഈരണ്ടു ഫിലിമുകൾ പ്രദർശിപ്പിക്കുന്നതിനു ഫ്രഞ്ചു ഗവർമ്മെൻറു തീരുമാനിച്ചിരിക്കയാണു്. അതിലേക്കു് ഇൻഡ്യയിൽ നിന്നു ഡോക്ടർ കോട്ട്നിസ്സ് എന്ന ഒരു ഫിലിം തിരഞ്ഞെടുത്തും കഴിഞ്ഞു.

അണിയറ.

ജീവിതരംഗത്തിന്റെ രണ്ടു ഭാഗങ്ങൾ.

(കുര്യൻ തൈക്കടവിൽ ബി.ഏ. ബി.എൽ.)

സജീവമായ നാടകവേദി—കൺമയക്കുന്ന മനോഹര രംഗങ്ങൾ; കർണ്ണപീയൂഷമായ സംഗീതം; ദേവലോകത്തുനിന്നും ഞൊടിയിടയിൽ പ്രത്യക്ഷപ്പെട്ടവരെന്നു തോന്നുന്ന നടീനടന്മാർ—നിങ്ങൾ ശ്വാസമടക്കി കണ്ണുംമിഴിച്ച് വായുംപൊളിച്ച് നോക്കിയിരിക്കുകയാണ്. ഒടുവിൽ തലപോനാലും ബലേഭേഷ്, എന്ന് സർട്ടിഫിക്കറ്റും നൽകുന്നു. എന്നാൽ ആ നാടകവേദിക്കു പിമ്പിലായി ഒരു രഹസ്യമുറിയുണ്ടെന്നുള്ള വസ്തുത വിസ്മരിച്ചുപോകരുത്. അതാണ് അണിയറ. രംഗത്തുവന്ന് ആടിയും പാടിയും നിങ്ങളുടെ അഭിനന്ദനത്തിനോ അവഹേളനത്തിനോ വിമർശനത്തിനോ പാത്രീഭൂതരായിത്തീരുന്ന നടീനടന്മാർ, പച്ചപ്പുഴ ചിത്രശലഭമായി പരിണമിക്കുന്നതുപോലെ, പച്ചക്കാമദേവന്മാരും ത്രിലോക സുന്ദരികളുമായി രൂപാന്തരപ്പെടുന്നത് ആ ചെറിയ അറയിൽവച്ചാണ്. നാടകവേദിയോടു താരതമ്യപ്പെടുത്തിയാൽ വളരെ ചെറുതാണെങ്കിലും ഒരു കമ്പോളത്തിലെ തിക്കും തിരക്കും, ബഹളവുമെല്ലാം അവിടെയുണ്ട്. സ്റ്റേജിൽ കാണുന്നത് ഒരു രാജകൊട്ടാരമോ, നന്ദനോദ്യാനമോ ആകർഷണീയമായ മറ്റെന്തെങ്കിലും രംഗമോ ആയിരിക്കാം. പക്ഷെ സ്റ്റേജിലെ ഭംഗിയോ ക്രമമോ മുറയോ അണിയറയിലില്ല. ബീഡിക്കുറ്റിമുതൽ ചക്രവർത്തിയുടെ രത്നകിരീടം വരെയുള്ള സാധനങ്ങൾ അവിടെ ചിന്നിച്ചിതറിക്കിടക്കുന്നു. അതിനകത്തെ ആളുകളോ? വേദിയിൽ സായിപ്പുപോലെ വെളുത്തുകാണുന്ന രാജാവിനെയും രാജ്ഞിയെയും മന്ത്രിയെയും മറ്റും അണിയറയിൽ വച്ച് അവരുടെ തനിനിറത്തിൽ കാണണം – അവർ വെറും കുട്ടൻപിള്ളയും കൊച്ചുതമ്മയും കല്യാണിയുമൊക്കെ ആയിരിക്കുമ്പോൾ. കരിപോലെ കറുത്തവരുണ്ട്, ഈർക്കിലുപോലെ മെലിഞ്ഞവരുണ്ട്, കണ്ണു കിണറുപോലെ കുഴിഞ്ഞവരുണ്ട്, കണ്ണാടിപോലെ മിന്നുന്ന കഷണ്ടിത്തലയന്മാരുണ്ട്, നരപ്പന്മാരുണ്ട്, കുടവയറന്മാരുണ്ട് എന്നുവേണ്ട എല്ലാത്തരക്കാരുമുണ്ട്. എല്ലാവരുംകൂടി അവിടെ ഒരു ബഹളമാണ്. ചിലർ പൗഡർ തേക്കുന്നു, ചിലർ ക്ഷൗരം ചെയ്യിക്കുന്നു, ചിലർ മീശപിടിപ്പിക്കുന്നു, ചിലർ മുടിവച്ചു കെട്ടുന്നു, വേറെ ചിലർ കണ്ണെഴുതുന്നു, മറ്റുചിലർ കാൽസ്രായും ബൂട്ട്സും തള്ളിക്കയറ്റുന്നു. അതിനിടയ്ക്ക് ഒരു വിദഗ്ദ്ധൻ ഓടിനടന്ന് കുറ്റം പറഞ്ഞുകൊണ്ട് ഓരോ വ്യത്യാസങ്ങൾ വരുത്തുന്നു. ഇങ്ങനെ കാണികളുടെ ക്ഷമ നശിച്ച് കൂക്കുവിളി ആരംഭിക്കുന്നതുവരെ അണിയറയിൽ തിക്കും തിരക്കും ഒരുക്കവും കുശുകുശുപ്പും നടന്നുകൊണ്ടിരിക്കും. ഒടുവിൽ മണി കിലുങ്ങുന്നു. കർട്ടൻ ഉയരുന്നു. നാടകം പൊടിപൊടിയായി നടക്കുന്നു. ഭാഗ്യവശാൽ അണിയറയിലെ കൂത്തും ലഹളയും അവിടെ തയ്യാറെടുക്കുന്ന നടീനടന്മാരുടെ തനിരൂപവും മറ്റും കാശുമുടക്കി ടിക്കറ്റെടുത്തവർ കാണുന്നില്ല. അണിയറയ്ക്കകം കണ്ടാൽ പിന്നെ നാടകം കാണാൻ ഒരു രസവും ഉണ്ടായിരിക്കയില്ല.



ഒരു ഹൃദയപരിശോധന.

വൈ. വി. റാവുവും കാഞ്ചനമാലയും.
(മല്ലിപ്പിള്ളി എന്ന ചിത്രത്തിൽ)

"നാടകമേ - ഉലകം" ജീവിതനാടകത്തിൽ നിരവധി അണിയറകളുണ്ട്. ജനനം മുതൽ മരണം വരെയുള്ള സകലതിനും അണിയറയിലും രംഗത്തും ഓരോ ഭാഗങ്ങളുണ്ട്. അതാ സരസനായ ഒരു യുവാവ്-സുമുഖൻ; ഒന്നാംതരം വേഷം. ആരുകണ്ടാലും അയാളെ ഒന്നു നോക്കും. പക്ഷെ അയാളുടെ ആ രംഗപ്രവേശനത്തിനുമുമ്പ് അണിയറയിൽ നടന്നതെന്തെല്ലാമാണെന്നറിയാമോ? കറിക്കത്തിയേക്കാളും കഷ്ടമായ ഒരു കത്തികൊണ്ടു പ്രഭാതം മുതൽ മദ്ധ്യാഹ്നം വരെ ആക്ഷ്ണ

യത്നം ചെയ്യുന്നാണ് മുഖം മിനുക്കിയത്. ആ വരമ്പുമീശയും തന്നെ പാവം എന്തു പണിപ്പെട്ടു! ആ ഷർട്ടും ഷാളുമെല്ലാം അദ്ദേഹം തന്നെ നനച്ചുപിഴിഞ്ഞ് തേച്ചെടുത്തതാണ്. ഉടുപ്പു സിൽക്കുകൊണ്ടുള്ളതായതുകൊണ്ട് അദ്ദേഹത്തിനു യാതൊരു പ്രയോജനവുമില്ല, കാരണം ചാക്കുപോലെയുള്ള ഒരു ബനിയനാണ് അകത്തു കിടക്കുന്നത്.

വേറൊരാൾ ഒരു വലിയ സർക്കാരുദ്യോഗസ്ഥനാണ്. അദ്ദേഹത്തിന്റെ അണിയറയിൽ നടന്ന സംഭവങ്ങളാണ് വളരെ വിചിത്രം. പലരുടെയും സഹായങ്ങൾകൊണ്ട് സപ്പ്കലാശാല, ബിരുദം നേടി. അനി

വ്യക്തികൾ പോകട്ടെ. ഓരോ വീടിനും ഓരോ അണിയറയുണ്ട്. മേശവിരിയും കർട്ടനും കസേരയും പുഷ്പപാത്രവുമൊക്കെയായി മുമ്പിൽ വിരിച്ചൊരുക്കിയ ഒന്നോ അതിലധികമോ മുറികൾ. അന്യന്മാർ വന്നാൽ അവിടെയിരുന്നുകൊള്ളും. അതിനു പിമ്പിലോ? ഭാര്യയും ഭർത്താവുമായി കശപിശ, കുട്ടികളുടെ ആവലാതി, വേലക്കാരുടെ പണിമുടക്ക്, റേഷൻ പ്രശ്നം, ബുദ്ധിമുട്ടുകൾ; ദുരിതങ്ങൾ! ആ വീട്ടിലെ സ്റ്റേറജിൽ ചെന്നിരിപ്പായെന്നു വിചാരിക്കുക: വീട്ടുടമസ്ഥനുമായി കുശലപ്രശ്നങ്ങളും നർമ്മസംഭാഷണങ്ങളും മുറയ്ക്കു നടക്കുന്നു. നിങ്ങൾക്ക് കുറച്ചു കാപ്പിതരാത്തതു മോശമാണെന്നുതോന്നി അയാൾ അടുക്കളയിലേക്കു കടന്നു സ്ത്രീപാർട്ടിനെ വിളിച്ചു കാപ്പിയുണ്ടാക്കുവാൻ നിർബന്ധിക്കുന്നു. അവൾ മുഖം വീർപ്പിച്ചുകൊണ്ട് തുടങ്ങും ഒരു യുദ്ധം. "നിങ്ങൾക്ക് അശേഷം ബോധമില്ലേ? ഇവിടെ കാപ്പിക്ക് എന്തോ ഇരിക്കുന്നു? ഇവിടത്തെ പണിയെല്ലാംതന്നെ എത്ര നേരമായി വിശന്നു കരഞ്ഞുകൊണ്ടു നടക്കുന്നു. അതിനിടയ്ക്കു ഞാൻ വരുന്ന പ്രേതത്തിനൊക്കെ കാപ്പിയുണ്ടാക്കിയാട്ടെ! എവിടുന്നാ? ആണുങ്ങളാണെങ്കിൽ വേണ്ടുന്നതൊക്കെയുണ്ടാക്കിവച്ചിട്ടു വേണം ഇങ്ങനെ ഓർഡർ കൊടുക്കുന്നത്" അയാൾ വിനീതമായി ഓരോ പോംവഴികൾ പറയുന്നു. ഒടുവിൽ പൊന്നേ, ഓമനേ, എന്നെല്ലാം വിളിച്ചും കണ്ണില്ലാത്തതെല്ലാം പൊന്നാക്കിയേക്കാമെന്ന് വാഗ്ദത്തം ചെയ്തും അവളെ പാട്ടിൽ വരുത്തുന്നു. കുറച്ചു കഴിയുമ്പോൾ കാണാം ഗൃഹനായിക ഇംഗ്ലീഷ് കപ്പിൽ തൊണ്ടനനയാനില്ലാത്ത കാപ്പിയുമായി പുഞ്ചിരിപ്പൂനിലാവു പൊഴിച്ചുകൊണ്ട്; 'പോകാൻ ധൃതിയാണെന്നു പറഞ്ഞതുകൊണ്ട് ഞാൻ പലഹാരമൊന്നുമുണ്ടാക്കിയില്ല,' എന്നൊരു രാഗവിസ്താരവുമായി രംഗത്തുപ്രവേശിക്കുന്നത്. അണിയറയിൽ ഭാര്യയും ഭർത്താവുമായി നടന്ന ശണ്ഠ നിങ്ങൾ അറിഞ്ഞില്ല. അറിഞ്ഞിരുന്നെങ്കിൽ നിങ്ങൾ ആ വീട്ടിൽ നിന്നും തുള്ളി പച്ചവെള്ളംപോലും കുടിക്കയില്ലായിരുന്നു എന്നു തീർത്തു പറയാം.

ഇങ്ങനെ നോക്കിയാൽ ജീവിതത്തിന്റെ ഓരോ വശത്തും ധാരാളം അണിയറകൾ കാണാം. പൊതുജന ദൃഷ്ടിയിൽ പെടുന്നത് രംഗപ്രയോഗാർഹങ്ങളായ ചില ജീവിതഭാഗങ്ങൾ മാത്രമാണ്. ലോകനാടകം കാണ്മാൻ ടിക്കറ്റെടുത്തിരിക്കുന്ന നമുക്ക് അണിയറകളിലേക്ക് സൂക്ഷിച്ചു നോക്കേണ്ട ആവശ്യമില്ല. അണിയറകളിലേക്കു നോക്കിയാൽ ഈ നാടകത്തെക്കുറിച്ച് നമുക്ക് വലിയ നീരസവും നിരാശയും തോന്നാതെയിരിക്കയില്ല.



കെ. എൽ. വി. വസന്ത.
(സുലോചന എന്ന പുതിയ തമിഴ് ചിത്രത്തിൽ)

രക്ഷണക്കിന് അപേക്ഷകൾ അയച്ചിട്ടും പല പടിവാതിലുകൾ കാത്തിട്ടും യാതൊരുദ്യോഗവും ലഭിച്ചില്ല. പിന്നീട് ഗവർമ്മെന്റിനെ ചീത്തപറഞ്ഞ് എഴുത്തും പ്രസംഗവും തുടങ്ങി. അതിലും രക്ഷയില്ലെന്നു മനസ്സിലായപ്പോൾ കാലുമാറി സർക്കാർ സേവതുടങ്ങി. ഒടുവിൽ ഒരു ഉദ്യോഗസ്ഥപ്രമുഖന്റെ ക - ഖ - അറിഞ്ഞുകൂടാത്ത ഇഡിയറ്റു മകളെ വിവാഹം ചെയ്തു. ഉദ്യോഗവും കിട്ടി. ഇതു വല്ലതുമാണോ സ്റ്റേജിലെഭാവം?

ചലച്ചിത്രരഹസ്യങ്ങൾ.

ക്യാമറാക്കാരൻെറ ചെപ്പടിവിദ്യകൾ.

അതിവേഗം പാഞ്ഞുവരുന്ന മോട്ടോർകാർ മുട്ടി ഉരുണ്ടുവീഴുന്നു—ആറുനില മാളികയുടെ മുകളിൽനിന്നു താഴെ ചാടുന്നു—മന്ത്രവാദിയുടെ മാന്ത്രികദണ്ഡു ചലിപ്പിച്ചാലുടൻ ശൂന്യതയിൽനിന്ന് ഒരു ഭയങ്കരഭൂതം പ്രത്യക്ഷപ്പെടുന്നു—കരിംപൂച്ചയെ സൗന്ദര്യവതിയായ ഒരു യുവതിയായി രൂപാന്തരപ്പെടുത്തുന്നു. ഇതിൻെറയെല്ലാം രഹസ്യമെന്ത്?

നിർജ്ജീവസാധനങ്ങൾ ആകാശത്തിൽക്കൂടെ പറക്കുക മരിച്ച ആളുകൾ ഉയത്തെഴുനേൽക്കുക, ഒരാൾ ഒരേസമയത്തുതന്നെ പലരൂപങ്ങളിൽ പ്രത്യക്ഷീഭവിക്കുക, ഭയങ്കരവനാന്തരങ്ങൾ നിമിഷനേരംകൊണ്ടു രമ്യഹർമ്മ്യങ്ങളായി രൂപാന്തരപ്പെടുക, മനോമോഹനങ്ങളായ ഉദ്യാനഭൂമികൾ ഞൊടിയിടകൊണ്ട് തരംഗപരമ്പരകളോടുകൂടിയ തടാകരംഗങ്ങളായി രൂപംമാറുക, നിർജ്ജീവ വസ്തുക്കൾ ജീവജന്തുക്കളെപ്പോലെ സഞ്ചരിക്കുക എന്നിങ്ങനെ വെള്ളിത്തിരയിൽ ദൃശ്യമാകുന്ന ചില കൺകെട്ടുവിദ്യകൾ കണ്ടിട്ടു ഫിലിം നിമ്മാണരഹസ്യങ്ങളോടു ബന്ധമില്ലാത്തവരും ഫിലിം നിമ്മാണത്തിൻെറ ശാസ്ത്രീയവശങ്ങളെ സംബന്ധിച്ച കേവലം പാമരന്മാരുമായ നമ്മുടെ സിനിമാ സന്ദർശകരിൽ ഭൂരിഭാഗവും അത്ഭുതസ്തബ്ധരായിത്തീരുന്നുണ്ടല്ലൊ. സിനിമാ കാണുന്നവരിൽ പലരും വെള്ളിത്തരയിൽ കാണപ്പെടുന്ന ഈതരം ഞെട്ടുക്കുന്ന വിദ്യകൾ അമാനുഷങ്ങളായ അത്ഭുതസംഭവങ്ങളായിട്ടാണു പരിഗണിക്കുന്നത്. സിനിമാചിത്രങ്ങളിൽ സർവ്വസാധാരണമായുള്ള പലതരം ജാലവിദ്യകളെ നിഗൂഹനം ചെയ്തിരിക്കുന്ന അജ്ഞാനാന്ധകാരത്തിരശ്ശീല ദൂരെ മാററി ഇങ്ങനെയുള്ള ചിത്രങ്ങൾ നിർമ്മിക്കപ്പെടുന്നതെങ്ങനെയെന്നു വായനക്കാക്കു വ്യക്തമാക്കി കൊടുക്കുക എന്നതാണ് ഈ ലേഖനത്തിൻെറ പ്രധാന ഉദ്ദേശം.

തിരശ്ശീലയിൽ കാണപ്പെടുന്ന ജാലവിദ്യകളെല്ലാം തന്നെ മിക്കവാറും ക്യാമറായിലൊ അച്ചടിയന്ത്രത്തിലൊ വച്ചാണു രൂപം പ്രാപിക്കുന്നത്. പരമാത്ഥം പറകയാണെങ്കിൽ ക്യാമറാക്കാരനാണു ഈ ജാലവിദ്യകളെല്ലാം നിർവഹിക്കുന്ന പ്രധാന ചെപ്പടി വിദ്യക്കാരൻ.

അയാളുടെ ജാലവിദ്യകളിൽ ഏററവും പ്രധാനമായുള്ളതു രംഗരൂപാന്തരമാണ്. ഒരു രംഗം പെട്ടെന്നു വേറൊന്നാക്കി രൂപാന്തരപ്പെടുത്തുന്ന ഒരു നിസ്സാര വിദ്യ മാത്രമാണിത്. നമുക്ക് ഒരു പൂച്ചയെ സൗന്ദര്യവതിയായ ഒരു ചെറുബാലികയായി രൂപാന്തരപ്പെടുത്തണമെന്നു വിചാരിക്കുക. അവിടെ നടക്കുന്നത് എന്താണ്? ആദ്യമായി ഒരു പൂച്ചയുടെ രൂപം ഫിലിമിൽ രേഖപ്പെടുത്തുന്നു. അനന്തരം ക്യാമറാ ലെൻസിൻെറ ഷട്ടർ അടച്ചിട്ടു ക്യാമറായിൽ ഇരിക്കുന്ന ഫിലിം ഉദ്ദേശം 6 അടിനീളം പിൻതള്ളുന്നു. അടുത്തതായി പൂച്ചയുടെ സ്ഥാനത്തു പ്രത്യക്ഷപ്പെടേണ്ട ചെറുബാലികയെ പൂച്ച എവിടെ ഇരുന്നുവോ ആ സ്ഥാനത്തുതന്നെ നിറുത്തിക്കൊണ്ട് വീണ്ടും ലെൻസ് തുറക്കുന്നു. പൂച്ചയുടെ ഫോട്ടോ പതിഞ്ഞ ഫിലിമിൻെറ മറേറ അററത്തുതന്നെ പെൺകുട്ടിയുടെ ചിത്രവും പതിയുന്നു. ഇതിൻെറ ഫലം തിരശ്ശീലയിൽ കാണുന്നതു് ഒരു കരിംപൂച്ച പെട്ടെന്നു സുന്ദരിയായ ഒരു ചെറുബാലികയായി രൂപാന്തരപ്പെടുന്നതായിരിക്കും.

ഒരാൾ വീഞ്ഞു കുടിച്ചുകൊണ്ടിരിക്കുമ്പോൾ വൈൻകപ്പിൽ ഒരു യുവതിയെ കാണുന്നതായും, ഒരു മനുഷ്യൻെറ ഹൃദയത്തിൽ ഒരു സ്ത്രീരൂപം പ്രത്യക്ഷപ്പെടുന്നതായും, ഒരുവൻ അവൻെറ ആത്മാവിനെയോ അഥവാ സ്വന്ത രൂപത്തെത്തന്നെയോ കാണുന്നതായും ഒരാൾ അവനെത്തന്നെ ആലിംഗനം ചെയ്യുന്നതായും മററു പല ചിത്രങ്ങൾ നിങ്ങൾ കണ്ടിരിക്കുമല്ലോ. ഒരിക്കൽ ഛായാഗ്രഹണം (Expose) ചെയ്ത ഫിലിമിൽതന്നെ രണ്ടാമതും ഛായാഗ്രഹണം നിർവ്വഹിക്കുന്നതുമൂലമാണ് ഈമാതിരി വിദ്യകളെല്ലാംതന്നെ സാധിക്കുന്നത്. ഇതിനൊരു ഉദാഹരണം പറയാം. ഒരു മനുഷ്യൻ അയാളുടെ പ്രണയഭാജനത്തെ വൈൻകപ്പിൽ കാണുന്നതായുള്ള ഒരു ചിത്രമാണ് നമുക്കു വേണ്ടതെന്ന് സങ്കല്പിക്കാം. ആദ്യമായി വൈൻകപ്പിൻെറ ചിത്രം ഫിലിമിൽ രേഖപ്പെടുത്തുന്നു. അതിനുശേഷം ക്യാമറാക്കാരൻ വൈൻകപ്പിൻെറ പരിധികൾ ക്യാമറായുടെ ഗ്രൗ



P. U. ചിന്നപ്പായും T. R. രാജകുമാരിയും
(പങ്കജവല്ലി എന്ന ചിത്രത്തിൽ)

ണ്ടു ഗ്ലാസ്സിൽ അടയാളപ്പെടുത്തുന്നു. അനന്തരം ലെൻസിൻെറ ഷട്ടർ അടച്ചുകൊണ്ടു ഫിലിമിൽ കപ്പിൻെറ ചിത്രം രേഖപ്പെടുത്തിയ ഭാഗം അയാൾ സ്വപ്നം കണ്ടുകൊണ്ടിരിക്കുന്ന മനുഷ്യൻെറ അടുക്കലേക്ക് അടുപ്പിക്കുന്നു. പിന്നീട് ആ മനുഷ്യൻെറ "ദർശനം" അഥവാ ദിവാസ്വപ്നം അവസാനിക്കുന്നതുവരെയുള്ള സമയം മുഴുവൻ ആ ഫിലിം തന്നെ യുവതിയുടെ നേരെ പ്രയോഗിക്കുകയായി എന്നാൽ യുവതിയുടെ രൂപം കപ്പിൻെറ പരിധികൾക്കുള്ളിൽതന്നെ ഉൾക്കൊള്ളിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ പതിക്കുന്നതായിരിക്കും. ഗ്രൗണ്ടുഗ്ലാസ്സിൽനിന്നും ക്യാമറാക്കാരനു കപ്പിൻെറ പരിധികൾ അടയാളപ്പെടുത്തിയിരിക്കുന്നതു കാണാൻ കഴിയും. യുവതിയെ ക്യാമറായിൽനിന്നു വളരെ ദൂരം അകററി നിറുത്തിക്കൊണ്ട് വൈൻകപ്പിൻെറ പരിധികൾക്കുള്ളിൽ മാത്രം നിൽക്കത്തക്കവണ്ണം ഒരു ചെറിയ ചിത്രം രേഖപ്പെടുത്തുന്നതിനാണ് അയാളുടെ ശ്രമം. അങ്ങനെ ഒരു ഫോട്ടോ കിട്ടുന്നതിനുവേണ്ടി ക്യാമറാ വേണ്ടത്ര പിറകോട്ടു മാററുകയും ചെയ്യും. വെള്ളിത്തിരയിൽ ഇതിൻെറ ഫലം ആ യുവതി വൈൻകപ്പിൽ പ്രത്യക്ഷീഭവിക്കുക എന്നുള്ളതായിരിക്കും.

ആകാശത്തിൽക്കൂടെ പറക്കുന്നതെങ്ങിനെ ?

മനുഷ്യരോ വസ്തുക്കളോ ആകാശത്തിൽക്കൂടെ സഞ്ചരിക്കുക, നിർജ്ജീവ വസ്തുക്കൾ സ്വയം നീങ്ങിക്കൊണ്ടിരിക്കുക മുതലായ ചെപ്പടിവിദ്യകൾ എല്ലാം സാധിക്കുന്നതു കറുപ്പുനിറത്തിലുള്ള ഒരു വലിയ തിരശീലയുടെ സഹായത്തോടുകൂടിയാണ്. ഒരു യക്ഷിയോ ഒരു ഗൃഹമോ ആകാശത്തിൽക്കൂടെ പറക്കുന്നതായി കാണിക്കണമെന്നു സങ്കല്പിക്കുക. അതിനുവേണ്ടി നാം ചെയ്യുന്നതെന്താണ്? ആ സാധനം പറക്കുന്നതായി കാണിക്കേണ്ട മാർഗ്ഗം ഏതോ അതിൻെറ ചിത്രമാണ് നാം ആദ്യമായി രേഖപ്പെടുത്തുന്നതു്. അനന്തരം ലെൻസിൻെറ ഷട്ടർ അടച്ചുകൊണ്ട് ഛായാഗ്രഹണം നടത്തിയഫിലിം ക്യാമറായിൽനിന്നു തിരിച്ചെടുക്കുന്നു പിന്നീട് പറക്കുന്നതായി കാണിക്കേണ്ട വസ്തുവിനേയോ ആളിനേയോഅദൃശ്യങ്ങളായ കറുത്ത കമ്പികൾഉപയോഗിച്ചുമുൻപറഞ്ഞതിരശീലയുടെ മുൻപിൽതൂക്കിയിട്ടുകൊണ്ട് മുൻപെ ഉപയോഗിച്ച ഫിലിമിൽതന്നെ ആ വസ്തുവിൻെറ ചിത്രവും രേഖപ്പെടുത്തുന്നു. കറുപ്പു നിറത്തിലുള്ള ഒരു പശ്ചാത്തലത്തിനെതിരായി ഒരു കറുത്ത വസ്തുവിൻെറ രൂപം ഫിലിമിൽ രേഖപ്പെടുവാൻ ഇടയില്ലാത്തതിനാൽ തൂക്കിയിടുന്നതിനുപയോഗിക്കുന്ന കമ്പികൾ ചിത്രത്തിൽ കാണുകയില്ല. വസ്തു സഞ്ചരിക്കേണ്ട മാർഗ്ഗത്തിൻെറ ചിത്രം നാം ആ ഫിലിമിൽ തന്നെ ആദ്യം രേഖപ്പെടുത്തികഴിഞ്ഞിരിക്കുന്നതിനാൽ വെള്ളിത്തിരയിൽ വരുമ്പോൾ ആ വസ്തു ആകാശത്തിൽ പറക്കുന്നതായിട്ടായിരിക്കും കാണപ്പെടുന്നതു്.

ശൂന്യതയിൽ നിന്നു വസ്തുക്കളൊ മനുഷ്യരൊ പ്രത്യക്ഷപ്പെടുന്നതെങ്ങനെ?

ശൂന്യതയിൽ നിന്ന് ഒരു വസ്തുവിനെയോ മനുഷ്യനെയോ പ്രത്യക്ഷപ്പെടുത്തുന്നതിനുള്ള വിദ്യ കേവലംനിസ്സാരമായതന്നാണ്. ഉദാഹരണമായി ഒരു മാന്ത്രികൻ അയാളുടെ മാന്ത്രികവടി ചലിപ്പിക്കുമ്പോൾ ഒരു ഭയങ്കര ഭൂതം പ്രത്യക്ഷപ്പെടണമെന്നു വിചാരിക്കുക. ഇതിനു പ്രയോഗിക്കുന്ന വിദ്യ താഴെപ്പറയുന്ന പ്രകാരമാണ്. മാന്ത്രികൻ വടി ചലിപ്പിക്കുന്നതായുള്ള ഫോട്ടോ എടുത്തു കഴിഞ്ഞാലുടൻ ക്യാമറായുടെ പ്രവർത്തനം നിറുത്തുന്നു.


പിന്നീട് ക്യാമറാ പ്രവർത്തനം ആരംഭിക്കുന്നതിനു മുൻപായി ഭൂതം പ്രത്യക്ഷപ്പെടേണ്ടതായ സ്ഥാനത്ത് അതിനെ കൊണ്ടുവന്നു നിറുത്തുന്നു. മാന്ത്രികനേയും ഭൂതത്തേയും മുൻചിത്രത്തിൻെറ തുടർച്ചയായി തോന്നിക്കത്തക്ക രീതിയിൽ തയ്യാറാക്കി നിറുത്തിക്കൊണ്ടാണ് ക്യാമറാ വീണ്ടും ജോലി ആരംഭിക്കുന്നതു്. ഈ ഒരേ നിലയിൽതന്നെ അവരെ നിറുത്തിക്കൊണ്ടു ഫിലിമിൽ ഏതാനും വാര നീളത്തിൽ ഛായാഗ്രഹണം നടത്തിയശേഷം മാത്രമേ മാന്ത്രികനും ഭൂതവും അവർക്കു നൽകപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിക്കയുള്ളു ചിത്രം വെള്ളത്തുണിയിൽ കാണുമ്പോൾ ഇതിൻെറ ഫലം മാന്ത്രികൻ അയാളുടെ മാന്ത്രിക ദണ്ഡു ചലിപ്പിക്കുന്ന ഉടൻ ശൂന്യതയിൽനിന്ന് ഒരു ഭയങ്കര ഭൂതം പ്രത്യക്ഷീഭവിക്ക എന്നതായിരിക്കും. ഭൂതം അപ്രത്യക്ഷനാകേണ്ട സമയത്തും ഈ നടപടി തന്നെയാണു സ്വീകരിക്കുന്നതു്. അതായതു ക്യാമറാ നിറുത്തുന്നു. ഭൂതത്തെ അവിടെനിന്നു മാററുന്നു വീണ്ടും ക്യാമറാ ജോലി ആരംഭിക്കുന്നു.

നിർജ്ജീവവസ്തുക്കളുടെ സഞ്ചാരം.

ഒരടിക്ക് ഒരു ചിത്രം എന്നതാണ് ഇതിനുള്ള വിദ്യ. ഇതിൻെറ രീതി വിവരിക്കുവാൻ പ്രയാസമാണ്. തത്വം പറഞ്ഞാൽ സഞ്ചരിക്കുന്നതായി കാണിക്കേണ്ട വസ്തു അല്പാല്പമായി മാററിക്കൊണ്ട് ഓരോ മാററത്തിനും ഓരോ ഫോട്ടോ എടുക്കുന്നു എന്നുമാത്രമേയുള്ളു. മനുഷ്യർ തന്നെയാണു പ്രസ്തുത വസ്തു അല്പാല്പമായി മാററിവയ്ക്കുന്നതു്. പക്ഷേ അതു ചിത്രത്തിൽ വരുന്നില്ല. ഒടുവിൽ ചിത്രം പ്രദർശിപ്പിക്കപ്പെടുമ്പോൾ ആ വസ്തു സ്വയം നീങ്ങിപ്പോകുന്നതായി കാണപ്പെടുകയും ചെയ്യുന്നു.

കാറപകടങ്ങൾ

ക്യാമറാ മുൻപോട്ട് ഓടിക്കുന്നതിനു പകരം പിറ




ജയമ്മയും ഗുപ്പി വീരണ്ണായും
(മല്ലമ്മ എന്ന ചിത്രത്തിൽ)

കോട്ട് ഓടിക്കുന്നതു മൂലം പല ജാലവിദ്യകളും സാധിക്കുന്നുണ്ട്. അതിവേഗത്തിൽ പാഞ്ഞുവരുന്ന ഒരുമോട്ടർ കാറു മുട്ടി ഒരാൾ നിലത്തു വീഴുന്നതായി പടത്തിൽ കാണിക്കണമെന്നിരിക്കട്ടെ. വാസ്തവത്തിൽ കാർ കൊണ്ടുവന്നു മുട്ടിച്ച് ഒരാളെ താഴത്തു വീഴിക്കുവാൻ സാധിക്കുമോ? ശീഘ്രഗതിയിൽ ഓടിവരുന്ന ഒരു മോട്ടോർ കാർ വന്നിടിച്ചു താഴെയിട്ടുകൊള്ളുവാൻ എത്ര പണം കൊടുത്താലും ആരെങ്കിലും സമ്മതിക്കുമെന്നും തോന്നുന്നില്ല. പിന്നെ ഇതിനുള്ള പണിയെന്താണ്. കാറു മുട്ടി താഴെ വീണതായി കാണിക്കേണ്ട ആളെ കാറിൻെറ മുൻപിലായി പിൻവശം കാറിൻെറ ബമ്പറിൽ മുട്ടിച്ചു നിർത്തിക്കൊണ്ട് ആദ്യമായി പടം എടുക്കുന്നു. ഒരു നിശ്ചിത അടയാളം കാണിക്കുമ്പോൾ മോട്ടോർ കാർ മുൻപോട്ട് ഓടിക്കുന്നതിനു പകരം പിറകോട്ട് ഓടിക്കുന്നു. ക്യാമറായും മുൻപോട്ടു ഗമിക്കുന്നതിനു പകരം ഈ അവസരത്തിൽ പിറകോട്ടായിരിക്കും പ്രവർത്തനം നടത്തുന്നതു്. ഇതിൻെറ ഫലമായി തിരശ്ശീലയിൽ കാണപ്പെടുന്ന ചിത്രമോ ഒരു കാർ അതിവേഗത്തിൽ പാഞ്ഞുവന്ന് ആ ആളിൻെറ ദേഹത്തു മുട്ടുന്നതായിരിക്കും. ഇതുകഴിഞ്ഞാൽ ബാക്കി ഭാഗങ്ങൾ ചിത്രീകരിക്കാൻ പ്രയാസമില്ലല്ലോ.

കാറു മുട്ടിയ ആൾ വായിൽ നിന്നു രക്തം ഒലിപ്പിച്ചുകൊണ്ടു വഴിയിൽ കിടക്കുന്നതും ഡ്റൈവർ പരിഭ്രാന്തചിത്തനായി അവനെ നോക്കിക്കൊണ്ടു നില്ക്കുന്നതുമായിരിക്കും അടുത്ത ചിത്രം. ഇതിൻെറ സിനിമാ ചിത്രം കാണുന്ന സാധുജനങ്ങളുടെ വിചാരം മോട്ടാർ കാർ മുട്ടി അയാൾ വഴിയിൽ വീണു രക്തം ഒലിപ്പിച്ചു കിടക്കുന്നു എന്നതായിരിക്കയുംചെയ്യും.

മരപ്പാവകൊണ്ടുള്ള വിദ്യകൾ

ഒരാൾ ഒരു ആറുനില കെട്ടിടത്തിൻെറ മുകളിൽനിന്നു താഴേക്കു ചാടുന്നതായി ചിത്രത്തിൽ കാണിക്കണമെന്നിരിക്കട്ടെ. ഇങ്ങനെ ചാടുവാൻ ലക്ഷം രൂപാ കൊടുത്താലും ആരെങ്കിലും തയ്യാറാകുമോ. അതുപിന്നെ സാധിക്കുന്നതെങ്ങനെയാണ്? ആ മനുഷ്യൻ ആറാമത്തെ നിലയിലുള്ള ഒരു ജനലിൻെറ അടുത്തുവന്നു ചാടാൻ പോകുന്ന മട്ടിൽ നിൽക്കുന്നതായി വളരെ അകലത്തിൽനിന്ന് ഒരു ചിത്രം എടുക്കുന്നു. അടുത്തതായി അവൻ കീഴോട്ടു നോക്കി ഭയചകിതനായിത്തീരുന്നു. അനന്തരം അവൻ ചാടുന്നതായി ഒരു ചിത്രംകൂടെ വളരെ ദൂരത്തിൽ നിന്നെടുക്കുന്നു എ



U. R. ജീവരത്നം
(ഭക്ത ഗൗരിയിൽ)

ബന്ധനം.

(അന്നനട)

ശരി; നിങ്ങൾ ജയക്കൊടി നാട്ടി പോരിൽ;—
പ്പരിതോഷകരമിതേവർക്കു;—മെന്നാൽ,
പറിക്കു പററിയ ഭുവനത്തെച്ചെമ്മേ
പരിചരിയ്ക്കായ്കിൽപ്പരാജിതർ തന്നെ!
അടിമത്തങ്ങളെ ഭുവിപ്പേത്തു മാണി—
യടിച്ചുറപ്പിയ്ക്കുന്നതിനല്ലയല്ലോ,
അടരായുധങ്ങൾ വെരുമാറി നിങ്ങൾ;
തുടക്കത്തിൽപ്പാടിയതു ചതിപ്പാട്ടോ?
ഒരുമിച്ചു, 'പാരിൽ സ്വാതന്ത്ര്യ'യ്ക്കായി
പ്പൊരുത നിങ്ങൾ തന്നാണു ശക്തികൊണ്ടും,
ധരാഖണ്ഡങ്ങൾ തൻ പരവശത്വത്തി—
നൊരു പോറൽ പോലും പിണഞ്ഞിട്ടില്ലല്ലോ!
നര രക്തച്ഛായ മണിച്ചെങ്കോലേന്തും
കരം കൊണ്ടു മാടി വിളിയ്ക്കുകില്ലുണ്ടോ,
അരികത്തെങ്ങാനുമണയുന്നു, നേരാ—
മഹിംസയിലടിയുറച്ചിന ശമം?

വിടാം വിമോഹത്തെ; വിവിധപീഡയാ—
ലുടൽ മരവിച്ചു വിളർത്ത ലോകമേ,
അശാന്തരിൽ നിന്നു ശമം തേടുന്ന നീ
നിശാന്തരങ്ങളിലിളവെയിൽ കാണും!
പുറത്തു വേഷ്ടതൻ പുതുപൂപ്പുഞ്ചിരി,—
യകത്തിണക്കത്തിനുടെ പല്ലിറുമ്മൽ,
വചസ്സിലെമ്പാടും സമത്വപീയൂഷം,
മനസ്സിൽ മേൽക്കോയ്മപ്പൊലിമതൻ വിഷം,
അരങ്ങത്തു നിരായുധത്വാഭിനയ,—
മണിയറയിലോ പടക്കോപ്പു പണി—
ഇവരുടെ ചർച്ചാസമിതിയിൽ നിന്നി—
ങ്ങവതരിയ്ക്കും പോല, ഖണ്ഡമാം സ്വാസ്ഥ്യം!
മതി, മതി, മിഥ്യാസമാധാനോദ്യമം:
ക്ഷിതിത്തട്ടിൽ ക്ഷേമം വിതച്ചുകൊള്ളുവാൻ,
നെടും കൃഷി നാടിൻ കരങ്ങൾ ചങ്ങല—
ക്കുടുക്കിൽ നിന്നു വേർപെടുകതാൻ വേണം
അതിനെയും കാത്തു കിടക്കയാണു,ന്നാ—
നാതി കഷ്ടപ്പാടിലടിഞ്ഞ രാജ്യങ്ങൾ;
ച്യുതപ്രായമായ്പ്പോയിരുപതു മിരു—
പതും കോടിപ്പേരെ ചുഴന്ന ബന്ധനം.

വള്ളത്തോൾ

നാൽ ആളിനു പകരം ആ വലിപ്പത്തിൽ ഒരു മരപ്പാവയെ അതേരീതിയിലുള്ള വസ്ത്രങ്ങൾ ധരിപ്പിച്ച് ജനലിൽനിന്നു താഴേക്കിടുകയാണു ചെയ്യുന്നതു്. പക്ഷെ വീണ്ടും നാം തറയിൽ വരുമ്പോൾ പഴയ ആൾതന്നെ രക്തവർണ്ണത്തിലുള്ള ഒരു ദ്രാവകത്തിൽ കുളിച്ചു നിലത്തു കിടക്കുന്നതായി കാണുന്നു. ഇങ്ങനെയാണ് ഈ തരം ചിത്രങ്ങൾക്കു യാഥാർത്ഥ്യരൂപം കൊടുക്കുന്നതു്,

ചിത്രവും നാടകവും

(പ്രഫസ്സർ പുത്തൻകാവു മാത്തൻ തരകൻ ബി. ഒ. എൽ.)

മലയാളികൾക്ക് ഇപ്പോൾ ചിത്രവും നാടകവും സുപരിചിതമാണ്. ഇവരണ്ടും ചെന്നെത്താത്ത ഗ്രാമപ്രദേശങ്ങളും ഇവരണ്ടും കാണാത്ത കേരളീയരുമില്ല. "ചിത്രവും നാടകവും" എന്ന തലവാചകം കാണുമ്പോൾ രണ്ടിന്റെയും സാമ്യവ്യത്യാസങ്ങൾ പറയാൻ ഞാൻ ഒരുങ്ങുന്നു എന്ന് ചിലർ തെററിദ്ധരിച്ചേക്കാം. പക്ഷെ ചിത്രത്തിന്റെ ഉത്ഭവം വളർച്ച എന്നിവയുടെ ഒരു ചെറിയ ചരിത്രം ഇവിടെ രേഖപ്പെടുത്താനാണ് ഞാൻ ഉദ്യമിക്കുന്നതു്.

ചിത്രത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ മൂകമായ നിശ്ചലചിത്രം എങ്ങനെ ഉണ്ടായി എന്നു പറയേണ്ടിയിരിക്കുന്നു എന്നാൽ ആ ഭാഗം തൽക്കാലം ഉപേക്ഷിക്കുകയാണ്, ലേഖനത്തിന്റെ ദൈർഘ്യത്തെ ഭയന്ന്.

മായാദീപ (Magic lantern) പ്രസ്ഥാനം ഇന്നും നടപ്പുള്ള ഒരു പ്രസ്ഥാനമാണ്. രാത്രികാലങ്ങളിൽ ഏതെങ്കിലും സ്ഥലത്ത് ഒരു യവനിക സ്ഥാപിച്ച് അതിന്മേൽ പലതരത്തിലുള്ള ചിത്രങ്ങൾ പ്രദർശിപ്പിച്ച് ഓരോ ചിത്രത്തെക്കുറിച്ചും ചില വർണ്ണനകൾ നടത്തി പ്രസംഗം നടത്തുന്നതു് നാമൊക്കെയും കണ്ടിട്ടുള്ളതാണല്ലോ. "മായാദീപ"ത്തിൽ ഘടിപ്പിക്കുന്ന ഒരുതരം 'ഗുപ്തചിത്രഫലക'(Slide)ത്തിൽക്കൂടി രശ്മികൾ കടക്കുമ്പോൾ സ്പടികംകൊണ്ടുള്ള ഫലകത്തിൽ ഗോപനംചെയ്തുവച്ചിരിക്കുന്ന ചിത്രം യവനികയിൽ പ്രത്യക്ഷപ്പെടുന്നു. ഗുപ്തചിത്രഫലകം മാറി മാറി വയ്ക്കുന്നതനുസരിച്ചാണ് യവനികയിൽ ഓരോ പടങ്ങൾ മാറി മാറി വരുന്നതു്. ഈ കാര്യം കുറെക്കൂടി വിശദമാക്കാം. ഒരു മനുഷ്യൻ കാളയെ വാങ്ങാൻ ചന്തയിലേക്കു പോകുന്നു എന്നു വിചാരിക്കുക. ചിത്രപ്രദർശകൻ ആദ്യമായി ഒരു മനുഷ്യനെ സ്ക്രീനിൽ കാണിക്കുന്നു. ആ മനുഷ്യന്റെ പടമുള്ള ഫലകം മാററി മറെറാന്നു മായാദീപത്തിൽ ഘടിപ്പിക്കുമ്പോൾ നമുക്ക് ഒരു വലിയ കാളച്ചന്ത കാണാം. ആ ഫലകവും മാറി വേറൊന്നു വയ്ക്കുമ്പോൾ ആ മനുഷ്യൻ കാളകളുടെ മദ്ധ്യത്തിൽ നിൽക്കുന്നതായി നമുക്കു കാണാം. ചിത്രപ്രദർശകൻ ഈ മൂന്നു ചിത്രങ്ങളും അടിസ്ഥാനമാക്കി ആ മനുഷ്യൻ കാളയെ വാങ്ങിക്കുവാൻ കാളച്ചന്തയിൽ പോയി എന്നുള്ള ഒരു വൃത്താന്തം ഉണ്ടാക്കുന്നു. എന്നാൽ കാലക്രമേണ ദ്വിഭാഷിയുടെ സഹായം കൂടാതെതന്നെ കാണികൾക്കു കഥയും കാര്യവും മനസ്സിലാക്കിക്കൊടുക്കുന്നതിനു വല്ലവഴിയുമുണ്ടോ എന്നറിയുന്നതിനായി ശാസ്ത്രകാരന്മാർ ചെയ്ത ശ്രമത്തിന്റെ ഫലമായിട്ടാണ് ചലച്ചിത്രം ആവിർഭവിച്ചതു്. ഗുപ്തചിത്രഫലകത്തിന്റെ മാററം അനുസരിച്ചാണല്ലോ യവനികയിൽനിന്നു ചിത്രം മാറിക്കൊണ്ടിരുന്നതു്. എന്നാൽ ചലച്ചിത്രഛായാഗ്രാഹിണിയുടെ കണ്ടുപിടിത്തത്തോടുകൂടി ഓരോ ചിത്രവും യവനികയിൽ പ്രത്യക്ഷപ്പെട്ട് താനെതന്നെ മറഞ്ഞുതുടങ്ങി. ആദ്യകാലങ്ങളിൽ തീവണ്ടിയുടെ ഓട്ടം, നഗരവീഥികളിൽക്കൂടിയുള്ള ജനപ്രവാഹം, ഓടുന്ന തീവണ്ടിയുടെ ജനലിൽക്കൂടി നോക്കിയാൽ കാണുന്ന പ്രകൃതിഭംഗികൾ മുതലായവയായിരുന്നു "Celluloid" ചിത്രനാടയിൽ പതിക്കപ്പെട്ടിരുന്ന രംഗങ്ങൾ. അങ്ങനെ ആരംഭത്തിൽ നിശ്ചലമായ ഛായ ചലിക്കുന്ന ഛായ ആയിത്തീന്നു കന്നുകാലികളുടെയും, ജനസമൂഹത്തിന്റെയും ചലനങ്ങളെ അതേപടി ആവിഷ്ക്കരിക്കുന്നതിനുള്ള ശ്രമം വിജയപ്രദമായിത്തീന്നതിന്റെശേഷം ചിത്രഗ്രാഹകന്മാരുടെ ശ്രദ്ധ നാടകരംഗങ്ങളിലേക്കു പതിഞ്ഞു. ഒരിടത്തു് അഭിനയിക്കപ്പെട്ട നാടകം നടന്മാർ പോകാതെതന്നെ മറെറാരു സ്ഥലത്തു് കേവലം ഛായകൾ വഴിയായി പ്രദർശിപ്പിക്കുവാൻ സാധിക്കുമോ എന്ന് ചിത്രനിർമ്മാതാക്കൾ ശ്രമിച്ചുനോക്കി. ഇളകിമറിയുന്ന സമുദ്രത്തേയും, കുതിച്ചുപായുന്ന തീവണ്ടിയേയും ചിത്രീകരിച്ചതുപോലെ പണ്ടത്തെ നാടകങ്ങളിലെ ചില നടന്മാരുടെ അഭിനയങ്ങൾ ചിത്രനാടയിൽ പതിപ്പിക്കപ്പെട്ടു. ക്രമേണ നിശ്ശബ്ദങ്ങളായ നാടകങ്ങൾ ലോകത്തിന്റെ പല ഭാഗങ്ങളിലും പ്രദർശിപ്പിക്കപ്പെട്ടു. ഇത്രയുമായപ്പോഴേക്കും ചലച്ചിത്രഗ്രഹണവും പ്രദർശനവും ആദായകരമായ ഒരു വ്യവസായമായി പരിണമിച്ചു. അനേകം രംഗോപകരണങ്ങളോടുകൂടി അഭിനയവിദഗ്ദ്ധന്മാരായ പത്തുനാല്പതു നടന്മാർ ദേശംതോറും ചുററിനടക്കുക, വലിയ ചാർജ്ജിലുള്ള ടിക്കററുകൾ വിററു പണം വസൂലാക്കി നാ

(ശേഷം 37-ാം പേജിൽ)




ലീലാദേശായി
(നർത്തകി എന്ന ചിത്രത്തിൽ)

കഥകളി

മലയാളിയുടെ അഭിമാനസമ്പത്ത്,

(ഡാക്ടർ. ചേലനാട്ട് അച്യുതമേനോൻ)

കഥകളി വിശ്വവിജയം ചെയ്തിരിക്കുന്ന കാലമാണിത്. ഒരുകാലത്തു കേരളത്തിൽമാത്രം കളിയാടിക്കൊണ്ടിരുന്ന ഈ കല കടലും മലയും കടന്ന് പല ദേശാന്തരങ്ങളിലും എത്തിക്കഴിഞ്ഞിരിക്കുന്നു. ഒരു കഥകളി നടനെ ലണ്ടനിലെത്തിച്ച് അതിന്റെ ഒരു ഏകദേശ സ്വരൂപം പ്രദർശിപ്പിക്കുവാൻ ഈയുള്ളവനും ഉദ്യമിച്ചിട്ടുണ്ട്. ഉദയശങ്കർ മുതലായ ഭാരതീയനൃത്തകലാവിദഗ്ദ്ധന്മാർ കഥകളികൊണ്ട് ഒന്നു മിനുക്കിയെങ്കിൽ മാത്രമേ തങ്ങളുടെ നൃത്തഭേദത്തിനു പരിപൂർണ്ണതയുണ്ടാകയുള്ളു എന്നു വിശ്വസിക്കുവാൻ തുടങ്ങിയിട്ടുണ്ട്. കഥകളി വിദഗ്ദ്ധന്മാർ ഹിമവൽസേതുപര്യന്തം ഇന്ത്യയുടെ പല ഭാഗങ്ങളിലുമായി ആചാര്യസ്ഥാനം വഹിച്ച് അഭ്യസനം നടത്തിവരുന്നുണ്ട്. ചിലർ യോഗത്തോടുകൂടി പാരീസ്, ന്യൂയോർക്ക് മുതലായ പ്രശസ്ത നഗരങ്ങളിലേക്കും അധികം താമസിയാതെ കലാപ്രദർശനത്തിനായിക്കൊണ്ടു യാത്ര ചെയ്യുവാനുള്ള ക്ഷണവും സ്വീകരിച്ചതായി കേൾക്കുന്നു.



ലളിതമണിയും സന്താനലക്ഷ്മിയും
(ആരവല്ലി എന്ന ചിത്രത്തിൽ)

ഇങ്ങിനെ ലോകപ്രശസ്തി സമ്പാദിച്ചിട്ടുള്ള കഥകളി അതിന്റെ ജന്മദേശത്ത് എങ്ങിനെ കഴിഞ്ഞുകൂടുന്നു എന്നു ചോദിക്കുന്നതായാൽ അതിനുത്തരം അഭിമാനസന്തോഷത്തോടുകൂടി പറവാൻ നമുക്കു സാധിക്കുമെന്നു തോന്നുന്നില്ല. പക്ഷെ ഇപ്പോൾ കഥകളിക്കു കിട്ടിയിട്ടുള്ള പ്രശസ്തിയും പ്രചാരവും കുറെ പണം ചെലവുചെയ്തുണ്ടാക്കിയ പരസ്യം മാത്രമല്ലെന്നും അതിന്റെ യഥാർത്ഥ ഗുണവും മേന്മയും കണ്ട് പൗരസ്ത്യരും പാശ്ചാത്യരും ഉള്ളഴിഞ്ഞു നൽകിയിട്ടുള്ള അഭിനന്ദനത്തിന്റെയും ആദരത്തിന്റെയും ഫലമാണെന്നുമുള്ള പരമാർത്ഥം നമുക്കു തികച്ചും അഭിമാനജനകംതന്നെ. അതോടുകൂടി ആ കലയിലും പരിഷ്കാരവും പുതിയ ജീവനും മോടിയും വരുത്തേണ്ടതുണ്ടെന്നുകൂടി നാം സ്വീകരിക്കേണ്ടതുണ്ട്.

ഇനി കഥകളിയുടെ ഉള്ളിലേക്ക് ഒന്നു കടന്നുനോക്കാം. കഥകളി കാണുന്നവരെ ആദ്യമായി ആകർഷിക്കുന്നത് അതിലുപയോഗിക്കുന്ന ആംഗ്യഭാഷയാണ്. അഥവാ കൈമുദ്രയാണ്. അതുകൊണ്ട് ചില അരസികന്മാർ ഇതിനെ ഊമക്കളിയെന്നുകൂടി വിളിക്കുവാൻ ധൈര്യപ്പെട്ടിട്ടുണ്ട്. സംസാരം ഉപേക്ഷിച്ചതിനു പകരമായി രസാഭിനയങ്ങൾക്കു സൗഷ്ഠവവും ശക്തിയും കൂടിയിട്ടുണ്ടെന്നുകൂടി രസികന്മാർക്കു അനുഭവമാണ്. ഇതു കഥകളിക്കാർ കല്പിച്ചു കൂട്ടി വരുത്തിയിട്ടുള്ള ഒരു ഭേദഗതിയും പരിഷ്കാരവുമാണ്. ഇതുകൊണ്ട് ഒന്നാമതായി നൃത്തം ചെയ്യുന്ന കാലുകൊണ്ടുള്ള പ്രയോഗത്തിനാണ് പ്രാധാന്യം "ഒരു മാറ്റംകൂടി." പല പല നൃത്തപ്രസ്ഥാനങ്ങളിലും രംഗത്തിൽ കൈകൾകൊണ്ടു എന്താണ് ചെയ്യേണ്ടതെന്നറിയുന്നില്ല എന്നു പാശ്ചാത്യന്മാരുടെ ഇടയിൽ ഒരു പരാതിയുമുണ്ട്. ഒരു കഥകളിക്കാരന്റെ കൈകൾ കാലുകളേക്കാളധികം ചിലപ്പോൾ ചലിക്കുന്നതു കാണാം. അതു കാൽച്ചലനത്തിനനുസരിച്ച് മോടി കൂട്ടുന്ന വിധത്തിലാകയാൽ നൃത്തത്തിനു പരിപൂർണ്ണസൗകര്യം പ്രദാനം ചെയ്യുന്നുണ്ട്. ഒരു കഥകളിനടന്റെ നൃത്തം കണ്ട് ഒരു പാശ്ചാത്യകലാരസികൻ "അയാളുടെ കൈകളും കണ്ണും അത്ഭുതകരമായ വിധത്തിൽ ചുവടിന്നനുരൂപമായി ചലിക്കുന്നതു എന്നെ അത്യധികമായി ആകർഷിക്കുന്നു" എന്നു പ്രസ്താവിക്കുകയുണ്ടായി. ഇതിൽനിന്നു കഥകളിയിൽ കൈമുദ്ര കലർത്തിയ മലയാളി കലാസൗന്ദര്യത്തിന്റെ അന്തരങ്ങൾ കണ്ടവനാണെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ! മറ്റൊരു സൗകര്യംകൂടി കൈമുദ്രകൊണ്ട് സാധിച്ചിട്ടുണ്ട്. കൈമുദ്ര വാസ്തവത്തിൽ ഒരു വിശ്വഭാഷയാണ്. സംസാരിക്കുന്ന ഭാഷയുടെ വൈകല്യങ്ങളോ ഉച്ചാരണവൈലക്ഷണ്യങ്ങളോ അതിനില്ല. മനുഷ്യർ സം

സ്വരിക്കുമ്പോൾ താനറിയാതെ. ഉപയോഗിക്കുന്ന കൈയാംഗ്യങ്ങളാകുന്ന അസ്ഥിവാരത്തിന്മേൽതന്നെയാണ് അതു കെട്ടിയുയർത്തിയിട്ടുള്ളത്. അതുകൊണ്ട് ഒരു ഭാഷ പഠിക്കുന്നതിനെക്കാൾ എത്രയോ വേഗത്തിൽ ഒരു വിദേശിയനു കൈമുദ്ര മനസ്സിലാക്കുവാൻ സാധിക്കുന്നുണ്ട്. മലയാളഭാഷമാത്രം അറിയുന്ന കഥകളിനടന്മാർക്ക വെള്ളക്കാരെയും ഇന്ത്യയിലെ ഇതരദേശീയന്മാരെയും കഥകളിനൃത്തം അഭ്യസിപ്പിക്കുവാൻ സാധിക്കുന്നതിന്റെ രഹസ്യം മേല്പറഞ്ഞ തത്വമാണ്. കഥകളിസാഹിത്യമോ, മലയാളപദങ്ങളോ പഠിക്കാതെയാണ് അവരിൽ മിക്കവരും ഇപ്പോൾ കഥകളിനൃത്തം അഭ്യസിക്കുന്നത്. ഇതിനവർക്ക ഏറ്റവും അനുകൂലമായി നിൽക്കുന്നുണ്ട് കഥകളിയിലെ കൈമുദ്ര. കൈമുദ്രകളിൽ 75 ശതമാനവും അനുകരണത്തെ ആസ്പദമാക്കി കൽപ്പിച്ചുള്ളവയാണ്. താമര, വള്ളി, പക്ഷിയാദികൾ ഇവ കാണിക്കുന്ന മുദ്രകൾ പരിശോധിച്ചാൽ ഈ പരമാർത്ഥം സ്പഷ്ടമാകുന്നതാണ്. ഇങ്ങനെ കലാസൗന്ദര്യം പുലർത്താനായി ഒരു വിശ്വഭാഷ സൃഷ്ടിച്ച കഥകളിപ്രണേതാക്കന്മാരെ നാം എത്ര നമസ്കരിച്ചാലും മതിയാകുമോ? ഭരതനാട്യം മുതലായതിലും "മുദ്ര"കളില്ലേ? അതുകൊണ്ട് ഈ സൃഷ്ടി മലയാളിയുടെ സ്വന്തമാണെന്നു പറയാമോ? എന്നൊരു ചോദ്യത്തിനു ഇവിടെ അവകാശമുണ്ട്. ഭരതനാട്യത്തിലും മറ്റും കാണുന്ന "മുദ്രകൾ" എത്രയോ പരിമിതവും ഒന്നോരണ്ടോ സംഭവങ്ങൾക്കമാത്രം പറ്റിയവയുമാണ്. സംസാരഭാഷയ്ക്കു പകരമായി ഉപയോഗിക്കത്തക്ക പുഷ്ടിയോ പരിപൂർണ്ണതയോ അവയ്ക്കൊന്നിനുമില്ല. കഥകളിയിൽ ഇതരത്തിലുള്ള ആശയവും —വർണ്ണനാപരവും വേദാന്തപരവും— കൈമുദ്രകൊണ്ടു പ്രകാശിപ്പിക്കുവാൻ സാധിക്കുന്നതാണ്. അതിന്റെ പ്രാഥമികാംശങ്ങളെ മറ്റുള്ള പ്രസ്ഥാനങ്ങളിൽ കാണുന്നുള്ളു.

കഥകളിനൃത്തത്തിലെ മറ്റൊരു പ്രത്യേകത അതിലെ താണ്ഡവലാസ്യങ്ങളുടെ സമ്മേളനമാണ്. കഥകളിയിലെ ആട്ടത്തിനെ പതിഞ്ഞാട്ടം, മുറുകിയാട്ടം, ഇടമട്ടം എന്നീ മൂന്നുതരമായി കഥകളിക്കാർതന്നെ വിഭാഗിച്ചിട്ടുണ്ട്. ഇതിൽ പതിഞ്ഞാട്ടം ലാസ്യവും മുറുകിയാട്ടം താണ്ഡവവുമാണ്. രണ്ടും കലർത്തി അത്യുച്ചകോടിയിലെത്താതെ മദ്ധ്യദശയിൽ വർത്തിക്കുന്നതാണ് ഇടമട്ടം. ശൃംഗാരപദങ്ങളും വർണ്ണനകളും ആടുന്നരീതിയാണ് ലാസ്യം അഥവാ പതിഞ്ഞമട്ട്. പോർവിളി, യുദ്ധം മുതലായ സന്ദർഭങ്ങൾ താണ്ഡവത്തിലാണ് ആടുന്നത്.

ഒരേനടൻതന്നെ ഒന്നിൽനിന്നു മറ്റതിലേക്കു പകരുന്നതു അത്യന്തം കൗതുകമുള്ള ഒരു കാഴ്ചയാണ്. ഇങ്ങനെ രണ്ടുതരം നൃത്തവും ഒരുപോലെ സ്വാധീനമാക്കുന്നവർ കഥകളിക്കാർമാത്രമേയുള്ളൂ. ഇവയിൽ ഏതെങ്കിലും ഒന്നിൽ വൈദഗ്ദ്ധ്യം സമ്പാദിക്കുന്നവർ മറ്റു പ്രസ്ഥാനക്കാരിലും കണ്ടേക്കാം. ലാസ്യത്തിനു ലാഘവവും താണ്ഡവത്തിനു ദാർഢ്യവുമാണ് ആവശ്യമായിട്ടുള്ളത്. ഇതുരണ്ടും ഒരുപോലെ സ്വാധീനമാക്കാനുള്ള മെയ്യൊതുക്കം കഥകളിക്കാരെപ്പോലെ മറ്റാരിലും കാണുന്നതല്ല. നൃത്തകലയ്ക്കു ഇതു ഒരു പ്രത്യേകനേട്ടമാണെന്നും അതിനുത്തരവാദി മലയാളിയാണെന്നും വരുമ്പോൾ നമുക്ക് അളവില്ലാത്ത ചാരിതാർത്ഥ്യത്തിനു അവകാശമുണ്ട്.

ഈ വഴിക്കു ആലോചിക്കുമ്പോൾ കേരളീയരുടെ യുദ്ധജീവിതത്തിന്റെ ഒരു പ്രതിബിംബമാണ് കഥകളിയിലെ യുദ്ധവധരംഗങ്ങളെന്നു ഊഹിക്കുന്നതു അനുചിതമായിരിക്കയില്ല. ഈ സംഗതിയിൽ കഥകളി, ഭാരതത്തിലെ മറ്റുള്ള അഭിനയകലകളിൽനിന്നു വ്യത്യാസപ്പെട്ടുകാണുന്നുണ്ട്. സംസ്കൃത നാടകത്തിൽ വധവും യുദ്ധവും രംഗപ്രയോഗങ്ങളല്ലെന്നു വിധിച്ചിട്ടു



ശ്രീമതി കണ്ണൻബാല

ഇൻഡ്യൻ സിനിമാലോകത്തിൽ ഏറ്റവും മേലേക്കിടയിൽ നിൽക്കുന്ന ഒരു താരമാണ് ശ്രീമതി കണ്ണൻബാല. അലൗകികമായ രൂപലാവണ്യവും അഭിനയകൗശലതയും ഈ വനിതാമണിയെ ഇൻഡ്യൻ പ്രേക്ഷകലോകത്തിന്റെ വാത്സല്യഭാജനമാക്കിച്ചെയ്തിരിക്കുന്നു. ദീർഘകാലം ചലച്ചിത്രങ്ങളിലെ സങ്കല്പവിവാഹങ്ങളിൽ മാത്രം ഏർപ്പെട്ടിരുന്ന ഈ നടി അടുത്തകാലത്തു യഥാർത്ഥ വിവാഹത്തിൽ കുടുങ്ങിയിരിക്കയാണ്.

സിനിമാക്കൊട്ടക

=ഓട്ടൻതുള്ളൽ=

(വിദ്വാൻ വി. ററി. അയിപ്പ്)

സിനിമാശാലകളില്ലാതുള്ളോരു
നഗരവുമില്ലഥ ഗ്രാമവുമില്ല—
പട്ടണമാകുകിലവിടെക്കാണാം
മുട്ടിനു മുട്ടിനു കൊട്ടകയനവധി
മുട്ടാതിരവും പകലും കളികളു-
മൊട്ടുംകായമതെട്ടും പത്തും-
കൊട്ടുംപാട്ടും താളവുമേറിയ
നോട്ടീസ് വിതരണ ബഹളംകൊണ്ടി
പ്പട്ടണജീവിതമെന്നതിലിന്നിഹ
പെട്ടോരു പാടഥ പറവാനില്ല!
കുട്ടികളെല്ലാമിതിനുടെ പുറകേ
കൊട്ടിപ്പാടിയടുത്തുതുടങ്ങും.
ചെണ്ടയടിച്ചു അകത്തും പല പല
ചണ്ടിപ്പിള്ളേർ കൂകിവിളിച്ചും
പാണ്ടികൾ പലരുടെ പടവുമയത്തിയ
വണ്ടികൾ നിരനിരയായിവലിച്ചും
കണ്ടവർ കൈവശമെല്ലാം കടലാസ്
തുണ്ടുകൊടുത്തും തെരുവുകൾതോറും
രണ്ടുംനാലും കവിതകളങ്ങനെ
മണ്ടിനടക്കും നേരം കണ്ണും
രണ്ടുംപൊത്താതൊരുവരുമില്ല.
പകലേ പാട്ടുതുടങ്ങും, കൊട്ടക
പുറമേപലരും വന്നുനിരക്കും.

ണ്ട്. പാശ്ചാത്യന്മാരുടെ സിദ്ധാന്തം നേരെമറിച്ചാണുതാനും: ദുഃഖപര്യവസായിയായ നാടകങ്ങൾക്കാണു അവർ അധികം പ്രാധാന്യം കല്പിച്ചുകാണുന്നതു്. പ്രാചീനകാലത്തു ഗ്രീസ്, ഇററലി, സ്പെയിൻ മുതലായ രാജ്യങ്ങളിൽ ഇററലിയിൽ പ്രത്യേകിച്ചും വധങ്ങൾ രംഗങ്ങളിൽ അഭിനയിച്ചതായി ചരിത്രംരേഖപ്പെടുത്തിയിട്ടുണ്ട്. എന്നു മാത്രമല്ല നടന്മാർ തമ്മിലുള്ള വൈരമാത്സര്യം ചിലപ്പോൾ ശരിയായ വധമായി രംഗത്തിൽ അവസാനിക്കുന്നതും അപൂർവമായിരുന്നില്ല. കേരളീയർക്കും പാശ്ചാത്യർക്കും ഈ വിഷയത്തിൽ കാണുന്ന സാമ്യം കലാഗവേഷകന്മാരുടെ ചിന്തയ്ക്കു വിഷയമാകേണ്ടിയിരിക്കുന്നു.

താണ്ഡവനൃത്തത്തിൽ കഥകളിക്കാർ വൈദഗ്ധ്യം സമ്പാദിക്കുന്നതിനു നമ്മുടെ ചരിത്രംകൂടി സഹായമായി വന്നിട്ടുണ്ട്. കഥകളിയിൽ ഒരു യുദ്ധവും മരണവും ഒഴിച്ചുകൂടാത്ത ചടങ്ങുകളാണ്. കാലകേയവധം, കീചകവധം, നരകാസുരവധം, ദുര്യോധനവധം ഇങ്ങനെ വധങ്ങളായിട്ടാണ് മിക്ക കഥകളികളും എഴുതിയിട്ടുള്ളതു്. കല്യാണസൗഗന്ധികം, രുഗ്മിണീപരിണയം മുതലായ കൃതികളിലും ഒരു യുദ്ധത്തിനു സൗകര്യമുണ്ടാക്കിയിട്ടുണ്ട്. ആകസ്മികമായി ഇങ്ങനെ വന്നുചേർന്നതായിരിക്കാൻ തരമില്ലല്ലോ. യുദ്ധപരിശീലനം ഒരു കാലത്തു നിത്യതൊഴിലായി സ്വീകരിച്ചിരുന്ന കേരളത്തിലെ നായന്മാരായിരിക്കണം കഥകളിയിൽ ഒരു യുദ്ധരംഗവും മരണരംഗവും സൃഷ്ടിച്ചിട്ടുള്ളതെന്നു അനുമാനിക്കുന്നതിനു അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല. അവരുടെ പ്രധാനതൊഴിൽ കലയിൽ കലർത്തണമെന്നുള്ള ആഗ്രഹം സ്വാഭാവികമാണ്. പിന്നെ യുദ്ധമരണരംഗങ്ങൾ അഭിനയിക്കുന്നതു് കണ്ടു പരിചയിച്ചാൽ ജീവിതത്തിൽ അവ യഥാർത്ഥ സംഭവങ്ങളായി വരുമ്പോൾ അവയിൽ ഭയവും പരിഭ്രമവും കുറഞ്ഞുവരാനിടയുണ്ട്. ഒരു ഭടന് അതു രണ്ടും കൂടാതിരിക്കേണ്ടതുമാണ്.

കഥകളിയിലെ ശൃംഗാരപ്രാചുര്യം മറെറാരു വിശേഷവിധിയാണ്. രസചക്രവർത്തിയായി ശൃംഗാരത്തിനെ ലോകം മുഴുവനും ജാതിമതഭേദമെന്യേ ആരാധിക്കുന്നുണ്ട്. അതുകൊണ്ട് കേരളീയരും ആ മനോഭാവത്തിനു് വശംവദരായതിൽ അവരെ കുററപ്പെടുത്തേണ്ടതില്ല. ലാസ്യനൃത്തത്തിനു് അടിസ്ഥാനമായി നിൽക്കുന്നതും ശൃംഗാരപദങ്ങളാണ്. ഇവ ചില ഘട്ടങ്ങളിൽ സഭ്യേതരമാകുന്നുണ്ടെന്നുള്ള പരമാർത്ഥം മറച്ചുവെക്കാവുന്നതല്ല, പ്രത്യക്ഷമായി രതിക്രീഡയ്ക്കുള്ള ക്ഷണനം പല ശൃംഗാരപദങ്ങളിലും മുഴച്ചുകാണാവുന്നതുമാണ്. എന്നാൽ ഇക്കാലത്തു് സിനിമകളിൽ കാണുന്ന ആഭാസരംഗങ്ങളെക്കാൾ കഥകളിയിലെ ശൃംഗാരം ഭേദമാണെന്നു പറഞ്ഞുകൂടാ. കഥകളിയിൽ ക്ഷണനമേയുള്ളു. സിനിമകളിൽ അതിനോടടുത്ത പടിയും പരിശോധകദൃഷ്ടിയെ അവഗണിച്ച് അഭിനയിച്ചുകാണാറുണ്ട്. ഇതുകൊണ്ട് കഥകളിയിലെ സഭ്യേതരരംഗങ്ങൾക്ക് സാധുത്വം കല്പിക്കയാണെന്നു ആരും തെററിദ്ധരിച്ചുപോകരുതു്. കഥകളികർത്താക്കന്മാരും ചിലപ്പോൾ അതിരുകവിഞ്ഞു പ്രയോഗങ്ങളിൽനിന്നു പിൻവലിക്കാറുണ്ട്. കോട്ടയത്തുതമ്പുരാന്റെ "ബാലെ! കേൾ നീ മാമകവാണി" കല്യേ കല്യാണി എന്നപദവും "കുവലയവിലോചനേ ബാലേ! ഭൈമി കിസലയാധരേ! ചാരുശീലേ!" എന്ന ഉണ്ണായിവാര്യരുടെ പദവും ശൃംഗാരത്തിനെ ഉയർത്തി പ്രകാശിപ്പാക്കാനുള്ള പരിശ്രമങ്ങൾക്ക് ദൃഷ്ടാന്തമാണ്. ആട്ടക്കഥാസാഹിത്യത്തിലുൾപ്പെടുന്ന പ്രധാനകൃതികളെല്ലാം നൂറുകൊല്ലത്തിനുമുമ്പുണ്ടാക്കിയവയാണല്ലോ. അന്നത്തെ സാമാന്യരുചിക്കനുസരിച്ചായിരിക്കുമല്ലോ കഥകളി കർത്താക്കന്മാരുടെ മനോഗതിയും പ്രയോഗവും. കലാകാരന്മാർക്കും, സാഹിത്യകാരന്മാർക്കും സമുദായമാണല്ലോ പ്രധാനപ്രമേയം. ഇന്നത്തെ റിയലിസ്റ്റിക്ക് പ്രസ്ഥാനക്കാരുടെ കൃതികൾക്കു കഥകളിക്കാരെ അതിശയിക്കുവാനുള്ള മോഹം പ്രകടമായി കാണുന്നതിനാൽ കഥകളിക്കാരെ കുററപ്പെടുത്തുന്നതു് ആലോചിച്ചിട്ടുവേണമെന്നായിരിക്കുന്നു.

തൊഴിലുകഴിഞ്ഞു വരുന്നവർചിലരും
തൊഴിലില്ലാത്ത യുവാക്കന്മാരും
വഴിയും പുഴയും തിരിയാതങ്ങനെ
കഴയാറകളൊരു വൈദേശികരും
ബീഡിമുറുക്കാൻ വില്ക്കുന്നവരും
മോടിയിലാടിനടക്കുന്നവരും
പാട്ടുംപാട്ടുകൾ മൂളുന്നവരും
പാടലവദനത്തരുണികൾ ചിലരും
ചാലെയിണങ്ങിപ്പകലേ സിനിമാ-
ശാലകളവയുടെ പുറമേ നിറയും.
കാണികളങ്ങനെ വന്നാ,മെമ്പര-
ന്മാരാണുള്ളവരവരും വന്നാർ.
പലവിധവേഷവിധാനംപൂണ്ടൊരു
ചലമിഴിമാരുടെ വരവുതുടങ്ങി.
പകലേവന്നുനിരന്നയുവാക്കടെ-
യകമേതിരയടി പൊടിപൊടിയായി,
തലമുടിചീകിയൊതുക്കിയൊരുവൻ
തലയിട്ടങ്ങനെ തല്ലീയപരൻ
കണ്ടവർ കണ്ടപ്പോൾ നീണ്ടുടനാരം
കണ്ടിക്കാരണിവേണികളങ്ങനെ
പണ്ടില്ലാത്തൊരു മട്ടിലണിഞ്ഞഥ
മണ്ടിവരുന്നതുകണ്ടുതുടങ്ങി—
പട്ടിലണിഞ്ഞുവരുന്നു,പലപല
മട്ടോൽമൊഴികളുമങ്ങുകണങ്ങി
തിലകംപൊടികസുമംചൂടിയൊ—
രലസാപാംഗികളാടിവരുന്നു.
ചേലകൾചുറ്റിയബാലികമാരൊരു
മാലകണക്കെനിരന്നുവരുന്നു.
കാറിൽകയറിക്കണവരുമൊത്തിഹ
കാരണിവേണികൾവന്നുനിരന്നു.
കണ്ണുമടച്ചുനടക്കുംചിലവര—
വർണ്ണിനിമാരതിനിടയിൽകാണാം
കണ്ണുകളിടയിടെമെല്ലെയിളക്കും
കന്നൽക്കണ്ണികൾചിലരെക്കാണാം
കണ്ണുകളെഴുതിയമാൻകണ്ണികളും
കർണ്ണംമുട്ടിയമീൻകണ്ണികളും
കണ്ണടവെച്ചൊരു കോങ്കണ്ണികളും
സുന്ദരിമാരഥപലരെക്കാണാം.

കച്ചണിമുലമാരെക്കല്ലാമിപ്പോൾ
"പിച്ചറ"കാണാനിച്ഛകളേറും
അച്ഛൻതന്നെയുമമ്മലമാമണികളെ
യിച്ഛക്കൊത്തിഹതുള്ളുംകാലം
കലിയുടെചപലതപലതുംസിനിമാ
ശാലക്കകവും പുറവുംകാണാം
കണ്ടുരസിക്കാനുണ്ടിഹചിലരെ—
കണ്ടഥപറയാനുണ്ടഥപലരെ—
ക്കണ്ടവരായതുകണ്ടാലും,ശരി
കണ്ടില്ലെന്നുനടിക്കുംകാലം
ചുറ്റുംനിന്നയുവാക്കന്മാർചിലർ
ചുറ്റിപ്പറ്റിക്കളിയാടുക്കും.
ചഞ്ചലമിഴിമാർ ചിലരുചിരിക്കും
കൊഞ്ചിപ്പുഞ്ചിരിതൂകുംപലരും
പണ്ടുകഴിഞ്ഞൊരുപഴമകളവരഥ
കൊണ്ടുപിടിച്ചുപറഞ്ഞുതുടങ്ങും

ഒന്നിച്ചുണ്ടുപഠിച്ചെന്നൊരുവന
മൊന്നിച്ചന്നുചരിച്ചെന്നവളും
"മിന്നൽക്കൊടി"യതുകാണാനൊരുവന—
മൊന്നിച്ചന്നിഹപോരയതെന്നൊരുവൻ
മധുരയിൽവച്ചുപിരിഞ്ഞ തരംഗം
മധുരാധരിയോടൊരുവനുരച്ചു.
വാറിനുപോയിമുറിഞ്ഞിട്ടൊരു—
ശാലയിലെത്തിയ വിരുതനൊരുത്തൻ
കേരളമറിമാൻ മിഴിയാളിവളുടെ
സേവനചാതുരി കൂറോടുരച്ചു.
പരിചയമെല്ലാം പരിചൊടങ്ങനെ
പുറമെനിന്നു പുതുക്കിയുവക്കൾക്ക—
കതളിരെല്ലാമിളകിക്കൊട്ടക—
യകമേയവരൊട്ടുചേർന്നുകേറി.
ദീപാവലിയും മെല്ലെയണഞ്ഞു—
നാലാപങ്ങളുമങ്ങുകിളർന്നു
തറയിലിരിക്കും പെറിയന്മർ ചില—
രറിയും വാക്കുകളൊക്കെയുരച്ചു.
ക്കുളിപ്പിള്ളേരിടയിടെയങ്ങനെ
ചൂളംവിളിയുംകൊണ്ടുപുളച്ചു.
കടിയന്മാർചിലരിടയിലിരുന്നി—
ട്ടിടയിൽച്ചിലരൊട്ടങ്ങായടിച്ചു.
"മധുവിധു"വാട്ടം പതുമനമ്പതിമാ—
രതുമിതുമങ്ങനെ കനകനെയോതി
കാമിനിമരുടെമദ്ധ്യേ പല പല
കാമുക "രാളുകളിച്ചു"തുടങ്ങി
പൊട്ടപ്പഫലിതമുരച്ചിട്ടിടയിൽ
പൊട്ടിച്ചിരിയുടെ ബഹളംകൂട്ടി.
നടിയുടെനടപടി മുഴവനുമവളൊരു
വിടനൊട്ടുകളിനടന്നതുമോതി
"സോഡാലവനീഡെ"ന്നകിളന്ന്
പോടാമിണ്ടരുതെന്നുമുഴങ്ങി
ആംഗലദേശപ്പിച്ചറപോലിതി—
ലാംഗ്യവിശേഷമതില്ലെന്നൊരുവൻ
ഹിന്ദിപ്പിച്ചറകണ്ടുരസിക്കാ—
നെന്തൊരുസുഖമെന്നപരനുരച്ചു.
നാകാധിപനുടെയമരാവതിപോ
ലാകെക്കൊട്ടകയങ്ങുലസിച്ചു.
ശോകംദുരിതമശേഷംസിനിമാ—
ലോകത്തൊരുവക കാണാനില്ല.
നിരനിരയായിത്തരുതരെയുയതം
നരഗണമുരിതം. നിരവധിനീക്കി—
ടരണിതലത്തസ്സ്വച്ഛകതറിവ
നരിവരെയങ്ങനെശരിയാക്കന്നൊരു
പെരുമകലന്നിസ്സിനിമാപാരം
പാരിടസ്സീമനി വിജയിക്കട്ടെ!

സിനിമയിലെ ഹാസ്യം.

വിനോദചിത്രനിർമ്മാണത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട ചില സംഗതികൾ.

(പുത്തേഴത്തു രാമമേനോൻ, റിട്ട. കൊച്ചി ഹൈക്കോടതി ജഡ്ജി)

സിനിമയിലെ ഹാസ്യരസത്തിന് എന്താണൊരു വിശേഷം? ഹാസ്യം, നാടകത്തിലും സിനിമയിലും സാധാരണ സംഭാഷണത്തിലും ഒരുപോലെയല്ലേ. വിനോദിപ്പിക്കലാണു ഹാസ്യത്തിന്റെ പ്രത്യക്ഷോദ്ദേശം; ചിരിക്കലാണതിന്റെ ബാഹ്യമായ അനുഭവം; മററുള്ളതിന്റെയെല്ലാം തൽക്കാല വിസ്മൃതിയാണതിന്റെ അടിസ്ഥാനം. എല്ലാം കൂടി നോക്കിയാൽ, ഹാസ്യത്തിൽ പൊതിഞ്ഞു വിനോദമധുരം ചേർത്തുള്ള വിജ്ഞാനത്തെ അതിന്റെ തന്നെ ആസ്വാദ്യതയിൽ ഇതര വസ്തുക്കളെ മറന്നു നിലകൊള്ളുന്ന പ്രേക്ഷകന്മാരുടെ മനസ്സിൽ കടത്തിവിടുക എന്ന ഒരു വ്യവസായമാകുന്നു, നാടകത്തിലായാലും, സിനിമയിലായാലും ഒരു ഹാസ്യകാരൻ ചെയ്യുന്നതു്. അഥവാ അവശ്യം ചെയ്ക വേണ്ടിയിരിക്കുന്നതു്. സ്ഥലകാലസാഹചര്യങ്ങളുടെ വ്യത്യാസമനുസരിച്ചു ഹാസ്യത്തിന്റെ പ്രകടനസമ്പ്രദായത്തിനു വിഭിന്നത സംഭവിക്കാതെ നിർവ്വാഹമില്ല. ഈ വ്യത്യാസത്തെ അവലംബിച്ചു മാത്രമാണു "സിനിമയിലെ ഹാസ്യം" എന്നു പ്രത്യേകം എടുത്തുപറഞ്ഞതു്.

സിനിമയെ സംബന്ധിച്ചെടത്തോളം പ്രധാനമായും പ്രഥമമായും ഓർമ്മിക്കേണ്ടതു, സിനിമയിൽ കാണുന്നതു ജീവനുള്ള നടന്മാരെയല്ല, അവരുടെ പ്രകടനങ്ങളുടെയും വാക്കുകളുടെയും ഛായാഗ്രഹണങ്ങൾ മാത്രമാണെന്നുള്ള വസ്തുതയാകുന്നു. നടന്മാരുടെ നേരിട്ടുള്ള വാക്കും പ്രവൃത്തിയും അവയുടെ കർത്താക്കന്മാരുടെ സജീവസന്നിധാനത്തിൽ പ്രത്യേകമായ ഒരു ആസ്വാദ്യതയെ സ്വയം കൈവരിക്കുന്നു. എന്നാൽ, അവരുടെ അഭാവത്തിൽ അതേ വാക്കുകളും പ്രകടനങ്ങളും അത്രതന്നെ ഉന്മേഷകരങ്ങളും രസകരങ്ങളുമായി ഭവിക്കുന്നില്ല. ഇതാണ്, എന്റെ അഭിപ്രായത്തിൽ സിനിമയും നാടകവും തമ്മിലുള്ള വ്യത്യാസം. ആ വ്യത്യാസം അപരിഹാര്യമായതുകൊണ്ടു് സിനിമയുടെ പ്രചുരപ്രചാരം ശരിയായ നാടകവേദിയെ പാടെ വിപാടനം ചെയ്യുമെന്ന ഭയം അടിസ്ഥാനരഹിതമാകുന്നു. ശോകസമ്പൂർണ്ണമായ ഒരു രംഗം നാടകത്തിൽ അഭിനയിച്ചുകാണുമ്പോൾ ഉണ്ടാകുന്നിടത്തോളം ശോകരസം അതേ രംഗത്തിന്റെ തന്നെ സിനിമാപ്രദർശനം കാണികളിൽ ഉളവാക്കുന്നില്ല എന്നുള്ള എന്റെ അനുഭവം സാർവ്വത്രികമാണെന്നാണ് എന്റെ വിശ്വാസം. നാടകത്തിലുള്ളെടത്തോളം സ്വാതന്ത്ര്യം നടന്മാർക്കു സിനിമയിൽ ലഭിക്കുവാനും പ്രയാസമാണെന്നു ചലച്ചിത്രനിർമ്മാണചതുരന്മാർ സമ്മതിക്കാതിരിക്കയില്ല. ഒരു 'ഫിലിമിനു്' അനുവദിച്ചിരിക്കുന്ന ദൈർഘ്യം, ഒരിക്കൽ ഒരു ഫോട്ടോവിൽപെട്ടതാവുന്ന രംഗത്തിന്റെ ക്ലിപ്താവസ്ഥ, ഛായാസ്വരങ്ങളുടെ സരസസമ്മേളനത്തിനുള്ള ക്ലേശം, സിനിമയിൽ വാക്കുകളേക്കാൾ അധികം പ്രാധാന്യം അഭിനയത്തിനായിരിക്കണമെന്നുള്ള നിഷ്കർഷ, മുതലായി പലതും നടന്മാരുടെ സ്വാതന്ത്ര്യത്തെ സിനിമയിൽ നിയന്ത്രിച്ചു നിർത്തുന്നു. തന്നിമിത്തം സിനിമയിലെ ഹാസ്യത്തെ നാടകത്തിലെ ഹാസ്യത്തിൽനിന്നു വേർതിരിച്ചു വിവക്ഷിക്കേണ്ടതും ആ വ്യത്യാസത്തെ പ്രവർത്തനത്തിൽ കൊണ്ടുവരേണ്ടതുമാകുന്നു.



മിസ്സ് മീരാ (ഷികാരിയിൽ)

കരചരണാദ്യവയവങ്ങളുടെ ചേഷ്ടകൾ, മുഖത്തിന്റെ ഭാവഭേദങ്ങൾ, വാക്കുകൾ ഇവയാണു രണ്ടു ദിക്കിലും, എന്നല്ലാ എല്ലായ്പോഴും ഹാസ്യത്തിന്റെ കരുക്കൾ. പ്രകടനങ്ങൾ "ഗോഷ്ടി"ത്തങ്ങളാകാതെയും വാക്കുകൾ അശ്ലീലങ്ങളാകാതെയും സൂക്ഷിക്കുന്നതിനുള്ള പ്രത്യേകാവശ്യം സിനിമയിലാകുന്നു. നാടകത്തിൽ ഒന്നിന്റെ കുറവിനേയോ, മറേറതിന്റെ അതിർത്തിലംഘനത്തേയോ, അന്യോ-

ന്യം ക്രമപ്പെടുത്തുവാൻ മിക്കവാറും സാധിക്കുന്നതാണ്. എന്നാൽ അത്രത്തോളം തന്നെ ആ ക്രമീകരണം സിനിമയിൽ സാധിക്കുന്നതല്ല.

ഹാസ്യത്തിന്റെ ബീജം പരിഹാസമാണ്. പരിഹാസത്തിന്റെ നിദാനം അതിശയോക്തിയുമാണ്. ഹാസ്യരസത്തിന്റെ പരിപുഷ്ടിക്ക് എന്നു തെററിദ്ധരിച്ച പരിഹാസത്തെ അതിശയോക്തിയുടെ പാരമ്യത്തിലേക്കു പറപ്പിക്കുന്നതു കൂടുതൽ അസ്വീകാര്യവും അപലപനീയവുമായിഭവിക്കുന്നതു സിനിമയിലാകുന്നു. തമിഴ രാജ്യത്തിലെ ചില പ്രസിദ്ധപ്പെട്ട സിനിമാനടന്മാരുടെ—ഹാസ്യരസപ്രകടനത്തിൽ പേരെടുത്ത ചിലരുടെ—അഭിനയം കണ്ടിട്ടുള്ളവർക്കു ഞാനീ പറഞ്ഞ പരമാർത്ഥം സുവിദിതമായിരിക്കുമെന്നു വിശ്വസിക്കുന്നു. പററിയ ഒരു വാചകം മാത്രം പറയേണ്ട ദിക്കിൽ പുത്തിപ്പിടിച്ചൊരു പ്രസംഗം തന്നെ ചെയ്യുന്നതു വലിയ വകതിരിവുകേടാകുന്നു. ഒരാംഗ്യം കൊണ്ടോ മറേറതെങ്കിലും ചേഷ്ടകൊണ്ടോ മുഖഭാവം കൊണ്ടോ പ്രദർശിപ്പിക്കാവുന്ന അഭിപ്രായത്തെ—രസത്തെ—അഞ്ചു മിനിട്ടു നേരത്തെ വെറും ‘കോപ്രാള’ത്തരത്തിനു വിഷയമാക്കുന്നതു് ഔചിത്യക്കുറവിനെയാണു കുറിക്കുന്നതു്. വെട്ടെന്നു് ഒരു ചിരിയുടെ കോലാഹലം ആ വിഡ്ഢിത്തം കാണുന്ന കാണികളിൽ നിന്നു പുറപ്പെട്ടേക്കാമെങ്കിലും, അങ്ങിനെ ചിരിക്കുന്നവരെ പരിശോധിച്ചാൽ, പക്വമതികളിൽനിന്നല്ലാ കുട്ടികളിൽ



ടി. ആർ. രാജകുമാരി & കൊത്തമംഗലം സീന (സൂര്യപുത്രി)

നിന്നോ അവരെപ്പോലെയുള്ളവരിൽനിന്നോ ആണു് ആ ചിരി പുറപ്പെട്ടതു് എന്നു പ്രത്യക്ഷപ്പെടുന്നതാണു്. ഏതു വിഡ്ഢിത്തവും വെട്ടെന്നു് ആരെയും ചിരിപ്പിച്ചേക്കാമെങ്കിലും, അപ്രകാരമുള്ള ഉപരിഭാഗത്തിലെ പതകളെയല്ലാ അന്തർഭാഗത്തെ ചലനങ്ങളെയാണു ശരിയായ ഹാസ്യം ഉളവാക്കേണ്ടതു്.

ഹാസ്യപ്രധാനങ്ങളായ ചില രംഗങ്ങളെങ്കിലുമില്ലാത്ത ഒരു സിനിമയും പൂർണ്ണമായ വിജയത്തിൽ എത്തുന്നതല്ല. അതു നാടകത്തെ സംബന്ധിച്ചും സത്യം തന്നെയാകുന്നു. കാരണം, രണ്ടും മനുഷ്യജീവിതത്തിന്റെ പ്രദർശനങ്ങളും, ജീവിതം എത്ര ദുഃഖഭൂയിഷ്ഠമായിരുന്നാലും ഹാസ്യാംശങ്ങൾ ഏറെക്കുറെ ഉൾക്കൊണ്ടിട്ടുള്ളതും ആകുന്നു. ഏതു ഹരിച്ചന്ദ്രചരിത്രത്തിലും അതു നാടകമായോ സിനിമയായോ ശോഭിക്കണമെങ്കിൽ അതിൽ അവിടവിടെ ആവശ്യം പോലെ—വേണ്ടതിലൊട്ടുമധികമാകാതെ,—ഹാസ്യാംശം കലർത്തേണ്ടതാകുന്നു. ഹാസ്യത്തിനെന്നപോലെ മറെറാന്നിനും അത്ര ‘ഉദ്ധാരണശക്തി’—മനസ്സിനെ പിടിച്ചുവലിക്കുവാനുള്ള ശക്തി—അതു കുണ്ടിടലക്കു തള്ളാനുമാവാം കുന്നിടലക്കു കയററാനുമാകാം—ഇല്ലെന്നുതന്നെ പറയാം. കഥാഘടന, നടന്മാരുടെ പ്രസിദ്ധി ഇവയെപ്പോലെതന്നെയുള്ള ഒരു പ്രാധാന്യം മിക്ക സിനിമാധ്യക്ഷർമാരും ഹാസ്യത്തിനു നൽകിക്കാണുന്നുണ്ടു്.

രണ്ടു കാര്യങ്ങൾക്കു വേണ്ടിയാണു സാധാരണ സിനിമ കാണാൻ ജനങ്ങൾ പുറപ്പെടുന്നതു്. ഒരു കൂട്ടർ ലൗകികങ്ങളായ അവരുടെ മനഃക്ലേശങ്ങളെ മാറ്റുവാൻ വേണ്ടിയും, രണ്ടാമത്തെ കൂട്ടർ കേവലം വിനോദത്തിനു മാത്രം വേണ്ടിയും. ഈ രണ്ടു തരക്കാർക്കും ഹാസ്യരസപ്രകടനരംഗങ്ങൾ അത്യാവശ്യമാകുന്നു. എന്നാൽ ആദ്യം പറഞ്ഞവരാണു് ആ വക പ്രകടനങ്ങളെ കൂടുതൽ അഭിലഷിക്കുന്നതു് രണ്ടാമതു പറഞ്ഞ കൂട്ടർക്കും വിനോദരംഗങ്ങൾ വേണം എന്നു പറയേണ്ടതില്ലല്ലൊ. ചിരിക്കുവാനുള്ള നിർബന്ധം പുറപ്പെടുവിക്കുന്ന രംഗങ്ങൾ ഇച്ഛാഭംഗത്താൽ, നൈരാശ്യത്താൽ ചിന്താകുലന്മാരായിരിക്കുന്ന കാണികളുടെ ഹൃദയവ്രണങ്ങളിൽ അമൃതൊഴിക്കുന്നു; ആ രംഗങ്ങൾ അലസന്മാരായ കാണികളിൽ അർത്ഥഗ്രഹണം കൂടാതെയുള്ള ആഹ്ളാദം ജനിപ്പിക്കുന്നു. പക്ഷെ അവർക്കു മററു രംഗങ്ങളും അതുപോലെ ആസ്വാദ്യകരങ്ങളായിത്തന്നെ വർത്തിക്കുന്നു.

കേവലം നേരംപോക്കിനു മാത്രമായിട്ടുള്ള സിനിമാകഥകളെയല്ലാ, ഞാനിവിടെ വിവക്ഷിച്ചിട്ടുള്ളതു്. ആദ്യവസാനം ഹാസ്യരസപ്രധാനമായ കഥകളുമുണ്ടു് അവയിലെ ഹാസ്യരസപ്രകടനമല്ലാ ലേഖനവിഷയം. എന്നാൽ ആ കഥകളുടെ കാര്യത്തിലും മുൻ സൂചിപ്പിച്ച “പാകക്കേടു്” (Over acting) പ്രത്യേകം മനസ്സിരുത്തേണ്ടതായ ഒരു സംഗതി തന്നെയാകുന്നു. ലോകപ്രസിദ്ധനായ ഹാസ്യസാമ്രാജ്യ ചക്രവർത്തി “ചാർലി ചാപ്ളയിൻ” ആദ്യവസാനവേഷക്കാരനായി നിർവ്വഹിച്ചിട്ടുള്ള സിനിമാപടങ്ങൾ കണ്ടിട്ടുള്ളവർക്കു ഹാസ്യപ്രധാനമായ സിനിമയുടെ സ്വഭാവം എളുപ്പത്തിൽ മനസ്സിലാക്കുവാൻ സാധിക്കുന്നതാണു്. എന്നാൽ ഇന്ത്യയിൽ വെറും വിനോദത്തിനുള്ള, അല്ലെങ്കിൽ പരിഹാസരസപ്രധാനമായ സിനിമാചിത്രങ്ങൾക്കു അതർഹിക്കുന്നത്ര വിജയം സിദ്ധിച്ചുകാണുന്നില്ല. ആ

തോൽവിക്കു എനിക്കു ചില കാരണങ്ങൾ തോന്നുന്നുണ്ട്. ആ പടങ്ങളുടെ പ്രണേതാക്കൾ അവരുടെ കഥകളെയും രംഗങ്ങളേയും മാത്രമല്ല, ഹാസ്യരസപ്രകടനങ്ങളെത്തന്നെ അമേരിക്ക, യൂറോപ്പ് മുതലായ മററു രാജ്യങ്ങളിലെ സിനിമക്കാരിൽ നിന്ന് അർത്ഥം കൂടാതെ അനുകരിച്ചു. തന്നിമിത്തം ആ ഹാസ്യം തന്നെ ഇവിടെ പരിഹാസ്യമായിതീർന്നു. രണ്ടാമതായി, പ്രപഞ്ചം തന്നെ ഈശ്വരൻെറ ലീലയാണെന്നു ഇൻഡ്യാക്കാർ ആബാലവൃദ്ധം പറയാറുണ്ടെങ്കിലും അവർ ജീവിതത്തെ ഒരു വിനോദമായിട്ടല്ല, എത്രയോ വലിയ "കാര്യ"മായിട്ടാണു കരുതിപ്പോരുന്നതു്. അതെന്തായാലും ഹാസ്യരസത്തിനു പ്രഥമസ്ഥാനം നൽകിട്ടുള്ള ചലനചിത്രത്തിന് ഇന്ത്യയിൽ പ്രചുരപ്രചാരം സിദ്ധിക്കുവാൻ ഇരിക്കുന്നതേയുള്ളു. "തെന്നാലി രാമൻെറ" കഥകൾ സിനിമയിൽ പിടിച്ചതും കൂടി പല സംഗതിവശാലും—വിഷയപ്രതിപാദനത്തിലുള്ള വൈകല്യം, നടന്മാരുടെ ബുദ്ധിവികാസം പോരായ്ക, ഡയറക്ടർമാരുടെ തൻേറടക്കുറവ്, ഇവയായിരിക്കണം കാരണം—പരാജയപ്പെട്ടുപോയതായിട്ടാണ് എൻെറ അറിവ്. ഇന്ത്യൻ ചിത്രങ്ങളെ—പ്രത്യേകിച്ചും തമിഴ ചിത്രങ്ങളെ—ശ്രദ്ധാപൂർവ്വം പരിശോധിച്ചാൽ ഹാസ്യരസത്തെ—സർവ്വ സാധാരണമെങ്കിലും സർവ്വാധിപത്യമുള്ള ഹാസ്യത്തെ—കൈകാര്യം ചെയ്യുന്നതിൽ നമ്മുടെ പല സിനിമാ ഡയറക്ടർമാരും നടന്മാരും പ്രഗൽഭന്മാരല്ലെന്നു കാണാവുന്നതാണ്.

ഹാസ്യത്തിനുള്ള സാധനസാമഗ്രികളെക്കുറിച്ചു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലൊ. അതിപ്രകടനം (Over acting) ആണ് പ്രായേണ സംഭവിക്കുന്ന ന്യൂനത. കാലു തെററി നടക്കുക മാത്രം ചെയ്യേണ്ടവനായ കള്ളുകുടിയൻ വഴിയിൽ കിടന്നു ഛർദ്ദിക്കുവാനും വേലിമേൽ ചെന്നു വീഴുവാനും തുടങ്ങുന്നതിൻെറ അനൌചിത്യമാണ് ഈ അതിപ്രകടനമെന്നു ഞാൻ പറയുന്നതു്. ഉദാഹരണങ്ങൾ എത്രയെങ്കിലും വർദ്ധിപ്പിക്കാം. പാട്ടുകൾക്കു് എന്നപോലെ ഹാസ്യപ്രകടനങ്ങൾക്കും സ്ഥലകാല മാത്രകൾ നിർദ്ദിഷ്ടങ്ങളാണ്. അവയിൽ ഏതെങ്കിലും ഒന്നിൻെറ വ്യതിയാനം, ഉപ്പേറിയ കറിയെപ്പോലെ, ആസ്വാദ്യതയെ നിശ്ശേഷം നശിപ്പിക്കുന്നു. തമിഴപടങ്ങൾക്കുള്ള ഒരു വലിയ ദോഷം അവയിൽ മിക്കവയും കേവലം പാട്ടുകച്ചേരികൾ ആകുന്നു എന്നുള്ളതാണ്. അതിനോടു ചേർന്നു നിൽക്കുന്ന മറെറാരു ന്യൂനതയാണ്, ഹാസ്യരസപ്രകടനത്തിനുള്ള അവസരങ്ങളിൽ അതിൻെറ അതിപ്രകടനം. ഹാസ്യരസത്തെ വിവേകം കൂടാതെ കുത്തിച്ചെലുത്തിയും അത്തരം രംഗങ്ങളെ ഔചിത്യബോധം കൂടാതെ വലിച്ചുനീട്ടിയും കഥാഘടനയെ ശിഥിലീകരിക്കാതെയും, കഥയിലെ സ്ഥായിയായ രസത്തെ ക്ഷതപ്പെടുത്താതെയും പ്രത്യേകം സൂക്ഷിക്കേണ്ടതുണ്ട്.

ആംഗ്യങ്ങളുടെയും ചേഷ്ടകളുടെയും പാകത, ആവശ്യകത, തന്മയത്വം ഇവയാണു ഹാസ്യത്തെ ആസ്വാദ്യമാക്കുന്നതു്. വായുടെ ഒരു ഭാഗം മാത്രം കോട്ടി അവജ്ഞയെ പ്രത്യക്ഷപ്പെടുത്തേണ്ടദിക്കിൽ, വായ് മലക്കെ തുറന്നു പരിഹാസച്ചിരി ചിരിക്കുന്നതിൻെറ അനൌചിത്യത്തെക്കുറിച്ചു ചിന്തിച്ചുനോക്കുക. കൈകൊണ്ടു് ഒരാംഗ്യം കാണിച്ചു തിരിഞ്ഞുനിൽക്കുന്നതായാൽ ആവശ്യത്തിനു ധാരാളം മതിയായിട്ടുള്ളദിക്കിൽ പൃഷ്ഠം തിരിച്ചു്, കോട്ടുകാലിട്ടു നടക്കുമ്പോൾ ഉണ്ടാകുന്ന ചിരിയിൽ "ജ്ഞാന"ത്തിൻെറ വല്പ ശകലവുമുണ്ടോ. അസുഖമോ അപ്രീതിയോ ദ്യോതിപ്പിക്കുന്നതിനു് ഒരു നീണ്ട "കൊഞ്ഞനം കാട്ട"ലിനു പുറപ്പെട്ടാൽ ആളുകൾ ചിരിച്ചേക്കാമെങ്കിലും ആ ചിരി ശുദ്ധമേ 'പൊള്ളച്ചിരി'യായിരിക്കുന്നതാണ്. സിനിമയിൽ സംഭാഷണത്തിനുള്ള സ്വാതന്ത്ര്യത്തിനു വൈപുല്യമില്ലാത്തതുകൊണ്ടു് അതിൻെറ സ്ഥാനവും കൂടി ചിലപ്പോൾ ചേഷ്ടകൾ സ്വീകരിക്കേണ്ടിവരുന്നതും, തദവസരത്തിലെ ചേഷ്ടകൾ ശുദ്ധവും സുഖകരവും സുനിയന്ത്രിതവുമായിരിക്കേണ്ടതും ആകുന്നു.

നേരമ്പോക്കിൻെറ നിദാനം തദനുസാരമായ ഒരു മനോഭാവമാണ്. പ്രകൃത്യാ ഉള്ള നർമ്മബുദ്ധിയാണ്, അതിൻെറ യഥാർത്ഥ മൂലധനം. അതുള്ളവനു കൃത്യനിർവ്വഹണം സുസാദ്ധ്യമാണ്. എന്നാൽ സിനിമയുടെ ആവശ്യത്തിനു വേണ്ട നേരമ്പോക്കുമനസ്ഥിതിയും, വാക്പടുതയും, ചേഷ്ടാവിശേഷങ്ങളും പ്രയത്നം കൊണ്ടും പരിചയം കൊണ്ടും ഏതു 'ഗൗരവക്കാരനും" അചിരേണ സമ്പാദിക്കാവുന്നതാണ്. സിനിമാ ഡയറക്ടർമാരും പ്രസാധകന്മാരും തീർച്ചയായും ആ വിഷയത്തിൽ പരിചയം സമ്പാദിച്ചിട്ടുള്ളവരായിരിക്കണം. എന്നാൽ നടന്മാരുടെ എടുത്തുചാട്ടങ്ങളേയും, അതിപ്രകടനങ്ങളേയും ക്രമപ്പെടുത്തുവാനും ശരിപ്പെടുത്തുവാനും പ്രയാസമുണ്ടാകുന്നതല്ല.



മിസ്സ് ചെല്ലം (സൂര്യപുത്രി)

"ഹ്യൂമർ'' എന്നു പറയപ്പെടുന്ന സാരസ്യം സിനിമയിൽ മാത്രമല്ലാ സാഹിത്യത്തിലും ബഹുമാനിക്കപ്പെടുന്ന ഒരു അംശമാണു്. നേരമ്പോക്കിനു കാലക്രമേണ പേരും പരപ്പും കൂടിക്കൂടിയാണു വരുന്നതു്. ജീവിത യുദ്ധം കൂടുതൽ ദുഷ്കരമാകുന്നതിനനുസരിച്ചു് ആ കാർക്കശ്യത്തിനു്, ഈ സാരസ്യം പാകംപോലെ ചേർത്തില്ലെങ്കിൽ, നശീകരണത്വം വർദ്ധിക്കുന്നതായിരിക്കും. സരസ സരസന്മാർക്കാണു; വിരസസരസന്മാരേക്കാൾ കൂടുതലായി അർഘ്യപാദ്യാദികൾ ലഭിക്കുന്നതു്. "കിക്കിളി"യാക്കപ്പെടുവാൻ ഇഷ്ടപ്പെടാത്ത മനുഷ്യരില്ല; മുഖസ്തുതിയിൽ മയങ്ങാത്ത മർത്ത്യരില്ല; ഇതരന്മാരെ പരിഹസിക്കുന്നതിൽ പരിതോഷം പററാത്തവരുമില്ല. അതാണു ഹാസസാഹിത്യത്തിന്റെയും, ഹാസ്യപ്രകടനങ്ങളുടെയുംസാർവ്വത്രികമായ വിജയത്തിനു കാരണം. വിശ്രമസുഖത്തിനു വേണ്ടി സിനിമയ്ക്കു പോകുന്നവരും നേരമ്പോക്കോടു കൂടിയ സൽക്കാരത്തെയാണു പ്രീതിപ്പെടുന്നതു്.

ഹാസ്യം അകൃത്രിമമായിരിക്കണം. അതു് അശ്ലീലമോ ആഭാസമോ ആയിരിക്കരുതു്. "എയ്, എയ്" എന്നു പറയിപ്പിക്കാവുന്ന രംഗമോ, നാട്യമോ, വാക്കോ, പ്രകടനമോ കൂടാതിരിക്കണം. ഹാസ്യം അതിന്റെ നൈസർഗ്ഗികമായ ശോഭകയെയല്ലാതെ, പരിവേഷത്തെയല്ലാതെ, ഏച്ചുകൂട്ടിയതോ വച്ചുകെട്ടിയതോ ആയ സാരസ്യത്തെ സ്വീകരിക്കരുതു്. ഒരു നടൻ ഒരു "കുടവയറൻ'' ആണെങ്കിൽ ആയിക്കൊള്ളട്ടെ. എന്നാൽ അവന്റെ ആ "ലംബോദരം" എന്ന സാക്ഷിപത്രത്തിന്മേൽ മാത്രം അവനെ നടനായി അംഗീകരിക്കുന്നതും നേരമ്പോക്കിനായി അവന്റെ ലംബോദരത്തെയിട്ടിളക്കുന്നതും ഹാസ്യത്തിന്റെ ഘടകങ്ങളാക്കിത്തീർക്കുന്നതും പ്രോൽസാഹജനകമല്ല. ക്ഷൗരത്തിനു പുറപ്പെടുന്ന ഒരു ക്രൂറൻ "ബാർബർ'' അവന്റെ വിജൃംഭിച്ച വയററത്തു കത്തി തേച്ചു മൂർച്ച കൂട്ടുന്നതിൽ എന്തൊരു സാരസ്യമാണുള്ളതു്!! ആഭാസതരങ്ങളും അശ്ലീലങ്ങളുമായ ചേഷ്ടകളും വാക്കുകളും ഹാസ്യത്തിന്റേയും സാരസ്യത്തിന്റേയും മുദ്രയോടു കൂടി വിനിമയം ചെയ്യപ്പെടുന്നതു കണ്ടു സങ്കടപ്പെട്ടിട്ടുള്ളവർ പലരും സിനിമാ പ്രിയന്മാരിൽ ഉണ്ടായിരിക്കും. ഭാര്യാഭർത്താക്കന്മാർക്കും കൂടി ഒന്നിച്ചിരുന്നു കാണാൻ വയ്യാത്ത അശ്ലീലപ്രകടനങ്ങൾ മിക്ക സിനിമകളിലുമുണ്ടു്. ആണും പെണ്ണും, ആങ്ങളയും പെങ്ങളും, ഭാര്യയും ഭർത്താവും, അപ്പനും മക്കളും സിനിമാഹാളിലുണ്ടെന്നും ആ ഹാൾ കേവലം വിടന്മാരാലും കാമിനീകാമുകന്മാരാലും "ഓൺകോർ" വിളിച്ചുപറയുന്ന തെമ്മാടികളാലും മാത്രം സന്ദർശിക്കപ്പെടുന്നതല്ലെന്നും മറക്കാതിരിക്കേണ്ടതാണു്. അതിനും പുറമെ മനസ്സിനു് ഉല്ലാസം മാത്രമല്ലാ ബുദ്ധിക്കു വികാസം കൂടി നൽകുന്നതായിരിക്കണം പ്രദർശിപ്പിക്കപ്പെടുന്ന രംഗങ്ങളും പ്രകടിപ്പിക്കപ്പെടുന്ന ചേഷ്ടകളും.

ഹാസ്യത്തിന്റെ "ഋഷികൾ" ആയിത്തീർന്നിട്ടുള്ള ചിലർ, 'ഹാസ്യപ്രകടനത്തെ' തൊഴിലാക്കി സ്വീകരിച്ചിട്ടുള്ള ചിലർ—ഇപ്പോൾ ഏതു സിനിമയിലും വമ്പിച്ച പ്രതിഫലത്തിന്മേൽ ഏർപ്പെടുത്തപ്പെടുന്നുണ്ടു്. അതു ഹാസ്യരസത്തിന്റെ പ്രാമുഖ്യത്തോടുള്ള കരം കൂപ്പലാണെങ്കിലും അതിൽനിന്നു വെളിപ്പെടുന്നതു ഡയറക്ടർമാർക്കു ഹാസ്യത്തെക്കുറിച്ചുള്ള അടിയുറച്ച അജ്ഞതയാണു്. രംഗങ്ങളെ അവസരോചിതമായി ഹാസ്യരസസമ്മിളിതമാക്കുന്നതിനു പകരം വിവേകമില്ലാത്ത ഒരു വിദൂഷകവിഡ്ഢിശ്വാവിനെ കെട്ടഴിച്ചു വിട്ടു് അതിനെ ശ്രീകോവിലിലും നെട്ടപ്പള്ളിയിലും കൂടി പ്രവേശിക്കുവാൻ അനുവദിക്കുകയാണു ചെയ്യുകാണുന്നതു്. അതു പരിതാപകരം മാത്രമല്ല, പരിഭ്രമജനകം കൂടിയാകുന്നു. എവിടെയെങ്കിലും വച്ചു് അതിന്റെ ആ അനിയന്ത്രിതസഞ്ചാരത്തിൽ ആരെങ്കിലും അതിനെ കാലുതല്ലി ഒടിച്ചേക്കുമെന്നു് ആ ഹാസ്യസാമ്രാട്ടുകളും ആലോചിക്കുന്നില്ല—പൊതുജനങ്ങൾ അത്തരക്കാരുടെ ചാപല്യങ്ങളെയാണു് ഇഷ്ടപ്പെടുന്നതു് എങ്കിൽ അവർക്കു നായകത്വം നൽകി കൊണ്ടുള്ള പ്രത്യേക ഹാസ്യചിത്രങ്ങളെ നിർമ്മിക്കുന്നതായിരിക്കും ഭേദം.

നാടകത്തിനില്ലാത്ത പല മെച്ചങ്ങളും സൗകര്യങ്ങളും സിനിമയ്ക്കുള്ളതുകൊണ്ടു്, ഹാസ്യപ്രധാനങ്ങളായ രംഗങ്ങളേയും ഹാസ്യരസത്തെത്തന്നെയും കേടുകളില്ലാതെതന്നെ കൂടുതൽ ഫലപ്രദങ്ങളാക്കിത്തീർക്കുവാൻ സാധിക്കും. "ഫോട്ടോഗ്രഫി''യുടെ സാദ്ധ്യതകൾ കേവലം അവർണ്ണനീയങ്ങളാകുന്നു. പ്രകാശത്തെക്കൊണ്ടു യഥേഷ്ടം വ്യാപരിക്കാവുന്നതുകൊണ്ടും, ശബ്ദത്തിന്റെ ഉച്ചനീചത്വങ്ങളും, ആരോഹണാവരോഹണങ്ങളും യഥേഷ്ടം നിയന്ത്രിക്കാവുന്നതുകൊണ്ടും അതിപ്രകടനങ്ങൾക്കു് ഇടയാക്കാതെ തന്നെ അശ്ലീലത്തേയും ആഭാസത്തേയും തീണ്ടാതെ തന്നെ ഹാസ്യത്തെ പരിപുഷ്ടമാക്കുവാൻ പ്രയാസമുണ്ടെന്നു തോന്നുന്നില്ല. സാധനദൂഷ്യമോ സൗകര്യക്കുറവോ അല്ലാ, പ്രയോഗാജ്ഞതയാണിവിടെ കാണപ്പെടുന്നതു്.

"ഹാസ്യം" എന്ന പദത്തിനു് ഞാൻ ഈ ലേഖനത്തിൽ വളരെ വിസ്തൃതവും വിപുലവുമായ ഒരർത്ഥത്തെയാണു് അംഗീകരിച്ചിരിക്കുന്നതു്. അതിൽ, സാരസ്യം, പരിഹാസം, ചാടൂക്തി, ഫലിതം, മുതലായവയെല്ലാം ഉൾപ്പെടുന്നതാണു്. തന്നിമിത്തം സിനിമാ നടന്മാർക്കും, നടിമാർക്കും, ഡയറക്ടർമാർക്കും, സിനിമാ ചിത്രങ്ങൾക്കു കഥകൾ രചിക്കുന്നവർക്കുംഎല്ലാം ഈ ലേഖനത്തിലെ അഭിപ്രായങ്ങൾ പ്രായോഗികങ്ങളായ വല്ല സഹായവും നൽകുമെന്നാണു് എന്റെ പ്രതീക്ഷ. അതെത്രമാത്രം ന്യായമായതാണെന്നും, അതു് അല്പമെങ്കിലും സാധിതപ്രായമായിട്ടുണ്ടോ എന്നും വായനക്കാർ തീർച്ചയാക്കേണ്ടതാണു്.



മി. അശോകകുമാർ (ഷിക്കാരി).

കേരളവും സിനിമാ വ്യവസായവും.

മലയാള സിനിമകൾ അഭിവൃദ്ധി പ്രാപിക്കാത്തതെന്തുകൊണ്ട്?

(കെ. പി. ശങ്കരമേനോൻ, ബി. എ; ബി. എൽ.)

കേരളീയർ വ്യവസായ വിഷയങ്ങളിൽ അതിയായി ശ്രദ്ധിച്ചു തുടങ്ങിയിട്ട് വളരെ നാളായിട്ടില്ല. കേരളത്തിൻെറ പുരാതന ചരിത്രം പരിശോധിക്കുന്നതായാൽ ഇവിടെ പഴയ കാലത്ത് പ്രാബല്യത്തിൽ ഇരുന്ന വ്യവസായങ്ങൾ മിക്കവാറും എല്ലാംതന്നെ കുടിൽ വ്യവസായത്തിൻെറ രീതിയിൽ നടത്തിവന്നവയായിരുന്നു എന്ന് കാണാൻ കഴിയും. ആധുനിക രീതിയിലുള്ള ഫാക്ടറി വ്യവസായങ്ങളിൽ കേരളീയർ ശ്രദ്ധിക്കയും, അതിൽ പുരോഗമിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കയുംചെയ്തിട്ട് വളരെ കുറച്ചു കാലമേ ആയിട്ടൊള്ളൂ. ആ ശ്രമങ്ങൾ തന്നേ ഇപ്പോൾ കേന്ദ്രീകരിച്ചിരിക്കുന്നതു വെറും ലാഭത്തേ മാത്രം ഉദ്ദേശിച്ചുള്ള സംഗതികളിലാണ്.

നമ്മുടെ സാംസ്കാരിക സ്ഥിതിയെ മററു പ്രദേശങ്ങളിൽ പ്രദർശിപ്പിക്കുന്നതിനും അതിൻെറ പ്രത്യേക പുകഴ്ചകളേ പ്രചരിപ്പിച്ച് ആ വിഷയത്തിൽ വിദേശികൾക്കു കൂടി ഒരു ഔത്സുക്യം ജനിപ്പിക്കുന്നതിനും സഹായകമായിത്തീരാവുന്ന സിനിമാവ്യവസായത്തിൽ നാം സാധാരണയായി അലസന്മാരായിട്ടാണ് ഇതു പര്യന്തം പെരുമാറി വന്നിട്ടുള്ളത്. നമ്മുടെ കലാകാരന്മാർക്കും നമ്മുടെ സാഹിത്യകാരന്മാർക്കും അതിവിപുലമായ ഒരു പ്രവൃത്തിരംഗമാണ് സിനിമാലോകം എന്നു വരികിലും, കേരളീയർ സിനിമാക്കമ്പനികൾ സംഘടിപ്പിച്ചു വിജയകരമായി പ്രവർത്തനം ചെയ്തു കാണുന്നില്ല. ഇതിനുള്ള പ്രധാന കാരണം അതിലേക്ക് ആഗ്രഹവും, ആസക്തിയും ഉള്ളവക്ക് അവരുടെ പ്രയത്നങ്ങളെ മുൻപോട്ടു കൊണ്ടുപോകുന്നതിനു വേണ്ട ധനസ്ഥിതിയില്ല; അഥവാ സാമ്പത്തികമായി ഉറച്ച സ്ഥിതിയുള്ളവരുണ്ടെങ്കിൽ ഈ പ്രത്യേക വിഷയത്തിൽ അവർക്കു വാസനയും അറിവും കുറവ്; സാമ്പത്തിക പ്രാപ്തി, ഈ വ്യവസായ പുരോഗമനത്തിൽ അതിയായ ആഗ്രഹം, ഇവ രണ്ടുമുള്ള വ്യക്തികളാണെങ്കിൽ തുലോം കുറവാണ്. പിന്നെ എങ്ങിനെയാണ് സിനിമാ വ്യവസായം കേരളക്കരയിൽ പുഷ്ടിപ്പെടാൻ പോകുന്നത്?

ഏതു പരിഷ്കൃതരാജ്യത്തെ ഒന്നാം തരം നടന്മാരോടും ഒപ്പം നടനകലയിൽ അതിയായ പാണ്ഡിത്യവും, ജന്മസിദ്ധമായ വാസനയുമുള്ള ഒന്നാം തരം അമേച്വർ നടന്മാർ നമ്മുടെ രാജ്യത്തു ധാരാളമുണ്ട്. നമ്മുടെ നടനകലാവിദഗ്ദ്ധന്മാർക്ക്, കലാരസികതാത്തോടും തന്മയത്വത്തോടും കൂടി അഭിനയിച്ച് പ്രേക്ഷകന്മാരെ ആനന്ദസാഗരത്തിൽ ആറാടിക്കാൻതക്കവിധം വികാരോദ്ദീപകങ്ങളും സംഭവബഹുലങ്ങളും ഹൃദയാവർജ്ജകങ്ങളും ആയ ചലനചിത്ര കഥകൾ രചിക്കാൻ സാമർത്ഥ്യമുള്ള സാഹിത്യരസികന്മാർക്ക് നമ്മുടെ ഇടയിൽ കുറവില്ല. നമ്മുടെ രാജ്യം മനോഹരവും, സഹൃദയാകർഷകവുമായ പ്രകൃതി വിലാസത്താൽ എന്നും മോഹനതരം. ഉത്തമമായ ഒരു സിനിമാ വ്യവസായം ആരംഭിച്ച് അതിനെ പരിപുഷ്ടിപ്പെടുത്തിക്കൊണ്ടുപോകാൻ ഇതിൽ കൂടുതൽ ആനുകൂല്യങ്ങൾ ഉള്ള വേറെ ഏതെങ്കിലും ഒരു ഭൂവിഭാഗം ഭാരതത്തിൽ ഉണ്ടോയെന്നു തന്നേ സംശയമാണ്. എന്നിട്ടും നമ്മുടെ രാജ്യത്തെ പശ്ചാത്തലത്തിൽ എത്രയോ കുറച്ചു പടങ്ങൾ മാത്രമേ നിർമ്മിച്ചിട്ടൊള്ളൂ. ഈ മേന്മകൾ ഒന്നും തന്നേ നമ്മുടെ അയൽ പ്രദേശങ്ങളായ തമിഴ് നാടിനോ, ആന്ധ്രദേശത്തിനോ ഇല്ല. എന്നിട്ടും ആ പ്രദേശത്തുകാർ നിർമ്മിച്ചിരി



വനമോഹിനിയിൽ എം. കെ. രാധാ, തവമണി, പാഷാ, & കൊക്കോ.

ക്കുന്ന ചിത്രങ്ങൾക്കു കയ്യും കണക്കുമുണ്ടോ? അവരാൽ നിർമ്മിതങ്ങളായ എത്രയെത്ര ചിത്രങ്ങൾ ഇന്നു കേരളത്തിൽ പ്രചാരത്തിലിരിക്കുന്നു? ഈ ഒരിനത്തിൽ തന്നേ നമ്മുടെ മാതൃഭൂമിയായ കേരളത്തിൽ നിന്നു ദൈനം ദിനം വിദേശികൾ വാരിക്കൊണ്ടുപോകുന്ന പണത്തിൻെറ ശരിയായ കണക്കു കാണുമ്പോൾ നാം തീർച്ചയായും പരിഭ്രാന്തരായിത്തീരും.

അതായത് ചുരുക്കിപ്പറയുകയാണെങ്കിൽ ഒരു ഒന്നാം കിടയിലുള്ള സിനിമാവ്യവസായത്തിനുള്ള സകലസാമഗ്രികളും നമ്മുടെ അധീനതയിൽഉണ്ടെങ്കിലും,അവയ്ക്ക് വേണ്ട നിറം കൊടുത്ത് പ്രദർശിപ്പിച്ച്, സിനിമാ വ്യവസായം പുരോഗമിപ്പിക്കുന്നതിനുള്ള കഴിവുകൾ ഇന്ന് ഇല്ലാതെയാണിരിക്കുന്നത്. ഇതിന് ഒരു പക്ഷേ പല കാരണങ്ങളും കണ്ടേക്കാം. തന്മൂലമാണ് ഈ ഒരു പ്രവർത്തനരംഗത്തിൽ നാം ഇന്നും തമിഴ്, തെലുങ്ക്, ഹിന്ദി, ഈ ഭാഷകളിൽ ഉള്ള ചിത്രങ്ങളുടെ ചൂഷണത്തിന് മാത്രം വിധേയരായി സ്ഥിതി ചെയ്യുന്നത്.

നമ്മുടെ ഈ നില തീർച്ചയായും ഒന്നു മാറേറണ്ടതാണ്. അതിലേക്കു വേണ്ട ശ്രമങ്ങൾ ചെയ്ത് മുന്നോട്ടു വരേണ്ടത് കേരളീയരുടെ ഒരു പൊതുകടമയാകുന്നു. നമ്മുടെ ധനികന്മാരാണ് ഈ കാര്യത്തിൽ മററുള്ളവരെ നയിക്കേണ്ടത്. അവർ ഈ സംരംഭത്തിൽ നേതൃത്വം കൈക്കൊണ്ടാൽ മതി. ഒരൊന്നാം തരം സിനിമാ വ്യവസായത്തിന് വേണ്ട സകല സാമഗ്രികളും നമുക്കുണ്ട്. നമ്മുടെ പ്രത്യേക തരത്തിലുള്ള സംഗീതം, നൃത്തം, മുതലായതിന് ഇന്നു ലോകമാകെ പ്രശംസ സിദ്ധിച്ചിട്ടുണ്ട്. ശ്രീമതി തങ്കമണി, ഗോപിനാഥൻ, മാധവൻ, കൃഷ്ണൻകുട്ടി മുതലായവരുടെ ഈ രംഗത്തിലെ സേവനങ്ങൾ നമുക്ക് വിസ്മരിക്കത്തക്കതല്ല. നിരവധി അമേച്വർ നടന്മാർ (Amature artists) കേരളത്തിലെ അഭ്യസ്തവിദ്യരുടെ കൂട്ടത്തിലുണ്ട്. മെസ്സേഴ്സ് സി. ഐ. പരമേശ്വരൻപിള്ള, എം. ജി. കേശവപിള്ള, നെയ്യാററിൻകര ചന്ദ്രശേഖരൻ നായർ, എം. പി. ചെല്ലപ്പൻ നായർ, കൈനിക്കര സഹോദരന്മാർ, കെ. നീലകണ്ഠൻ നായർ, ടി. എൻ. ഗോപിനാഥൻ നായർ മുതലായവരുടെ നടന പാടവം ദർശിക്കുവാൻ ഭാഗ്യമുണ്ടായിട്ടുള്ളവർ ഈ വസ്തുത ഒരിക്കലും വിസ്മരിക്കാൻ ഇടവരുകയില്ലെന്നാണ് എൻെറ വിശ്വാസം. നമ്മുടെ ചിത്രങ്ങൾക്കു ഏതുതരം പശ്ചാത്തലം ആവശ്യമോ, ആ മാതിരിയുള്ളവയെല്ലാം തന്നേ നമ്മുടെ രാജ്യത്തു സുലഭമാണ്.

കാര്യങ്ങൾ ഇങ്ങിനെയൊക്കെയായിട്ടും എന്താണ് കേരളീയർ ഈ രംഗത്തിൽ ഇറങ്ങി പ്രവർത്തിക്കാത്തത് എന്ന പ്രശ്നം ഇനിയും കിടക്കുന്നതേയുള്ളു. കേരളീയ ജീവിതത്തേയും ആചാരങ്ങളേയും ചിത്രീകരിക്കുന്നപടങ്ങൾക്ക് വിദേശങ്ങളിൽ വിപണിയുണ്ടാവുകയില്ലായെന്ന് വിചാരിക്കുന്നത് ഒരിക്കലും ശരിയായിരിക്കയില്ല. എന്തെന്നാൽ കലാപ്രകടന വൈദഗ്ദ്ധ്യം ഭൂമിശാസ്ത്ര പരമായ പരിധികളാൽ ആവൃതമാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഹിന്ദി ചിത്രങ്ങളും, തമിഴ് ചിത്രങ്ങളും ഇന്നു കേരളത്തിൽ പ്രചുരപ്രചാരത്തിലാണിരിക്കുന്നത്. നമ്മുടെ സാധാരണക്കാരുടെ ഭാഷ ഹിന്ദിയും തമിഴും അല്ല. എന്നിട്ടും കേരളത്തിലെ സിനിമാ ഹാളുകളിൽ ഈ ചിത്രങ്ങൾ കാണുന്നവർ അവയിൽ രസിക്കുന്നില്ലേ? തീർച്ചയായും ഉണ്ട്. അപ്പോൾ ഭൂമിശാസ്ത്ര പരമോ, ഭാഷാപരമോ-ആയ വ്യത്യസ്തങ്ങൾ കലാസ്വാദനത്തിന് ഒരു തടസ്സമായിത്തീരുന്നില്ലായെന്നത് തീർച്ച തന്നേ. റഷ്യാക്കാരിയായിരുന്ന അന്നപെവ്ലോവയുടെ കലാപ്രകടനം ആസ്വദിക്കുന്നതിനു റഷ്യൻഭാഷയുടെയോ, സംസ്കാരത്തിൻെറയോ ജ്ഞാനം ആവശ്യമാണെന്ന് ആരും ഇതുവരെ പറഞ്ഞുകേട്ടിട്ടില്ല. അതുപോലെ തന്നെ ഭാരതീയ കലാകാരനായ ഉദയശങ്കർ ഇന്ന് പാശ്ചാത്യരുടെയും അഭിനന്ദനത്തിന് പാത്രമായി ത്തീന്നിട്ടില്ലേ? കലാരസികന്മാർ കലകളുടെ നിശ്ശബ്ദതയിൽ കൂടിയും അത് ആസ്വദിക്കാൻ പ്രാപ്തരാണെന്ന് റസ്കിൻ അഭിപ്രായപ്പെട്ടിട്ടുള്ളതിൽ എത്ര വലിയ ഒരു പരമാർത്ഥമാണ് അടങ്ങിയിരിക്കുന്നത്.

മലയാള ചിത്രങ്ങൾക്കു മറുനാട്ടുകളിൽ പ്രചാരം ലഭിക്കുകയില്ലെന്ന് വിചാരിക്കുന്നതു കഷ്ടം തന്നേയാണ്. നമ്മുടെ അനുഭവം നമ്മേ പഠിപ്പിക്കുന്നത് ഇതിന് നേരെ വിപരീതമാണ്. കേരളീയർക്കു ചലന ചിത്രങ്ങളിൽ ചിത്രീകരിക്കാൻ വേണ്ട വിഷയങ്ങൾ ഇല്ലെന്ന് വിചാരിക്കുന്നത് മറെറാരു ഭീമാബദ്ധമാണ്. നമ്മുടെ ആഡംബരരഹിതമായ ഗ്രാമീണ ജീവിതം കണ്ണുനീരുകളുടെയും പുഞ്ചിരികളുടെയും വിളനിലമാണ്.

വിഭവ സമൃദ്ധങ്ങളായ നമ്മുടെ വനങ്ങളും, വൈകതത്തട്ടുകളുടെ ശുഭ്രതയാൽ പരിവേഷ്ടിതങ്ങളായ നമ്മുടെ വൻ നദികളും, പച്ചപ്പരവതാനിവിരിച്ചതുപോലെ മനോഹരങ്ങളായ നമ്മുടെ വയലുകളും, നാം സാധാരണ തമിഴ സിനിമാകളിലും, ഹിന്ദി ചിത്രങ്ങളിലും ദർശിക്കുന്ന ഭൂഭാഗങ്ങളേക്കാൾ ഒരു പ്രകാരത്തിലും താഴ്ന്ന പടിയിലുള്ളവയല്ല. ഇങ്ങിനെ സാമഗ്രികൾ, വിഷയങ്ങൾ, പശ്ചാത്തലങ്ങൾ മുതലായവയിൽ എല്ലാം കേരളം മററു രാജ്യങ്ങളേ അപേക്ഷിച്ച് മുന്നിൽത്തന്നെയാണ് നിലകൊള്ളുന്നത്. പക്ഷേ ഈ വിവിധ ഘടകങ്ങളേ സംഘടിപ്പിച്ച് ഈ നാട്ടിൽ ഒരു സിനിമാ വ്യവസായം തുടങ്ങിക്കൊണ്ടുപോകാൻ തക്ക ത്രാണിയുള്ള ഒരു ധനാഢ്യൻ ഇനിയും കണ്ടുപിടിക്കപ്പെട്ടിട്ടില്ല. സംസ്കാരം, ദേശാഭിമാനം, സംഘടനാസാമർത്ഥ്യം, ഭാവനാശക്തി, കലാരസികത്വം ഇവയോടുകൂടിയ വ്യവസായ പ്രമുഖന്മാർ മുന്നോട്ടിറങ്ങിയെങ്കിൽ മാത്രമെ സിനിമാ വ്യവസായത്തിൻെറ ഭാവിശോഭനമായിത്തീരുകയുള്ളു. ഇന്ന് മൂന്നു ഭാഗങ്ങളായി തിരിഞ്ഞു കിടക്കുന്ന കേരളത്തിൻെറ പുനരൈക്യം സാധിതപ്രായമാകുന്നതിനും, കേരളീയരുടെ സിനിമാ വ്യവസായം ഉപകരിച്ചേക്കുമെന്ന് ന്യായമായി പ്രതീക്ഷിക്കാം.



നാഗയ്യാ
(ത്യാഗയ്യാ എന്ന പുതിയ തെലുങ്കു ചിത്രത്തിൽ)

സിനിമയുടെ ഭാവി.

ശയനമുറിയിലിരുന്നു സിനിമാ കാണുന്ന കാലം വരുന്നു.

(എൽ. സി. ഐസക്കു് ബി. എ. ബി. എൽ.)

"എന്താ വിനോദം പാർക്കു........ലണ്ടൻ
പട്ടണം പാർക്കു........എംഡൻ കപ്പൽ പാർക്കു
........എന്താ വിനോദം പാർക്കു........"

എന്നിങ്ങനെയുള്ള സംഗീതാലാപത്തോടു കൂടി ഉത്സവസ്ഥലങ്ങളിലും ചന്തസ്ഥലങ്ങളിലും ഒരു വലിയ പെട്ടിയും പേറി നടന്നു പടം കാണിച്ചിരുന്ന കാക്കാ എത്ര ആയിരം ജനങ്ങളെ ആകർഷിച്ചിരുന്നു? അയാളുടെ പെട്ടിയുടെ ദ്വാരത്തിൽ കൂടെ ഒരു ചക്രം കൊട്ടുത്തു കണ്ട ചിത്രങ്ങൾ വലിയ ആശ്ചര്യം ഉളവാക്കി. ഇതിൽ കവിഞ്ഞ ചിത്രപ്രദർശനം ഉണ്ടെന്നു മനസ്സിലായതു് ബയസ്ക്കോപ്പ് വന്നപ്പോഴാണു്.

നാട്ടുമ്പുറത്തെ വലിയ ധനവാന്റെ ചെലവിൽ കേമമായ ഉത്സവം നടക്കുന്നതു സംബന്ധിച്ചു സാധാരണ ജനങ്ങളെ ഹഠാദാകർഷിക്കുന്ന അനേകം ചടങ്ങുകളുടെ വിവരം പുറത്തു വന്നുകൊണ്ടിരുന്നു. നാലു ദിവസത്തെ സദ്യ, പാട്ടുകച്ചേരികൾ, വെടിക്കെട്ടുകൾ, ഇങ്ങനെ ഓരോന്നും. ഇവയെല്ലാററിനും പുറമെ ബയസ്ക്കോപ്പും കൂടെയുണ്ടെന്നു കേട്ടപ്പോൾ ഗ്രാമവാസികൾ സകലരുടെയും ശ്രദ്ധ അതിലേക്കു തിരിഞ്ഞു. ബയസ്ക്കോപ്പിനെപ്പററിയായി എല്ലായിടത്തും സംസാരം. എറണാകുളത്തും ആലപ്പുഴയും പോയിട്ടുള്ളവർ അവരുടെ മനോധർമ്മമനുസരിച്ചു ബയസ്ക്കോപ്പിന്റെ വിവരണം നൽകിക്കൊണ്ടിരുന്നു. നിശ്ചിത ദിവസം ബയസ്ക്കോപ്പു പ്രദർശനം നടന്നു. ആരെയും അമ്പരപ്പിക്കുന്ന കാഴ്ച. തീപ്പെട്ടിക്കോലുകളുടെ നൃത്തം, കൊതുകിന്റെ ചോരകുടി വേലകൾ, സായ്പും മദാമ്മയും കൂടിയുള്ള വിനോദങ്ങൾ, Front under repair, transactions through the back എന്ന പരസ്യം എഴുതി പശതേച്ചു വച്ചിരുന്ന ബോർഡിന്മേൽ ഇരുന്ന മദാമ്മ ഈ ബോർഡും തൂക്കിക്കൊണ്ടോടിയപ്പോൾ അങ്ങാടിപ്പിള്ളേർകൂടി ബോർഡിന്മേൽ ബലമായി പിടിച്ചു വലിച്ചു്. ബോർഡു് വസ്ത്രത്തോടുകൂടി പറിഞ്ഞുപോന്നപ്പോഴുണ്ടായ കോലാഹലങ്ങൾ, ഇതെല്ലാം കണ്ടു് അന്നുണ്ടായ സന്തോഷവും ആശ്ചര്യവും അസാധാരണമായിരുന്നു.

കുറെ കഴിഞ്ഞപ്പോൾ ബയസ്ക്കോപ്പ് സിനിമാ എന്ന പേരിലായി. ഇവ തമ്മിലുള്ള വ്യത്യാസമെന്താണോ? പഴവന്മാർക്കു ബയസ്ക്കോപ്പ്; പരിഷ്ക്കാരികൾക്കു സിനിമാ. ടാഴ്സന്റെ അഭ്യാസങ്ങളും സായ്പിന്റെ പ്രണയകഥകളും ഓരോന്നിനും വടക്കൻമട്ടിൽ ഒരുവൻ നടത്തുന്ന വ്യാഖ്യാന പ്രസംഗങ്ങളും പ്രധാന പട്ടണങ്ങളിൽ മിക്കപ്പോഴും നടന്നുകൊണ്ടിരുന്നു. ടൂറിംഗ് സിനിമാ ആയിരുന്നു അധികവും. തൃശ്ശൂർക്കാർ കൊണ്ടു നടന്ന സിനിമായാണു് അന്നു ഈ പ്രദേശങ്ങളിൽ ധാരാളം കണ്ടിരുന്നതു്.

അങ്ങനെയിരിക്കുമ്പോൾ കേൾക്കുന്നു സംസാരിക്കുന്ന സിനിമാ വരുന്നുവെന്നു്. ഇതു് ആരൊ നാട്ടുകാരെ കബളിപ്പിക്കുവാൻ പറയുകയാണെന്നു വിചാരിച്ചു. എന്നാൽ കഥയല്ല, കാര്യമാണെന്നു പലരും പറഞ്ഞു. നിഷേധിക്കുവാൻ നിവൃത്തിയില്ലെന്നായി. മദ്രാസിലും, ബോംബെയിലുമൊക്കെ സംസാരിക്കുന്ന സിനിമാ പ്രദർശനം നടക്കുന്നുവെന്നു പത്രങ്ങളിൽ നിന്നു വായിച്ചു. സംസാരിക്കുന്ന സിനിമാ ഒന്നു കാണുവാൻ എന്നെങ്കിലും സാധിക്കുമോ എന്നു സംശയിച്ചു കാത്തിരുന്നു.

ഇതാ സംസാരിക്കുന്ന സിനിമാ വന്നുകഴിഞ്ഞു. "കാളിദാസൻ" എന്നായിരുന്നു അതിന്റെ പേരു്. ജന്മനാ ബുദ്ധിഹീനനായിരുന്ന ഒരുവൻ കാളീപ്രസാദത്താൽ അനുഗ്രഹീതനായിത്തീരുന്ന കഥ. പടം തെളിയുകയില്ല. എപ്പോഴും വിറയൽ. ഓരോരുത്തരും സംസാരിക്കുന്നതിനു വാ പൊളിക്കുന്നതു കാണാം. കുറെ കഴിയുമ്പോഴാണു സ്വരം കേൾക്കുന്നതു്. കേൾക്കുന്ന സ്വരമാണെങ്കിൽ മനുഷ്യന്റെ സ്വാഭാവിക സ്വരമല്ല, ലോഹധ്വനി ചേർന്ന സ്വരം. ഇങ്ങനെയൊക്കെയാണെങ്കിലും ആശ്ചര്യത്തോടെ ജനങ്ങൾ അതു കണ്ടു് ആസ്വദിച്ചു സന്തോഷം പ്രകടിപ്പിച്ചു.

അന്നത്തെ കാളിദാസനും ഇന്നത്തെ രത്തൻ, കിസമത്തു്, ശാകുന്തളം, ഇവയും തമ്മിലുള്ള വ്യത്യാസം എത്ര വലുതായിരിക്കുന്നു. The Hound of Bhaskara Villa, Song of Bernadeth മുതലായ ചിത്രങ്ങൾ ചലച്ചിത്രകല



ഉദയന വാസവദത്തയിൽ വസുന്ധരാ ദേവി

തമിഴ് സിനിമാ.

സംഗീതത്തിന് അമിതപ്രാധാന്യം.

അപ്രസക്തവും അനുചിതവുമായ ഹാസ്യരസപ്രകടനങ്ങൾ.

(കെ. സി. സഖറിയാ എം. എ., എൽ എൽ. ബി.)

"ഓ, ഹിന്ദുവും മററുമുള്ളപ്പോൾ· മലയാളപത്രങ്ങൾ വായിക്കുന്നതാരാണ്?"—വൃച്ഛസ്വരത്തിൽ ഇപ്രകാരം ചോദിക്കുന്ന 'മലയാളി സായിപ്പന്മാർ" ഇക്കാലത്തും ദുർല്ലഭമല്ല. ഇതുപോലെ തന്നെ തമിഴ് സിനിമാ കാണുന്നതു് ഒരു കുറവാണെന്നു ഭാവിക്കുകയും വാദിക്കുകയും ചെയ്യുന്നവരും നമ്മുടെ ഇടയിൽ ധാരാളമുണ്ടു്. കലാബോധത്തോടു കൂടി തമിഴ്ചിത്രങ്ങളെ വിമർശിച്ചു് അവയുടെ ന്യൂനതകൾ പരിഹരിക്കുന്നതിനും, കേരളക്കരയിൽ ഏററവുമധികം പ്രചരിക്കുന്ന ചലച്ചിത്രവിഭാഗത്തെ ആ വിധത്തിൽ സംസ്കരിച്ചുയർത്തുന്നതിനും ഉള്ള സംരംഭം ആദരണീയം തന്നെ. പക്ഷെ ഒരു "ഫാഷ്യൻ" എന്നു തോന്നിക്കത്തക്കവണ്ണം തമിഴ് ടോക്കിയെ അപലപിക്കുന്ന ഉപരിപ്ലവ ബുദ്ധികൾ ഒരു പത്താംതരം തമിഴ് ചിത്രത്തേക്കാൾ അധഃപതിച്ചവരാണെന്നു പറയാതെ തരമില്ല.

താരതമ്യേന കലാ ഭംഗി കുറവാണെങ്കിലും തമിഴ് ചിത്രങ്ങൾക്കു്, ഹിന്ദിച്ചിത്രങ്ങൾക്കോ, തെലുങ്കു ചിത്രങ്ങൾക്കോ, ഇംഗ്ലീഷ് ടോക്കിക്കോ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുള്ളതിലധികമായി, കേരളത്തിലെ ജനസാമാന്യത്തെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. കേരളത്തെ സംബന്ധിച്ചിടത്തോളം തമിഴ്ടോക്കിയുടെ അന്യാദൃശമായ വശീകരണ പ്രവണതയ്ക്കു ചില കാരണങ്ങളുമുണ്ടു്. രംഗസംവിധാനത്തിലും മററും ചില വ്യത്യാസങ്ങൾ ഉളവായിട്ടുണ്ടെങ്കിലും തമിഴ്ടോക്കി തമിഴ്ഡ്റാമായുടെ പാരമ്പര്യത്തിൽ തന്നെയാണ് ഇപ്പോഴും നിലകൊള്ളുന്നതു്. തമിഴ്നാടകത്തിലെ കഥയും പാട്ടും അഭിനയരീതിയുമൊക്കെ, വലിയ മാററമൊന്നും കൂടാതെ, തമിഴ്സിനിമായിലും കാണ്മാനുണ്ടു്. തമിഴ്നാടകവുമായി കേരളത്തിനുണ്ടായിരുന്ന ദീർഘകാലബന്ധം തമിഴ്സിനിമായെ ഏററവുമധികം ഇഷ്ടപ്പെടുന്നതിനു് കേരളത്തിലെ ജനസാമാന്യത്തിന്റെ ഇടയിൽ സ്വാഭാവികമായ പ്രേരണാശക്തി ചെലുത്തുകയാണ് ചെയ്തിട്ടുള്ളതു്. മലയാളനാടകങ്ങൾ ഇന്നത്തെ നിലയിലേയ്ക്കുയരുന്നതിനു മുമ്പു് തമിഴ്ഡ്റാമാ കേരളീയ നാടകവേദിയിൽ മേധാവിത്വം സ്ഥാപിച്ചു് രാജസപ്രഭാവത്തോടു കൂടി വർത്തിച്ചിരുന്ന ആ കാലഘട്ടം ഇനിയും മലയാളികളുടെ സ്മൃതിപഥത്തിൽ നിന്നു് മാഞ്ഞുപോയിട്ടില്ല. കിട്ടപ്പാ, രാജപ്പാ മുതലായ തമിഴ് നടന്മാരെ എത്രമാത്രം സ്നേഹാദരവുകളോടു കൂടിയാണ് ബഹുസഹസ്രം മലയാളികൾ ഇന്നും സ്മരിക്കുന്നതു്! തമിഴ് നാടകങ്ങളുടെ സ്ഥാനം ഇന്നു മലയാളനാടകങ്ങൾ ഏറെറടുത്തിട്ടുണ്ടെങ്കിലും, ഏററവുമധികം ജനപ്രീതി സമാർജ്ജിച്ചിട്ടുള്ള മലയാളനാടകങ്ങൾക്കു പോലും തമിഴ്ഡ്റാമായുടെ പരിപൂർണ്ണ വളർച്ചയെ കുറിക്കുന്നു. സിനിമാപ്രദർശനത്തിന്റെ ലക്ഷ്യത്തിലും പരിവർത്തനം വന്നിരിക്കുന്നു. കേവലം വിനോദം, എന്തു കൃത്യം കാണിച്ചുള്ള വിനോദം ആ ലക്ഷ്യമങ്ങു പോയി. കലാപ്രകടനം കൊണ്ടുള്ള വിനോദമായിരിക്കണമെന്നു നിർബന്ധമുണ്ടായിരിക്കുന്നു. അതിനും പുറമേ സിനിമാ വിദ്യാഭ്യാസപ്രചാരത്തിനും സന്മാർഗ്ഗോപദേശത്തിനുമുള്ള ഉപകരണവുമായിരിക്കുന്നു. സിനിമാ സകല നിലകളിലുമുള്ള ജനങ്ങളാലും ആദരിക്കപ്പെടുന്ന വസ്തുവായിരിക്കുന്നു. സാമ്പത്തികദൃഷ്ട്യാ അതു ലോകത്തിലെ ഏററവും വലിയ വ്യവസായങ്ങളിൽ ഒന്നായും തീർന്നിരിക്കുന്നു.

ശാസ്ത്രജ്ഞാന പാരമ്യത്തെ കാണിക്കുന്ന സിനിമയുടെ പുരോഗമനത്തിനു ഇനിയും സിദ്ധിക്കുന്ന പരിവർത്തനമെന്തായിരിക്കും? ഇപ്പോൾ ബ്രിട്ടീഷ് പ്രധാനമന്ത്രി അററ്ലിയുടെയും, ഇൻഡ്യൻ പ്രധാനമന്ത്രി നെഹ്റുവിന്റെയും പ്രസംഗങ്ങളും സുബ്ബലക്ഷ്മിയുടെ സംഗീതവുമെല്ലാം റേഡിയോ വഴി നാം കേട്ടുകൊണ്ടിരിക്കയാണല്ലൊ. അവർ പ്രസംഗിക്കുമ്പോൾ അവരുടെ രൂപവും അംഗ്യങ്ങളും കൂടെ നമുക്കു കാണുവാൻ സാദ്ധ്യമാക്കുന്ന ഉപകരണങ്ങളും പ്രചാരത്തിലാകുമെന്നു വിചാരിക്കാം. അപ്പോൾ ഒരു യന്ത്രവും മുൻപിൽ വച്ചുകൊണ്ടു നോക്കിയിരുന്നാൽ മതി എല്ലാവർക്കും അവരവരുടെ കിടക്കമുറിയിൽ ഇരുന്നു സിനിമാ കാണ്മാൻ സാധിക്കും.



സൂര്യ കുമാരി (ദേവത എന്ന ചിത്രത്തിൽ)

യുടെ ഛായയാണുള്ളത്. സ്റ്റേജിന്റെ ഒരു വശത്തിരുന്ന് നീട്ടിവലിച്ചു പാടുന്ന ഹാർമോണിയക്കാരനും, അയാളുടെ പിറകിൽ ഇരിക്കുന്ന മൃദംഗക്കാരനും, രാജാപ്പാർട്ടും സ്ത്രീപ്പാർട്ടുമൊക്കെ തമിഴ് ഡ്റാമായുടെ മുറകൾ തന്നെയാണ് സ്വീകരിച്ചിരിക്കുന്നത്. ആ സ്ഥിതിക്ക ദീർഘകാലമായി കേരളീയർ ആസ്വദിച്ചുവരുന്ന അഭിനയസമ്പ്രദായത്തെ മററു രീതികളേക്കാൾ അധികമായി അവർ ഇഷ്ടപ്പെടുന്നത് അത്ഭുതകരമല്ലല്ലോ. തമിഴ് നാടകത്തോടും, മലയാള നാടകത്തോടും കേരളത്തിലെ ജനസാമാന്യത്തിനുള്ള പ്രതിപത്തി തമിഴ് സിനിമാ മണ്ഡലത്തിലേയ്ക്കു കൂടി വ്യാപിച്ചതു കേവലം സ്വാഭാവികമാണ്.

ഭാഷയെ അടിസ്ഥാനമാക്കി നോക്കിയാലും, മലയാള ചലച്ചിത്രങ്ങൾ സുലഭമല്ലാത്തിടത്തോളം കാലം, മലയാളികൾ ഏററവുമധികം ഇഷ്ടപ്പെടുന്നതു തമിഴ് ചിത്രങ്ങളെയായിരിക്കും. കഥയറിയാതെ ആട്ടം കാണാൻ ഇഷ്ടപ്പെടുന്നവരല്ല മിക്കവരും. ഹിന്ദി ടോക്കിയോ, തെലുങ്കു ടോക്കിയോ മനസ്സിലാക്കുകയും ആസ്വദിക്കുകയും ചെയ്യുന്നതിനേക്കാൾ വളരെ എളുപ്പത്തിൽ തമിഴ് ടോക്കി മനസ്സിലാക്കുന്നതിനും ആസ്വദിക്കുന്നതിനും നിരക്ഷരകുക്ഷിയായ ഒരു മലയാളിക്കു പോലും സാധിക്കുമെന്നു നിസ്സംശയം പ്രസ്താവിക്കാം. കൂടാതെ, ജീവിത രീതികളിലുള്ള സാധർമ്യവും തമിഴ്ടോക്കിയെ മലയാളിയുടെ ദൃഷ്ടിയിൽ ഏററവും പ്രിയംകരമാക്കിത്തീർത്തിട്ടുണ്ട്. മലയാളക്കരയിലെ ജീവിതരീതികളും തമിഴ്നാട്ടിലെ ജീവിതമുറകളും തമ്മിൽ ഹിന്ദുസ്ഥാനത്തിലേയോ, ആന്ധ്റ ദേശത്തേയോ, ഇംഗ്ലണ്ടിലേയോ നിലവിലിരിക്കുന്ന ജീവിതസമ്പ്രദായങ്ങളേക്കാൾ അധികമായ സാമ്യമുണ്ടെന്നുള്ളതു അവിതർക്കിതമാണല്ലോ.

ഒരു ജനസമുദായത്തിന്റെ കലാപരമായ അഭിരുചിയെ അവരുടെ സാംസ്കാരികമായ ഉയർച്ചയുടെ മാനദണ്ഡമായി പരിഗണിക്കാവുന്നതാണ്. ഈ വീക്ഷണകോടിയിൽ നിന്നു നോക്കുമ്പോൾ കേരളത്തിലെ സാമാന്യ ജനങ്ങളെ ഏററവുമധികം വശീകരിച്ചിട്ടുള്ള തമിഴ്ടോക്കിയെ പലവിധത്തിലും പരിഷ്ക്കരിക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്നു പറയേണ്ടിയിരിക്കുന്നു. എന്തെല്ലാമാണു തമിഴ്ടോക്കിയുടെ പ്രകടമായ ന്യൂനതകൾ? തമിഴ്നാടകത്തിന്റെ മുറകൾ മിക്കതും തമിഴ് സിനിമാ ഇനിയും ഉപേക്ഷിച്ചിട്ടില്ലെന്നുള്ളതാണ് അതിന്റെ ഏററവും വലിയ കുറവ്. ആ പാട്ടും, ആ വേഷവും, ആ പ്രവേശനവുമൊക്കെ നാടകത്തിലെപ്പോലെ ഇന്നും സിനിമായിൽ കാണ്മാനുണ്ട്. സംഗീതവും അഭിനയവും തമ്മിൽ ഒന്നു വേർതിരിച്ച്, സംഗീതത്തെ യഥാസ്ഥാനത്തു നിബന്ധിക്കുന്നതിനു തമിഴ്സിനിമാനിർമ്മാതാക്കൾക്ക് ഇതുവരെ സാധിച്ചിട്ടില്ല. ഇപ്പോഴും എഴുപതു കഴിഞ്ഞ കിഴവി എട്ടു വയസ്സു പ്രായമുള്ള പൌത്രനോടു സംസാരിക്കുന്നതും, ഒരു നവോഢ ഭർത്തൃചരമത്തെപ്പററി കേട്ട് വിഷാദിക്കുന്നതുമെല്ലാം പാട്ടു പാടിക്കൊണ്ടാണ്. നാടകത്തിൽനിന്നും സിനിമയിൽനിന്നും സംഗീതത്തെ പരിപൂർണ്ണമായി മാററി നിർത്തണമെന്നുള്ള അഭിപ്രായം ആദരണീയമല്ല. സന്ദർഭവും സ്ഥാനവും നോക്കി അഭിനയകലയിൽ സംഗീതം കലർത്താൻ കഴിയുമെങ്കിൽ, അതു് സർവ്വജനസമാകർഷകമായ ഒരു കാലവിശേഷം തന്നെയായിരിക്കും. പാകത്തിൽ പഞ്ചസാര ചേർക്കുന്നതുകൊണ്ട് പാലിന്റെ രുചി വർദ്ധിക്കുകയാണല്ലോ ചെയ്യുന്നത്. അസ്ഥാനത്തു പ്രയോഗിക്കപ്പെടുന്ന സംഗീതം അഭിനയകലയെ അധഃപതിപ്പിക്കുമെന്നുമാത്രം.

തമിഴ് സിനിമാ നിർമ്മാതാക്കൾ സംഗീതത്തിന് അമിതവും അന്യായവുമായ പ്രാധാന്യം നൽകുന്നതുകൊണ്ട് നടീനടന്മാരെ തിരഞ്ഞെടുക്കുന്ന വിഷയത്തിലും അവർക്കനഗന്മമായ പരാജയമാണു സംഭവിച്ചിരിക്കുന്നതു്. "അക്ടറന്മാരെ" തിരഞ്ഞെടുക്കുമ്പോൾ വേഷച്ചേർച്ച, അഭിനയചാതുര്യം മുതലായി പലതും പരിഗണിക്കേണ്ടതാവശ്യമാണല്ലോ. എന്നാൽ സംഗീതത്തിലുള്ള സാമർത്ഥ്യത്തെമാത്രം ആസ്പദമാക്കിയാണ് സിനിമഡയറക്ടറന്മാർ "അക്ടറന്മാരെ" തിരഞ്ഞെടുക്കുന്നതെന്നു തോന്നിപ്പോകുന്നു. അതുകൊണ്ടാണ് ചില "വിപ്പുക്കററികളും" "കരടിമൂക്കന്മാ"രുമൊക്കെ വേഷം കെട്ടി രംഗത്തു പ്രവേശിക്കുവാൻ ഇടയാകുന്നതു്. അല്പമെങ്കിലും അഭിനയപാടവമില്ലാത്തവരാണ് തമിഴ് സിനിമായിലെ നടീനടന്മാരിൽ 99 ശതമാനവും. കലാപരമായി നോക്കുമ്പോൾ ഇതിനേക്കാൾ വലിയ അധഃപതനം മറെറന്താണുണ്ടാകുവാനുള്ളതു്?

കഥകൾ തിരഞ്ഞെടുക്കുന്ന വിഷയത്തിലും തമിഴ് സിനിമാ നിർമ്മാതാക്കൾ വളരെ താഴ്ന്ന പടിയിലാണ് നില്ക്കുന്നതെന്ന് ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. ഹൃദയസ്പർശകമായ ഒരു സാമുദായികചിത്രം ഇതുവരെ തമിഴ് "സ്ക്രീനിൽ" കാണാൻ സാധിച്ചിട്ടില്ല. ഇന്നത്തെ



കെ. എൽ. വി. വസന്ത (രംഭയിൻ കാതൽ എന്ന ചിത്രത്തിൽ)

പോരുവിൻ!

(കെടാമംഗലം)

പോരുവിൻ പോരുവിൻ നിങ്ങളെല്ലാം
പോരിൻ പുരോഗതിപ്പൂ പറിക്കാൻ
തൂലികക്കോലുകൾ കയ്യിലേന്തി
കാലത്തിൻ കാഹളമേററു പാടി
പോരുവിൻ പോരുവിൻ നിങ്ങളെല്ലാം
പാരിൽപ്പുരിമളം വാരിവീശാൻ
പൊട്ടിച്ചിരിച്ചോട്ടെ ദാസ്യലോകം
അട്ടഹസിച്ചോട്ടെ സ്വാർത്ഥഭൃത്തം
പോരുവിൻ പോരുവിൻ നിങ്ങളെല്ലാം
പാരെങ്ങുമോമന രശ്മി കാണ്മാൻ.

II

പോരുവിൻ പോരുവിൻ നിങ്ങളെല്ലാം
പോരിൻ പുരോഗതിപ്പൂ പറിക്കാൻ
മുട്ടോളം ചേറിൽ വഴിയിലിന്നും
വട്ടം കിടന്നോട്ടെ കാട്ടുപോത്ത്
തട്ടിപ്പിടഞ്ഞു തലയ്ക്കുമീതെ
മുട്ടിപ്പറന്നോട്ടെ വാവലിന്നും
പട്ടികളെല്ലാം തൊടിച്ചിടുമ്പോൾ
കൂട്ടമായെത്തിക്കരച്ചിടട്ടേ
എന്നാലും വന്നാലും നിങ്ങളെല്ലാം
തിന്നാലും തീരാത്ത ഭാഗ്യമുണ്ടോൻ.

III

പോരുവിൻ പോരുവിൻ നിങ്ങളെല്ലാം
പോരിൻ പുരോഗതിപ്പൂ പറിക്കാൻ
നാളിക നേത്രമാർ നൃത്തമാടും
മാളികമോളിൽ മണിയറയിൽ,
ഡംഭമസൂയയും വാണിരിക്കും
വമ്പരും മുമ്പരും കമ്പിടേണ്ട,
സുന്ദരസൂനങ്ങൾ സംഭരിക്കാൻ
സന്നദ്ധരാവിൻ! സഖാക്കളെല്ലാം
പോരുവിൻ പോരുവിൻ നിങ്ങളെല്ലാം
തീരം കലുഷമരുവിപോലെ

IV

പോരുവിൻ പോരുവിൻ നിങ്ങളെല്ലാം
പോരിൻ പുരോഗതിപ്പൂ പറിക്കാൻ
ഭാസുരഭാവിയെ കാത്തിരിക്കും
'കേസരി'വീരൻെറ ഗർജ്ജനങ്ങൾ
'മാറെറാലി'ക്കൊള്ളുന്ന, ചക്രവാളം
മാററിത്തുടങ്ങുന്നിരുണ്ട വേഷം.
'പോള്'യത്തിങ്കൽ പടവിളികൾ
നീളെ മുഴക്കുന്നു മുമ്പു ചെന്നോർ
പോരുവിൻ പോരുവിൻ നിങ്ങളെല്ലാം
ധീരസിരാരവ മോദനത്താൽ

V

പോരുവിൻ പോരുവിൻ നിങ്ങളെല്ലാം
പോരിൻ പുരോഗതിപ്പൂ പറിക്കാൻ
ഓടയിൽ നിന്നും കഥയ്ക്കു ബീജം
നേടും പരമാർത്ഥഗായകന്മാർ
അസ്ഥിമാടത്തിന്നണിയറയിൽ
നിത്യനിമിഷവിലാസ ഗീതം
പൊന്നുംകുടവും കമണ്ഡലവും
ഒന്നുപോലിന്നും നിറച്ചുനില്പൂ.
പോരുവിൻ പോരുവിൻ നിങ്ങളെല്ലാം
നേരിൻ കരം പിടിച്ചാത്തമോദം.

ജീവിതവുമായിയാതൊരു ബന്ധവുമില്ലാത്ത പൌരാണിക കഥകളാണ് തമിഴ് സിനിമാവേദിയെ ഇപ്പോഴും ഭരിച്ചുകൊണ്ടിരിക്കുന്നത്. അവതന്നെ വേണ്ട പരിഷ്ക്കാരങ്ങൾ വരുത്തി, സമർത്ഥരായ നടീനടന്മാർ, ശരിയായ പശ്ചാത്തലത്തോടുകൂടി, അഭിനയിക്കുകയാണെങ്കിൽ ആകർഷകങ്ങളായിത്തീരും. പക്ഷെ കുട്ടികൾ 'രാജാവും മന്ത്രിയും' കളിക്കുന്നതുപോലെയാണ് തമിഴർ പൌരാണിക കഥകൾ അഭിനയിക്കുന്നത്. ഒന്നാം കിടയിലുള്ള തമിഴ് സാഹിത്യകാരന്മാർ കഥകൾ രചിക്കാത്തതുമൂലമാണ് തമിഴിൽ നല്ല സിനിമാക്കഥകൾ ഉണ്ടാകാത്തതെന്നു വിചാരിക്കുന്നതിൽ തെററില്ല.

തമിഴ് സ്ക്രീനിലെ "തമാശ"യാണ് പലപ്പോഴും അസഹനീയമായിത്തോന്നിയിട്ടുള്ളത്. പിൻ കുടുമക്കാരനായ ഒരു കുടവയറൻപട്ടരുടെ ചെകിട്ടത്ത് ഒരു പെണ്ണിനെക്കൊണ്ട് ഒന്നടിപ്പിക്കുകയും, അയാളുടെ വൃത്തികെട്ട പല്ലുകൾ മുഴവൻ പുറത്തുകാണിക്കുകയും ചെയ്യുന്നതാണ് ഏററവും വലിയ തമാശയായി തമിഴർ കരുതുന്നതെന്നു തോന്നിപ്പോകുന്നു. കഥയുമായി യാതൊരു ബന്ധവുമില്ലാത്ത "കോമാളിക്കോമരങ്ങളെ" രംഗത്തു തള്ളിവിട്ട് കലയെ അധഃപതിപ്പിക്കുന്നതിൽ തമിഴ് സിനിമാ നിർമ്മാതാക്കൾ അദ്വിതീയരത്രെ. തമിഴരുടെ ഹാസ്യാനുകരണബോധം ഇത്ര നികൃഷ്ടമാണോ? ആണെന്നെനിക്കഭിപ്രായമില്ല. കലാബോധമില്ലാത്ത ഡയറക്ടന്മാർ സിനിമാ സൃഷ്ടിച്ചു വിടുന്നതുകൊണ്ടായിരിക്കണം അറപ്പും വെറുപ്പും തോന്നിക്കുന്ന ഇത്തരം വികൃതികൾ രംഗത്തിൽ നിബന്ധിക്കപ്പെടുന്നത്.

ആകപ്പാടെ നോക്കുമ്പോൾ തമിഴ് സിനിമായെ സമുദ്ധരിക്കണമെങ്കിൽ, ഇന്നത്തെ ഡയറക്ടന്മാർ, ആക്ടന്മാർ കഥയെഴുത്തുകാർ എന്നിവരിൽ ഭൂരിപക്ഷത്തെയും സിനിമാ വ്യവസായത്തിൽ നിന്നു മാററി നിർത്തേണ്ടതാവശ്യമാണെന്നു പറയാതെ നിവൃത്തിയില്ല. തദർത്ഥം ജനങ്ങളുടെ കലാബോധത്തെ രൂപാന്തരപ്പെടുത്തുന്നതിനു ശ്രമിക്കേണ്ടതു യഥാർത്ഥ കലാകാരന്മാരുടെയും സഹൃദയന്മാരുടെയും കർത്തവ്യമാണെന്നുകൂടി ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.



പൃഥ്വീരാജും സോബനാസമർത്ഥും
(രാജനർത്തകിയിൽ)

ചെറുകഥ.

ചാക്കോച്ചന്റെ താങ്ങ്.

(എൻ. പി. വെല്ലപ്പൻ നായർ ബി. എ. ബി എൽ.)

ഇപ്പോൾ തിരുവനന്തപുരം കോർപ്പൊറേഷൻ മേയർ ആയിരിക്കുന്ന അളും ഒരു പ്രമുഖ ചലച്ചിത്ര പ്രവർത്തകനും ഉദാര നിധിയും ആയ മി. പി. സുബ്രഹ്മണ്യവും ഞാനും കൂടി മൈലാപ്പൂരിലുള്ള സീതാവിലാസ് ബംഗ്ളാവിലെ ഒരു മുറിയിൽ ഇരുന്ന് ചില മൂന്നുരൂപാ—എക്സ്ട്രാസ്—താരങ്ങളുടെ ജീവിത രീതികളെപ്പററി വ്യസനപൂർവം ഓരോന്നു പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് ഒരു ചൌക്കീദാർ വന്ന് തിരുവിതാംകൂറിൽ നിന്ന് ആരോ മി. സുബ്രഹ്മണ്യത്തിനെ കാണുവാൻ എത്തിയിരിക്കുന്നു എന്നു പറഞ്ഞു. "വേഗം അകത്തേക്കു കൂട്ടിക്കൊണ്ടുവരൂ" മി. സുബ്രഹ്മണ്യം ആജ്ഞാപിച്ചു.

ഞങ്ങൾക്കു രണ്ടുപേർക്കും പരിചയമില്ലാത്ത ഒരു ചെറുപ്പക്കാരൻ. വേഷത്തിലല്ലെങ്കിലും ഭാവത്തിൽ ഒരു പരിഷ്കാരി; ഡഗ്ളാസ് ഫെയർ ബാങ്ക്സിന്റെ മേൽമീശയുണ്ട്. ആണ്ടിഅയ്യന്റെ ഒരു കൗണ്ടകം റിസ്റ്റ്‌വാച്ചുണ്ട്. പാപനാശം ശിവനേപ്പോലെ വാർദ്ധക്യത്തിലേക്കു കടന്നിട്ടും കറപിറാകരയുന്ന രണ്ടു ഷൂസുകൾ ഉണ്ട്. പ്രേം അഡീബിന്റെ തലയെടുപ്പുണ്ട്. കാനനബാലയുടെ ഗർവ്വുമുണ്ട്. പുലിമൂട്ടയുടെ തടിയുണ്ട്. എന്റെ സ്നേഹിതന് ഒരു സലാം കിട്ടി.

"എവിടെ നിന്നാണ്?" മി. സുബ്രഹ്മണ്യം വിനയത്തോടെ ചോദിച്ചു.

"ചങ്ങനാശ്ശേരിയിൽ നിന്ന്. ഞാൻ ഒന്നു രണ്ടു പ്രാവശ്യം തിരുവനന്തപുരത്തും ഒരു ദിവസം പടം കാണാനായി ന്യൂതിയറേറഴ്സിലും വന്നിട്ടുണ്ടല്ലോ. എന്നിട്ട് എന്നെ അറിയുകയില്ലേ?" തിരിച്ചൊരു ചോദ്യം.

പുള്ളിയുടെ സ്വഭാവം ഞാൻ മനസ്സിലാക്കി. രണ്ടു തവണ തിരുവനന്തപുരം സന്ദർശിച്ചിട്ടുണ്ട്. ഒരു തവണ ന്യൂതിയേറേറഴ്സിൽപടം കാണുവാൻ എത്തിയിട്ടുണ്ട്. അതുകൊണ്ട് ന്യൂതിയേറേറഴ്സ് പ്രൊപ്രൈറററും ഒട്ടനവധി കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തേണ്ട ആളുമായ മി. സുബ്രഹ്മണ്യം അയാളെ അറിഞ്ഞു കൊള്ളണമെന്നാണ് വിദ്വാന്റെ നില.

മി. സുബ്രഹ്മണ്യം വിനയാദരപൂർവ്വമുള്ള ആ ചിരി ചിരിച്ചു. അദ്ദേഹത്തിനും മനസ്സിലായിരിക്കണം ആളിന്റെ യോഗ്യത. ഏതായാലും ആ വിചാരങ്ങളെ മറച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. "മറന്നുപോയി, എന്റെ കുററം തന്നെ. പിന്നെ ചങ്ങനാശ്ശേരിയിൽ നിന്നും ഇങ്ങോട്ടു വരാൻ കാരണം? എന്നെക്കൊണ്ട് എന്തെങ്കിലും നിങ്ങൾക്കു വേണ്ടി ചെയ്യുവാൻ കഴിയുമെങ്കിൽ അതു സസന്തോഷം ചെയ്തുതരുവാൻ ഞാൻ തയ്യാറാണ്" ശുദ്ധ പരമാർത്ഥം. എന്തെന്നാൽ കഴിവുള്ളത് ആർക്കും ചെയ്തുകൊടുക്കുവാൻ സന്മനസ്സുള്ള അപൂർവ്വം ചില വ്യക്തികളിൽ ഒരാളാണ് മി. സുബ്രഹ്മണ്യം.

ആ മനുഷ്യൻ പറഞ്ഞു. "നിങ്ങളെക്കൊണ്ട് എനിക്കൊരു കാര്യം സാധിക്കേണ്ടിയിരിക്കുന്നു. നിങ്ങൾ പ്രഹ്ളാദൻ എന്നൊരു മലയാളപ്പടം എടുക്കുന്നെന്നോ എടുപ്പിക്കു



സുമംഗലയിൽ കുമാരി.

ന്നെന്നോ കേട്ടു. എനിക്കതിൽ ഒരു രാജാപ്പാർട്ടു് വേഷം തരണം. അതിന്റെ അത്യാവശ്യമുണ്ടെനിക്കു്"

അതുവരെ മിണ്ടാതിരുന്ന ഞാൻ ചോദിച്ചു. "എന്താണു പേരു്?"

"ചാക്കോച്ചൻ എന്നു്''

"ഏതു ക്ലാസ്സുവരെ പഠിച്ചിട്ടുണ്ടു്?"

"ഫോർത്തുഫാറത്തിൽ തോററിട്ടുണ്ടു്''

"തമിഴറിയാമോ?"

"നോ.''

"സംഗീതത്തിൽ എത്രത്തോളം പരിശീലനം നടത്തിയിട്ടുണ്ടു്?"

"യാതൊന്നും അറിഞ്ഞുകൂടാ. പാട്ടില്ലാത്ത ഒരു പ്രധാന വേഷം മതി തൽക്കാലം. മെയിൻ രാജാപ്പാർട്ടാകുമ്പോഴേക്കു് പാട്ടൊക്കെ ഞാൻ പഠിച്ചുകൊള്ളാം.''

"വല്ലനാടകത്തിലും അഭിനയിച്ചുള്ള ശീലമുണ്ടോ?''

"ഇല്ല. ഈ ത്യാഗരാജനും ചിന്നപ്പായും രഞ്ജനും മററും നാടകങ്ങളിൽ അഭിനയിച്ചു ശീലിച്ചുകൊണ്ടാണോ എത്തിയിരിക്കുന്നതു്. ആ പായന്റു വിടണം.''

എനിക്കു വാസ്തവത്തിൽ ആ ഉത്തരങ്ങളുടെ സ്വരത്തിൽ കണ്ട ഔദ്ധത്യം തീരെ പിടിച്ചില്ല. സംഗീതം അറിഞ്ഞുകൂടാത്തതും അഭിനയം ശീലിച്ചിട്ടില്ലാത്തതും താരത്തിനുള്ള യോഗ്യത നമ്പ്രവൺ എന്നാണു് ആ മുഖഭാവവും സ്വരവും വെളിപ്പെടുത്തുന്നതു്.

മി. സുബ്രഹ്മണ്യം പറഞ്ഞു:—"സ്നേഹിതാ! നിങ്ങൾ കുറച്ചു താമസിച്ചു പോയി. പ്രഹ്ളാദൻ ഷൂട്ടിങ്ങ് പകുതി ആയിക്കഴിഞ്ഞു. ഇനി അതിൽ ഒരാളെക്കൂടി പുതുതായിച്ചേർക്കുക സാദ്ധ്യമല്ലെന്നറിയാമല്ലൊ. ചില മലയാള ചിത്രങ്ങൾകൂടി എടുക്കണമെന്നു് ഞങ്ങൾ ഉദ്ദേശിക്കുന്നുണ്ടു്. അപ്പോൾ തീർച്ചയായും നിങ്ങളുടെ കാര്യം പരിഗണിക്കാം. ഇപ്പോൾ പോകണം.''



ഷോബന സംറത്തു് (In court dancer)

ചാക്കോച്ചൻ വിട്ടില്ല. "അതു പറഞ്ഞാൽ ഒക്കുകില്ല. കാര്യം ഞാൻ അങ്ങു തുറന്നു പറയാമല്ലൊ. ഞാൻ ഈയിടെ ഒരു പടം കണ്ടു. അതിൽ നായികയായി ആക്ററു കൊടുത്തിരിക്കുന്ന ആസ്ത്രീയോടു് എനിക്കു് എന്തെന്നില്ലാത്ത ഒരു ലൌ തോന്നിപ്പോയി. ഇനിയും നിവർത്തിയില്ല. എന്റെ കർത്താവേ! എങ്ങിനെ തോന്നാതിരിക്കും. ഭർത്താവൊന്നും ഇല്ലെന്നും കൂടെ ഒരു പടത്തിൽ ആക്ററു കൊടുക്കാൻ പററിയാൽ, ഒരു ലൌസീനിൽ വച്ചു് കാര്യം തുറന്നു പറഞ്ഞു പുള്ളിക്കാരിയെ തട്ടിയെടുത്തുകൊണ്ടു പോകാൻ പററുമെന്നുമൊക്കെ കോട്ടയത്തു വച്ചു ചെറിയാച്ചൻ പറഞ്ഞു. ആ കക്ഷിയുടെ കൂടെ എത്തുന്നതിനു മുൻപു് ഒരു പടത്തിൽ കളിച്ചു് സ്വല്പം യശസ്സു തട്ടിയെടുത്തെങ്കിലേ പററുകയുള്ളൂ. കാര്യം ഇതൊരുവാശിയാണു്.'' അയാൾ ആ താരത്തിന്റെ നാമം പലവുരു ഉച്ചരിച്ചു. അവളുടെ സ്വരമാധുരിയെപ്പററി പ്രകീർത്തിച്ചു. അംഗങ്ങളുടെ സൌഷ്ഠവത്തെപ്പററി വർണ്ണിച്ചു അവളുടെ നേത്രങ്ങളുടെ മാദകഭാവത്തെപ്പററി ഉദ്ബോധിപ്പിച്ചു. ഒടുവിൽ — അവളുടെ ഭർത്താവായി—വേണമെന്നില്ല—കേവലം ഒരു പരിചാരകനായെങ്കിലും ഇരിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ ഞാൻ മരിച്ചുകളയും എന്നുറപ്പിച്ചു പറഞ്ഞു.

ഞാൻ മി. സുബ്രഹ്മണ്യത്തിന്റെ മുഖത്തുനോക്കി. ഒരു കൊട്ടുകാററു ഞാൻ പ്രതീക്ഷിച്ചു. പക്ഷെ അന്നാണു് ആദ്യമായി എനിക്കു അദ്ദേഹത്തെ മനസ്സിലായതു്. ആ ശാന്തത, ആ ഗംഭീരഭാവം—ആ ക്ഷമ. അതിന്റെ മുൻപിൽ ഞാൻ നമ്രശീർഷനായി ഇരുന്നു. അമ്മ മരിച്ചു കിടക്കുന്നു, സംസ്കാരത്തിനു പണമില്ല എന്നു ഗദ്ഗദസ്വരത്തോടെ പറയുന്ന ഒരുവനു് മനുഷ്യസ്നേഹിയായ ഒരാൾ നൽകുന്ന അനുഭാവപൂർവ്വമായ മറുപടിയുടെ സ്വരത്തിൽ അദ്ദേഹം ചോദിച്ചു.

"ചാക്കോച്ചൻ വിവാഹിതനോ അവിവാഹിതനോ?''

"പെണ്ണുകെട്ടിയിട്ടുണ്ടു്. മണിമലക്കാരി ഒരു പെണ്ണു് അത്ര സാരമില്ല. അവൾ വീട്ടിൽ കിടന്നുകൊള്ളും പന്നിയെ പിടിക്കാൻ കഴിയും കുഴിച്ചു കൊണ്ടു്. എനിക്കിതു പററിയാൽ മദ്രാസിൽ അങ്ങിനെ ഒരു ത്യാഗരാജനായി താമസിക്കാം.'' ചാക്കോച്ചൻ തന്റെ മുഖത്തുകടിച്ച ഒരു കൊതുകിനെ അടിച്ചു കൊന്നു് അതിന്റെ മൃതശരീരം നോക്കി രസിച്ചുകൊണ്ടിരുന്നതിനിടയിൽ പറഞ്ഞു.

അതിനു ശേഷം മി. സുബ്രഹ്മണ്യത്തിന്റെ ഒരു ദീർഘ പ്രഭാഷണം നടന്നു. തത്വശകലങ്ങൾ കൊണ്ടുനിറഞ്ഞ ഒരു പ്രസംഗം. ആ യുവാവിനെ ആ ചപലോദ്യമത്തിൽ നിന്നും പിൻതിരിച്ചു് മണിമലക്കാരിയുടെ അടുത്തേക്കയക്കുവാനുള്ള ഒരുഉദ്യമം. ഔവ്വയാരുടെ തിരുപ്പാടൻ തുടങ്ങി ഭർതൃഹരിയുടെ വൈരാഗ്യശതകംവരെ അദ്ദേഹം ഉദ്ധരിച്ചു. ഭക്തിക്കനുസരിച്ചുള്ള ജ്ഞാനവും അദ്ദേഹത്തിനുണ്ടെന്നു് അന്നാണെനിക്കു മനസ്സിലായതു്. പക്ഷെ അതുവല്ലതും തന്റെ താരേശമുഖിത്താരവുമായി സങ്കല്പലോകത്തിലെ ഇന്ദ്രവിലാസഹർമ്മ്യത്തിൽ ഹംസതൂലികാശയ്യമേൽ മീതെഇരുന്നു് അപ്പം തിന്നുകൊണ്ടിരിക്കുന്ന ചാക്കോച്ചന്റെ തലയിൽ കയറുമോ. ഞാൻ പറഞ്ഞു "ചാക്കോച്ചൻ വിചാരിക്കുന്നതുപോലെ അഭിനയക്കാര്യം അത്ര എളുപ്പമല്ല. കച്ചവടം ഒതുങ്ങുന്നതാണു് ഏർപ്പാടു്. ഇങ്ങിനെയൊരു പോക്കണംകേടിനിറങ്ങിപ്പുറപ്പെട്ടല്ലൊ എന്നു ഞാൻ ഇപ്പോൾ ദുഃഖിക്കുകയാണു്.'' അന്നത്തെ ഷൂട്ടിങ്ങിനു് താൻകൂടി വരാമെന്നു് ചാക്കോച്ചൻ സന്തോഷസമന്വിതം സമ്മതിച്ചു.

ii

ഇട്ടർ എരുമയെപ്പോലെ അമറി. ഹരീഷ്ബാബു മേക്കപ്പുമുറിയിൽ നിന്നു് എന്നെ സ്ററുഡിയോവിലേക്കുന്തി

അയച്ചു. കമാൽ ക്യാമറാ ചലിപ്പിച്ചുകൊണ്ടങ്ങനെ നിൽക്കുകയാണ്. റവ്വെ മൈക്രോഫോൺ ഉയർത്തിയും താഴ്ത്തിയും പരിശോധിക്കുന്നു. ഡയറക്ടർ ഒരു വലിയ ചൂരൽവടിയുമായി അയാളുടെ സമീപം ടോക്കിയോവിൽ കടന്ന മക്ആർതറുടെ അധികാരഭാവത്തോടെ ആർട്ടിസ്റ്റിനെ പ്രതീക്ഷിച്ചു നിൽക്കുകയാണ്. ഒരു വലിയ സംഘം കാണികൾ: അധികവും സുന്ദരികളായ യുവതികൾ; വിശിഷ്ടാതിഥിയായി ചാക്കോച്ചനും അയാളുടെ ആതിഥേയനായ മി. സുബ്രഹ്മണ്യവും അടുത്തടുത്തായി ഇരിപ്പുണ്ട്. ചാക്കോച്ചന്റെ ദൃഷ്ടികൾ അവിടുണ്ടായിരുന്ന ഒരു പെൺതാരത്തിന്റെ മുഖത്തും സ്റ്റുഡിയോവിലെ അത്ഭുതങ്ങളിലും ആയി അങ്ങോട്ടും ഇങ്ങോട്ടും ഓടുകയാണ്. ബെർലിൻരംഗത്തിലെ റീച്ചിൽ പ്രവേശിച്ച മാർഷൽ സുഖോവിന്റെ നേത്രങ്ങളുടെ ദ്രുതഭ്രമണത്തെയും അതിശയിക്കുന്ന വേഗത്തിൽ.

ഞാൻ കാവിവസ്ത്രവും പാളത്താറും രുദ്രാക്ഷമാല്യവും അണിഞ്ഞ് കാശിയിലേക്കു തിരിക്കുന്ന ഗോസായിയെപ്പോലെ മുന്നോട്ടു വന്നു. ആ രുദ്രാക്ഷമാല്യം! ശിവനേ! അതിന്റെ മുനകൾ. ജീവപര്യന്തം തടവോ, ആ മാല ജീവാവസാനം വരെ ധരിക്കുകയോ ചെയ്യുന്നതിൽ ഏതാണ് ഇഷ്ടമെന്നു ചോദിച്ചാൽ ജീവപര്യന്തം തടവു മതിയെന്നു സസന്തോഷം ഞാൻ പറയും. അത്രയ്ക്കു ദുർവഹമാണത്. ജമിനിയുടെ ആ സമ്പത്ത് പാപനാശം ശിവൻ തുടങ്ങി ഞാൻ വരെ അറിഞ്ഞിട്ടുണ്ട്. ഒരു നൂറു പടത്തിൽ ഞാൻ ആ മാല കണ്ടു. കണ്ടപ്പോഴെല്ലാം രുദ്രാക്ഷങ്ങളുടെ ആ കൂർത്തുമൂർത്ത അഗ്രങ്ങളും അതിണക്കിച്ചേർത്ത പിത്തളക്കമ്പിയുടെ സംസ്കാരമില്ലാത്ത ആക്രമണവും ഞാൻ സ്മരിക്കും. ഞാൻ ക്യാമറായുടെ മുമ്പിലേക്കു നീങ്ങിനിന്നു. പരിവില്ലാത്ത വണ്ണം ഒരു കറുത്ത കർട്ടൻ അവിടെ തൂക്കിയിട്ടിരുന്നു: അതിന്റെ മുൻപിലേക്ക്. ഒരു ദീർഘകായൻ, ഋശ്യശൃംഗർ എന്ന ഭംഗിയുള്ള ആ പടത്തിലെ വില്ലനായ മി. ജി. പട്ടുഅയ്യർ, ആ ചൂരൽവടിയും വാങ്ങി മുന്നോട്ടു വന്നു, എന്റെ അടുത്തേക്ക്; പക്ഷേ ക്യാമറായുടെ വീക്ഷണപരിധിയിൽ നിന്നും ഒഴിഞ്ഞ്. എനിക്കൊന്നും മനസ്സിലായില്ല. ഡയറക്ടർ മി. കെ. സുബ്രഹ്മണ്യം ആൾ അതിസമർത്ഥനാണ്: ദക്ഷിണേന്ത്യയിലെ ഒന്നാമത്തെ ഡയറക്റ്റർ എന്നു തീർച്ചയായും പറയാം. അദ്ദേഹം താൻ പ്രവർത്തിക്കുവാൻ പോകുന്നതൊന്നും മുൻകൂട്ടി പറയുകയില്ല. സ്റ്റുഡിയോവിൽ വച്ചു മാത്രമാണ് അദ്ദേഹത്തിന്റെ അസിസ്റ്റന്റന്മാർകൂടി അദ്ദേഹത്തിന്റെ വിചിത്രമായ ഗതി അറിയുന്നത്. അദ്ദേഹം സൂചിപ്പിച്ചു. ഞാൻ ആ ചൂരൽവടികൊണ്ട് കുറെ അടി ഏൽക്കണംപോലും! ഭക്തോത്തംസമായ പ്രഹ്ളാദനെ അടിച്ചപ്പോൾ ഹാർബർ കുറ്റത്തിന് സ്വർഗ്ഗയുണൈറ്റഡ് സ്റ്റേറ്റ്സിലെ പ്രസിഡന്റും ത്രിമഹാശക്തികളിലെ പ്രമാണിയുമായ ട്രൂമൻ വിഷ്ണു നിശ്ചയിച്ച പ്രതിവിധി!—ഞാൻ നടുങ്ങിപ്പോയി. അവിടെ ഇരിക്കുന്ന സുന്ദരികളുടെ മുൻപിൽ വച്ച് അടി വാങ്ങുക: കരുണ പൊഴിച്ചുകൊണ്ടുള്ള അവരുടെ ആ നോട്ടം: അടി സഹിക്കാം, ആ വീക്ഷണമാണെനിക്കു സഹിച്ചുകൂടാത്തത്. പട്ടുഅയ്യർക്ക് കൂടുതലായി കിട്ടിയ നിർദ്ദേശം കേട്ടപ്പോൾ ഞാൻ വീണ്ടും നടുങ്ങി. അടികളെല്ലാം എന്റെ മുതുകിൽ ഊക്കോടെ വീഴണമെന്ന്. എന്നാലെ "നാച്ചുറാലിററി" ഉള്ളുപോലും. അവിടെ നിന്നിറങ്ങി ഓടിക്കളഞ്ഞാലോ എന്നു ഞാൻ വിചാരിച്ചു. ആ ക്യാമറാ പ്രവർത്തനവിമുഖത കാട്ടിയെങ്കിൽ! ആ ശബ്ദവാഹിനി മൂകമായിരുന്നെങ്കിൽ! പ്രാർത്ഥന ഒന്നും പററിയില്ല. ക്യാമറാ കിറു കിറാ ശബ്ദം മുഴക്കി: മൈക്രോഫോൺ ജോലി ചെയ്തു. ഡയറക്റ്റർ യഹോവാ 'ലൈററ്'' എന്നു വിളിച്ചു പറഞ്ഞു. ക്ലിക്ക്-ക്ലിക്ക്-ക്ലിക്ക്. നൂറു ബൾബുകളിൽ കൂടി പ്രകാശം ചൊരിഞ്ഞു പട്ടുഅയ്യർ അടിയും തുടങ്ങി.

ഒരു പത്തുപതിനഞ്ചടി— അത്യധികമായ വേദനയുണ്ടായിട്ടും അവ സാരമില്ലാ എന്ന മട്ടിൽ ഞാൻ നിന്നുകളഞ്ഞു, വാദ്ധ്യാരുടെ അടി 'നെവർമൈൻഡു' മട്ടിൽ കൈയിൽ വാങ്ങിക്കൊണ്ട് 'പോടോ വാദ്ധ്യാരെ, എനിക്കു ലേശം നൊന്തില്ല' എന്ന മട്ടിൽ ഇരിപ്പിടത്തിലേക്കു പോകുന്ന അധികപ്രസംഗി വിദ്യാർത്ഥിയുടെ മുഖഭാവത്തോടെ. "കട്ട് കട്ട്" ഡയറക്റ്റർ വിളിച്ചു പറഞ്ഞു. പ്രകാശം പൊടുന്നനവെ പൊലിഞ്ഞു: കമാൽ ക്യാമറായിൽ നിന്നു കണ്ണെടുത്തു: ശബ്ദവാഹിനി യന്ത്രം മൂകമായി. അടി കൊണ്ടിട്ട് ഞാൻ ക്രസൽ കാണിച്ചില്ല. അതുകൊണ്ട് ആ ഭാഗം വീണ്ടും അഭിനയിക്കണമെന്ന്. ചുരുക്കത്തിൽ അത്രയും അടി വീണ്ടും ഞാൻ വാങ്ങണം. ഡയറക്റ്ററുടെ ഒരു ഗർജ്ജനം: പ്രകാശം വന്നു: യന്ത്രങ്ങൾ പ്രവൃത്തി തുടർന്നു. പട്ടുഅയ്യർ പൂർവ്വാധികം പ്രസരിപ്പോടെ അടി 'റിപ്പീററു' ചെയ്തു. ഒരു ഉടുപ്പു പോലും ഇല്ല എന്റെ ദേഹത്ത്. മന്നാർ ഹൈസ്കൂളിൽ വച്ച് സുപ്രസിദ്ധ ഹെഡ്മാസ്റ്ററും വിദ്യാഭ്യാസ വിദഗ്ദ്ധനും അച്ചടക്കസിദ്ധാന്തിയും ആയ മി. കെ. പി കൃഷ്ണമേനവൻ അടിച്ചതിന്റെ ശേഷം അടി കൊണ്ടിട്ടും ഇല്ല. ആ പ്രാവശ്യം ഞാൻ ഭംഗിയായി അഭിനയിച്ചു. എന്നു വച്ചാൽ യഥാർത്ഥമായ എന്റെ വേദന ഞാൻ പുറത്തു കാട്ടി എന്നർത്ഥം. ഞാൻ പിടഞ്ഞു, ഞെളിഞ്ഞു, പിരിഞ്ഞു എന്റെ കണ്ണുകളിൽ കൂടി കണ്ണുനീർ ഒഴ



എസ്. പി. എൽ. ധനലക്ഷ്മി (ദേശഭക്തിയിൽ)

കി. "കട്ട്: കട്ട്" ദൂരെ ഇരുന്നിരുന്ന ഡയറക്ടർ വീണ്ടും ക്യാമറാമാന് ആജ്ഞ നൽകി. അദ്ദേഹം തുടർന്നു: "പോരാ! നിന്റെ അടിക്കു ശക്തി പോരാ. കുഞ്ചപ്പാ—" കുഞ്ചപ്പാ—ടാഗോറിനെപ്പോലെയിരിക്കും കണ്ടാൽ—ഡയറക്ടരുടെ ഒരു സഹപ്രവർത്തകനും ആണ്. അദ്ദേഹം പട്ടരയ്യരുടെ കൈയിൽ നിന്നും വടി വാങ്ങി. എന്റെ ഭാവം അല്പമൊന്നു പകർന്നു: എന്റെ സഹനശക്തി കുറെ എല്ലാം എന്നെ ഉപേക്ഷിച്ചു. എന്റെ മുതുകിൽ പല ഭാഗവും അതിനിടയിൽ പൊട്ടിയിരുന്നു. സ്ത്രീകളുടെ ചിരിയാണെങ്കിൽ അതങ്ങിനെ. ചാക്കോച്ചൻ, ആറ്റംബോംബു വീണ ഹിരോഷിമായും നാഗസാക്കിയും നോക്കി ഹിരോഹിറ്റോ ചക്രവർത്തി എന്നപോലെ, എന്നെ മിഴിച്ചങ്ങനെ നോക്കിക്കൊണ്ടിരുന്നു. മി. സുബ്രഹ്മണ്യം—ന്യൂ തിയേറ്റേഴ്സ് പ്രൊപ്രൈട്ടർ—അദ്ദേഹം മാത്രം എന്റെ ഭാവപ്പകർച്ച ഏതാണ്ട് മനസ്സിലാക്കി. അദ്ദേഹം പലതും സംശയിച്ചിരിക്കണം. എന്തെന്നാൽ എന്റെ അടുത്തു വന്ന് അദ്ദേഹം എന്നെ സമാശ്വസിപ്പിക്കുവാൻ പലതും പറഞ്ഞു.

"ജാനമ്മാ! കുട്ടി മിടുമിടുക്കിയാണ്. ചോക്കു വാങ്ങി ആ കണക്കു ബോർഡിൽ ചെയ്തു മറ്റുള്ള കുട്ടികളെ കാണിക്ക്" എന്നൊരു വെൺസാറു പരസ്യമായി ക്ലാസ്സിൽ വച്ചു പറയുമ്പോൾ തെറ്റിച്ചു ചെയ്ത കുട്ടിയുടെ കൈയിൽ നിന്നും ചോക്കു വാങ്ങിക്കൊണ്ടു ബോർഡിന്റെ സമീപത്തേക്കു പോകുന്ന ജാനമ്മക്കുട്ടിയുടെ ഗർവ്വത്തോടും കുന്നങ്ങലോടും കുഞ്ചപ്പാ വടിയുമായി എന്നെ സമീപിച്ചു. "ഇപ്പിടി പോരുമാ". എന്റെ മുതുകിലും നെഞ്ചത്തും ഓരോന്നാടി! ഞാൻ പ്രതീക്ഷിക്കാതെ നിൽക്കുകയായിരുന്നു. അതിനിടയ്ക്ക്. റിഹേഴ്സലാണ്: അടിയുടെ റിഹേഴ്സൽ. ഞാൻ—സഹിച്ചു. വെളിച്ചം ഉണ്ടായി. ക്യാമറാ പ്രവർത്തിച്ചുതുടങ്ങി. റാവു ശ്രവണയന്ത്രം എടുത്തു ചെവിയിൽ വച്ചു—കുഞ്ചപ്പായുടെ അടി. ആ അടി കൊണ്ടപ്പോഴുള്ള സ്വാഭാവികത നിറഞ്ഞ അഭിനയം. കുറെ ഫിലിം വെട്ടിക്കളഞ്ഞാലും അടി ധാരാളം ശേഷിക്കണമെന്നു കരുതിയായിരിക്കണം, കുഞ്ചപ്പാ ഒന്നു കൂട്ടിക്കൊടുത്തു. "ഓ. കേ; ഓ. കെ;" ഡയറക്ടർ വിളിച്ചുപറഞ്ഞു.



T. A. മധുരം

ഷ്മീകാന്തം കൊലക്കേസിൽ എൻ. എസ്. കൃഷ്ണനെ ശിക്ഷിച്ച
ം കുറെക്കാലത്തേക്കു സിനിമാലോകത്തിൽ നിന്നു പിന്മാറിയി
മധുരം ഇപ്പോൾ ദേവദാസി എന്ന തമിഴ് ചിത്രത്തിൽ അഭിന
കൊണ്ടിരിക്കയാണ്. കൊലക്കേസിന്റെ വിധി സാധാരണ
പ്രാഴത്ത ഭാവമാണോ മുഖത്തിൽ ചേർത്തിരിക്കുന്ന ചിത്രത്തിൽ
ന്നതെന്നു വായനക്കാർ തന്നെ നിശ്ചയിക്കുക.

ഹൂട്ടർ വീണ്ടും നിലവിളിച്ചു. ആഹാരത്തിനുള്ള സമയം: ഒരു മണിക്കൂറുണ്ട്. സ്ത്രീകളാം ഒന്നൊന്നായും കൂട്ടമായും എന്റെ ദേഹത്ത് ക്ഷതങ്ങൾ ഉണ്ടോ എന്നു പരിശോധിക്കുവാൻ എത്തി. ഉണ്ടോ എന്നോ! അല്ലാതെ ഒന്നുമില്ല. ചിലരുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. ചിലർ ചിരിച്ചു. വിയർപ്പിൽ അതിനിടയ്ക്കു ഞാൻ മുങ്ങിയിരുന്നു. ആ വിയർപ്പു വ്യാപിച്ചപ്പോഴേക്കും പൊട്ടിയ ഭാഗങ്ങൾ നീറിത്തുടങ്ങി. ഒന്നു തടകാമെന്നു വച്ചാൽ, സ്ത്രീകളുടെ മുൻപിൽ വച്ച് എങ്ങനെയാണ് ക്ഷീണഭാവം പ്രദർശിപ്പിക്കുക. "സാരമില്ല: ഇത്രയും എത്ര അടി ഞാൻ കൊണ്ടിരിക്കുന്നു. കുഞ്ചപ്പായുടെ കൈ നൊന്തിരിക്കും: വടിയും ഒടിഞ്ഞിരിക്കും. അത്ര തന്നെ" എന്ന മട്ടിൽ ഞാൻ നിന്നു. ചാക്കോച്ചൻ എഴുന്നേറ്റു വന്ന് എന്റെ ദേഹത്തേക്കു നോക്കി "കർത്താവേ! കാലന്മാരുടെ അടി: എരുമയെ അടയുന്നപോലെ അറഞ്ഞുകളഞ്ഞല്ലോ ആ പത്തച്ചുകൊണ്ട്." അയാൾ അറിയാതെ പറഞ്ഞുപോയി.

× × × × ×

കാപ്പികുടി കഴിഞ്ഞ് എല്ലാവരും വീണ്ടും സ്റ്റുഡിയോവിൽ എത്തി. ഞാനും കാപ്പി കുടിച്ചു. എന്തൊന്നു കാപ്പികുടി: ശരീരത്തിൽ ഉള്ള നീറൽ അതങ്ങിനെ: സുന്ദരികളായ തരുണികളുടെ മുൻപിൽ വച്ച് ജീവിതത്തിൽ ഉണ്ടായിട്ടില്ലാത്ത അവമാനം അനുഭവിക്കേണ്ടി വന്നല്ലോ എന്നുള്ള വിചാരം ഉള്ളിൽ. ഡയറക്റ്ററോടും കുഞ്ചപ്പായോടും ഉള്ള വിദ്വേഷമാണെങ്കിൽ അതങ്ങിനെ പുകയുന്നു. എന്നിട്ടും ഞാൻ കാപ്പി കുടിച്ചു.

അടുത്തഭാഗം ഷൂട്ടിങ്ങിനുള്ള സകലതും സജ്ജമായി. ഹിരണ്യകശിപു പ്രഹ്ലാദന്റെ വാദ്ധ്യാരുടെ കഴുത്തിൽ കടന്നു പിടിക്കുന്ന രംഗമാണ്. തന്റെ പുത്രനായ പ്രഹ്ലാദനോടൊത്ത് നാരായണനെ സ്തോത്രം ചെയ്യുന്നതിന് ആ ഗുരുവിനെ ശിക്ഷിക്കുന്നഭാഗം. സാരമില്ല, കഴുത്തിൽ കടന്നുപിടിക്കുന്നതു നമ്മുടെ മി. ഗോപിനാഥനാണല്ലൊ എന്നുള്ള വിശ്വാസം, ഹിറ്റ്ലർക്ക് സീഗ്ഫ്രീഡ് ലൈനിനെപ്പോലെ ഒരു ബലം എനിക്കു നൽകി. മി. ഗോപിനാഥന്റെ വേഷസൗഭാഗ്യം അന്യാദൃശമാണ്. ആ ഹിരണ്യകശിപുവിന്റെ വേഷം അത്ര ഭംഗിയായി എനിക്കു തോന്നി. ചിത്രത്തിൽ അത്രത്തോളം ഭംഗി വന്നിട്ടില്ലതന്നെ. ജമിനിയിലെ മേക്കപ്പ് ആർട്ടിസ്റ്റായ ഹരീഷ് ബാബു ഭാവനാസമ്പന്നനായ ഒരു കലാകാരനാണ്. ആ ആലോചനകൾക്കിടയിൽ ഡയറക്റ്റർ വന്നു ഞങ്ങൾക്കു ചില നിർദ്ദേശങ്ങൾ നൽകി. ഞാനും എന്റെ ശിഷ്യഗണങ്ങളുംകൂടി ആനന്ദനൃത്തം ചെയ്യുന്നതിനിടയിൽ ഹിരണ്യകശിപു പെട്ടെന്നു പ്രവേശിച്ചു കഴുത്തു ഞെരിച്ച് എന്നെ കൊല്ലാൻ ഉദ്യമിക്കുന്നുവെന്നും പ്രഹ്ലാദൻ അമരാതെ പിടിച്ചു മാറ്റി എന്നെ രക്ഷിക്കണമെന്നും മറ്റും.

ഞാൻ കുട്ടികളോടൊത്തു നൃത്തം തുടങ്ങി. ഗോപിനാഥൻ അസുരചക്രവർത്തിയുടെ ഭൂവിക്രമപരാക്രമത്തോടും ധാർഷ്ട്യത്തോടും കുതിച്ചു വന്ന് എന്റെ കഴുത്തിൽ പിടികൂടി: മാത്രമല്ല എന്നെ വലിച്ചിഴച്ച് ഒരു ഭിത്തിക്കു സമീപം കൊണ്ടുപോയി എന്റെ തല ആ ഭിത്തിയോടു ചേർത്തു വച്ചു ഞെരിച്ചു. തന്റെ കോട്ടയുടെ അജയ്യതയി

ൻ വിശ്വസിച്ച ഹിററ്ലരുടെ അവസ്ഥ തന്നെ എനിക്കും. മാത്രമല്ല ഒരു ശല്യവും കൂടി. നേരത്തെ കൊണ്ട അടിയിൽ ഒന്നു രണ്ടെണ്ണം എൻെറ കഴുത്തിൽ നല്ല ക്ഷതങ്ങൾ ഉണ്ടാക്കിയിരുന്നു. ആ ഡൺകക്കുകൾ നോക്കിയാണ് ഹിരണ്യസുരൻെറ പിടി. അതു നയം വലിയ ശ്രമം കൂടാതെ തന്നെ എനിക്കു വന്നു. "കട്ട് കട്ട്" ഡയറക്ടർ വിളിച്ചു പറഞ്ഞു. "വലിയ തൊന്തരവായല്ലോ. ഇനിയും പിടലിയുണ്ട്. കാത്തിരാവാൻ. അഭിനയം കൂടി ശരിയാക്കണമെന്നാണ് ഇവന്മാരുടെ നില എന്നു തോന്നുന്നു" ഞാൻ ഗോപിനാഥനോടു മന്ത്രിച്ചു. മീരയ്ക്കും വല്ലതും കോട്ടവും പാറിപ്പോകരുതെന്നു വിചാരിച്ചായിരിക്കണം, ഹിരണ്യകശിപു ചിരിച്ചില്ല: മിണ്ടിയുമില്ല.

എൻെറ അഭിനയത്തിൻെറ ദോഷമല്ല. മി. ഗോപിനാഥന്, രാമകൃ. വിലാസത്തിൻെറ നടപ്പിൽ—നർത്തനകലയിൽ അതിവിദഗ്ദ്ധനായ മി. ഗോപിനാഥൻെറ നടപ്പിൽ അസ്വാഭാവികതയുണ്ടെന്ന് ഒരു അസിസ്റ്റൻറു ഡയറക്ടറുടെ ഒരു വിധി. റിട്ടിലിൻെറ ചാട്ടം പോലെ ആയിരുന്നുപോലും ആ നടപ്പ്. എന്തു ചെയ്യാം അങ്ങിനെ ആരെന്നോരാൾ അങ്ങു പറഞ്ഞുകൊണ്ടാൽ. എന്തോ! പിടലിയിൽ സകല ശക്തികളും കേന്ദ്രീകരിച്ചുകൊണ്ടുള്ള ശ്രമത്തിനിടയിൽ ഞാൻ ആ കാര്യം ശ്രദ്ധിച്ചില്ല. ആംഗികം, വാചികം, ആഹാര്യകം, സാത്വികം എന്ന് അഭിനയത്തിന് നാലു വിധികളുള്ളതിൽ ഒന്നിലും മി. ഗോപിനാഥൻ ഒരു നടനും പിന്നിലായിരിക്കുകയില്ലെന്ന് എനിക്ക് നല്ല വിശ്വാസമുണ്ടായിരുന്നു. പരിശീലന വിധങ്ങൾ തുടർന്നു. ഒരു തവണ: രണ്ടു തവണ: മൂന്നു തവണ— നടപ്പിൻെറ എല്ലാ പരിശീലനവും എൻെറ പിടലിക്ക് ഊക്കായുള്ള പിടിയിലും മതിലിൽ ചേർത്തുള്ള അമർത്തലിലും ആണ് അവ

സാനിക്കുക. നടപ്പിൽ അസ്വാഭാവികതയുണ്ടെന്ന് വിശ്വ
ച്ചു പറഞ്ഞപ്പോഴും ഉള്ള സ്വാഭാവികത കൂടെ നഷ്ട
യി. മി. ഗോപിനാഥൻ വിഷമിച്ചു. ആട പട്ടിയാണെന്ന്
മൂന്നുനാലു പേർ പറഞ്ഞപ്പോൾ പട്ടി തന്നെ ആയിരി
ക്കണമെന്നു വിശ്വസിച്ചുപോയ ആട്ടുടമസ്ഥനെപ്പോലെ താ
ഇത്രയും കാലം നടക്കുകയല്ലായിരുന്നു എന്നു മി. ഗോപി
നാഥനു തോന്നിയിരിക്കണം. ഒടുവിൽ ഡയറക്ടർ
നോട്ടുവന്ന് നടക്കേണ്ടതെങ്ങിനെയെന്നു കാട്ടി. പക്ഷെ
ദേഹത്തിൻെറ പ്രകടനത്തിനും ഉപകരണം എൻെ
കഴുത്തുതന്നെ. ആ പിടിയിൽ ദയയുടെ ലവലേശം പോല
ഇല്ലായിരുന്നു. ശിക്ഷണവും പരിശീലനവും ആയി അ
ഞ്ചിക്കൂർ കഴിഞ്ഞു. അതിനിടയിൽ ഒരു പതിനഞ്ചു പ്രാ
ശ്യമെങ്കിലും എൻെറ കഴുത്തു ഞെരിഞ്ഞിട്ടുണ്ടാവണം.
ഗോപിനാഥൻ ആ ഭാഗം ഒന്നുകൂടി അഭിനയിച്ചു "ഒ.കെ
ഡയറക്ടർ വിളിച്ചു പറഞ്ഞു. പക്ഷെ ആ പിടിയി
മി. ഗോപിനാഥന് ഡയറക്ടറോടും അംഗരത്തിലെ
അന്ധന്മാരോടും തോന്നിയ കാലുഷ്യത്തിൻെറ മൂർ
ഞാൻ നല്ലവണ്ണം അനുഭവിച്ചു. മാത്രമല്ല, അസുരചക്ര
ത്തിയുടെ കോപാവേശം കൊണ്ടായിരിക്കണം, അണിഞ്ഞി
രിച്ചിരുന്ന ഒരു പാറത്തോടൻ മോതിരത്തിൻെറ മുള്ള
ലുള്ള ഒരു ഭാഗംകൊണ്ട് എൻെറ കഴുത്തിൽ ഒരു നീണ്ട
റൽ കൂടി ഉണ്ടായി. ആ പോറലിൻെറ വിള്ളലിൽക്കൂടി
ക്തം സ്രവിച്ചു,

ഞാൻ വിജൃംഭിത വീര്യനാകുന്നതിനുവേണ്ടി ആ
രിക്കണം, മി. സുബ്രഹ്മണ്യം ഇരിപ്പിടത്തിൽ നിന്ന്
ക്ക് ഒരു കപ്പി സോഡാ കൊണ്ടുവന്നു തന്നു ഞാൻ
കുടിച്ചു. "സ്റ്റാർട്ട്" ഡയറക്ടർ ഉച്ചത്തിൽ വിളിച്ചു
റഞ്ഞു. ഒരു നിശ്ശബ്ദത. ഞങ്ങൾ നൃത്തം തുടങ്ങി. വ



ചലച്ചിത്ര നിർമ്മാണം.

ഫിലിം നിർമ്മാണത്തിനുവേണ്ടി ഫോട്ടോ എടുക്കുകയും ശബ്ദം ക്രമീകരിക്കയും മററും ചെയ്യുന്നതിൻെറ ഒരു ചിത്രമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

ന്യകശിപുവും അന്ത ചരണം കൂടി മുഴുനാട്ടുവനും ആപ്രാവശ്യത്തെ വരവു വളരെ നന്നായിരുന്നു. അതുല്യമായ രസസ്ഫുരണം, കളത്തിലെ പിടിയും എന്റെ അഭിനയവും നന്നായി— അഭിനയമല്ല—യഥാർത്ഥ ഭാവം. പക്ഷെ ക്ലിക്കം കമാൽ ജോലി നിർത്തി. കിർ: റാവു മിണ്ടാതെനിന്നു. അന്വേഷിച്ചപ്പോഴാണ് കാര്യം മനസ്സിലായത്. ട്ടരെക്കൂടെ പോയ ഒരു ധാരവേഷക്കാരന്റെ രൂപം കൂടി ക്യാമറായിൽ പതിഞ്ഞുപോയി: മാത്രവുമല്ല, ചാക്കോച്ചൻ ചുമച്ച ഒരു ച്ചുമ ശബ്ദവാഹിനിയന്ത്രത്തിലും കടന്നുകൂടി, "റിപ്പീററ്" ഡയറക്റ്ററർ ആജ്ഞാപിച്ചു.

iii

ഞാനും മി. സുബ്രഹ്മണ്യവുമായി വീണ്ടും സീതാവിലാസത്തിലെ ആ മുറിയിൽ ഇരിക്കുകയായിരുന്നു. ഞാൻ എന്റെ ദുർവിധിയെ പഴിച്ചുകൊണ്ടും എന്റെ സ്നേഹിതൻ എന്റെ അഭിനയ ചതുരതയിൽ എന്നെ അനുമോദിച്ചുകൊണ്ടും. ചാക്കോച്ചൻ കടന്നു വന്നു.

"ഊണുകഴിഞ്ഞോ?" മി. സുബ്രഹ്മണ്യം ചോദിച്ചു. ന്റെ ജോലിത്തിരക്കുകൾക്കിടയിലും ചാക്കോച്ചന് ഊണുകൊടുക്കണമെന്ന് തന്റെ അരിവെപ്പുകാരനോട് കാലേക്കൂട്ടി ഏർപ്പാടു ചെയ്യുന്നതിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

"ഊണു കഴിച്ചു— പിന്നെ മററ കക്ഷി—പടത്തിൽ തുപോലൊന്നുമില്ല. ഇദ്ദേഹം എന്നെ ആ അമ്പിന്റെടത്തേക്കുവിളിച്ചുകൊണ്ടുപോയി. വർത്തമാനം പറയിച്ചു" ചാക്കോച്ചൻ ഒടുവിലത്തെ ഭാഗം എന്നോടായിരുന്നു പറഞ്ഞത്. 'മററ കക്ഷി' എന്നു പറഞ്ഞത് അയാളുടെ ഹൃദയരി ആയിരുന്ന ആ താരം ആണ്.

"അവരുടെ അരിവെപ്പുകാരനോ ചോറ്റാം ആയി ഴിയുന്നതിന് അനുവാദം വാങ്ങിത്തന്നാൽ മതിയെന്ന് ൻ പറഞ്ഞല്ലോ. എന്താണ്, ഏർപ്പാടു ചെയ്തോ?" ൻ ചോദിച്ചു.

"ഹെയ്! എനിക്ക കഴികയില്ല. എല്ലാം എന്നോടിട്ട വിസ്തരിച്ചു പറഞ്ഞു. അതല്ലെങ്കിലും എന്റെ സൌന്ദര്യം പോരാ അവളുടെ രാജാപാർട്ടാകുന്നതിന്. ഏ കൊമ്പൻ മീശക്കാർ അവളുടെ അടുത്ത് കിട്ടുകിടാ വിച്ചുകൊണ്ടു നിൽക്കുന്നു. കോട്ടയത്തെ ചെറിയാച്ചൻ പറഞ്ഞത് ശുദ്ധകളം, ഇങ്ങോട്ടു വന്നെങ്ങാൽ മതിയെന്ന്. ചാക്കോച്ചന്റെ സ്വരത്തിൽ നിരാശയുടെ ഒരു നിഴലുണ്ടായിരുന്നു.

"ഒന്നു രണ്ടു പടത്തിൽ അഭിനയിക്കണം. ആ അഭിനയത്തിന്റെ രസികത്വം കണ്ട് ചാക്കോച്ചനെ അവർ രാജാപ്പാർട്ടായി ക്ഷണിക്കും." ഞാൻ പറഞ്ഞു.

"ശരിയായിപ്പോയി. ചെങ്ങാതിയുടെ അനുഭവം ഞാൻ കണ്ടു. പിടലി മുഴുവനും കപ്പസ്സു കുഴിവെട്ടിയിരിക്കുകയാണല്ലൊ. ഞാൻ വിചാരിച്ചു രാജകുമാരനായി സൂത്രത്തിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നാൽ മതി: അവളുടെ ചക്രവും നമുക്കടിച്ചെടുക്കാമെന്ന്. തിരിച്ചുപോയാൽ മതിയായിരുന്നു. പക്ഷെ കൈയിൽ ചക്രമില്ല. ഉണ്ടായിരുന്നതു മുഴുവൻ രാജാപ്പാർട്ടാക്കാമെന്നും പറഞ്ഞ് വരുന്നവഴി ഒരുത്തൻ വിക്കിക്കളഞ്ഞു: ആ വിദ്വാനെ ഒന്നു കണ്ടെങ്കിൽ എനത്തിനു രണ്ടുപറയാമായിരുന്നു." ചാക്കോച്ചന്റെ കണ്ണുകളിൽ കോപത്തിന്റെ കിരണങ്ങൾ പ്രകാശിച്ചുമറ്റ.

മി. സുബ്രഹ്മണ്യം തന്റെ പേഴ്സു തുറന്നു പത്തു രൂപായുടെ ഒരു നോട്ടെടുത്തു. ചാക്കോച്ചന്റെ കൈയിൽ കൊടുത്തു അയാൾ അതു വാങ്ങി "ചാക്കോച്ചന്റെ ഒരു താങ്ക്സ്" എന്നു പറഞ്ഞ് ഇറങ്ങിപ്പോയി. ചാക്കോച്ചൻ വല്ലയിടത്തും കേരള സൈഗാളായി പറന്നു നടക്കുന്നോ അതോ ഭാഗ്യയുമായി ചങ്ങനാശ്ശേരിയിൽ കഴിയുന്നോ എന്നറിഞ്ഞുകൂടാ. അയാളെ തെററുകാരനെന്നു പറയാമോ. ആ സൗന്ദര്യം, സുദുർല്ലഭമാണ്, മാദകമാണ്. അയാൾ വിചാരിച്ചു: രസിക്കണം അവളുടെ ആ വിലാസ വായ്പിൽ; ഉന്മത്തനാകണം, അവളുടെ സംഗീതത്തിൽ; ചാഞ്ചാടണം, അവളുടെ ആ നൃത്തത്തിൽ, എന്ന്. ആ മണിമലക്കാരി— ഒരു വനകുസുമം മാത്രമാണവൾ: ശുദ്ധ ഗ്രാമീണ ബാലിക. കലാരസികയല്ലവൾ, സുന്ദരിയല്ലവൾ. ഒരു പക്ഷെ പ്രേമനാടകത്തിലെ രക്തസാക്ഷികളുടെ എണ്ണത്തിൽ നിന്ന് ഒരാളിനെയെങ്കിലും മോചിപ്പിച്ച എന്ന് മി. സുബ്രഹ്മണ്യത്തിനു് അഭിമാനിക്കാം. ഏതായാലും പ്രഹ്ലാദൻ എന്ന ചലച്ചിത്രം ഓർക്കുമ്പോഴെല്ലാം "ചാക്കോച്ചനും ആ താങ്കും" എന്റെ സ്മരണയിൽ എത്തിച്ചേരാറുണ്ട്.



ഭാരത നാട്യകല.

ഹോളിവുഡ്ഢ്.

സിനിമാപ്രണയികളുടെ മായാലോകം.


(പി. ആർ. എസ്സ്. പിള്ള, *B, A.*)

ഒരു മായാലോകമാണത്. അവ്യക്തമായ ആകാംക്ഷകളോടും മാധുര്യമേറിയ പ്രതീക്ഷകളോടുംകൂടിയാണ് നാം ആ അത്ഭുതപ്രപഞ്ചത്തെപ്പററി ചിന്തിക്കുന്നത്. ഹവ്വായുടെ ശരീരാഛാദനസമ്പ്രദായം മുതൽ പർദാ സമ്പ്രദായം ആചരിക്കുന്നവരുടെ വസ്ത്രധാരണരീതിവരെയുള്ള സർവ്വവിധ പ്രയോഗവിശേഷങ്ങളും മണിക്കൂർതോറും ഹോളിവുഡ്ഢിൽ പ്രത്യക്ഷപ്പെടുന്നതു കാണാം. ഉദ്യാനവും മഹാവനവും, റോസാപുഷ്പവും കള്ളിമുള്ളും, ചെററക്കുടിലും രാജമന്ദിരവും, അന്ധകാരവും പൂനിലാവും........എന്നുവേണ്ട സകലതുമുണ്ടവിടെ അവിടില്ലാത്തതൊന്നുമില്ല. ഒരു മായാലോകംതന്നെ! സിനിമാപ്രണയികളുടെ ആശാക്ഷേത്രമോ, ആദർശലോകമോ ആണ് ഹോളിവുഡ്ഢ് എന്നു പറയുന്നതിൽ വല്ല അസാംഗത്യവുമുണ്ടോ, ആവോ?

പ്രകൃതിസുന്ദരമായ ഒരു ഭൂഭാഗമാണ് ഹോളിവുഡ്ഢ്. ഏററവും അധികം പണം ചിലവുചെയ്തു തയാറാക്കുന്ന സിനിമാപ്പടങ്ങൾ, ഏററവുമധികം നിരൂപണങ്ങളും പ്രശംസകളും ലഭിക്കുന്ന ചലച്ചിത്രങ്ങൾ, ഹോളിവുഡ്ഢിൽനിന്നുമാണു പുറത്തുവരുന്നത്. അനേകലക്ഷം പവൻ മൂലധനത്തോടുകൂടിപ്രവർത്തനംനടത്തുന്നഅസംഖ്യം സിനിമാ വ്യവസായശാലകൾ അവിടെയുണ്ട്. പട്ടിണിയിൽനിന്നും മഹാമാരിയിൽനിന്നും ഒഴിഞ്ഞുമാറി സമുദായത്തിന്റെ ഉപരിഭാഗത്തിരുന്ന് ജീവിതത്തെ സംതൃപ്തിയോടെ വീക്ഷിക്കുന്നഭാഗ്യവാന്മാരെ രസിപ്പിച്ച് അവരുടെ അനുഗ്രഹം സമ്പാദിക്കുക എന്നുള്ളതാണ് ഹോളിവുഡ്ഢിലെ സിനിമാ വ്യവസായികളുടെ പ്രഥമാദർശം.

ദേവതമാരോടും ദേവന്മാരോടും എന്നതുപോലെയാണു, നടന്മാരോടും നടികളോടും ഹോളിവുഡ്ഢിലെ ലക്ഷപ്രഭുക്കളായ വ്യവസായികൾ പെരുമാറുന്നത്. താരങ്ങളെ, സ്ഥാനത്തും അസ്ഥാനത്തും അഭിവാദനം ചെയ്യണം. അവരുടെ പട്ടികളുടെ ആരോഗ്യസ്ഥിതിയേപ്പററി അന്വേഷിച്ചുകൊണ്ടിരിക്കണം. ശീതോഷ്ണാവസ്ഥ അനുസരിച്ചു കുളിക്കാനുള്ള വെള്ളത്തിന്റെ ചൂടും തണുപ്പും നിയന്ത്രിക്കാൻ സേവകർക്കുവേണ്ട നിർദ്ദേശം നൽകണം. ഓരോ താരവും പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വിനോദങ്ങൾ ഏതെല്ലാമെന്നറിഞ്ഞു്, അവയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. അന്നന്നുള്ള ഫാഷനനുസരിച്ച് നടികൾ തുന്നിക്കുന്ന "ഈവനിംഗ്ഡ്രസ്സി"ന് 'ലൂസ്' അധികമായാൽ തയ്യൽക്കാരനു സന്ദർഭോചിതമായ താക്കീതു നൽകണം........ഹോ! അഭിമാനം നശിക്കുന്ന വ്യവസായം! പക്ഷെ വ്യവസായികൾക്കതിൽ വിഷമമില്ല—അവർ പറയും—"എന്തുവേണമെന്ന്—നോക്കണം ചാക്ക് ചാക്കായിട്ടല്ലേ പവൻ വന്നുവീഴുന്നതെന്ന്."

കമ്പനി ഉടമസ്ഥർക്ക് ചില അധികാരങ്ങളെല്ലാമുണ്ട്. നടീനടന്മാർ അച്ചടക്കരഹിതമായ് പെരുമാറുന്നപക്ഷം അനുയോജ്യമായ ശിക്ഷകൾ നൽകുവാനുള്ള അവകാശം അവർക്കുണ്ട്. ഈ അച്ചടക്കത്തിന്റേയും ശിക്ഷയുടേയും രൂപമൊക്കെ എന്തായിരിക്കുമെന്ന് നമുക്കാർക്കും അറി



നിരവധി തെലുങ്കുചിത്രങ്ങളിൽ പ്രഥമഭാഗം അഭിനയിച്ചിട്ടുള്ള
(*V.* നാഗയ്യായും കാഞ്ചനമാലയും.)

ണ്ടുകൂടാ. എന്നാൽ ഒരുകാര്യം പറയണമല്ലോ. പടമെടുപ്പുശാലയിൽ പ്രവേശിച്ചുകഴിയുമ്പോൾ സിനിമാതാരങ്ങളുടെ എല്ലാം ഗർവ്വ് താനേ അടങ്ങുന്നു. പിന്നെ അവർ പൂച്ചകളാണ്. കളരിപ്പള്ളിക്കൂടത്തിലെ കുട്ടികളേപ്പോലെയാണ് ഡയറക്ടരുടെ ആജ്ഞകളെ അവർ അനുസരിക്കുന്നതു്. അസാധാരണമായ പ്രസിദ്ധി നേടിക്കഴിഞ്ഞിട്ടുള്ള നടീനടന്മാർക്കുമാത്രം അഭിനയത്തിൽ ചില സ്വാതന്ത്ര്യമെല്ലാം ലഭിക്കാറുണ്ട്. അഭിനയപ്രധാനങ്ങളായ ഭാഗങ്ങളെല്ലാം ഡയറക്ടർ അഭിനയിച്ചുകാണിക്കും, അഭിനയിക്കാനുള്ളവർ അതു് അതേപടി പകർത്തിക്കൊള്ളണം.

ക്യാമറാക്കാരെയും മേയ്ക്കപ്പുകാരെയും നടികൾക്ക് വലിയ കാര്യമാണ്. എന്താണെന്നോ? അവരുടെ കൈകളിലാണ് നടികളുടെ സൗന്ദര്യം സ്ഥിതിചെയ്യുന്നതു്. നീണ്ടമുഖത്തിൽ വളവുവരുത്താനും, ഉരുണ്ടുതുടുത്ത കവിളിൽ മത്തങ്ങാവര വീഴ്ത്താനും, ആകർഷതമമായ കണ്ണുകൾക്ക് കോങ്കണ്ണിന്റെ പ്രതീതി നൽകുവാനും പ്രതികാരപ്രിയനായ ഒരു ക്യാമറാക്കാരനു നിഷ്പ്രയാസം കഴിയും. ഹോളിവുഡ്ഡിലെ മേക്കപ്പുകാർ വിശ്രുതരാണ്. മനുഷ്യശരീരത്തിൽ അവർ വരുത്തിക്കൂട്ടുന്ന വ്യത്യാസങ്ങൾ അത്ഭുതാവഹങ്ങളാണ്. യുവതിയെ വൃദ്ധയാക്കുക, വൃദ്ധയെ തരുണിയാക്കി മാററുക—ഇതൊന്നും അവർക്കു വിഷമമുള്ള കാര്യങ്ങളല്ല. മേക്കപ്പുകാരുടെ അപ്രീതി സമ്പാദിക്കുന്ന നടി, അധികം പടങ്ങളിൽ പിന്നെ അഭിനയിക്കുമോ എന്നുള്ള സംഗതി സംശയാസ്പദമാണ്.



സോബനാസരത്ത് & ചന്ദ്രമോഹൻ.
(നൌക്കർ എന്ന ഹിന്ദി ചിത്രത്തിൽ.)

പടമെടുപ്പ് തീരുന്നതുവരെ, നടീനടന്മാരുടെ ആരോഗ്യാവസ്ഥ പരിപാലിക്കേണ്ടതു തങ്ങളുടെ കർത്തവ്യമാണെന്ന് ഹോളിവുഡ്ഡിലെ സിനിമാ വ്യവസായികൾ കരുതുന്നു. ആഹാരം, വ്യായാമം എന്നീ കാര്യങ്ങൾ സംബന്ധിച്ചു പല നിബന്ധനകൾക്കും സിനിമാതാരങ്ങൾ വിധേയരാണ്. ഡോക്ടർ പരിശോധിച്ചതിനുശേഷം, ഓരോ നടിയുടേയും നടന്റേയും ശരീരസ്ഥിതിക്കനുസരണമായ ആഹാരക്രമവുംവ്യായാമവും എപ്രകാരമായിരിക്കണമെന്ന് അധികാരസ്ഥാനങ്ങളിൽ റിപ്പോർട്ടു ചെയ്യുന്നു. ഈ റിപ്പോർട്ട് അക്ഷരംപ്രതി അനുസരിക്കുവാൻ താരങ്ങൾ കടപ്പെട്ടവരാണ്. പരിഷ്കൃതലോകത്തിനു പരിചയമുള്ള സകലവിധ കായികവിനോദ സജ്ജീകരണങ്ങളും ഹോളിവുഡ്ഡിലെ സിനിമാവ്യവസായശാലകളിൽ ഏർപ്പെടുത്തപ്പെട്ടിട്ടുണ്ട്.

ശൃംഗാരം, പ്രേമം, പ്രണയം, ഒളിച്ചോട്ടം, നഗ്നനൃത്തം, ശക്തിയേറിയ കുറേ ചുംബനങ്ങൾ—ഇതാണ് ഹോളിവുഡ്ഡിലെ എൺപതു ശതമാനം സിനിമകളുടേയും കഥ. ഈ കഥകളുടെ ആസ്വാദ്യതയേ തെളിയിക്കുവാൻ ഹോളിവുഡ്ഡുകാർ പല ന്യായങ്ങളും പറയും:—"പാവനമായ ഒരു വികാരമാണ് ശൃംഗാരം, പ്രണയമാണ് ജീവിതത്തിന്റെ ജീവൻ—ചുംബിക്കുന്നതു് പാപമാണോ? ആണെങ്കിൽതന്നെ വെറും അഭിനയമല്ലേ സിനിമായിലുള്ളതു്? അകൃത്രിമസുന്ദരമായ ജീവിതത്തെയല്ലേ നഗ്നനൃത്തം സൂചിപ്പിക്കുന്നതു്?"—ഇങ്ങനെയാണ് അവരുടെ വാദഗതി. "അയ്യോ! അതേ സാറെ, അതെ—സമ്മതിച്ചു—" നാമങ്ങു സമ്മതിച്ചുകൊടുത്തേക്കണം. അതാണുനല്ലതു്. പിന്നെ ഉപദ്രവമില്ലല്ലോ. നമുക്കറിഞ്ഞുകൂടെ, ആ പടങ്ങളെല്ലാം പൊള്ളയാണെന്ന്! അവ നമ്മെ രസിപ്പിക്കുന്നുണ്ട്. അയവിറക്കാൻ ഒരൊററക്ഷണം പോലും തരുന്നില്ലെന്നുമാത്രം. ലോകത്തിലുള്ള ഏററവും മികച്ച പടങ്ങൾ മിക്കതും ഹോളിവുഡ്ഡാണ് നിർമ്മിക്കുന്നതെന്നുള്ള പരമാർത്ഥവും നാം വിസ്മരിക്കരുതു്. ഹോളിവുഡ്ഡ് സിനിമാ വ്യവസായശാലകളിലെ സാങ്കേതികവിദഗ്ദ്ധന്മാർ അജയ്യരാണ്. അവരോടു മല്ലിടുവാൻ ഭാരതത്തിനു സാധിക്കണമെങ്കിൽ കുറഞ്ഞതൊരു പത്തുകൊല്ലമെങ്കിലും ഇനി കഴിയണം.

സന്മാർഗ്ഗനിഷ്ഠയുടെ കുറവിൽ ഭാരതത്തിലെ സിനിമാ ലോകം ഹോളിവുഡ്ഡിനോട് ഏതാണ്ടു സമാനമാണ്. എന്നാൽ ഹോളിവുഡ്ഡുകാർ ബുദ്ധിയുള്ളവരാണ്. അസന്മാർഗ്ഗികതയെ അവർ നിയമത്തിനുള്ളിൽ ഒതുക്കിക്കളഞ്ഞു. ഒരു മാസംമുതൽ ഒരു മണിക്കൂർവരെ ദീർഘിക്കുന്ന വിവാഹങ്ങൾ അവിടെ അപൂർവ്വങ്ങളല്ല. നമ്മുടെ തലച്ചോറിന്റെ കുറവു നോക്കണേ!

മൂടുപടം.

(വെണ്ണിക്കുളം ഗോപാലക്കുറുപ്പ്)

(പാന.)

നിങ്ങളെന്തും പറഞ്ഞു ചിരിക്കുവിൻ:
ഞങ്ങൾതൻ കഥ ഞങ്ങൾക്കറിഞ്ഞിടാം.

പണ്ടുമിന്നുമൊരുത്തനൊരുത്തിയെ-
ക്കണ്ടുപോയാലനുരാഗമാണുപോൽ!
പുള്ളിമാൻകണ്ണിയാളോടു മിണ്ടിയാ-
ലുള്ളവസ്ഥയെന്തൂഹിച്ചുകൊള്ളുവിൻ.

ദേവിയേത്തൊഴാൻമാത്രമാണന്നു ഞാൻ
കോവിലിൽപ്പോയതാണയിട്ടീടുവൻ;
'ദേവകിക്കുട്ടി'യങ്ങെത്തുമെന്നൊരു
ഭാവനപോലുമില്ലായിരുന്നമേ.
ഒന്നുകൂടിസ്സരിക്കു കഥിക്കുകിൽ—
ക്കന്യയാരെന്നറിഞ്ഞിരുന്നില ഞാൻ.
നാരിമാർക്കും പുമാന്മാർക്കുമൊന്നുപോ—
ലൂരകത്തമ്മ പൂജാർഹയല്ലയോ?
ആകയാലൊരു ശങ്കകൂടാതകം
പൂകിയാലതിൽത്തെററില്ലൊരല്പവും.

നിങ്ങളെന്തുംപറഞ്ഞു ചിരിക്കുവിൻ!
ഞങ്ങൾ തൻകഥ ഞങ്ങൾക്കറിഞ്ഞിടാം.

വെൺപിറാവിനെപ്പോലെ മിന്നുത്തൊര-
പ്പെൺപിറപ്പിനെക്കാണാതിരിക്കുവാൻ,
കണ്ണു പൊത്തീല ഞാനതു കുററമെ-
ന്നെണ്ണുമോ നിങ്ങളെങ്കിൽ ഞാൻ തോററുപോം.
കാവിൽ നിൽക്കുന്ന പൂവിനേക്കണ്ടപോൽ
കായ്മത്രയ്ക്കും നിസ്സാരമല്ലയോ?
ഒന്നു നോക്കിനാളെന്നെയും; നോട്ടമോ
നിന്നതില്ലൊരു കാൽ മാത്രയെങ്കിലും
മിന്നൽപോലെ മറഞ്ഞു കൃശോദരീ,
തെന്നലൊന്നു തലോടിയ മെയ്യൊടേ.
നിങ്ങളെന്തും പറഞ്ഞു ചിരിക്കുവിൻ!
ഞങ്ങൾതൻ കഥ ഞങ്ങൾക്കറിഞ്ഞിടാം.
നേരറിയാതെ കൂട്ടരേ, നിങ്ങളി-
ലാരു ചൊല്ലിയതെങ്കിലുമാവട്ടെ;
"പാവമീയിടെസ്സായാഹ്നവേളയി-
ലാവഴിയ്ക്കേ നടക്കാറുമുള്ളപോൽ."

പാതവക്കത്തു മാളികവെച്ചതിൽ-
പ്പാടലാംഗിക്കു പങ്കില്ല; നിശ്ചയം.
അച്ഛനങ്ങനെ തോന്നിയിരിക്കണ-
മിച്ഛപോലതു നിർമ്മിച്ചതാവണം.
ചേണലാവുമാമേടയിൽ നിന്നൊരു
വീണവായന കേൾക്കാം പലപ്പൊഴും.
നല്ല സംഗീതമെങ്ങുനിന്നാകിലും
കല്ലുപോലെ ഞാൻ നിന്നുപോം നിർണ്ണയം,
നീട്ടിയോരോന്നുരയ്ക്കാതെ നിങ്ങളും
പാട്ടുകേട്ടു രസിക്കാൻ പഠിക്കണം.

നിങ്ങളെന്തും പറഞ്ഞു ചിരിക്കുവിൻ!
ഞങ്ങൾ തൻ കഥ ഞങ്ങൾക്കറിഞ്ഞിടാം.

'ഗീത'യുണ്ടെങ്കിലിങ്ങോട്ടയയ്ക്കണം:-
ഭൂതിയെ വിട്ടു; നൽകി ഞാൻ;- വാസ്തവം.
നിങ്ങളിലൊരാളാളയച്ചീടില്ല—
മിങ്ങിരിക്കുന്ന പുസ്തകം കിട്ടിടും;
ഹന്ത! പിന്നെപ്പഴിക്കുന്നതെന്തിനാ—
ണെന്തനുരാഗസൂചനയുണ്ടതിൽ?
'താങ്ങഴി'യിലെ മുത്തശ്ശിയോടു ഞാൻ
വാങ്ങിയിന്നൊരു പുസ്തകം നോക്കുവാൻ
ഞങ്ങൾ തമ്മിലും രാഗമാണെന്നു ഹാ!
നിങ്ങൾ നാളെപ്പറഞ്ഞു പരത്തിടും........

നിങ്ങളെന്തുംപറഞ്ഞു ചിരിക്കുവിൻ!
ഞങ്ങൾതൻ കഥ ഞങ്ങൾക്കറിഞ്ഞിടാം.

ഹോളിവുഡ്ഡിൻെറ മലിനതകൾ കലരാത്തതും, ഹോളിവുഡ്ഡിലെ സമർത്ഥമായ പ്രവർത്തനരീതികൾ ഉൾക്കൊള്ളുന്നതുമായ ഒരു സിനിമാനിർമ്മാണവ്യവസായം ഭാരതത്തിൽ ഉദയം ചെയ്യുന്നതു് കാണുവാൻ നാമിനി എത്രനാൾ കാത്തിരിക്കേണ്ടിവരും?



K. L. V. വസന്ത.

('ചിത്ര' എന്ന പടത്തിൽ.)

വനമാല.

സിനിമായിൽ പ്രവേശിച്ചതെങ്ങനെ?

(കെ. എ. അബ്ദുൽ ലത്തീഫ്.)

അഭിനയത്തിലും സൌന്ദര്യാതിരേകത്തിലും സംഗീതാഭിജ്ഞതയിലും ഒരുപോലെ അദ്വിതീയസ്ഥാനം സമാർജ്ജിച്ചിട്ടുള്ള ഒരുൽകൃഷ്ടകലാംഗനയാണ് ശ്രീമതി വനമാല.

ഉന്നതവിദ്യാസമ്പന്നയായ ഈ മനോജ്ഞഗാത്രി 1915 മെയ് 22-ാംനു- ഉജ്ജയിനിയിലാണ് ജനിച്ചതു്. യഥാർത്ഥനാമം സുശീലാബായി എന്നാണ്. എങ്കിലും സിനിമാലോകത്തിൽ വനമാല എന്ന പേരിലാണ് അധികവും പ്രസിദ്ധയായിരിക്കുന്നതു്. പിതാവ് ഗ്വാളിയോർ നാട്ടുരാജ്യത്തിലെ ഒരു മന്ത്രിയായിരുന്നു. വിദ്യാഭ്യാസം ചെയ്തതും ബാല്യകാലം മുഴുവൻ കഴിച്ചുകൂട്ടിയതും ഉജ്ജയിനിയിൽതന്നെയാണ്. ബി. ഏ. ബി. ടി. പാസ്സായതിനു ശേഷം കുറേക്കാലം അദ്ധ്യാപികയായി ജോലിനോക്കുകയുണ്ടായി. വനമാലയ്ക്കു് പാശ്ചാത്യദേശങ്ങളിൽ പോയി ഉയർന്ന പരീക്ഷകൾ പാസ്സാകണമെന്ന് അതിതീവ്രമായ ആഗ്രഹമുണ്ടായിരുന്നു. എന്നാൽ പിതാവിൻെറ പെട്ടെന്നുള്ള മരണം അവളെ നിരാശയിൽ നിമഗ്നയാക്കി. സ്വന്തമായി ജീവിതം നയിക്കുവാൻ അവൾ നിർബ്ബന്ധിതയായിത്തീർന്നു. അങ്ങിനെ അവൾ അദ്ധ്യാപികവൃത്തി സ്വീകരിക്കുകയാണുണ്ടായതു്.

ലളിതകലകളോട് വനമാലയ്ക്കു് സ്വാഭാവികമായി തന്നെ പ്രേമമുണ്ടായിരുന്നു. എന്നാൽ തനിക്കെന്നെങ്കിലും ഒരഭിനേത്രയായിത്തീരുവാൻ കഴിയുമെന്നവർ സ്വപ്നത്തിൽപോലും കരുതിയിരുന്നതല്ല.

അന്ന് 'ആചാര്യ അത്രേ'യായിരുന്നു "നവയുഗി"ലെ നിർമ്മാതാവ്. വനമാലയുടെ അനിതരസാധാരണമായ അഭിനയപാടവവും സൌന്ദര്യധോരണിയും മററും കണ്ട് ഈ മഞ്ജുളാംഗി സമർത്ഥയായ ഒരഭിനേത്രയായിത്തീരുവാൻതക്ക യോഗ്യതയുള്ളവളാണെന്ന് പ്രതിഭാശാലിയായ പ്രൊഫസ്സർ മനസ്സിലാക്കി. അദ്ദേഹം വനമാലയോടു സിനിമാജീവിതത്തിൽ പ്രവേശിച്ചാൽ നന്നായിരിക്കുമെന്നുപറഞ്ഞു. വനമാല അത്ഭുതപ്പെടുകതന്നെ ചെയ്തു. ഒരഭിനേത്രയാകുക! അവളതൊരിക്കലും കരുതിയിരുന്നതല്ലല്ലോ.

എന്നാൽ അന്നുമുതൽ ഒരു കലാവതിയായിത്തീരണമെന്നുള്ള ഒരു നൂതനാഭിലാഷം അവളിൽ അങ്കുരിച്ചു. അവർ സംഗീതവും നൃത്തവും അഭ്യസിക്കുവാൻ തുടങ്ങി അഭിനേത്രയായിത്തീരണമെന്നുള്ള ഏക ഉദ്ദേശത്തോടെയാണ് അവർ ഇതെല്ലാം പഠിക്കുവാൻ തുടങ്ങിയതു്.

എന്തിനേറെ, 1940-ൽ ഈ അനുപമസുന്ദരി പൂനയിലെ നവയുഗ് കമ്പനിയിൽ ചേർന്നു. അവരുടെ ചിത്രമായ 'ലപാണ്ഡവി'യിൽവനമാല ആദ്യമായിപ്രത്യക്ഷപ്പെട്ടപ്പോൾ പ്രേക്ഷകരെല്ലാം ഈ അഭിനേത്രിയുടെ അനന്യസാധാരണമായ രൂപവിലാസവും അഭിനയകുശലതയും മററും കണ്ട് ഹർഷപുളകിതരായിച്ചമഞ്ഞു. അന്നു വനമാലയ്ക്കു് ഏകദേശം 25 വയസ്സ് പ്രായമുണ്ടായിരുന്നു. പൂർണ്ണയൌവനത്തിൻെറ തിങ്ങിവിങ്ങലിൽ പ്രകൃതിസുഭഗമായ അവളുടെ കോമളകളേബരം മാദകോദ്ദീപകമായ ഒരു ഭാവം കൈക്കൊണ്ടിരുന്നു. പനിമതിക്കുപോലും ലജ്ജയിയററുവാൻ പര്യാപ്തമായ ആ മഞ്ജുളാനനത്തിൽനിന്നും ഒരു പ്രഭാപൂരം പ്രവഹിച്ചിരുന്നു- അങ്ങിനെ അവൾ ഒരു ദിവ്യാംഗനയേപ്പോലെ വിലസി.

ലപാൺടവിക്കുശേഷം! നവയുഗ് കമ്പനിക്കാരുടെ തന്നെ നിരവധി ചിത്രങ്ങളിൽ അവൾ പ്രധാന അഭിനേത്രിയുടെ ഭാഗം അഭിനയിക്കുകയുണ്ടായിട്ടുണ്ട്. അവയെല്ലാം ഇവിടെ അവശ്യവക്തവ്യമാണെന്നു തോന്നുന്നില്ല.

വനമാലയുടെ ഖ്യാതി വിശ്വമെങ്ങും പരന്നതു് "സിക്കന്തർ" എന്ന ഉൽകൃഷ്ട ചിത്രത്തോടുകൂടിയാണ്. അതോടുകൂടിയാണു സിനിമാക്ഷേത്രത്തിൽ അവൾ ലബ്ധപ്രതിഷ്ഠയായിത്തീർന്നതും.

സ്ത്രീ! സ്ത്രീലോകത്തിൻെറ നാശകാരിയാണ് പുരുഷന്മാരെ കർമ്മവിമുഖരാക്കി, അലസരാക്കി, തങ്ങളുടെ സുഖത്തിനുവേണ്ടി ആകർഷിച്ചുപിടിക്കുന്ന അയസ്കാന്തമാണ് സ്ത്രീ! വീരഗ്രപ്രതാപത്തോടെ കർമ്മോന്മുഖനായി "രിപുകുലത്തെ മഥിച്ചു"കൊണ്ട് മുമ്പോട്ടുകുതിക്കുന്ന ജൈത്ര



M. S. സുബ്ബലക്ഷ്മി.
(കോകിലഗാന ഇശൈവാണി.)

വീൎയ്യനായ സാമ്രാട്ടിനെ സൌന്ദൎയ്യമാകുന്ന മരീചികയിൽ വീഴ്ത്തുന്ന സ്ത്രീ പരിത്യാജ്യയാണ്. അതുകൊണ്ട് നിന്റെ ഹൃദയം കവൎന്നുകളഞ്ഞിരിക്കുന്ന ഈ സുന്ദരാംഗിയെ നീ ഉടനെ പരിത്യജിക്കണം. അവൾക്കു നിന്റെ ഹൃദയത്തിൽ ഒരിക്കലും സ്ഥാനം അനുവദിച്ചുകൂടാ. നീ ഇതാ കൎമ്മവിമുഖനായിത്തീൎന്നിരിക്കുന്നു; ക്ഷണികവും മിഥ്യയുമായ ഭോഗസാമ്രാജ്യത്തിലേക്ക് അവൾ നിന്നെ വശീകരിച്ചെത്തിച്ചിരിക്കുന്നു. ഉടനെ അതിൽ നിന്നും വിമുക്തനാകുവാൻ ശ്രമിക്കു അല്ലെങ്കിൽ നീ ഇതോടെ നശിക്കും; ലോകജേതാവായിത്തീരണമെന്നുള്ള നിന്റെ ആശ ഒരിക്കലും നിറവേറുകയുമില്ല. എന്നെല്ലാം തന്റെ ശിഷ്യനായ സിക്കന്തരോട് (അലക്സാണ്ടർ) ഉപദേശിക്കുന്ന സുപ്രസിദ്ധ യവനാദർശനീകനായ അരിസ്റ്റോട്ടലിനെ വശഗനാക്കി കരങ്ങുകളിപ്പിക്കുന്ന ആ ഗ്രീക്കസൌന്ദൎയ്യധാമത്തിന്റെ ഭാഗം എത്രയും ഭാവപൂൎണ്ണമായും തന്മയത്വമായുമാണ് വനമാല അഭിനയിച്ചിട്ടുള്ളതെന്നു പ്രസ്തുത ചിത്രം കണ്ടിട്ടുള്ള കലാബോധമുള്ളവൎക്കറിയാം.

പിന്നീട്, ഗർജ്ജാംവായി, ചരണോം കിദാസി, രാജാറാണി, വസന്തസേന, മുസ്കറാഹട്ട്, മഹാകവി കാളിദാസ്, ദിൽകിബാത്, സ്നോ സൻതാഷ്ഠം, കാദംബരി, പർബത്പെ അപ്പനാദേരാ മുതലായ ചിത്രങ്ങളിൽ അവൾ തന്റെ കലാചാതുൎയ്യത്തെ സ്തുത്യർഹമാംവണ്ണം പ്രകടിപ്പിച്ചിട്ടുണ്ട്. കാദംബരി എന്ന ചിത്രത്തിൽ അവൾ സുപ്രസിദ്ധ അഭിനേത്രിയായ ശാന്താ ആപ്തയെ എല്ലാംകൊണ്ടും കവച്ചുവച്ചിരിക്കുന്നു. പണത്തിനുവേണ്ടി ജോലി ചെയ്യുന്ന ഒരു നടിയല്ല വനമാല. കലാപോഷണമാണവളുടെ ജീവിതലക്ഷ്യം. ധനാർജ്ജനമല്ല. തന്റെ ജോലി അവധാനപൂൎവ്വമായും സാമൎത്ഥ്യത്തോടുകൂടിയും അവൾ ചെയ്തുതീൎക്കുന്നു. തന്റെ ചിത്രങ്ങൾ കലാപരമായി മേന്മയുള്ളതായിരിക്കണമെന്നു വനമാലയ്ക്കു നിർബന്ധമുണ്ട്. അൎത്ഥാർജ്ജനാൎത്ഥം കലയെ വ്യഭിചരിപ്പിക്കുന്ന നിൎമ്മാതാക്കളെ അവൾ വെറുക്കുന്നു: അങ്ങിനെയുള്ളവരുടെ ക്ഷണനം അവൾ സ്വീകരിക്കുകയില്ല. ശൃംഗാരാദി രസഭാഗങ്ങൾക്കു പ്രാധാന്യം കൊടുക്കുന്ന രീതി മാറി ജീവൽപ്രശ്നങ്ങളും രാഷ്ട്രീയസമസ്യകളുമുൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നൂതന രചനാരീതി നിൎമ്മാതാക്കൾ കൈക്കൊള്ളേണ്ടതാണെന്നാണവരുടെ വാദം.

അഭിനയകുശലയായ ഈ കനകതചിരാംഗി ഏററവും എളിയ ജീവിതമാണ് നയിക്കുന്നത്. സ്വഭാവം നിൎമ്മലവും അഹംഭാവരഹിതവുമാണ്. സംസ്കൃതചിത്തയായ ഒരു യുവതിയാണവൾ. വനമാലയുടെ ഗാത്രം അസാമാന്യമായവിധത്തിൽ ചടച്ചതാണ്. മുപ്പതുവയസ്സിലധികം പ്രായംചെന്നെങ്കിലും പ്രാംശുകായയായ ഈ യുവതി ഇന്നും ദർശനീയയാണ്. ഭാരതവൎഷത്തിൽ ഒരു സ്ത്രീ 30 വയസ്സു കഴിഞ്ഞാൽ വൃദ്ധയായിപ്പോകുന്നു. വനമാലയെസംബന്ധിച്ചിടത്തോളം അതു ശരിയല്ല. മാദകവും സുന്ദരവുമായ യൌവനവിലാസം ഇന്നും അവളിൽ അവശേഷിക്കുന്നുണ്ട്. എന്നാൽ ഇനിയെത്രതന്നെ പ്രായം ചെന്നാലും യുവത്വത്തിന്റെ പ്രഭാപൂരം പ്രകൃതിസുഭഗമായ അവളുടെ ബന്ധുരാനനത്തിൽനിന്നും മാഞ്ഞുപോകയില്ല. കുതിരസവാരി, ചിത്രരചന, അദ്ധ്യയനം മുതലായവയാണവൾക്കിഷ്ടപ്പെട്ട പ്രവൃത്തികൾ. എന്നാൽ സിനിമാ ജീവിതമാണവൾക്കേററവും മോദദായകമായിട്ടുള്ളതു് അവളൊരിക്കൽ പറയുകയുണ്ടായി!—

"എന്റെ സിനിമാജീവിതമാണ് എനിക്കേററവും മോദദായകമായിട്ടുള്ളതു്. ഞാനതിൽ പവിത്രമായ ഒരാനന്ദം അനുഭവിക്കുന്നു."

വിദ്യാസമ്പന്നകളായ യുവതികൾ സിനിമാജീവിതത്തിൽ പ്രവേശിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സിനിമാ ജീവിതത്തിനുണ്ടായിട്ടുള്ള ആ അപകീൎത്തി അതോടെ നീങ്ങേണ്ടതാണ്.



(കുമാരി ലക്ഷ്മി.)

"ഭക്തപ്രഹ്ലാദ" എന്ന മലയാളചിത്രത്തിൽ പ്രഹ്ലാദന്റെ ഭാഗം ഭംഗിയായി അഭിനയിച്ചു കേരളീയരുടെ കണ്ണിലുണ്ണിയായിത്തീൎന്ന ഈ ബാലിക, ഇപ്പോൾ ബാല്യകൌമാരങ്ങളെ തരണം ചെയ്തു, ഈ അടുത്തകാലത്തു ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിച്ചിരിക്കയാണ്. അഭിനയകലാകുശലയായ ഈ യുവതി, തിരുവിതാംകൂർ ദിവാൻ സചിവോത്തമ സർ. സി. പി. രാമസ്വാമി അയ്യരുടെ പ്രൈവറ്റുസെക്രട്ടറി മി: എസ്. ചിദംബരത്തിന്റെ ഭാഗിനേയിയാകുന്നു.

ദേവികാറാണി.

രണ്ടുവർഷംമുൻപുവരെ ഇൻഡ്യൻ സിനിമാ ലോകത്തിൽ നിസ്തുലശോഭയോടെ പ്രശോഭിച്ചിരുന്ന ദേവികാറാണിയുടെ ചലനചിത്രത്തിൽനിന്നുള്ള വേർപാട്, ഭാരതീയ സിനിമാപ്രേമികളെ ഏറെക്കുറെ സംഭ്രമിപ്പിച്ചിട്ടുണ്ട്. സുപ്രസിദ്ധ "ബോംബേ ടാക്കീസ്സി"ന്റെ അധിപയെന്ന നിലയിൽ ദേവികാറാണിയെപ്പററി കേൾക്കാത്തവർ തുലോം ദുർല്ലഭമായിരിക്കും. ഇൻഡ്യൻ സിനിമാലോകത്തിനു ഒരു സമൂലപരിവർത്തനം വരുത്തിയതും, ബോംബേ ടാക്കീസിന്റെ പേരും പെരുമയും, അതിന്റെ ഉത്തുംഗശൃംഗങ്ങളിലെത്തിച്ചതും ഇൻഡ്യൻ ചലനചിത്രങ്ങളിൽ കലകൾക്കുള്ള സ്ഥാനം വിദേശസിനിമാ പ്രേമികൾക്കു മനസ്സിലാക്കിക്കൊടുത്തതും ദേവികാറാണിയാണ്. ആ മാന്യമഹിളയുടെ ഒരു ജീവചരിത്രസംഗ്രഹം വായനക്കാർക്കു രസാവഹമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ലഫ് കേണൽ, എം. എൻ. ചൌധരിയുടെ പ്രിയസന്തതിയായിട്ടാണ് ദേവികാറാണി ഭൂജാതയായത്. ഒരു വലിയ ധനികനായിരുന്ന ചൌധരി, പുത്രിയിൽ ചെറുപ്പകാലംമുതൽതന്നെ കലാവാസന ഉത്തേജിപ്പിക്കുവാൻ പരിശ്രമം തുടങ്ങി. വിശ്വോത്തരകവിയായ ഡാക്ടർ രവീന്ദ്രനാഥടാഗോറിന്റെ മരുമകളാണ് ദേവിക. ബാല്യകാലത്തിൽ ഇംഗ്ലണ്ടിൽ വെച്ചാണ് ദേവിക തന്റെ വിദ്യാഭ്യാസം ആരംഭിച്ചത്. പിന്നീടു കുറച്ചുകാലം ഒരു ബ്രിട്ടീഷ് ചലനചിത്രനിർമ്മാണശാലയിൽ കലാപരമായ ചില ജോലികൾ നോക്കിക്കൊണ്ടിരുന്നു. അവരുടെ ജീവിതത്തിൽ ഒരു നവാദ്ധ്യായം സമാരംഭിച്ചത് അന്നുമുതൽ ആണ്.

അവിടെ തന്റെ ജോലി തുടൎന്നുകൊണ്ടിരിക്കുമ്പോൾ ദേവികയ്ക്കു ഹിമാൻസു റോയിയുമായി പരിചയപ്പെടുവാൻ ഇടവന്നു. കുറച്ചുകാലങ്ങൾക്കുള്ളിൽ മിസ്റ്റർ റോയി ദേവികയെ വിവാഹം ചെയ്തു. പിന്നീടാണു ദേവിക ആദ്യമായി "കൎമ്മ" എന്ന ചിത്രത്തിൽ നായികയായി അഭിനയിച്ചു തന്റെ അഭിനയപാടവം വെളിപ്പെടുത്തിയത്. ചലനചിത്രനടനവിഷയത്തിൽ തന്റെ ഭാര്യയുടെ പേരും പെരുമയും വർദ്ധിപ്പിക്കുവാൻ മി. റോയി "ബോംബേ ടോക്കീസ്" എന്ന പേരിൽ 1934-ൽ ബോംബെയിൽ ഒരു ചലനചിത്രനിർമ്മാണശാലതന്നെ സ്ഥാപിച്ചു.

1940-ൽ ഉണ്ടായ മി. റോയിയുടെ അകാലമരണം ദേവികയെ വ്യാകുലചിത്തയാക്കുകയും, അതിനുശേഷം ചലച്ചിത്രങ്ങളിൽ നടിക്കുവാൻ അവർ വിസമ്മതം പ്രദർശിപ്പിക്കുകയും ചെയ്തു. മി. റോയിയുടെ മരണത്തിനു ശേഷം ബോംബേ ടാക്കീസിന്റെ സകല ചുമതലകളും ദേവികതന്നെ വഹിക്കേണ്ടതായിവന്നു. "അച്ഛൂത്കന്യ" എന്ന ചിത്രത്തിലഭിനയിച്ചതാണ് ദേവികയുടെ ഏററവും വലിയ വിജയം. സുപ്രസിദ്ധ സിനിമാ നടനായ "അശോകകുമാറി"നോടു ചേൎന്ന് അഭിനയിച്ച ഈ പടം ബോംബെ ടാക്കീസിന്റെ മികച്ച ചിത്രങ്ങളിലൊന്നാണെന്ന് പ്രസ്തുത ചിത്രം കണ്ടിട്ടുള്ള ഏതൊരുവനും സമ്മതിക്കും. "ജീവൻപ്രഭാത്" "അൻജാൻ" മുതലായ ചിത്രങ്ങളും ദേവികയുടെ പ്രശസ്തവിജയങ്ങളാണ്.

1940-ൽ ഉണ്ടായ മി. റോയിയുടെ വേർപാടിനുശേഷം ദേവിക "ഹിമാരീബാത്ത്" എന്ന ചിത്രത്തിൽ അഭിനയിച്ചു.

ഈ പടത്തിനു വലിയ പ്രശസ്തി ഉണ്ടായില്ലെങ്കിലും, ദേവിക തന്റെ ഭാഗം ഭംഗിയായി അഭിനയിച്ചിട്ടുണ്ട്. ദേവികയുടെ പ്രയത്നഫലങ്ങളായി പുറപ്പെട്ടിട്ടുള്ള ഒന്നാംകിട ചിത്രങ്ങളാണ്; "ബസന്ത്" "കിസ്മത്ത്" "ജൂള" "പുനർമിലൻ" "ബന്ധൻ" മുതലായവ. എന്നാൽ ബോംബെ ടാക്കീസിൽ ദേവിക ഒടുവിൽ അഭിനയിച്ച "ചാർ ആഖേം" "ജ്വാർബാട്ട്" "പ്രതിമ" എന്നീ മൂന്നു ചിത്രങ്ങൾ പരാജയപ്പെടുകയാണ് ഉണ്ടായത്.

1945 ആഗസ്റ്റ് 23-ാംനു ദേവികാറാണി "സ്വെറേറാഡ് ലാവ്റോറിക്ക്" എന്ന റഷ്യൻ കലാകാരനെ രണ്ടാമതു വിവാഹം ചെയ്തു. ബോംബെ ടോക്കീസിലെ അവരുടെ ഷെയറുകൾ എല്ലാം, ഷിറാഡലി ഹക്കീമിനു വിററുകഴിഞ്ഞു. ദേവിക ബോംബെ ടാക്കീസ് വിട്ടു



നിർമ്മല.
(സവേരാ എന്നചിത്രത്തിൽ)

തന്റെ ഭർത്താവുമൊന്നിച്ച് ഇപ്പോൾ ഹിമാലയത്തിലെ "കല്പ" സമതലത്തിൽ താമസിച്ചുവരികയാണ്.

ഈ വേർപാടുകൊണ്ട് ദേവിക ഇന്ത്യൻ സിനിമാപ്രേമികളേയും പ്രത്യേകിച്ച് ബോംബെ ടാക്കീസുകാരേയും നിരാശരാക്കിത്തീക്കുകയാണ് ചെയ്തിട്ടുള്ളത്.

മിസ് സുലോചന.

ചലനചിത്രങ്ങളിൽ അഭിനയിച്ച് യശസ്സും, ധനവും സമ്പാദിച്ച അനേകം സാധാരണക്കാർ ഇന്ന് അമേരിക്കയിലും, മററു യൂറോപ്യൻ രാജ്യങ്ങളിലും ഉണ്ട്. എന്നാൽ ഇന്ത്യയിൽ ഇത്തരക്കാരുടെ സംഖ്യ തുലോം കുറവാണ്. എങ്കിലും തീരെ ഇല്ലാതേയും ഇല്ല. ഇക്കൂട്ടത്തിൽ പ്രഥമസ്ഥാനം അർഹിക്കുന്ന ഒരു മഹതിയാണ് മിസ് സുലോചന.

ഹിമാലയം മുതൽ കന്യാകുമാരിവരെ ഏവരാലും അറിയപ്പെടുന്ന ഒരു നടിയാണ് ഈ മഹിള. 1907-ാമാണ്ട് ഒക്ടോബർ 9-ാം തീയതി പൂനാനഗരത്തിൽ ജനിച്ച ഈ നടിയുടെ യഥാർത്ഥനാമധേയം മിസ്സ് റൂബി മേയേഴ്സ് എന്നാണ്- കോൺവെൻറിലെ വിദ്യാഭ്യാസത്തിനു ശേഷം മിസ്സ് റൂബി മൂന്നു വർഷക്കാലം ഒരു "ടെലിഫോൺഗേൾ" ആയി ജോലിനോക്കി. ഈ സമയത്തു വെറും ഒരു വിനോദത്തിനുവേണ്ടി ഒരു ഇന്ത്യൻ ഗ്രാമീണകന്യകയുടെ വേഷത്തിൽ മിസ്സ് റൂബി ഒരു ഫോട്ടോ എടുപ്പിച്ചു. ഈ ഫോട്ടോ തന്റെ ഭാവി ഐശ്വര്യത്തിനും പ്രസിദ്ധിക്കും കാരണമാകും എന്ന് ഈ മഹതി അന്നു വിചാരിച്ചിരിക്കാൻ ഇടയില്ല. ഈ ഫോട്ടോ "കോഹിനൂർ" ഫിലിം കമ്പനി ഡയറക്ടറായ മി. ഭവനാനി കാണുന്നതിനിടയായി അതോടുകൂടി ശ്രീമതി സുലോചനയുടെ ഭാഗ്യതാരവും ഉദയംചെയ്തു എന്നുതന്നെ പറയാം. താമസിയാതെ തന്റെ പടങ്ങളിൽ നായികയുടെ വേഷം അഭിനയിക്കുന്നതിനു സുലോചനയെ മി. ഭവനാനി തിരഞ്ഞെടുക്കുകയും ചെയ്തു.

'വീരബാല"യായിരുന്നു സുലോചനയുടെ ആദ്യത്തെ ചിത്രം. ആദ്യത്തേതെന്ന നിലയിൽ അതൊരു വലിയ വിജയംതന്നെയായിരുന്നു. ഇതിനു ശേഷം "സിനിമാ റാണി," "വൈൽഡ്കേററ്" തുടങ്ങി എട്ടു ചിത്രങ്ങൾ കോഹിനൂർ കമ്പനിക്കാക്കുവേണ്ടി അവർ അഭിനയിച്ചു. "അലഞ്ഞുനടക്കുന്ന ഭൂതം" എന്ന പടത്തിൽ സുലോചന എന്ന നായികയുടെ വേഷമാണ് ഈ മഹതി അഭിനയിച്ചത്. അതിൻശേഷമാണ് ഈ പേർതന്നെ തന്റെ സിനിമാനാമധേയമായി അവർ സ്വീകരിച്ചത്. പിന്നീട് മിസ് സുലോചന "ഓറിയൻടൽ പിക്ചർ കോർപറേഷൻ"കാക്കുവേണ്ടി "ടാഗ്ഗറിന്റെ ത്യാഗം" എന്ന പടത്തിൽ അഭിനയിച്ചു. അനന്തരം മിസ് സുലോചന ഇമ്പീരിയൽ കമ്പനിയിൽ ചേരുകയും അവക്കുവേണ്ടി പല പടങ്ങളിൽ അഭിനയിക്കുയും ചെയ്തു.

1925 ഒക്ടോബർ 25-ാനു-യാണ് ഈ മഹതി ആദ്യമായി കോഹിനൂർ ഫിലിം കമ്പനിയിൽ ചേന്നത്. 1930 അയപ്പോഴേയ്ക്ക് ഏകദേശം രണ്ടു ഡസൻ പടങ്ങളിൽ അഭിനയിച്ചുകഴിഞ്ഞു. ഇതിൽനിന്നുതന്നെ ഈ മഹതിക്കു ഇന്ത്യൻ സിനിമാലോകത്തിലുള്ള സ്ഥാനം എത്ര മഹത്തായതാണെന്നു ആക്കും നിഷ്പ്രയാസം മനസ്സിലാക്കാം.



സബിതാദേവി

(അർമ്മീനിയൻ വംശജയായ സബിതാദേവി സിനിമാ ലോകത്തിൽ സർവ്വജനസമാരാദ്ധ്യയായ ഒരു നാട്യകലാവിദഗ്ദ്ധയാണ്. കല കലയ്ക്കുവേണ്ടി എന്നുള്ളതാണ് അവരുടെ ആദർശം.)

സിനിമാവ്യവസായം.

K. V. KOSHY, B. A. & B. L.

ആധുനികലോകത്തിൽ പ്രഥമസ്ഥാനം അർഹിക്കുന്ന വ്യവസായങ്ങളിൽ ഒന്നായ 'സിനിമാ' ഭാരതത്തിലും ദൈനംദിനം അഭിവൃദ്ധി പ്രാപിച്ചുവരികയാണല്ലോ. മററു ദേശങ്ങളെ അപേക്ഷിച്ച് കേരളം ഈ വിഷയത്തിൽ വളരെ പിന്നോക്കമായിരുന്നെങ്കിലും അനുകരണഭ്രമം ഒട്ടും കുറവില്ലാത്ത വിദ്യാസമ്പന്നരായ കേരളീയർ ഈയിടെയായി സിനിമാവ്യവസായത്തിൽ ക്രമേണ അഭിവൃദ്ധിപ്രാപിച്ചു വരുന്നതായി കാണുന്നതു. ആശാസ്യംതന്നെ.

എന്നാൽ പെട്ടെന്ന് ലാഭമുണ്ടാക്കുന്നതിനും അതുപോലെ തന്നെ ക്ഷണേന പാപ്പരാകുന്നതിനും ഒരുപോലെ എളുപ്പമുള്ള ഒരു തൊഴിലാണ് സിനിമാ പ്രദർശനം. യുദ്ധ പരിതസ്ഥിതിമൂലമുണ്ടായ പണപ്പെരുപ്പംകൊണ്ട് തീയേററർ നടത്തി പരിചയിച്ചിട്ടുള്ള എല്ലാ പ്രദർശനക്കാർക്കും ഇതിനകം നല്ല ലാഭം കിട്ടിയിട്ടുണ്ട്. എന്നാൽ ഇതുകണ്ട് അസൂയാകലുഷിതരായി അഥവാ ദുരാഗ്രഹംമൂലം പെട്ടെന്ന് പണക്കാരാകാമെന്നുദ്ദേശിച്ച് പലരും സിനിമാപ്രദർശനത്തൊഴിലിൽ ഏർപ്പെട്ടു നട്ടംതിരിയുന്നതായും എനിക്കറിയാം.

മഹായുദ്ധത്തിനുമുൻപ് കേരളത്തിൽ ആകെ 40 പ്രദർശനശാലകൾ ഉണ്ടായിരുന്നതു് ഇപ്പോൾ ഏകദേശം നൂറായി വർദ്ധിച്ചിട്ടുണ്ട് എന്ന വസ്തുതതന്നെ മേൽ പ്രസ്താവിച്ച സംഗതിക്ക് ഒന്നാംതരം തെളിവാണല്ലോ. വലിയ ചിലവുചെയ്തു് തീയേററർ നിർമ്മിച്ചും പതിന്മടങ്ങു വിലകൊടുത്തു് പ്രദർശനോപകരണങ്ങൾ വാങ്ങിയും, തിയേററർ നടത്തിപ്പിനു യാതൊരു പരിചയവുമില്ലാത്തവരെക്കൊണ്ട് അതിൻെറ മേൽനോട്ടം വഹിപ്പിച്ചും വൻപിച്ച നഷ്ടം സഹിക്കേണ്ടിവന്നിട്ടുള്ളവർ ഒട്ടും കുറവല്ല: നഷ്ടംകൊണ്ട് നിരാശരാകാതെ, എതിരിടേണ്ടിവരാവുന്ന വിപരീതശക്തികളെ സധീരം കീഴടക്കി മുന്നോട്ടുപോകുന്നവർ മാത്രമെ ഏതു തൊഴിലിലും ഔന്നത്യം പ്രാപിക്കയുള്ളു.

യുദ്ധത്തിനു മുൻപ് 5000 ക. മാത്രം വിലയുണ്ടായിരുന്ന ചിത്രങ്ങൾക്ക് ഒരു ലക്ഷം രൂപാവരെ വിലകൊടുത്തും പുതുചിത്രങ്ങൾനേരിട്ടുകണ്ട് അവയുടെ ഗുണഗണങ്ങൾ മനസ്സിലാക്കാതെ അവയെ വിലയ്ക്കുവാങ്ങിയുംഅനേകം പേർ ആപത്തിലകപ്പെടുന്നുണ്ട്.

ചിത്രനിർമ്മാണം ആരംഭിക്കുന്നതിനു മുൻപുതന്നെ ചിത്രം പൂർത്തിയാകാറായി എന്നും മററും കളവായി പരസ്യങ്ങൾ ചെയ്തു് നിശ്ചിതസമയത്തിനുള്ളിൽ ചിത്രം കൊടുത്തുകൊള്ളാമെന്ന് പുതിയ വ്യവസായികളോട് കരാർ ചെയ്തു് അഡ്വാൻസ് വാങ്ങിക്കുന്ന ഉല്പാദകരും ധാരാളമുണ്ട്. ഇവർ ചിത്രത്തിൻെറ ചിലവു മുഴുവൻ മുൻകൂറായി വാങ്ങിയ ശേഷമാണ് നിർമ്മാണം തന്നെ ആരംഭിക്കുന്നതു് ഇപ്രകാരം മുഴുവൻ അവകാശവും അല്പം തന്നെ വിററശേഷം നിർമ്മിക്കുന്നപടങ്ങൾ മോശമാകുന്നതിൽ ഒട്ടും ആശ്ചര്യപ്പെടുവാനില്ല' 1945-ലും, 46-ലും നിർമ്മിച്ചിട്ടുള്ള ചിത്രങ്ങളിൽ അധികവും വളരെ താണപടിയിലുള്ളതായിരിക്കുന്നതിനുള്ള കാരണവും ഇതു തന്നെയാണ്. വിദ്യാവിഹീനരായ തമിഴ്ഗ്രാമീണരെ സന്തോഷിപ്പിക്കുന്നതിനായി അശ്ലീലരംഗങ്ങൾ ആഭാസമായി അഭിനയിച്ച് ചിത്രീകരിക്കുന്ന തമിഴ് ചിത്രങ്ങൾ ഇവിടെ പലരും വലിയ സംഖ്യ കൊടുത്തു വാങ്ങി പ്രദർശനം നടത്തിവരുന്നുണ്ട്. ഇതാണ് നല്ല ഹിന്ദി, തെലുങ്കു ചിത്രങ്ങളുടെ പ്രചാരം വിദ്യാസമ്പന്നരായ കേരളീയരുടെ ഇടയിൽ വർദ്ധിച്ചുവരുന്നതിനുള്ള കാരണം എന്നുതോന്നുന്നു. കേരളത്തിൽ ചിത്രനിർമ്മാണത്തിനു പലരും ഒരുമ്പെടുന്നതായി അറിയുന്നതു് സന്തോഷകരംതന്നെ. സ്വന്തമായി പണം ചിലവിടാൻ സൗകര്യവും സന്നദ്ധതയുമുള്ളവരും, ജനസമ്മതി നേടിയവരും നിർമ്മാണവ്യവസായത്തിൽ ചുമതലയോടെ ഇറങ്ങി പ്രവർത്തിക്കയാണെങ്കിൽ നല്ല ചിത്രങ്ങൾ നിർമ്മിക്കുന്നതിനു സാധിക്കുമെന്നുള്ളതു് നിസ്സംശയമാണ്. അഭ്യസ്തവിദ്യരായ യുവജനങ്ങൾ സിനിമാവ്യവസായത്തിൽ ധാരാളമായി പ്രവേശിക്കുന്നപക്ഷം കേരളത്തിൽ ഈ വ്യവസായം പതിന്മടങ്ങു അഭിവൃദ്ധിപ്പെടുകയും കേരളീയക്ക് പുതിയ ഒരു വ്യവസായംകൂടി ലഭ്യമാകുകയും ചെയ്യുന്നതാണ്.

സുലോചനയുടെ ചിത്രങ്ങളിൽ സഹനടന്മാരായി അഭിനയിച്ചിട്ടുള്ളവർ ഡി. ബില്ലി മോറായും, ജാർമർ ച്ചെൻറും ആണ്. സുലോചന "അനാർക്കലി" എന്ന പടത്തിൽ അഭിനയിച്ചിട്ടുള്ളതുപോലെ ഇനി ഒരുകാലത്തും ഒരുത്തരെക്കൊണ്ടും അഭിനയിക്കാൻ സാധിക്കയില്ലെന്നാണ് പറയപ്പെടുന്നതു്. ഇംഗ്ലണ്ടിൽ പ്രദർശിപ്പിച്ചിട്ടുള്ള ചുരുക്കംചില ഇന്ത്യൻ ചിത്രങ്ങളിൽ ഒന്നാണ് "അനാർക്കലി" എന്നുള്ളതും ഈ അവസരത്തിൽ പ്രസ്താവയോഗ്യമാണ്.

ഈ പടം ഡയറക്റ്റ് ചെയ്തതു് മി. R. S. D. ചൌദിയാണ്. ഇദ്ദേഹംതന്നെയാണ് 2933-ൽ സുലോചനയുടെ "ഫാദർ ഇൻഡ്യാ" എന്ന പടവും ഡയറക്ട്ചെയ്തതു്. സുലോചനയെപ്പോലെ ശബ്ദമാധുര്യമുള്ള ഒരു നടി ഇന്നു ഇന്ത്യയിൽ വേറെ ഇല്ല എന്നുതന്നെ പറയാം. സ്നേഹസമ്പൂർണ്ണമായ ഒരു ഹൃദയത്തെ ചിത്രീകരിക്കാൻ സുലോചനയെപ്പോലെ വൈദഗ്ദ്ധ്യമുള്ളവർ വളരെ ചുരുക്കമേ കാണുകയുള്ളു,

ചെറുകഥ

ഒന്നാം സമ്മാനം

(കെ. സരസ്വതിയമ്മ ബി. എ.)

വെട്ടിയും തിരുത്തിയും രാമൻനായർ വല്ലവിധവും തൃപ്തികരമായ ഒരുത്തരത്തിൽ എത്തി. മററാരുടെയും —നിഘണ്ടുവിന്റെപോലും— സഹായമയാളാശ്രയിച്ചില്ല. പാസ്സും പരീക്ഷയും ഒന്നുമില്ലെങ്കിലും, പുസ്തകവായനക്കാരനായ അയാൾ പദവിജ്ഞാനത്തിൽ തീരെ മോശമല്ല. പിന്നെ അക്ഷരജ്ഞാനമില്ലാത്ത ഒരു പെണ്ണിനെ അയാൾ മററാരുടെ സമ്മതമില്ലാതെ വിവാഹം ചെയ്തു. 'പ്രേമത്തിനെവിടെ വിവേചനാശക്തി, പ്രത്യേകിച്ചും നോവൽഭ്രാന്തരുടെ ഹൃദയത്തിൽ' എന്നേ അതിനു സമാധാനമുള്ളൂ.

എട്ടുമാസം പ്രായമുള്ള കുഞ്ഞിനെ കുറുക്കെ പിടിച്ചുകൊണ്ടു് അയാളുടെ ഭാര്യ അടുത്തുചെന്നു പറഞ്ഞു. "പിന്നെ, കൊച്ചിനു കൊടുക്കാൻ പഴം വാങ്ങിക്കാൻ എട്ടുകാശുംകൂടി കയ്യിലില്ല. എല്ലാം വീററുപെറുക്കിത്തിന്നു തീർന്നല്ലോ. ആശാരിടെ കടയിൽനിന്നും കടം വാങ്ങിച്ചോണ്ടുവരണം. കരഞ്ഞുകരഞ്ഞു ചെറുക്കന്റെ തൊണ്ടയടച്ചതു കണ്ടില്ലേ?" പെട്ടെന്നു് അവളുടെ കണ്ണുകൾ അയാളുടെ മുമ്പിലിരുന്ന കടലാസിൽ പതിഞ്ഞു. ജാതകത്തിന്റെ ലഗ്നക്കുറിപ്പാണതെന്നു വച്ചു് അവൾ അത്ഭുതത്തോടെ ചോദിച്ചു. "അയ്യോ! ഇതെന്തൊരു സൂത്രം? ജാതകമെഴുതാനുമറിയാമോ? കഷ്ടമേ! എന്നിട്ടാണു് കൊച്ചിന്റെ ജാതകമെഴുതാൻ വെറുതെ ഒരു രൂപാ കളഞ്ഞതു്.

അയാൾ ഒന്നും മിണ്ടിയില്ല. ആ ഒരു രൂപാ പോയതാണു നഷ്ടം! താൻ അന്യനാട്ടിൽ പോയി തണുപ്പിൽ മരവിച്ചും വെയിലിൽ ചുട്ടും മുന്നൂറുരൂപായും മേൽ കൊണ്ടുവന്നു. അവിടെ വച്ചു് അവളുടെ പേരിൽ പ്രേമലേഖനങ്ങളോടൊന്നിച്ചു് ചെറിയ ചെറിയ തുകകളും അയച്ചുംകൊടുത്തിരുന്നു. എന്നിട്ടയാൾ തിരിയെ വന്നപ്പോൾ അവളുടെ കയ്യിൽ കാൽക്കാശുമില്ല. വിവാഹം കഴിഞ്ഞു് ഗൃഹസ്ഥാശ്രമിയായപ്പോൾ അയാളുടെ പണവും എങ്ങനെയോ പെട്ടെന്നു തീർന്നു. ദാരിദ്ര്യത്തിന്റെ പരുഷക്കിടക്കയിൽ തന്റെ ആദ്യത്തെ കുഞ്ഞു ജനിച്ചുവീഴാൻ ഭാര്യയുടെ ദീപാളിത്തമാണിടയാക്കിയതു് എന്നായിരുന്നു അയാളുടെ വിശ്വാസം.

രാമൻനായർ ഒരു വെള്ളക്കടലാസെടുത്തു ഭംഗിയായി കള്ളികൾ വരച്ചു പദപ്രശ്നത്തിന്റെ ഉത്തരം വൃത്തിയായി എഴുതി. ഒരററത്തു് തന്റെ മേൽവിലാസം കുറിച്ചിട്ടു് അയാൾ ആ കടലാസ് അരികുകളൊപ്പിച്ചു മടക്കി കവറിനകത്തിട്ടു; പ്രവേശനഫീസായ പന്ത്രണ്ടണയുടെ വകയുള്ള സ്റ്റാമ്പുകളും വച്ചു. കവറൊട്ടിച്ചു അയാൾ വടിവൊത്ത അക്ഷരത്തിൽ മേൽവിലാസമെഴുതി:— ഭാഗ്യശക്തി പദപ്രശ്നം നമ്പർ പതിനഞ്ചു്, നന്ദൻകോട്ടു് A.O. തിരുവനന്തപുരം.

അത്രയുമായപ്പോൾ ഭാര്യ അക്ഷമയായിച്ചോദിച്ചു. "ഇങ്ങനെ ചുമ്മാ വരച്ചുമാത്രം അങ്ങയച്ചുകൊടുത്താൽ മതിയോ? ഇതിന്റെ താഴെ വേണ്ട കാര്യങ്ങളൊക്കെ എഴുതാൻ? ഇതു നല്ല ജാതകംതന്നെ! ഇതിനിപ്പമെത്രരൂപാ കിട്ടാൻ പോണു!"

"നൂറു ബ്രിട്ടീഷ്‌രൂപാ കിട്ടുന്നതു നോക്കിക്കോ" എന്നു ഗൗരവത്തിൽ പറഞ്ഞുകൊണ്ടു് അയാൾ പടിയിറങ്ങിപ്പോയി. ഇതെന്തുതരം ഭാഗ്യച്ചിട്ടി എന്നമ്പരന്നു് അവൾ വായും തുറന്നുനിന്നു.


അടുത്ത ചൊവ്വാഴ്ചയായി. അന്യചിന്തയില്ലാതെ കാത്തിരുന്ന രാമൻനായർ ആശാരിയുടെ പീടികയിൽ ചെന്നന്വേഷിച്ചു. 'തിങ്കളാഴ്ച തോറും പ്രസിദ്ധപ്പെടുത്തുന്ന' ആ പത്രം അന്നത്തെ അഞ്ചലിൽ വന്നിട്ടില്ല.

രാമൻനായരെ ശ്വാസംമുട്ടിക്കുന്ന അക്ഷമ വർദ്ധിപ്പിച്ചുകൊണ്ടു് ദിവസങ്ങൾ കടന്നുപോയി. ഭാര്യയുടെ നിർബന്ധംകൊണ്ടു മാത്രം ഇതിനിടയ്ക്കും അയാൾ എന്തെങ്കിലും ജോലി—കടയിൽ കണക്കെഴുത്താണെ പണ്ടേ അയാൾ പരിചയിച്ചിരുന്നതു്—കിട്ടാൻ ശ്രമിക്കയും ചെയ്തു.

ശനിയാഴ്ചയും പതിവുപോലെ ആശാരിയുടെ പീടികയിൽ രാമൻനായർ ഹാജർ കൊടുത്തു. "പ്രസ്സിനുണ്ടായ, പറയാൻ പാടില്ലാത്ത ചില തകരാറുകളാൽ പ്രസിദ്ധീകരണം താമസിച്ചുപോയതിനു മാപ്പു ചോദിച്ചുകൊണ്ടു് അയാൾ കാത്തിരുന്ന പത്രം പീടികയിലെത്തി.

രാമൻനായർ പരീക്ഷാഫലം നോക്കുന്ന വിദ്യാർത്ഥിയെപ്പോലെ 'വിറയ്ക്കുന്ന' കൈകൾകൊണ്ടു് പത്രം നിവർത്തി. അയാളുടെ പതറുന്ന കണ്ണുകൾ പദപ്രശ്നത്തിന്റെ ഉത്തരവും സമ്മാനാർഹരുടെ പേരുവിവരവും കണ്ടുപിടിച്ചു. രാമൻനായർ ഒന്നാംസമ്മാനത്തിന്റെ ഒരേ ഒരവകാശിയായിത്തീർന്നിരിക്കുന്നു!

അന്നു് അയാളുടെ വീട്ടു് പലനാൾ കൂടി ആഹ്ലാദത്തിന്റെയും ആഹാരത്തിന്റെയും സമൃദ്ധി അനുഭവിച്ചു. ധനാഗമമാർഗ്ഗം തീർച്ചപ്പെട്ട ആ അവസരം, വേണ്ടപോലെ കടം വാങ്ങാനവർക്കു ധൈര്യം കൊടുത്തു.



രാമൻനായരും ഭാര്യയും കൂടി സമയമുള്ളപ്പോഴെല്ലാം അത്യാവശ്യമായ ചിലവിനങ്ങളെപ്പററി ചർച്ച നടത്തി. എത്രയായിട്ടും അവ നൂറുരൂപായ്ക്കകത്തു നിൽക്കുന്നില്ല. ചില്ലറ കടങ്ങൾ കൂട്ടിയെടുത്താൽതന്നെയുണ്ട്' നല്ലൊരു തുക. എന്നാലും, ഉപജീവനത്തിനൊരു തൊഴിൽ കിട്ടിയില്ലെങ്കിലും താൻ ഭാര്യയും കുഞ്ഞും ഉൾപ്പടെ ഭാഗ്യംകെട്ട കൂട്ടങ്ങളല്ല എന്നയാൾക്കു തീർച്ചയായി. അല്ലെങ്കിപ്പിന്നെ ഉത്തരമയക്കേണ്ട അവസാനത്തീയതിയിൽ തൻെറ ബുദ്ധിയുടെ ശക്തിയും ഭാഗ്യത്തിൻെറ ഗതിയും ഇങ്ങനെ മുൻപൊരിക്കലുമില്ലാതെ പരീക്ഷിച്ചുനോക്കാൻ തോന്നുമായിരുന്നോ?

പക്ഷേ.......പത്രത്തിൽ ഒന്നാംസമ്മാനത്തിനർഹനായി പേർ പ്രസിദ്ധപ്പെടുത്തിക്കണ്ട ഭാഗ്യത്തെത്തുടന്ന് രാമൻനായരുടെ കടങ്ങൾ കൂടിയതല്ലാതെ സമ്മാനത്തുക അയച്ചുകിട്ടിയില്ല. അതില്പിന്നീടുള്ള പത്രത്തിൽ പ്രശ്നങ്ങളും പ്രസിദ്ധപ്പെടുത്തിക്കണ്ടില്ല.

മാസമൊന്നു കഴിഞ്ഞപ്പോൾ രാമൻനായർക്കു നില്ക്കപ്പൊറുതിയില്ലാതായി. വീട്ടിലെ ദാരിദ്ര്യവും കരച്ചിലും; ആളുകളുടെ അപഹാസവും ശകാരവും.

രാമൻനായർ ഏററവും വിനീതമായി പ്രശ്നമുടമസ്ഥനു് ഒരു ഓർമ്മക്കുറിപ്പയച്ചു. മറുപടിയില്ല. ഒന്നുകൂടെ അയച്ചു. രണ്ടുചക്രം കടംകൂടിയതു മാത്രം മിച്ചമായി. അശാരിയുടെ കടയിലെ പററുവരവുകാരിലൊരാൾ പറഞ്ഞു: "ഈ പത്രങ്ങളിൽ കാണുന്നത് ആരെങ്കിലും വിശ്വസിക്കുമോ? പരസ്യങ്ങൾ മുക്കാലും പററിപ്പല്ലേ?" എന്നിട്ടയാൾ ചില ഉദാഹരണങ്ങളും വിവരിച്ചു.

രാമൻനായർക്ക് അതൊന്നും കേട്ടിട്ടു വിശ്വാസമേയില്ല. പൊതുജനങ്ങളെ അങ്ങനെ പരസ്യമായി വഞ്ചിക്കാനുള്ള ധൈര്യം ആർക്കെങ്കിലും കാണുമോ? തൻെറ എഴുത്തുകൾ പ്രശ്നമുടമസ്ഥനു കിട്ടിയില്ലെന്നു വരാം; മററന്തെങ്കിലും അസൗകര്യങ്ങൾ വിചാരിച്ചിരിക്കാതെ നേരിട്ടിരിക്കാം. തിരുവനന്തപുരത്തു നേരിട്ടു ചെന്നു അയാളെക്കണ്ടാൽ തൻെറ അവകാശം തീർച്ചയായും നിഷേധിക്കപ്പെടുകയില്ല.

രാമൻനായരുടെ കടം കൂടി കഷ്ടിച്ച് തൻെറ യാത്രച്ചിലവിനും, താനില്ലാത്തപ്പോഴത്തെ വീട്ടാവശ്യങ്ങൾക്കും വേണ്ട തുക കരുതിയ ശേഷം അടുത്ത ദിവസം രാവിലെ രാമൻനായർ തിരുവനന്തപുരത്തേക്കുള്ള ബസ്സിൽ കയറി. അയാൾക്കവിടം തീരെ അപരിചിതമല്ല. വളരെ പരിചിതവുമല്ല. ആസ്സാംപട്ടാളത്തിൽ ചേരാൻവേണ്ടി രണ്ടുപ്രാവശ്യം അവിടെ താമസിച്ചപ്പോൾ ചിലടമൊക്കെ നടന്നുകണ്ടിട്ടുണ്ട്.

പഴവങ്ങാടിമുക്കിൽ ചെന്നു ബസ്സിറങ്ങി പലരോടും ചോദിച്ചു മനസ്സിലാക്കി. രാമൻനായർ നന്തൻകോട്ടെത്തി. പ്രശ്നമുടമസ്ഥൻെറ പേരോ വീട്ടുപേരോ നിശ്ചയമില്ലാത്തതുകൊണ്ട് അലഞ്ഞുനടക്കാതെ ആദ്യം അഞ്ചലാഫീസിൽ ചെന്നന്വേഷിച്ചാൽ മതിയെന്ന് അയാളുടെ ബുദ്ധി പറഞ്ഞുകൊടുത്തു.

പക്ഷേ അഞ്ചലാഫീസിൽ നിന്നും അയാൾക്കൊരു തുമ്പും കിട്ടിയില്ല. അയാളെക്കാൾ വലിയ അജ്ഞതയും—അശ്രദ്ധയും—ആണ് അവക്കാര്യത്തിൽ. അങ്ങനെയൊരു മേൽവിലാസത്തിൽ വന്ന എഴുത്തുകൾ ഒരാൾ അഞ്ചലാഫീസിൽ ചെന്നു വാങ്ങിക്കൊണ്ടുപോവുകയായിരുന്നു പതിവ്. അൽപ്പദിവസമായി അയാളെ കാണാനില്ല. ആയിടയ്ക്കു കിട്ടിയ എഴുത്തുകൾ മേ. വി. യെ കാണാതെ അവിടെ വച്ചിരിക്കുകയാണ്. ഒരു പക്ഷേ അയാൾ അവിടത്തുകാരനല്ല, തൽക്കാലമവിടെ താമസമാക്കിയതാണ് എന്നും വരാം.

രാമൻനായർ നിശ്ചേഷ്ടനായി ചുമരുംചാരിയിരുന്നു. ഇനി എവിടെച്ചെന്നാണ് അന്വേഷിക്കേണ്ടതു്. തിരിച്ചുപോകാൻ കൂടി നിവൃത്തിയില്ലാത്ത താനിനി എന്തു ചെയ്യും. എങ്ങനെയും നാട്ടിലെത്തിയാൽതന്നെ, തന്നെ കാത്തിരിക്കുന്ന കടക്കാരെ എങ്ങനെ സമാധാനിപ്പിക്കും. തിരിച്ചുപോകണ്ടാ എന്നു വച്ചാൽ—അയ്യോ! തൻെറ ഭാര്യയ്ക്കും കുഞ്ഞിനും പിന്നെ ആരാണാശ്രയം.

പെട്ടെന്ന് രാമൻനായർക്ക് വേറൊരു ബുദ്ധി തോന്നി. പ്രശ്നമുടമസ്ഥൻെറ പേരിൽ വന്നുകിടക്കുന്ന എഴുത്തുകളിൽ, ഒരുപക്ഷേ അയാളുടെ വീട്ടിൽനിന്നോ, സ്നേഹിതന്മാരിൽ നിന്നോ കിട്ടിയതുമുണ്ടാകാം. എന്നാൽ അയാളെ കണ്ടുപിടിക്കാനത്ര വിഷമിക്കേണ്ടിവരികയില്ല. മേ. വി. യെ കാത്തുകിടക്കുന്ന ആ എഴുത്തുകളൊന്നു കണ്ടാൽ കൊള്ളാമെന്നു അയാൾ ദൈന്യതയോടെ അപേക്ഷിച്ചു. ആ അപേക്ഷ നിരസിക്കപ്പെട്ടില്ല. പക്ഷേ അതുകൊണ്ടു ഫലമൊന്നുമുണ്ടായില്ല. കാർഡിലെ എഴുത്തുകൾ വായിച്ചുനോക്കിയപ്പോൾ അവയെല്ലാം തന്നെപ്പോലെ സമ്മാനാർഹരായവരുടെ അഭ്യർത്ഥനകളും ധർമ്മബോധപ്രസംഗങ്ങളും ശകാരങ്ങളും ആണെന്നയാൾ കണ്ടു. പൊതുജനങ്ങളിൽനിന്നും പത്രംവഴി പരസ്യമായി കുറേയധികം പണം തട്ടിക്കൊണ്ടു് ആ വിദ്വാൻ അടുത്ത ഉപജീവനമാർഗ്ഗം നോക്കി കടന്നുകളഞ്ഞിരിക്കുന്നു!



മാസ്റ്റർ സദാശിവൻ

തിരുവനന്തപുരത്ത് പട്ടംസ്വദേശിയായ ഈ ബാലൻ പ്രഹ്ളാദ, ഭർതൃഹരി, കൃഷ്ണസ്വധാമ, ബാലനാഗമ്മ, മാനസംരക്ഷണം മുതലായ ചിത്രങ്ങളിൽ അഭിനയിച്ച ശേഷം ഇപ്പോൾ ബോംബെയിൽ തുളസീദാസ് എന്ന ചിത്രത്തിൽ അഭിനയിച്ചുകൊണ്ടിരിക്കയാണ്.

നേരം ഉച്ചകഴിഞ്ഞു. രാമൻനായരുടെ മനസ്സിലും വയററിലും തീ കത്തി. കാലത്തെ വീട്ടിൽ നിന്നു കഴിച്ച ഗോതമ്പുപഴങ്കഞ്ഞിയും മരച്ചീനിയും ബസ്സിലെ ഉന്തിലും തള്ളിലും അകപ്പെട്ടുതന്നെ ദഹിച്ചുപോയി. പോരെങ്കിൽ പണ്ടേ നല്ല ആരോഗമില്ലാത്ത ശരീരവും. വിശപ്പുകൊണ്ടും നിരാശകൊണ്ടും അയാളുടെ തല കറങ്ങി; കണ്ണുകളുടെ കാഴ്ചശക്തി നശിച്ചുപോയതുപോലെ തോന്നി.

പക്ഷെ, സമയം സന്ധ്യയായപ്പോഴും അയാളുടെ നിർജ്ജീവങ്ങളായ കാലുകൾ ആ നിശ്ചിന്തമായ ശരീരവും വഹിച്ചുകൊണ്ട് വിരാമമില്ലാതെ കണ്ട റോഡുകളിൽ കൂടെയെല്ലാം അലയുകയായിരുന്നു. ഒരുപക്ഷെ, അങ്ങനെ നടന്നുകൊണ്ടേയിരുന്നാൽ 'ഭാഗ്യശക്തിപദപ്രശ്നം' എന്നെഴുതിയ ഒരു പലക എവിടെയെങ്കിലും കണ്ടുമുട്ടുമെന്ന് അയാളുടെ ഉപബോധമനസ്സ് ആശിച്ചിരിക്കാം.

നല്ലപോലെ ഇരുട്ടു വ്യാപിച്ചപ്പോൾ, രാമൻനായരുടെ കാലുകളുടെ യാന്ത്രികപ്രവർത്തനത്തിനു തടസ്സമുണ്ടായി. ഏതെങ്കിലുമൊരു വീട്ടിൽ അഭയംതേടിയേ കഴിയൂ എന്നയാൾക്കു തോന്നി. പക്ഷെ ആ അവസ്ഥയിലും അയാളുടെ ആത്മാഭിമാനം ഉണർന്നു. ഒരു നേരം പോലും അന്യന്റെ ദയ യാചിച്ചു ശീലിച്ചിട്ടില്ലാത്തതാണ് ആ കൈകൾ.

പിന്നെയും ഗതി തുടരാൻ ആ കൈകൾ, കാലുകൾക്ക് ആജ്ഞ കൊടുത്തു.

കുറേക്കഴിഞ്ഞപ്പോൾ, കാലുകൾ ആത്മാഭിമാനത്തെ അനുസരിക്കുകയില്ല എന്ന ഘട്ടമായി.

അടുത്ത വീട്ടിന്റെ പടിക്കലെത്തിയ രാമൻനായർ, തുറന്നുകിടന്ന ഗേററിൽക്കൂടെ അകത്തേയ്ക്കൊന്നു നോക്കി, വെളിച്ചം വിതറുന്ന വൈദ്യുത വിളക്കിന്റെ കീഴിൽ. മുമ്പിൽ തടിച്ച പുസ്തകങ്ങളും മലത്തിയിട്ടുകൊണ്ട് ഒരു വലിയ മേശയ്ക്കു ചുററുമായി അഞ്ചാറു ചെറുപ്പക്കാർ കസേരകളിലിരിക്കുന്നു. പൊട്ടിച്ചിരിച്ചും മേശപ്പുറത്തടിച്ചും ലഹള കൂട്ടി അവർ സംസാരിക്കുകയാണ്—ക്ലാസ്സിലെ സഹവിദ്യാർത്ഥിനികളുടെ പ്രായനിർണ്ണയവും സാരികളുടെ എണ്ണവും, ബ്ളൗസിന്റെ ഫാഷനും, തലയിൽകെട്ടുന്ന റിബണിന്റെ നിറങ്ങളും ഒന്നും അവരുടെ ചർച്ചാവിഷയമാകാതെ കടന്നുപോകുന്നില്ല.

പെട്ടെന്ന്, അവരുടെ സംഭാഷണവും പൊട്ടിച്ചിരിയും ഒരു പാട്ടുകച്ചേരിയായി പരിണമിക്കുന്ന മട്ടു കണ്ടപ്പോൾ രാമൻനായർ അകത്തു കടന്നു. ആ കലാശാലാവിദ്യാർത്ഥികളുടെ ശ്രദ്ധ മുഴുവൻ അയാളിലായി.

രാമൻനായർ തന്റെ കഷ്ടതകളെല്ലാം വിസ്തരിച്ചുപറഞ്ഞു. ആ പ്രശ്നമുടമസ്ഥർ അങ്ങനെയൊരു പററിപ്പുകാരനാണെങ്കിൽ പതിനഞ്ചാംനമ്പർ പ്രശ്നം വരെ എങ്ങനെ എത്തി എന്നാണു തന്റെ സംശയം എന്നയാൾ പറഞ്ഞപ്പോൾ അതിലൊരു വിദ്യാർത്ഥി പറഞ്ഞു. "പതിനഞ്ചാം നമ്പരിലെത്തിയതുകൊണ്ട് പതിനഞ്ചു പ്രശ്നം പ്രസിദ്ധപ്പെടുത്തി എന്നൊന്നും മനസ്സിലാക്കണ്ട. ഒരുപക്ഷെ, അയാൾ തുടങ്ങിയതേ പതിനഞ്ച് എന്നുവച്ചായിരിക്കും: അല്ലെങ്കിൽ, രണ്ടുമൂന്നെണ്ണം കൊണ്ട് പതിനഞ്ചിലോ ഇരുപതിലോ എത്തിക്കാനും വിഷമമില്ല. ഒരേ പത്രത്തിൽ തുടർച്ചയായിടാതെ; പലപ്പോൾ പലതിലായി പരസ്യം ചെയ്താൽ ആരാണിതിന്റെ കള്ളം കണ്ടുപിടിക്കുന്നത്, എണ്ണം കൂടിക്കാണുന്നതനുസരിച്ച് ആളുകളുടെ വിശ്വാസം കൂടുതൽ കൂടുതൽ സമ്പാദിക്കാൻ കഴിയും. അതനുസരിച്ചു പ്രവേശനഫീസെന്ന നിലയിൽ പണവും:"

കുറുക്കുവഴികളും കള്ളക്കുഴികളും നിറഞ്ഞ പുതിയൊരു ലോകം തന്റെ മുമ്പിൽ തുറക്കപ്പെടുന്നതായി രാമൻനായർക്കു തോന്നി. അയാൾ ചോദിച്ചു. "ഇങ്ങനെയൊക്കെ പരസ്യമായി വഞ്ചന കാണിച്ചാൽ ശിക്ഷയൊന്നുമില്ലേ?":

"ദുഷ്കൃത്യം പരസ്യമായി ചെയ്യുമ്പോൾ അതു ശിക്ഷക്കപ്പുറമുള്ള ഒരു മഹൽകൃത്യമായി മാറുമെന്നു മനസ്സിലായില്ലേ? യുദ്ധത്തിലെ കൂട്ടക്കൊലതന്നെ നോക്കണം." തത്വചിന്തകന്റെ ഭാവത്തിൽ ഒരാൾ പറഞ്ഞു.

മണി പന്ത്രണ്ടടിച്ചു. വലിഞ്ഞുകയറിയ വഴിപോക്കന്റെ സാന്നിദ്ധ്യത്തിൽനിന്നു പാകപ്പെടുത്തിയ വിനോദരസം അന്നത്തേക്കു ധാരാളമായെന്നു വിദ്യാർത്ഥികൾ കണ്ടു. അയാളെ സഹായിക്കാനൊരു നിവൃത്തിയും ഇല്ലാത്തതിൽ അവർ ഖേദം പ്രകടിപ്പിച്ചു. അതിനു പകരം, അന്നത്തേക്കു കഴിഞ്ഞുകൂടാൻ പററിയ ഒരു വീടിനെപ്പററി ചില വിവരങ്ങൾ നൽകി. ആർക്കും എപ്പോഴും കേറിച്ചെല്ലാവുന്ന ആ വീട്ടിലെ ഗൃഹനായികയുടെ മധുരാകൃതിക്കു ചേർന്ന ഉദാരമായ ദീനാനുകമ്പയേയും ഉച്ചനീചഭേദമില്ലായ്മയേയുംപററി, അടക്കിയ ചിരികളോടും അർത്ഥഗർഭമായനോട്ടങ്ങളോടും അവർ വർണ്ണിച്ചപ്പോൾ രാമൻനായർക്ക് അല്പം ആശ്വാസം തോന്നി. പൊതുസ്വത്തായ ഒരു സ്ത്രീയെപ്പററിയാണവർ സൂചിപ്പിക്കുന്നതു എന്നു മനസ്സിലാക്കാത്ത ആ പാവം, അവർക്കു നന്ദിപറഞ്ഞുകൊണ്ട് അവിടെ നിന്നിറങ്ങി.

റോഡുനിരപ്പിൽ നിന്നും രണ്ടുമൂന്നടിപ്പൊക്കത്തിൽ പടികൾ കെട്ടിയുയർത്തിയിട്ടുള്ള ആ പടിപ്പുര കണ്ടുപിടിക്കാൻ രാമൻനായർക്കധികം പ്രയാസമുണ്ടായില്ല. പക്ഷെ, അകത്തു ചെന്ന് ആഹാരം യാചിക്കുന്ന കാര്യമോർത്തപ്പോൾ വിശപ്പിന്റെ വല്ലാത്ത ഒരു തളർച്ച അയാൾക്കനുഭവപ്പെട്ടു; വരണ്ട് അകത്തേക്കു വലിഞ്ഞു തുടങ്ങിയ നാക്ക് കുറേക്കൂടെ അകത്തേക്കു വലിഞ്ഞു.



മിസ്സ് സ്വർണ്ണലതയും നസീമും.
(ലൈലാമജ്നു എന്ന പുതിയ ഹിന്ദിചിത്രത്തിൽ)

ഒടുവിൽ, അർദ്ധരാത്രിയായതുകൊണ്ട് ആരും അറിയുകയില്ലല്ലോ എന്നൊരു സാന്ത്വനംകൊണ്ട് ജരാഗ്നി അയാളുടെ ആത്മാഭിമാനത്തെ ഉറക്കിയപ്പോൾ പതുക്കെ അയാൾ പടികൾ കയറി.

വാതൽ പലകയിൽ കൈവച്ചതോടെ പിന്നെയും അയാളുടെ കൈകൾ തളർന്നു. കേറിച്ചെന്നു യാചിച്ചാൽ പിറേറന്നു കാലത്തെ എണീററു നടക്കാനും മാത്രം ശക്തി കൊടുക്കുന്ന വക എന്തെങ്കിലും കിട്ടുമെന്ന്, വിദ്യാർത്ഥികളുടെ വർണ്ണനയിൽ നിന്നും അയാൾക്കു തീർച്ചയായിരുന്നു. പക്ഷേ ആ യാചിക്കുക എന്നുള്ള നികൃഷ്ടകൃത്യം എങ്ങനെയാണു ചെയ്യുക?

വാതൽപ്പഴുതിലൂടെ അകത്തേക്കു നോക്കിക്കൊണ്ട് അയാൾ ഒന്നും ചെയ്യാൻ കഴിയാതെ നിന്നു.

"ആരതു്" എന്നു റോഡിൽ നിന്നും പുറപ്പെട്ട ഒരു വല്ലാത്ത ശബ്ദം രാമൻനായരെ ഉണർത്തി. തൊണ്ടിയോടെ പിടിക്കപ്പെട്ട കള്ളനേക്കാൾ അയാൾ സംഭ്രമിച്ചു. അയാൾ ഞെട്ടിത്തിരിഞ്ഞു. ഒരു ദീർഘകായൻ, വലത്തുകയ്യിലെ വടി നിലത്തൂന്നി തന്നെ നോക്കിക്കൊണ്ടു റോഡിൽ നിൽക്കുന്നു. അവമാനബോധം പെട്ടെന്നു രാമൻനായർക്കൊരു ബുദ്ധി കൊടുത്തു. അയാൾ വാതിലിൽക്കൂടെ കടന്നു വന്ന വെളിച്ചത്തിൽ നിന്നും മാറി ഇരുളിലേക്കു നീങ്ങിനിന്നു. ആഗതനെ തൻെറ മുഖം കാണിക്കാതെ പടിയിറങ്ങിപ്പോരുകണ്ടതെങ്ങനെയെന്നു അയാൾക്കു തോന്നിയില്ല.

ദീർഘകായൻ രണ്ടുമൂന്നു പ്രാവശ്യംകൂടെ ചോദ്യം ആവർത്തിച്ചു. രാമൻനായർ മിണ്ടാതെ ഒതുങ്ങിപ്പതുങ്ങിനിന്നു. മറേറയാൾ പടികൾ കയറി അയാളുടെ അടുത്തുചെന്നു് "കുറേദിവസമായി നീയിവിടെയിങ്ങനെ ചുററിപ്പററി നടക്കുകയാണെന്നെനിക്കറിയാം. എന്നെപ്പേടി ഇല്ലെങ്കിൽ നിന്നെ അവൾ ക്ഷണിക്കുകയും ചെയ്യേനേ. പക്ഷേ അതു് അവളുടെ തൊഴിൽ. പറഞ്ഞാൽ നന്നാകാത്ത കാര്യം. നിൻെറ തൻേറടമാണെനിക്കു മനസ്സിലാകാത്തതു്. എൻെറ കൈവശത്തിലാണിയിടെ അവളെന്നറിഞ്ഞുകൊണ്ടു് നീ എന്നോടു മത്സരിക്കാൻ വരുന്നോ?,, എന്നും മററും അയാൾ ചോദിച്ചു.

രാമൻനായർക്കേതാണ്ടു കാര്യം മനസ്സിലായി. ആ വീട്ടുകാരിയെ അറിയുകപോലുമില്ലാത്ത അന്യനാട്ടുകാരനാണു താനെന്നും ആൾ തെററി ശകാരിക്കയാണെന്നും പറയാനയാളാശിച്ചു; പക്ഷേ ക്ഷീണവും ലജ്ജയും പേടിയും അയാളുടെ നാവിനെ പിടിച്ചു താഴ്ത്തിക്കളഞ്ഞു.

പിന്നിടെന്തൊക്കെയാണു നടന്നതെന്നു രാമൻനായർക്കു നല്ല ഓർമ്മയില്ല. കിഴക്കു ചുമപ്പു നിറം വ്യാപിച്ചുതുടങ്ങിയപ്പോൾ അയാൾ ഉണർന്നു. ഒരു പൈപ്പിൻെറ ചുവട്ടിൽ റോഡിലാണു താൻ കിടക്കുന്നതെന്നു കാണാൻ പ്രഭാതത്തിലെ ശശികല അയാൾക്കു വെളിച്ചം കൊടുത്തു.

പച്ചവെള്ളം കുടിക്കാമെന്നു വച്ചു് രാമൻനായർ എഴുന്നേൽക്കാൻ ശ്രമിച്ചു. ദേഹം മുഴുവൻ വേദന. തീരെ അനങ്ങാൻ വയ്യ. എന്താണ് കാരണം? തലേന്നു രാത്രി ആ ദീർഘകായൻ, തന്നെ അടിച്ചോ? കൈ മുറുക്കി ഇടിച്ചോ? ആ വലിയ പൊക്കത്തിൽനിന്നു താഴത്തേക്കു പിടിച്ചു തള്ളിയോ?

പദപ്രശ്നത്തിൻെറ ഈ ഒന്നാംസമ്മാനത്തിൻെറ ഭാരവും കൊണ്ടു് എങ്ങനെയാണിനി വീട്ടിൽച്ചെന്നെത്തുന്നതെന്നോർത്തപ്പോൾ രാമൻനായരുടെ ശേഷിച്ച ശക്തിയും നശിച്ചു.

അന്ത്യസന്ദേശം

(ഏവൂർ ഈ. കെ.)

ജീവരക്തത്തിൽ മുക്കിയെന്നാശയ-
ത്തൂവൽകൊണ്ടുകുറിക്കുമീസന്ദേശം
ആശയററു വിവശയായ് വാഴുമീ-
പ്പേശലാംഗിതന്നന്തിമസന്ദേശം
മൃത്യുദേവിതന്നാനന്ദമന്ദിര-
മെത്തിവാഴുവാൻ പോകുമെൻസന്ദേശം
കാണണമാമദനമനോഹരൻ
കാമനീയകധാമകളേബരൻ
ആ മനോഹരവാടിയിലെന്നെയാ-
പ്പൂമടിയിലിരുത്തിപ്പറഞ്ഞതും
ആ സുമോഹനസായാഹ്നസന്ധ്യയി-



മിസ്സ് കുമാരി (വാഹിനീപിക്ചേഴ്സിൻെറ സുമംഗലി എന്ന ചിത്രത്തിൽ)

ആൾമാറാട്ടം

"നിഷാനി" അഥവാ "സ്മരണ" എന്ന ഹിന്ദിചിത്രം

പ്രസിദ്ധസംഗീതവിദുഷിയായ ഹിന്ദിനടി രംഗിണി നായികയായി അഭിനയിച്ചിട്ടുള്ള "നിഷാനി" എന്ന ഹിന്ദിചിത്രം അടുത്ത കാലത്തു ഇൻഡ്യയിൽ നിർമ്മിച്ചിട്ടുള്ള ഒന്നാന്തരം ചലച്ചിത്രങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെട്ട ആവുന്നതാണ്.

അജിത്ത് എന്ന യുവാവ് തന്റെ പിതാവിന്റെ ആജ്ഞ അനുസരിച്ച് ഒരു പെൺകുട്ടിയെ വിവാഹം ചെയ്യുന്നതിനു വിസമ്മതിക്കയാൽ വീട്ടിൽനിന്നും പുറംതള്ളപ്പെട്ട് അലഞ്ഞുനടന്ന് ഒരു വഴിയരുകിൽ ക്ഷീണിച്ചു വീഴുന്നു. സമവയസ്കനും കാഴ്ചയിൽ അജിത്തിനെപ്പോലെ തന്നെയുള്ളവനുമായ രൻജിത്തും കൂട്ടുകാരുംകൂടി മോട്ടോർസൈക്കിൾ സവാരിചെയ്തുവരുമ്പോൾ രൻജിത്ത് സൈക്കിൾ മറിഞ്ഞ് അജിത്ത് കിടന്ന വഴിയരുകിൽ തന്നെ വീഴുന്നു. കൂട്ടുകാർ രൻജിത്താണെന്ന് തെറ്റിധരിച്ച് അജിത്തിനെ എടുത്തു വീട്ടിൽ കൊണ്ടുപോകുന്നു, രൻജിത്തിന്റെ ഭാര്യയും കുടുംബാംഗങ്ങളും അജിത്തിനെ തെറ്റിധരിച്ച് ശുശ്രൂഷിക്കയും സൈക്കിൾ അപകടംമൂലം സ്വബോധം നഷ്ടപ്പെട്ടതായി പരിഗണിക്കയും ചെയ്യുന്നു.

രൻജിത്ത് വീണുകിടന്ന സ്ഥലത്തെ നിവാസികൾ, അജിത്താണെന്ന് തെറ്റിദ്ധരിച്ച് അവന്റെ വീട്ടിലേക്കു കൊണ്ടുപോകുന്നു. ഇപ്രകാരം ഇരുകൂട്ടർക്കുമുണ്ടാകുന്ന തെറ്റിധാരണകൾ മൂലമുളവാകുന്ന തമാശകൾ വളരെ ഫലിതസമ്പൂർണ്ണമായ രീതിയിൽ ഈ ചിത്രത്തിൽ അഭിനയിച്ചിട്ടുണ്ട്. രംഗിണിയുടെ ഹൃദയാവർജ്ജകമായ സംഗീതം ആനന്ദകരംതന്നെയാകുന്നു.

ലാരുമില്ലാത്തൊരാരാമസീമയിൽ
ഏകയായിഞാൻ സൂനമിറുക്കുവാൻ
പോകവെ ഭവാനെന്നെത്തുടർന്നതും
സൗരഭോല്ലസൽസൂനസുനിർമ്മിത
ഹാരമൊന്നുഞാനങ്ങേക്കുതന്നതും
ആക്കമാനന്ദരോമാഞ്ചമേകുമാ-
റെന്നെയന്നവിടുന്നു ചുംബിച്ചതും
നാഥാ! താവകകോമളാലിംഗന-
മേറ്റു മാലതി കോൾമയിർക്കൊണ്ടതും
മാലതീജഗന്മോഹിനിനിന്നെഞാൻ
മാലയിട്ടിടാമെന്നു പറഞ്ഞതും
ഓർത്തുനോക്കൂ! ഭവാനിനിയെന്നെയീ
ഭൂതലത്തിൽ തിരയേണ്ടവാസ്തവം.

*　　*　　*　　*

ആരറിഞ്ഞു ഭവാന്റെയാഭാഷിതം
നാരുപട്ടിൽപ്പൊതിഞ്ഞതീക്കൊള്ളിയായ്
ആരറിഞ്ഞു പുരുഷന്റെ പുഞ്ചിരി
നാരിമാരെ വലയ്ക്കുവതെന്നതും
ഹാ! സഹജരേ! നിങ്ങൾതൻപാവന
ഭാസുരഭാവികാത്തിരിക്കുന്നവർ
ലോകജീവിതസാഗരംതാണ്ടുവാൻ
ഞങ്ങളല്ലിയോ നിങ്ങൾക്കുകൂട്ടുകാർ

*　　*　　*　　*

ജീവനാഥഭവാനെയീമാലതി
ജീവനായി കരുതിവസിക്കവെ
ആ സുദിനം സമാഗതമാകുവാ-
നാമുഹൂർത്തത്തിലാനന്ദമാളുവാൻ
രാഗസൗരഭമാദ്യം സ്വദിപ്പിച്ച
രാഗിണിയിവളങ്ങേഭജിക്കവെ
ആ സുകുമാരി മോഹിനിയാകിലും
ആ സുമാംഗിയാൾ സമ്പന്നയാകിലും
ആ സുകേശിനി സാവിത്രിയാകിലു-
മിസ്സതിയെ മറന്നതുനന്നതോ.......?

*　　*　　*　　*

ഒട്ടുപോലും പരിഭവമില്ലമൽ
കഷ്ടകാലമതത്രെ പറയേണ്ടു

*　　*　　*　　*

പ്രാണനാഥഭവാനുപഹാരമായ്
പ്രാണനുമിതാനൽകുന്നു മാലതി

*　　*　　*　　*

ഏതുഭംഗവും പാതിവിട്ടന്നതാം
സൂനസഞ്ചയാന്വേഷകനല്ലയോ........?



ഒരു തമിഴ്നാടകത്തിലെ ഹാസ്യരസപ്രകടനരംഗം

രാഗലഹരി

(എൻ. ലളിതാംബിക അന്തർജ്ജനം)

വീട്ടുജോലി കഴിഞ്ഞു സമയമുള്ളപ്പോഴെല്ലാം അവൾ അടുത്ത വീട്ടിലേക്കു നോക്കിക്കൊണ്ടിരിക്കും. അതു് മൂന്നുനിലയുള്ള ഒരു മണിമാളികയാണു്. ആധുനിക കലാശില്പത്തിന്റെയും ധനപ്രമത്തതയുടേയും അപൂർവ്വമായ ഏകീകരണം. അൽപം ചെളിയുടേയോ പോറലിന്റേയോ പാടില്ലാതെ അന്നു പണിതെടുത്തതുപോലെ അത്ര വെണ്മയായിരിക്കുന്നു അതിന്റെ ചുമരുകൾ. ജനാലകളും കതകുകളും ചില്ലിട്ടതാകകൊണ്ടു നേരിയ മറശ്ശീലയിലൂടെ അകത്തെ ആഡംബരസമൃദ്ധി നല്ലവണ്ണം കാണാം. അർദ്ധനഗ്നയായ ഒരംഗനയുടെ മുഗ്ദ്ധലജ്ജകലന്ന മുഖചിത്രം മുൻവാതലിനു മുകളിലുണ്ടു്. സൂര്യപ്രകാശമോ വൈദ്യുതദ്യുതിയോ തട്ടുമ്പോൾ അതിന്റെ പ്രതിഫലനം തിരിഞ്ഞടിച്ചു അവളുടെ കണ്ണു് അഞ്ചിപ്പിച്ചുകളയും. പക്ഷെ ഗൌരിക്കുട്ടിയുടെ ശ്രദ്ധയെ ആകർഷിച്ചതു് ഇതൊന്നുമല്ല. തുറന്ന മട്ടുപ്പാവിൽ നിറഞ്ഞ പൂച്ചട്ടികൾക്കിടയിൽ ചില സായാഹ്നങ്ങളിൽ—ചില പ്രഭാതങ്ങളിൽ—മനോഹരമായ മാർബിൾപ്രതിമപോലെ—രവിവർമ്മചിത്രംപോലെ ഒരു സ്ത്രീരൂപം കാണാറാകും. മധുരമധുരമായ ഒരു വീണാനാദം ഇളംകാററിൽ ഒഴുകിവരും. ഗൌരിക്കുട്ടി നിശ്ചലയായി അതിൽത്തന്നെ ലയിച്ചു് വളരെനേരം നിൽക്കാറുണ്ടു്. അവസാനം ഈ മോഹനിദ്രയിൽനിന്നു് ഉണരുമ്പോൾ ആ ഗാനമോ ആ രൂപമോ അവിടെ ഉണ്ടായെന്നുവരില്ല. എന്നാൽ ആ ഗാനവീചിയിൽനിന്നുയർന്ന അനവദ്യമായ ഒരാഹ്വാനം—പ്രേമമയവും പ്രതീക്ഷാസുഭഗവും ആയ ഒരാത്മസന്ദേശം, അന്തരീക്ഷത്തിൽ നിറഞ്ഞു അവളുടെ ആത്മാവിൽ തങ്ങിനിൽക്കും. അതു് ഒരു കാമുകിയുടെ വിരഹഗീതമല്ല—ഗണികയുടെ മയക്കുപാട്ടല്ല—വിശ്വഹൃദയത്തെ മുഴുവൻ വശീകരിക്കുന്ന അഭൌമമായ രാഗലഹരി.

ആ മാളികയിലേക്കു നോക്കരുതെന്നു പലരും അവളോടു പറഞ്ഞിട്ടുണ്ടു്. അതൊരു ഭയങ്കരമായ ഭവനമാണു്. അതിന്റെ മനോഹാരിത ആ ഭയങ്കരതയിലാണു് അടിയുറച്ചിരിക്കുന്നതു്. പട്ടണത്തിൽ കെട്ടിടങ്ങൾക്കു് അത്ര ക്ഷാമമില്ലായിരുന്നെങ്കിൽ അവളുടെ ഭർത്താവു് ഒരിക്കലും അതിനടുത്ത വീടു് വാടകയ്ക്കെടുക്കുമായിരുന്നില്ല.

അനേകം തറവാടുകൾ കുളംകോരിയാണു് ആ ചുവരുകൾ ഓരോന്നും ഉയർത്തപ്പെട്ടിട്ടുള്ളതു്. അനേകയുവാക്കളുടെ ജീവരക്തവും യുവതികളുടെ കണ്ണുനീരും കൂട്ടിക്കുഴച്ചു മോടികൂട്ടി, സ്വർണ്ണനിറമുള്ള സർപ്പത്തിനെപ്പോലെ അത്യുഗ്രമായ വിഷമാണു് ആ പൂവല്ലികൾക്കോരോന്നിനും. അവിടുത്തെ കാററുപോലും കുലസ്ത്രീകൾക്കു് ഹാനികരമാണു്.

ഗൌരിക്കുട്ടി ഈ കഥകളെല്ലാം പൂർണ്ണമായി വിശ്വസിച്ചു. എങ്കിലും അവൾക്കു് അങ്ങോട്ടു നോക്കാതിരിക്കുവാൻ കഴിഞ്ഞില്ല. അതു് അത്രയ്ക്കു ആകർഷകമായിരുന്നു.

ആ യുവതി എന്തിനിത്ര കുടിലമായ കഥാബന്ധം സൃഷ്ടിച്ചു? ആ ഗാനംപോലെ, ആ രൂപംപോലെ അവളും അത്ര പരിശുദ്ധയായ ഒരു നായികയായിരുന്നെ

ങ്കിൽ.— ഗൌരിക്കുട്ടി വിചാരിക്കും. അവളെ ഒന്നടുത്തു കണ്ടെങ്കിൽ ഞാൻ പറയുമായിരുന്നു സഹോദരീ! ഓടിപ്പോരൂ. ഈ ശപിക്കപ്പെട്ട വീട്ടിൽ നിന്നു് എവിടെ എങ്കിലും ഓടിപ്പോരൂ. ഏതു പാഴ്ക്കുടിലിനേയും കൊട്ടാരമാക്കാനുള്ള കഴിവു് നിങ്ങൾക്കുണ്ടല്ലോ.

പക്ഷേ ഗൌരിക്കുട്ടി അവളെ ദിവസവും കണ്ടുകൊണ്ടിരുന്നു. അവൾ ഗൌരിക്കുട്ടിയെ കണ്ടതുമില്ല.

തന്റെ വീട്ടിൽ ആകെ രണ്ടു മുറികളേയുള്ളു. അവിടെ വൈദ്യുതവിളക്കുകളില്ല. നിലക്കണ്ണാടിയില്ല. ആഡംബരങ്ങളില്ല. എങ്കിലും അതൊരു നല്ല വീടായിരുന്നു. അവിടെ പ്രേമപൂർണ്ണനായ ഒരു ഭർത്താവുണ്ടു്. രണ്ടോമനക്കുട്ടികളുമുണ്ടു്. ആ പടിവാതൽ കടക്കുമ്പോൾ നാലുപാടും നോക്കി ആരും മുഖം മറയ്ക്കുയില്ല.

പട്ടണത്തെപ്പററി ഗൌരിക്കുട്ടിയ്ക്കു് വളരെ കുറച്ചു അ



റിവെയുള്ളൂ. അവിടെ വന്നു താമസമാക്കിയതിൽ പിന്നെയാണ് അയൽവീട്ടിനെപ്പററി കേട്ടതു്. ആളുകൾക്കു എത്രമാത്രം അധ:പതിക്കാനും പതിപ്പിക്കാനും കഴിയുമെന്നു അവൾക്കു നിശ്ചയമില്ല. സുന്ദരമായ ഒന്നിൽ നിന്നു ഭയങ്കരതയും ഭയങ്കരതയിൽ സൗന്ദര്യവും ദർശിക്കുവാനും അവൾക്ക് കഴിവില്ല. മനോഹരമായ ആ മണിഹർമ്മ്യം അവൾക്കു വളരെ അടുത്ത്--എന്നാൽ വളരെ വിദൂരത്തിൽ--മനസ്സിലാക്കുവാൻ വയ്യാത്ത ഒരു വിഷമപ്രശ്നം പോലെ നിന്നു.

ഒരു നല്ല തറവാട്ടിൽ ജനിച്ചു ചൊല്ലുവിളി കേട്ടു വളർന്ന ഒരു പെണ്ണാണ് ഗൗരിക്കുട്ടി. അരുതു് എന്നു വിലക്കിയതു് അവൾ ഒരിക്കലും ചെയ്തിട്ടില്ല. പതിനേഴു വയസ്സിൽ വിവാഹം കഴിഞ്ഞു. ഭർത്താവിനെ ഭരദേവതയായി പൂജിച്ചുപോരുന്നു. ജീവിതത്തിലെ ഗൂഢപ്രവർത്തനങ്ങൾ ഒന്നും അവൾക്കറിവില്ല. അയൽവീട്ടിലേയ്ക്കു നോക്കുമ്പോഴെല്ലാം അതിരില്ലാത്ത സംശയങ്ങൾ അവളെ പീഡിപ്പിക്കും. പകൽ മുഴുവൻ അവിടം മൂകമായിരിക്കുന്നു. സന്ധ്യ കഴിഞ്ഞാൽ മേളം തുടങ്ങുകയായി. പട്ടുസാരിയുടെ ചലനങ്ങൾ--രത്നാഭരണങ്ങളുടെ ക്വണിതങ്ങൾ--മാദകമായ വാസനദ്രവ്യങ്ങളുടെ ലഹരി--ആളുകൾ വരുന്നു, പോകുന്നു. ഒന്നും അവൾക്കു വ്യക്തമല്ല. ആ അവ്യക്തതയിൽ നിന്നു് ഏതോ ഒരു വ്യക്തത--വിലക്കപ്പെട്ടതു് തിരിഞ്ഞുനോക്കുവാനുള്ള നിസർഗ്ഗജമായ വാസനയാണോ അവളെ ഈ പരിശോധനയ്ക്കു പ്രേരിപ്പിച്ചതു്. ഒരു വെറുംകള്ളിയെപ്പോലെ--കുററക്കാരിയെപ്പോലെ അറച്ചറച്ചു അവൾ ആ ജനാലയ്ക്കൽ നിന്നു ശ്രദ്ധിക്കും. പടിവാതിൽ ഒന്നനങ്ങിയാൽ മതി, ഭർത്താവിന്റെ ചെരിപ്പൊച്ച കേട്ടാൽ മതി ഞടുങ്ങി പിൻമാറും.

പഴയതുപോലെ തുന്നൽസാമഗ്രികൾ കയ്യിലെടുക്കും. അദ്ദേഹവും ഈ പാട്ടു കേൾക്കുന്നുണ്ടോ? ആ രൂപം കണ്ടിട്ടുണ്ടോ? അതാണവൾക്കു പേടി. എത്ര മധുരമധുരമായാലും ആ ഗാനം അയാൾ കേട്ടുകഴിഞ്ഞാൽ അവൾക്കു് വിഷമമാണ്. എത്ര മനോഹരമായാലും ആ രൂപം അയാൾ കണ്ടുകഴിഞ്ഞാൽ........ഗൗരിക്കുട്ടി സന്ധ്യയ്ക്കുമുൻപു് ആ ഭാഗത്തേക്കുള്ള ജനാലകളെല്ലാം അടച്ചുകളയും. പിന്നെ പിറേറന്നു് ഉച്ചയായേ തുറക്കയുള്ളൂ.

കഷ്ടിച്ചു കഴിഞ്ഞുകൂടുവാൻ മാത്രം ശമ്പളമുള്ള ഒരാഫീസ് ക്ളാർക്കാണ് ശേഖരൻനായർ. രാവിലെ എട്ടുമണിക്കുണർന്നാൽ കുളിയും ഊണും കഴിച്ചു ഒൻപതരയോടെ ജോലിസ്ഥലത്തേക്കു് പോകും. പിന്നെ രാത്രി പത്തുമണിക്കാണ് തിരികെ വരുക. ഒന്നു രണ്ടു മൈൽ നടക്കേണ്ടതുകൊണ്ടു് ഉച്ചക്കാപ്പി ആപ്പീസിനടുത്ത ഒരു ഹോട്ടലിലാകും. പകൽ മുഴുവൻ പിടിപ്പതു ജോലിയുള്ള ആ നിർഭാഗ്യവാനു് രാത്രി വിശ്രമത്തിനല്ലാതെ ഉല്ലാസത്തിനു് നേരമില്ല. അയൽവീട്ടിനെപ്പററി എന്തൊക്കെയോ കഥകൾ അയാളും കേട്ടിട്ടുണ്ടു്. അതു് കൊണ്ടാണ് അതിനടുത്ത കെട്ടിടം ഇത്ര വാടക കുറഞ്ഞും ഒഴിഞ്ഞും കിട്ടിയതെന്നും അറിയാം. അത്രയും കൊണ്ടുതന്നെ ആ പരിസരം അയാൾ വെറുത്തു. അവിടെ വന്നു് അധികദിവസങ്ങൾ കഴിയുന്നതിനു് മുമ്പു അയാൾ ചോദിച്ചു.

ഗൗരിക്കുട്ടീ! ആഫീസിനടുത്തു് ഒരു ചെറിയ വീടു



തങ്കമണിയും കുമാരിലക്ഷ്മിയും. (മലയാളം പ്രഹ്ളാദയിൽ)

കിട്ടാനിടയുണ്ട്. വാടക ഇരട്ടിയാണ്. സൗകര്യവും ഇത്രയില്ല. എന്നാലും അടുത്തൊക്കെ വലിയാളുകളാണ് താമസം. നമുക്ക് നാളെത്തന്നെ അങ്ങോട്ടു മാറുകയല്ലേ?

ഗൗരിക്കുട്ടി ഒന്നു സംശയിച്ചു. ഭർത്താവിൻെറ ഇഷ്ടങ്ങൾക്ക് അതെ എന്നല്ലാതെ അവൾ ഉത്തരം പറഞ്ഞിട്ടില്ല. പക്ഷെ ആശാനപ്രവാഹം........ അതിൻെറ അഭാവം............ അവൾ പറഞ്ഞു

"നമ്മളിവിടെ വന്നിട്ടു ഒരു മാസം തന്നെയായിട്ടില്ലല്ലൊ സാമാനങ്ങൾ മാറുവാനും മററും എന്തു ചിലവ്. പോരെങ്കിൽ ആറുമാസത്തെ വാടകയും മുൻകൂറുണ്ട്",

ശേഖരൻനായർ അത്ഭുതപ്പെട്ടു. "എന്തു? നീ തന്നെയല്ലേ കൂടെക്കൂടെ പറയാറുള്ളതു്. വാടക പോയെങ്കിൽ പോകട്ടെ, ഈ ദുഷിച്ച പരിസരത്തിൽ നിന്നു് എങ്ങോട്ടെങ്കിലും മാറിയാൽ മതിയെന്നു്.",

"അതു്........ അതു്......... അപ്പോഴെനിക്കങ്ങനെ തോന്നി. ഇന്നു തോന്നുന്നു പരിസരങ്ങൾ സൃഷ്ടിക്കേണ്ടതു് നമ്മുടേയും കടമയല്ലേ? മററാൾക്കു് ചീത്തയാക്കാൻ കഴിയുമ്പോലെ നമുക്കു് നന്നാക്കാനും കഴിയുമെങ്കിൽ....,,

ശേഖരൻനായർ ഒന്നു പുഞ്ചിരിച്ചു.... "ഓ.... എങ്കിൽ ആ പരീക്ഷണവും നടക്കട്ടെ. പക്ഷെ എന്നെ ഇതിനു് കുററപ്പെടുത്തരുതു്. ഈ വീടു മാറണമെന്നു് നീ തന്നെ പറയുന്നതുവരെ ഞാൻ കാത്തിരിക്കാം."

ഇങ്ങനെ തൽക്കാലത്തേക്കു് ആ ആലോചന നീട്ടിവച്ചു. ശേഖരൻനായർ പതിവായി ആഫീസിൽ പോകും. പതിവുസമയത്തു മടങ്ങിവരും. ഗൗരിക്കുട്ടി പലപ്പോഴും ആ പാട്ടു കേൾക്കും. ശ്രദ്ധനിരീക്ഷണം തുടങ്ങും. ഇതിനിടയ്ക്കു് നൂതനമായ പലതും അവൾ കണ്ടുപിടിച്ചു. ആ വീട്ടിൽ ഒരൊററ സ്ത്രീ മാത്രമല്ല ഉള്ളതു് അവരിലാരാണു് ഈ പാടുന്നതു്! അവരെല്ലാവരും പാടുമോ.

ആ വീട്ടിൽ സ്ത്രീകൾ മാത്രമേ താമസമുള്ളു. പക്ഷേ സ്ത്രീകളാരും ആ വീട്ടിൽ കയറുകയില്ല.

ആ വീട്ടിൽ ധാരാളം പുരുഷന്മാർ വരാറുണ്ടു്. പക്ഷേ ഒരൊററ പുരുഷനും അവിടെയില്ല.

ആ വീട്ടിൽ അച്ഛനും അമ്മയും ഇല്ല. സോദരന്മാരും കുട്ടികളും ഇല്ല. ഇവർ എങ്ങിനെയുണ്ടായി. എവിടെ നിന്നും വന്നു. എങ്ങിനെ കഴിയുന്നു.

സംശയങ്ങൾ —സംശയങ്ങൾ—എല്ലാം സംശയങ്ങൾ മാത്രം. ഒരു ദിവസം യാദൃച്ഛികമായി അവൾ ഭർത്താവിനോടു ചോദിച്ചു.

നാം ഏററവും വെറുക്കപ്പെടുന്ന ഒന്നിൽനിന്നു നമുക്കു ഏററവും വലുതായ ആനന്ദവും ലഭിക്കുമോ?

ശേഖരൻനായർ അവളെ അർത്ഥഗർഭമായൊന്നുനോക്കി.

"ഒരു പക്ഷേ അതു് അത്രയ്ക്കു ആകർഷണീയമായതുകൊണ്ടാവാം അത്രയ്ക്കു വെറുക്കപ്പെടുന്നതും.......

അവൾ തൃപ്തയായില്ല........"ആ വെറുപ്പിൽനിന്നു് ആനന്ദത്തെ തിരിച്ചെടുക്കാൻ പാടില്ലേ. വെറുപ്പ് വെറുപ്പായി തള്ളുകയും ആനന്ദം ആനന്ദമായി സ്വീകരിക്കയും ചെയ്യാം.

"അതു് സാദ്ധ്യമല്ല ഗൗരിക്കുട്ടീ" ശേഖരൻനായരുടെ ലോകപരിചയം ഉപദേശിച്ചു. "ക്ഷീരനീരങ്ങളെ അങ്ങനെ തിരിച്ചെടുക്കുന്ന ഹംസം ഏട്ടിൽ മാത്രമേയുള്ളു. വെറുപ്പിലുള്ള അല്പമായ ആനന്ദത്തെ നാം ശ്രദ്ധിച്ചാൽ, ആ വെറുപ്പു നമ്മെത്തന്നെ ഗ്രസിച്ചുകളയും. തിന്മയോടനുബന്ധിച്ച അൽപമായ നന്മ ചൂണ്ടലിലെ ഇരയാണു്. അതു കണ്ടു മാത്രമാണു് ഇര കുടുങ്ങുന്നതും."

ആ വിഷയത്തെപ്പററി അവർ കൂടുതൽ സംസാരിച്ചില്ല. എങ്കിലും അന്യോന്യം ആശയം മനസ്സിലാക്കി.

അടുത്ത ദിവസം ഗൗരികുട്ടി ഒരു കഥ കേട്ടു. തൻെറ പരിചയത്തിൽപ്പെട്ട ഒരു സ്ത്രീയുടെ ഭർത്താവു് അവളെ അ



ററി. ഏ. സുന്ദരാംബാൾ (അനാഥപ്പെൺ എന്ന ചിത്രത്തിൽ)

ചിത്രവും നാടകവും

(27-ാം പേജിൽനിന്നും തുടർച്ച)


ടകം നടത്തുക മുതലായ കായക്ലേശകരങ്ങളായ പല ശ്രമങ്ങളും കുറഞ്ഞു ഒരു ചുരുൾ ചിത്രനാടയും അതു് ഘടിപ്പിച്ചു പ്രദർശനം നടത്തുന്നതിനുള്ള ഒരു യന്ത്രവും ഉണ്ടെങ്കിൽ ഏതു സ്ഥലത്തും കുറഞ്ഞ ചെലവിൽ നാടകം നടത്താമെന്നുള്ള മട്ടായി.

ചലച്ചിത്രങ്ങളുടെ പ്രാരംഭദശയിൽ ഒരൊററ ചിത്രനാടയിൽ മാത്രമാണു് കഥാഭിനയം ചിത്രീകരിക്കപ്പെട്ടിരുന്നതു്. അതായതു് ഒരൊററ ചിത്രനാടമാത്രം ദേശമൊട്ടുക്കു് കൊണ്ടുനടന്നു പ്രദർശിപ്പിച്ചുവരികയായിരുന്നു പതിവു്. പിന്നീടുള്ള പരിശ്രമംകൊണ്ടു് ഒരു ചിത്രനാടയിൽനിന്നും പുസ്തകങ്ങളുടെ പ്രതികൾപോലെ അനേകം പതിപ്പുകൾ എടുക്കുവാൻ സാധിച്ചു. അങ്ങനെ ചിത്രനിർമ്മാതാക്കൾ ഒരേ നാടകത്തിന്റെ അനേകം പതിപ്പുകൾ എടുത്തു് ഒരേ സമയത്തു് ലോകത്തിന്റെ പല ഭാഗങ്ങളിലും പ്രദർശിപ്പിച്ചു. അതോടുകൂടി ചലച്ചിത്രം ഒരു പുതുമ എന്ന നിലവിട്ടു് ഒരു വമ്പിച്ച വ്യവസായം എന്ന നിലയെ പ്രാപിച്ചു നടന്മാരുടെ അഭിനയകലാവിലാസത്തെ അവർ ചിത്രനാടയിൽ മുദ്രണം ചെയ്തുകൊണ്ടുതന്നെ വന്നു നാടക കർത്താക്കൾ ചെയ്തിട്ടുള്ള രംഗവിധാനങ്ങളെ അതേപടി പകർത്തുക എന്നുള്ളതായിരുന്നു അന്നത്തെ ഫിലിം ഡയറക്ടറന്മാരുടെ പ്രധാനജോലി. നടന്മാരുടെ മുന്നോട്ടും പുറകോട്ടുമുള്ള നടത്തം, രംഗപ്രവേശനം, തിരോധാനം ഇവയൊക്കെ ഡയറക്ടർ രേഖപ്പെടുത്തി ഛായാഗ്രാഹകൻ നാടകാരംഭം മുതൽ അയാളുടെ ഛായാഗ്രാഹിണിയെ നാടകരംഗത്തേക്കുതന്നെ തിരിച്ചുവച്ചുകൊണ്ടിരുന്നു. നാടകത്തിന്റെ രംഗക്രമംതന്നെ ഫിലിം ഡയറക്ടറും സ്വീകരിച്ചിരുന്നു ചുരുക്കത്തിൽ ആ കാലത്തു് നാടകത്തിലെ സ്റ്റേജുമാനേജർ എന്നു പറയുന്ന ആളിന്റെയും ഫിലിം ഡയറക്ടർ എന്നു പറയുന്ന ആളിന്റെയും ജോലികൾക്കു തമ്മിൽ യാതൊരു ഭേദവും ഉണ്ടായിരുന്നില്ല.

അങ്ങനെ മനുഷ്യർക്കു് ആപത്തു കൂടാതെ അഭിനയിക്കാവുന്ന രംഗങ്ങൾ മാത്രം ചിത്ര നാടയിലും പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ കാണികളെ കുറെക്കൂടി ആകർഷിക്കുന്നതിനു് സാധാരണ മനുഷ്യർക്കു സാധിക്കാത്തതായുള്ള ചില കർമ്മപരിപാടികൾകൂടി ചേർക്കുന്നതിനു ഛായാഗ്രാഹകയന്ത്രവിദഗ്ദ്ധന്മാർ ശ്രമിച്ചു, അഭിനയക്കാവുന്നതും അഭിനയിക്കാൻ പാടില്ലാത്തതുമായ അനേകം കഥകൾ നാം വായിച്ചിട്ടുണ്ടല്ലോ. ഒരു മനുഷ്യൻ ആകാശത്തിൽകൂടി പറന്നു എന്നോ സമുദ്രം ചാടിക്കടന്നെന്നോ. അതുപോലെ മററു പല വീരകൃത്യങ്ങളും നടത്തിയെന്നൊ വല്ല പുസ്തകങ്ങളിലും നാം വായച്ചിരിക്കാം. എന്നാൽ ആ സംഭവങ്ങളെ അഭിനയിച്ചു കാണിക്കുന്നതിനു് ഒരു നടനും പ്രാപ്തനല്ലായിരിക്കും; ചിത്രനിർമ്മാതാക്കൾ അങ്ങിനെയുള്ള പ്രവൃത്തികളെ യവനികയിൽ പ്രദർശിപ്പിക്കുന്നതിനുള്ള മാർഗ്ഗമാണു് ശ്രമിച്ചു കണ്ടുപിടിച്ചതു്. മനുഷ്യർ അഭിനയിക്കാതെ അങ്ങിനെയുള്ള രംഗങ്ങൾ പ്രകടിപ്പിക്കുന്നതിനും സാധ്യമല്ല അഭിനയിക്കുവാൻ ഒരുങ്ങിയാൽ അപകടങ്ങളും നേരിടും. അതുകൊണ്ടു് ദുർഘടരംഗങ്ങൾ നടന്മാരെക്കൊണ്ടു് അഭിനയിപ്പിക്കുന്നതിനും അതേ സമയത്തുതന്നെ അവരെ ആപത്തുകൂടാതെ രക്ഷിക്കുന്നതിനും ചിത്രനിർമ്മാതാക്കൾ പല തന്ത്രങ്ങളും പ്രയോഗിച്ചു. അവയിൽ ചിലതുമാത്രം ഇവിടെ രേഖപ്പെടുത്താം.

ഒരു കെട്ടിടത്തിന്റെ അഞ്ചാമത്തെ നിലയിൽനിന്നും ഒരു മനുഷ്യൻ ചാടുന്നു എന്നു വിചാരിക്കുക. ആ ചാട്ടത്തിനുശേഷം അയാൾ ജീവിക്കുമൊ എന്നുള്ള കാര്യത്തെക്കുറിച്ചു ചിന്തിക്കുകയേ വേണ്ട. പക്ഷെ ഗ്രന്ഥകാരൻ അയാളെ ജീവിപ്പിക്കുന്നുണ്ടാവും. അങ്ങനെ ജീവിപ്പിക്കുന്നതിനു ഫിലിം ഡയറക്ടർ സ്വീകരിക്കുന്ന സമ്പ്രദായം ഇങ്ങനെയാണു്. ആദ്യമായി ആ മനുഷ്യൻ കെട്ടിടത്തിന്റെ അഞ്ചാമത്തെ നിലയിൽനിന്നും ചാടുന്നു. കെട്ടിടത്തിനു താഴെ അവനെ രക്ഷിക്കുവാൻ പിടിക്കപ്പെട്ടിരിക്കുന്ന വലയിൽ അവൻ വന്നു വീഴുന്നു. ചിത്രഗ്രാഹകൾ ആ ചാട്ടം ചിത്രനാടയിൽ സ്വീകരിക്കുന്നു. എന്നാൽ വലയിൽവന്നു വീഴുന്ന ഭാഗം അയാൾ ചത്രീകരിക്കാതെ വിട്ടുകളയുന്നു. രണ്ടാമതായി ആ മനുഷ്യൻ ഒരു മേശയുടെ പുറത്തുനിന്നും താഴത്തേക്കു ചാടുന്നു. ഈ ചാട്ടത്തിന്റെ ആരംഭ ഭാഗം ചിത്രഗ്രാഹകൻ ചിത്രണം ചെയ്യുന്നില്ല ഒടുവിൽ രണ്ടു ഭാഗങ്ങളുംകൂട്ടിച്ചേർത്തു ചിത്രയവനികയിൽ പ്രദർശിപ്പിക്കുമ്പോൾ ആ മനുഷ്യൻ അഞ്ചുനിലയുള്ള കെട്ടിടത്തിന്റെ മുകളിൽനിന്നും താഴത്തേക്കു ചാടി കേടുപാടുകൂടാതെ ഓടിപ്പോകുന്നതായി നമുക്കു കാണാറാകും. വളരെയധികം ഉയരത്തിൽനിന്നു ആ മനുഷ്യൻ ചാടുമ്പോൾതന്നെ ഭയവിഹ്വലരായി യവനികയുടെ മുമ്പിലിരിക്കുന്ന നാം അവൻ താഴെയെത്തി അതിവേഗത്തിൽ ഓടിപ്പോകുന്നതുകണ്ടു കൈകൊട്ടി ആർത്തുവിളിക്കുമെന്നല്ലാതെ ആ ചാട്ടത്തിന്റെ സാദ്ധ്യാസാദ്ധ്യതകളെക്കുറിച്ചു ചിന്തിക്കുന്നതിനു നമുക്കു സമയം കിട്ടുന്നില്ല

ഇനിയും മറെറാരുദാഹരണംകൂടി പറയാം. രണ്ടു മൈൽ ദൂരമുള്ള ഒരു ഘോഷയാത്രയെ ചിത്രനാടയിൽ പതി



മണിമേഖല.

പ്പിക്കണമെന്ന് ഒരു ചിത്രഗ്രാഹകൻ ആഗ്രഹിക്കുന്നു എന്നു വിചാരിക്കുക. ഘോഷയാത്രയിൽ കടൽപ്പടയും, കാലാൾപ്പടയും, കുതിരപ്പടയും ഉൾപ്പെട്ടിരിക്കുന്നു. മൂന്നുകൂട്ടരും മൂന്നുതരത്തിലുള്ള വേഷങ്ങളാണു ധരിച്ചിരിക്കുന്നതും. ചിത്രഗ്രാഹകൻ മൂന്നു വകുപ്പിൻെറയും ഓരോ ഭാഗം മാത്രം ഫിലിമിൽ ചിത്രീകരിക്കുന്നു. ആ മൂന്നു ഭാഗങ്ങളുംകൂടി ഒരുമിച്ചു ചേർത്താൽ തുടർച്ചയായ ഒരു വമ്പിച്ച ഘോഷയാത്ര നമുക്കു കാണാം. ഈ തന്ത്രങ്ങൾകൊണ്ടു കാണികൾക്ക് കാര്യബോധവും അത്ഭുതവും ഉണ്ടാകുന്നു. അതേസമയത്തു തന്നെ ചിത്രനാടയുടെ ചെലവും കുറയുന്നു. കാണാനുള്ള സമയത്തിനു ലാഭവും ഉണ്ടാകുന്നു.


മേൽപ്പറഞ്ഞ തരത്തിലുള്ള അനേകം തന്ത്രങ്ങൾ ഉപയോഗിച്ചാണ് ചിത്രനിർമ്മാതാക്കൾ ചിത്രത്തെ യഥാർത്ഥ നാടകത്തിൽനിന്നും വേർതിരിച്ചത്. നാടകത്തിലെ സ്റ്റേജുമാനേജർക്കും ഫിലിം ഡയറക്ടർക്കും ഈതരത്തിലാണു വ്യത്യാസം ഉണ്ടായത്. നാടക കർത്താവ് സ്ഥലകാലങ്ങളെ ശരിക്കുറപ്പിച്ചു നാടകം രചിച്ചു പ്രദർശിപ്പിക്കുന്നു. ചിത്രകർത്താവ് അയാളുടെ ഇഷ്ടാനുസരണം സ്ഥലകാലങ്ങളെ നീട്ടുകയും കുറുക്കുകയും ചെയ്യുന്നു. ഫിലിമിൻെറ നീളത്തെയും സമയത്തിൻെറ പരിമിതിയേയും ആശ്രയിച്ചുകൊണ്ടാണ് അയാൾ കഥകൾ ചിത്രീകരിക്കുന്നത്. നാടക കർത്താവു യാഥാർത്ഥ്യത്തെ വെളിപ്പെടുത്തുന്നു ചിത്രകർത്താവ് പുതിയ യാഥാർത്ഥ്യത്തെ സൃഷ്ടിക്കുന്നു.

"ഡോക്ടർ കോട്നിസ്-കി-അമർ കഹാനി"

(പി. കെ. വാസുദേവൻ നായർ, ബി. ഏ., വെരുന്ന)

അനുഗൃഹീതപുരോഗമനസാഹിത്യകാരനായ കെ. എ. അബ്ബാസിൻെറ "ഒരാൾ മാത്രം മടങ്ങി വന്നില്ല" എന്ന ചെറുഗ്രന്ഥത്തെ ഉപജീവിച്ചു സുപ്രസിദ്ധ ഫിലിം ഡയറക്ടറായ ശാന്താറാം നിർമ്മിച്ചിട്ടുള്ള ഡോക്റ്റർ കോട്നിസ്-കി-അമർ കഹാനി എന്ന ചിത്രം ഭാരതീയ ചലനചിത്രചരിത്രത്തിൽ ഒരു അഭിനവയുഗം തന്നെ സൃഷ്ടിച്ചു. ആദർശസുഭഗമായ പ്രസ്തുത ചിത്രം കലാപരമായ ജീവിതത്തിനു അനശ്വരമായ ഒരു ധർമ്മമുണ്ടെന്നുള്ള പരമതത്വം നിതരാം പ്രസ്പഷ്ടമാകുന്നു ഇതിലെ രംഗങ്ങൾ പുളകോൽഗമങ്ങൾ; അഭിനയങ്ങൾ സ്വാഭാവികതയുടെ സ്ഥായീഭാവങ്ങൾ; പ്രകൃതിവിലാസങ്ങൾ ഹൃദയാകർഷകങ്ങൾ; ഗാനശകലങ്ങൾ അമൃതനിഷ്യന്ദകൾ; സംഭാഷണങ്ങൾ വശ്യമോഹനങ്ങൾ. ഈ കലാശില്പത്തെക്കുറിച്ചുള്ള മധുരസ്മരണകൾ ആരുമൊരിക്കലും മറക്കുകയില്ല. പതിനെട്ടു ലക്ഷം രൂപാ ചെലവു ചെയ്ത് രാജകമാൽ കലാമന്ദിർ സ്റ്റുഡിയോയിൽ നിർമ്മിച്ച ഈ ചിത്രം കലാലോകത്തിനു ഒരു അനർഘ നേട്ടം തന്നെ.

യാതൊരു നിയന്ത്രണവുമില്ലാതെ ലാഭം മാത്രം കൊതിക്കുന്ന കലാശൂന്യരും നിരക്ഷരകുക്ഷികളുമായ ചില പണക്കാരുടെ ഇരുമ്പുമുഷ്ടിയിൽ കിടന്നു, ഇൻഡ്യൻ സിനിമാ വ്യവസായം ഞെങ്ങി ഞെരുങ്ങുകയാണ്. പൌരാണിക ചരിത്രത്തിൽ അസഹനീയമായ വ്യതിയാനങ്ങൾ സൃഷ്ടിക്കുന്നതിലും, വിക്രമാദിത്യൻ കഥകൾ പോലുള്ള അസംഭാവ്യകഥകളുടെ ചിത്രീകരണത്തിലും അസന്മാർഗ്ഗികമായ ചില സാമൂഹ്യകഥാപ്രതിപാദനത്തിലും ദുഷിച്ച ചരിത്രത്തിൻെറ ഏട്ട




ജി. എൻ. ബാലസുബ്രഹ്മണ്യം, വസുന്ദരാദേവി
(ഉദയനവാസവദത്ത എന്ന ചിത്രത്തിൽ)

കൾ പ്രദർശിപ്പിക്കുന്നതിലും സംഭ്രമജനകവും സംഭവബഹുലവുമായ കഥകളുടെ നിർമ്മാണത്തിലുമാണ് ഇന്ത്യൻ ചലനചിത്രവ്യവസായികൾ അഭിരുചി പ്രകടിപ്പിക്കുന്നത്. ഡോക്ററർ കോട്നീസ്—കി—അമർ കഹാനി എന്ന ചിത്രത്തിലെ കഥാംശം പൌരാണികമോ ഭാവനാനിർമ്മിതമൊ അല്ലെന്നുള്ളതാണ് അതിൻെറ പ്രത്യേകതയും. ചലനചിത്രത്തിൻെറ പ്രചരപ്രചാരമോ വ്യാവസായികമായ ജയാപജയങ്ങളൊ കഥയെ ആശ്രയിച്ചല്ല സ്ഥിതി ചെയ്യുന്നതെന്ന് പ്രസ്തുത ചിത്രം അവിതർക്കിതമായി തെളിയക്കുന്നുമുണ്ട്.

സാമ്രാജ്യ ദുർമ്മോഹിയായ ജപ്പാൻെറ പൈശാചികാക്രമണത്തിനു നിരാലംബയായ ചൈനാ വിധേയയാകേണ്ടിവന്നു യുദ്ധാഹ്വാനത്തെ സ്വീകരിച്ചുകൊണ്ടു് അടിമത്വ ശൃംഖലയിൽനിന്നു മോചനം ലഭിക്കുവാൻ ചൈനാ മുന്നോട്ടുവന്നു. ചൈനയുടെ ദുരവസ്ഥയിൽ അനുഭാവമുണ്ടായ ഭാരതം അവളുടെ സഹായാത്ഥം അഞ്ചു് അംഗങ്ങളുടങ്ങിയ ഒരു മെഡിക്കൽ മഷ്യനെ ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിൻെറ നിയന്ത്രണത്തിൽ അങ്ങോട്ടേയ്ക്കു നിയോഗിച്ചു. മെഡിക്കൽ മിഷനിലെ ഏററവും പ്രായംകുറഞ്ഞ ഒരു പ്രമുഖാംഗമായിരുന്നു ദ്വാരകനാഥകോട്നീസ്. നാരകീയ ദുരിതങ്ങളിലും, നിത്യദാരിദ്ര്യത്തിലും, ശത്രുവിൻെറ നിശിതമായ ബോംബു വഷത്തിലും കിടന്നു് എരിപൊരികൊണ്ടിരുന്ന ചൈനീസ് ജനതയെ മൃത്യുവക്ത്രത്തിൽനിന്നു കരകയററുന്നതിനു കോട്നീസു അനുഷ്ടിച്ച ത്യാഗനിർഭരമായ സേവനങ്ങൾ അവണ്ണ്യങ്ങളാണ്. അദ്ദേഹത്തിൻെറ ചൈനയിലെ സേവനങ്ങൾക്കിടയിൽ ചിങ്ങ്ലാൻ എന്ന ഒരു നേഴ്സിംഗ് അദ്ധ്യാപികയുമായി പരിചയം നേടുകയും അവരുടെ ആത്മബന്ധം ദാമ്പത്യത്തിൽ പര്യവസാനിക്കുകയും ചെയ്തു പക്ഷേ 1942—ഡിസംബർ ഒൻപതാംതീയതി ചൈനയിലെ ഒരു ചെറിയ മൺകുടിലിൽവെച്ചു് ആ മാണിക്യ പ്രഭ പൊലിഞ്ഞുപോയി—ജീവിതപ്രഭാതത്തിലെ ഒരു മനോജ്ഞ കുസുമം അടന്നുവീണു— രണ്ടു രാഷ്ട്രങ്ങൾ ആ അത്യാഹിതത്തിൽ കരൾപൊട്ടിക്കരഞ്ഞു. ആ ശോകാത്മക കഥയെ ആസ്പദമാക്കിയാണു ശാന്താറാം സിനിമാ നിർമ്മാണം സാധിച്ചിരിക്കുന്നതു്.

ഡാക്ടർ കോട്നിസ്—കീ—അമർ കഹാനിലെ പ്രശസ്തതാരങ്ങൾ ശാന്താറാമും അദ്ദേഹത്തിൻെറ പ്രിയ പത്നിയായ ജയശ്രീയുമാണ്. ശാന്താറാം സിനിമാ ലോകത്തു് പ്രഖ്യാതി നേടിയതു പ്രഭാത് കമ്പനിയുടെ ഡയറക്ടരെന്നനിലയ്ക്കാണ്. അദ്ദേഹം നിർമ്മിച്ചിട്ടുള്ള ചിത്രങ്ങൾ കലാലോകത്തിൻെറ ഹൃദയപൂർവ്വമായ പരിലാളനകൾക്കും പ്രോത്സാഹനങ്ങൾക്കും ഇതിനകം ധാരാളം പാത്രമായിട്ടുണ്ടു്. അദ്ദേഹത്തിൻെറ എല്ലാ ചിത്രങ്ങളും ആദർശസൗരഭ്യം പൊഴിക്കുന്നവയും സംസ്കാരദ്യുതി ചിതറുന്നവയുമാണ്. കഥയിലെ സംഭവങ്ങൾക്കല്ല അദ്ദേഹം കൂടുതൽ പ്രാധാന്യം നൽകി കാണുന്നതു്. പ്രത്യുത വികാരങ്ങളുടെയും വിചാരങ്ങളുടെയും സ്വതന്ത്രമായ പ്രകടനങ്ങളിലാണ്. ദുഷിച്ച സാമുദായിക വശങ്ങളെ ചിത്രീകരിക്കുന്നതിലും സ്ഥാപനങ്ങളുടെ ദുർബലവശങ്ങളെ പ്രകടമാക്കുന്നതിലും അദ്ദേഹത്തിൻെറ വിദഗ്ദ്ധമായ മേധാശക്തി വളരെയധികം പ്രതിഫലിച്ചു കാണുന്നു. ഒരു സാധാരണ ജീവിതത്തിലെ നിത്യസംഭവങ്ങൾപോലും അദ്ദേഹം ചിത്രനിർമ്മാണത്തിനു സ്വീകരിക്കുമ്പോൾ പ്രേക്ഷകർക്കു് ആകർഷകമായി അനുഭവപ്പെടുന്നതു സഹജമാണ്. തന്മയത്വത്തിൻെറയും അകൃത്രിമ രാമണീയകത്വത്തിൻെറയും അഴകൊഴുകുന്ന കലാസന്താനങ്ങളായി അവ പുറത്തുവരുന്നു. കോട്നീസിൻെറ ഭാഗം അഭിനയിച്ചിരിക്കുന്ന ശാന്താറാമിന് ഒരു ഡയറക്ടർ എന്ന നിലയ്ക്കു് അദ്ദേഹത്തിനു ലഭിച്ചിട്ടുള്ള നിസ്തുല്യമായ പദവി അഭിനയകലയിൽ ലഭിച്ചിട്ടുണ്ടോ എന്നുള്ളതു് സംശയാസ്പദംതന്നെ.

ചിങ്ങ്ലാൻെറ ഭാഗം അഭിനയിച്ചിട്ടുള്ള ജയശ്രീ പ്രശംസാർഹമായി അവരുടെ ഭാഗം അഭിനയിച്ചിട്ടുണ്ടു്. സിനിമാലോകത്തിൻെറ കണ്ണിലുണ്ണിയായ അവർ താരുണ്യം



വിജയകുമാരി
(മഹാത്മഉദങ്കർ എന്ന പുതിയ തമിഴ ചിത്രത്തിൽ)

തുള്ളിത്തുളുമ്പുന്ന ഒരു സൌന്ദര്യധാമവുമാണ്. ശോകാത്മകവും വികാരഭരിതവുമായ രംഗങ്ങൾ അഭിനയിക്കുന്നതിൽ ജയശ്രീയ്ക്കുള്ള മഹനീയമായ കഴിവുകൾ സ്തുത്യർഹം തന്നെ. അസ്വാഭാവികതയുടെ കലർപ്പില്ലാതെ, ആകർഷകത്വത്തിന് തെല്ലുപോലും ലോപം വരുത്താതെ അവർ ആകർഷണീയമായി അഭിനയിച്ചിട്ടുണ്ട്. ഹിന്ദിസിനിമാനഭോമണ്ഡലത്തിലെ കനകതാരമായി പ്രശോഭിക്കുന്ന ജയശ്രീ ഇനിയും നിരവധി ചിത്രങ്ങളിൽ അഭിനയിച്ചു കലാലോകത്തെ പുളകം കൊള്ളിക്കട്ടെ.

കുക്കോവുങ്ങിന്റെ ഭാഗം ചിത്രീകരിക്കുന്ന ദിവാൻ ഷറാർ നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്ന മറ്റൊരു പ്രധാന താരമാണ്. ഒരു കഥാകൃത്തിന്റെ തന്മയത്വം വഴിഞ്ഞൊഴുകുന്നവിധം അഭിനയിക്കുവാൻ കഴിയുമെന്നുള്ളതിന് ഈ ചിത്രം മകുടോദാഹരണമാണ്. ഒരു ചൈനീസ് അന്തരീക്ഷം സൃഷ്ടിക്കുന്നതിലുള്ള അദ്ദേഹത്തിന്റെ ശ്രമം അഭിനന്ദനാർഹം തന്നെ. മറ്റൊരു താരമായ ബാബുറാവുപ്പന്തർക്കർ കേവലം അപ്രധാനമായ ഒരു ഭാഗം സ്വീകരിച്ചിരിക്കുന്നതിനാൽ അദ്ദേഹത്തെ സംബന്ധിച്ച് അധികമൊന്നും പ്രസ്താവിക്കേണ്ട ആവശ്യമില്ല. പ്രഖ്യാത താരങ്ങളായ ഉല്ലാസ്, വിനായക് മുതലായവരും തങ്ങളുടെ കലാപാടവം പ്രശസ്തമാംവണ്ണം പ്രകടിപ്പിക്കുന്നുണ്ട്. ചുരുക്കത്തിൽ ഓരോ പാത്രവും ഈ ചിത്രത്തിൽ അവരവർക്കുള്ള പ്രത്യേകമായ കലാനൈപുണ്യം ധാരാളം പ്രസ്പഷ്ടമാക്കിയിട്ടുണ്ട്.

"ബായ്ക്ക് ഗ്രൗണ്ട് മ്യൂസിക്ക്" സീനറി, മേക്കപ്പ്, സംഭാഷണം മുതലായവ കഥാഗതിക്കനുസരണമായി ഘടിപ്പിച്ചു സിനിമാപ്രദർശനത്തിനനുയോജ്യമായവിധം രൂപവൽക്കരിച്ചു പ്രേക്ഷകർക്ക് ആനന്ദാനുഭൂതി പ്രദാനം ചെയ്യുന്നതോടുകൂടിതന്നെ ലോകത്തിന് ഉൽബുദ്ധത നൽകുന്നതിലും ഈ ചിത്രം വിജയമായിട്ടുണ്ട്. ശാന്താറാം ഡയറക്ട് ചെയ്തിട്ടുള്ള ചിത്രങ്ങളിൽ പ്രമുഖസ്ഥാനം അർഹിക്കുന്നതും പ്രസ്തുത ചിത്രംതന്നെ.



മേൽ ചേർത്തിരിക്കുന്ന ചിത്രം ആരുടെതെന്ന് അറിയിക്കുന്നവർക്കു ഒരു ചെറിയ സമ്മാനം അയച്ചുകൊടുക്കുന്നതും പേര് അടുത്ത ലക്കത്തിൽ പ്രസിദ്ധം ചെയ്യുന്നതുമാണ്.

രസികവീഥി.

(എം. വി. അപ്പൻ)

(ഒരു കാവ്യകലാരസികൻ തന്റെ മനോനായികയോടു പറയുന്നത്)

നിന്നിൽക്കാണ്മു നിസർഗ്ഗകോമളകലാ-
കാന്തിത്തഴപ്പൊക്കെ,യെൻ
കണ്ണിൽപ്പാൽക്കുളിർ വെണ്ണിലാവൊളിചൊരി-
ഞ്ഞീടുന്ന പെണ്ണോമനേ,
വിണ്ണിൽപ്പൊങ്ങുകവേണ്ട, ഓടകളിലും
താഴേണ്ട കാര്യത്തിനായ്;
പെണ്ണും പ്രേമവുമില്ലായെങ്കിലെവിടെ-
സ്സാഹിത്യമിബ്ഭൂമിയിൽ? (1)
(ഒരു സ്ത്രീവിദ്വേഷിയുടെ അഭിപ്രായം)
താഴമ്പൂമേനിമാർതന്നമൃതമധുരമാം
പുഞ്ചിരിക്കൊഞ്ചലെല്ലാം
താരമ്പൻ ചാണ്ടമോരോ നിശിതനിശിതമാം

(ശേഷം 73-ാംപേജിൽ)

രാഗലഹരി (ചെറുകഥ)

56-ാം പേജിൽനിന്ന് തുടർച്ച

ടിച്ചുബോധം കെടുത്തി ആഭരണങ്ങളെല്ലാം പറിച്ചു കൊണ്ടുപോയെന്ന്. അയാൾതന്റെ ഭാര്യയെ വളരെനാളായി ഉപദ്രവിക്കുന്നു. അവളുടെ സകല സ്വത്തുക്കളും ആരോഗ്യവും മനസ്സുഖവും നശിപ്പിച്ചു. ഇപ്പോൾ അച്ഛൻ കൊടുത്ത മംഗല്യസൂത്രംകൂടി പൊട്ടിച്ചെടുത്തു കൊണ്ടോടിയിരിക്കുന്നു. എങ്ങോട്ട്.........എന്തിന്........ ആ മണിമന്ദിരത്തിന്റെ ചവിട്ടുപടികളിലൊന്നുകയറുവാൻ......

ഗൌരിക്കുട്ടി ജനാലഅടച്ചുകുററിയിട്ടു. അവൾ തീർച്ചപ്പെടുത്തി ഭർത്താവിനോടു പറയണം വീടു വിട്ടു മാറണമെന്ന്. പക്ഷെസന്ധ്യയുടെ മുഖത്തു, രക്തപങ്കിലമായ മുഖത്തുനിന്നു വീണ്ടും ആ പാട്ടു.......എന്തും മറപ്പിക്കുന്ന മധുരഗാനാമൃതം. ഗൌരിക്കുട്ടി ചെവിയോർത്തുപോയി. അവൾ ജനാല അല്പം തുറന്നു, അവൾ പറയണമെന്നു വിചാരിച്ചതെല്ലാം ആ രാഗപ്രവാഹത്തിൽ ചേർന്നു ലയിച്ചുപോയി.

ദിവസങ്ങൾ പിന്നെയും കഴിഞ്ഞു. ഒരു രാവിലെ തൂപ്പുകാരി വന്നപ്പോൾ സംഭ്രമസ്വരത്തിൽ പറഞ്ഞു. നോക്കു കൊച്ചമ്മേ നോക്കു. ആ പടിവാതലിൽ ഒരു ശവം കെട്ടിത്തൂങ്ങി നിൽക്കുന്നു. എന്തു ചെറുപ്രായം, ഒരമ്മയ്ക്കൊരുമകൻ. ആ മാപാപി ഉള്ളതെല്ലാം നശിപ്പിച്ചു. ഇപ്പോൾ......

ആ വേലക്കാരി പിന്നെയൊന്നും പറഞ്ഞില്ല. പോലീസുകാർ വരുംമുമ്പു പ്രേതം എങ്ങോട്ടോ മാററപ്പെട്ടു. ഒരു കേസും തുമ്പും ഒന്നും ഉണ്ടായില്ല. ഹൊ എന്തൊരു ഭയങ്കരതയാണ് എന്തൊരു വശീകരതയാണ്, ആ മാന്ത്രികമന്ദിരത്തിന്. ഗൌരിക്കുട്ടി ദൃഢനിശ്ചയം ചെയ്തു. ഇനി ഒരു നിമിഷം ഇവിടെ കഴിച്ചുകൂട്ടുകവയ്യാ. ഈ നരകം പിടിച്ച പരിസരത്തിൽ........ഭർത്താവിനോട്ടു മാപ്പു ചോദിക്കണം. കരഞ്ഞുപറയണം. അതിനു മുമ്പ് അവസാനമായി പ്രതിഷേധസൂചകമായി അവൾ ആ വെറുക്കപ്പെട്ട വീടിനെ ഒന്നുകൂടി നോക്കി. സുന്ദരമായ സന്ധ്യാകാലശാന്തതയിൽ നീലനിർമ്മലമായ ആകാശത്തിൻകീഴിൽ നിറഞ്ഞപുഷ്പങ്ങൾക്കിടയിൽ. വീണ്ടും ആ മുഖം. അലൗകികമായ ഗാനമാധുരി ഇരുൾ പരക്കുവോളം. ഇരുൾകുറയുവോളം അവളതു കേട്ടുനിന്നുപോയി. അന്നും പറയാനുറച്ചതെല്ലാം മറവിയിലാണ്ടു.

ഗൌരിക്കുട്ടിയുടെ ജന്മദിനമാണന്ന്. അവൾ രാവിലെ കുളിച്ചു ശുഭ്രവസ്ത്രങ്ങൾ ധരിച്ചു. അതിഥി സൽക്കാരത്തിനൊരുങ്ങി. അവർ പട്ടണത്തിൽവന്നിട്ടു ആദ്യം നടത്തുന്നവിരുന്നാണത്. ശേഖരൻനായരുടെ സ്നേഹിതരേയും ഗൌരിക്കുട്ടിയുടെ സ്നേഹിതികളേയും എല്ലാംക്ഷണിച്ചിരുന്നു. പക്ഷെ ക്ഷണിക്കപ്പെട്ടവരിൽ പുരുഷന്മാരല്ലാതെ സ്ത്രീകളാരുംവന്നില്ല. മിസ്സിസ് മേനോന് കഠിനമായ തലവേദന. മിസ് രാജത്തിന് മറെറന്തോ അത്യാവശ്യമുണ്ടത്രേ സുരേന്ദ്രന്റെ അമ്മയ്ക്കു എന്തുകൊണ്ടോ, തരപ്പെട്ടില്ല. ഗൌരിക്കുട്ടി നിരാശാഭരിതയായി. അവളുടെ ജന്മദിനമാണന്ന്. പക്ഷെ അവൾക്കുമാത്രം കൂട്ടുകാർ ആരുമില്ല. ഒരു സ്ത്രീക്കു സ്ത്രീകളോട് മാത്രമേഹൃദയംതുറന്ന് വെടിപറയാൻ സാധ്യമുള്ളു. അവളുടെ ചെയിൻമാററി പണിയിക്കുക ലോലാക്കിന് മാതൃക നിർണ്ണയിക്കുക. സാരിയേതാണ് പുതിയഫാഷൻ. ഇതൊന്നും ഇന്ന് സംഭാഷണവിഷയമാകയില്ല. ഗൌരിക്കുട്ടിയുടെ മ്ലാനതകണ്ട് ശേഖരൻനായരുടെ ഉററസുഹൃത്തായ മേനോൻ കുറച്ചുനീങ്ങിനിന്ന് പതുക്കെ വ്യക്തമാക്കി. 'മിസ്സിസ്സ് നായർ! ഒരു കാര്യം........"

അവർ വരുമായിരുന്നു........തീർച്ചയായും അവരെല്ലാം വരുമായിരുന്നു. പക്ഷെ ഈ വീട്....ഇതിനടുത്ത വീട്.......ഈ കഥകളൊക്കെ കേട്ടിട്ടും നിങ്ങൾ ഇവിടെ താമസിക്കുന്നതാണത്ഭുതം.......ആളുകൾ പറയുന്നു........ അതേ ആളുകൾ ഊഹിക്കുന്നു........നിങ്ങളു.......ശേഖരൻനായർകൂടി ഇതെല്ലാം സമ്മതിക്കുന്നല്ലൊ.

ഗൌരിക്കുട്ടി നിന്ന നിലയിൽ ഒന്നു നടുങ്ങിപ്പോയി. വാസ്തവമായും ഈ വശം അവൾ ഓർത്തിരുന്നില്ല. ശത്രുക്കൾക്കുകൂടിയും പഴിക്കാൻ പാടില്ലാത്തവിധം അത്ര നിഷ്കളങ്കയായ ഒരു പത്നിയാണവൾ........കുലീനതത്തിന്—ചാരിത്ര്യത്തിന്-ഗൃഹണീപദത്തിന്-ഒരു മാതൃക. പക്ഷെ അങ്ങനെയൊരാളിനെപ്പററി പോലും വിധി കൽപിക്കുന്നത് പരിസരങ്ങൾ നോക്കിയായിരിക്കും. അതാണ് ലോകസ്വഭാവം. അതിലാരേയും പഴിക്കണ്ട. വൈകിട്ടു ശേഖരൻനായർ വന്നപ്പോൾ സാമാനങ്ങളെല്ലാം അടുക്കികെട്ടി വച്ചിരിക്കുന്നു. മുറികളെല്ലാം പൂട്ടി. ഗൌരിക്കുട്ടി യാത്രോചിതമായ വേഷത്തിൽ തയാറായി നിൽക്കയാണ്. അയാൾ അൽഭുതത്തോടെ ചോദിച്ചു.

"ഇതിന്റെയെല്ലാം അർത്ഥം എന്താണ് ഗൌരിക്കുട്ടി!"

"അർത്ഥമോ........ അർത്ഥം." അവൾ വീർപ്പുമുട്ടിപറഞ്ഞു. നമുക്കു പോകണം ഈ നശിച്ചചുററുപാടിൽനിന്ന് എവിടെയെങ്കിലും പോകണം. ഇന്നുതന്നെ ഈ നിമിഷം തന്നെ പോകണം."

"ഇന്നു തന്നെയോ? ഈ രാത്രിയിലൊ എവിടേക്കു."

"എവിടെയെങ്കിലും— ഏതു നരകത്തിലെങ്കിലും ഇന്നു തന്നെ- ഈ രാത്രി. ഒരു ഇരവുകൂടി ഇവിടെ ഉറങ്ങാൻഎനിക്കു മനസ്സില്ല." അവർ മാറി. അന്നുതന്നെ മാറി.



Swarnalatha & Nazir

IN

LAILA MAJNU

A Persian love classic. Acclaimed as the best on the screen. True events of two lovers who sacrificed their lives for the sake of true love. A picture superb in quality, Gorgeous in settings, pleasing songs. Running to crowded houses for months together in North and South India. A picture screened for 25 weeks at Madras.

Now running—

At Central Theatres, Kottayam from 23-10-46

JOS THEATRES - TRICHUR.

Distributors for Malabar:- **NEW HINDUSTAN PICTURES, COIMBATORE.**

BOMBAY CENTRAL STUDIO

PRESENTS

THE BEST HINDI SOCIAL HIT OF 1945

YATEEM

Romantic Theme Immortal Story

Most Enjoyable Play.

Featuring

YAKUB & CHANDRA PRABHA

Distributors for Malabar:-

The Film Distributing Co.,

ERNAKULAM.

തുണിക്ഷാമം.

(കാരൂർ നീലകണ്ഠപ്പിള്ള)

(ഒരു ഏകാങ്ക നാടകം.)

(ഗ്രാമത്തിലെ ഒരു ദരിദ്രഭവനം. ഗൃഹനായിക തിണ്ണ തുത്തുകൊണ്ടിരിക്കയാണ്. ഭർത്താവു ഗൃഹത്തിലേക്കു വന്നതു കാണാത്ത ഭാവത്തിൽ അവൾ ജോലി തുടരുന്നു.)

ഭർത്താവ്—ഇന്നെന്താ ഇത്ര മൌനം വീർപ്പ്. അവൾ മിണ്ടുന്നില്ല. അയാൾ—കൈകൊട്ടിക്കൊണ്ട്—ഓഹോയ്. ഭാര്യ പിന്നെയും മൗനം.

ഭർത്താവ്—സിനിമായിലഭിനയിക്കാനൊരു സുന്ദരിയെ വേണമെന്നു പരസ്യം കണ്ടു. എന്താ പോകുന്നോ?

ഭാര്യ— എൻെറ കൈയിലിരിക്കുന്നത് ————

ഭർത്താ— അതിബുദ്ധതം.

ഭാര്യ— (മൗനമായി തൂക്കുന്നു.)

ഭർത്താ—അതിഭദ്രതരാമേ. നിൻെറ മൌനമൊന്നു ഉടച്ചു വെടിപ്പാക്കട്ടെ.

ഭാര്യ— എന്നോടു മിണ്ടരുതു കേട്ടോ.

ഭർത്താ—എന്നോടു മിണ്ടിയതിൻെറ മറുപടി പറഞ്ഞും വച്ചു ഞാനങ്ങു നിറുത്തിയേക്കാം.

ഭാര്യ— ഹൊ!

ഭർത്താ— ഹി!

ഭാര്യ— അങ്ങോട്ടൊന്നു മാറിനില്ക്കുന്നുണ്ടോ?

ഭർത്താ— എങ്ങോട്ടു മാറണം!

ഭാര്യ— എന്തുപറഞ്ഞാലും തർക്കുത്തരം.

ഭർത്താ— എന്നാൽ പറയാതിരിക്കാം.

ഭാര്യ— പറഞ്ഞാലെന്താ വിശേഷം?

ഭ— വിശേഷമൊന്നുമില്ലെങ്കിൽ പിന്നെ ആ മൌനം ഉടുത്തിരിക്കുന്ന തുണിപോലെ ആയതെങ്ങനെയാ?

ഭാ— ഓ, തുണി! എനിക്കെന്തിനാ തുണി? കണ്ടേടം നെരങ്ങുന്നവർക്കു മതിയല്ലോ തുണി.

ഭ— ആരുനെരങ്ങി, എവിടെനെരങ്ങി?

ഭാ—ആണുങ്ങളെവിടെയൊക്കെയാ നെരങ്ങുന്നതെന്നു പുറകെ നടന്നന്വേഷിക്കയല്ലേ എൻെറ ജോലി.

ഭ—ഇനിയൊന്നന്വേഷിച്ചു നോക്കണം.

ഭാ—ഞാനെങ്ങും അന്വേഷിക്കാൻ വരുന്നില്ല. വെളിയിലെറങ്ങിയെങ്കിലോ എന്നു വെച്ചല്ലേ ഒരു തുണിയൊള്ളതെടുത്തുടുത്തോണ്ടു പോകുന്നത്?

ഭ—പിന്നെ, തുണിയുടുക്കാതെ പോകാനൊക്കുമോ?

ഭാ—ഞാൻ പറഞ്ഞില്ലേ? എനിക്കു കാർത്ത്യായനിയുടെ കുഞ്ഞിനെ ഒന്നു കാണാൻ പോകണം. അതിനു് ആ മുണ്ടൊന്നു വേണമെന്ന്.

ഭ—ഞാനും പറഞ്ഞില്ലേ എനിക്കത്യാവശ്യമായിട്ടൊരിടത്തു പോകാനുണ്ട്; പോയിവന്നിട്ടു തരാനൊക്കത്തുള്ളൂ എന്ന്.

ഭാ— പറഞ്ഞേച്ചാൽ മതിയല്ലോ.

ഭ— ഇനി വേണമെങ്കിൽ സത്യം ചെയ്യാം.

ഭാ—എനിക്കുവേണ്ട, ഞാനെങ്ങും പോകുന്നുമില്ല. ഞാനിനി തുണിയുടുക്കാതെ നടക്കാൻ പോകുകാ.

ഭ—ഇപ്പറയുന്നതു കേട്ടാൽതോന്നും ഇതൊക്കെ എൻെറ കുററമാണെന്ന്.

ഭാ— അല്ല! എൻെറ കുററം!

ഭ— ആരുടേയും കുററമല്ല.

ഭാ— അല്ലെങ്കിലും കുററമൊരിക്കലും ആൺകാർക്കില്ലല്ലോ. ഒരു മുണ്ടുമേടിക്കാൻ നിർവാഹമില്ലാഞ്ഞിട്ടും കുററമല്ല.

ഭ— ഒരു മുണ്ടുമാത്രം മേടിച്ചാൽ മതിയെങ്കിൽ പ്രയാസമില്ല. അതിനെക്കാൾ അത്യാവശ്യമുള്ളതു മേടിക്കാൻ തന്നെ തികഞ്ഞു പററാത്തതുകൊണ്ടുള്ള വിഷമമേയുള്ളൂ.

ഭാ— എല്ലാവരും മററാവശ്യങ്ങളൊക്കെക്കഴിഞ്ഞിട്ടാണോ മുണ്ടുമേടിക്കുന്നത്. വേണമെന്നു വെച്ചാൽ ഒരു കൺട്രോൾ മുണ്ടു കിട്ടാതിരിക്കയില്ല.

ഭ— വീട്ടിലിരിക്കുന്നതുകൊണ്ടു നിനക്കറിയാൻ പാടില്ല അതിൻെറ പ്രയാസം.

ഭാ—ആവശ്യക്കാർക്കൊക്കെ കിട്ടുന്നുണ്ട്.

ഭ—കിട്ടുമായിരിക്കും പക്ഷെ ആ കിട്ടുന്നത് ആവശ്യത്തിനു കൊള്ളുന്നതല്ല. ഞാനിന്നലെ ഒരു കച്ചവടക്കാരനോടു ചോദിച്ചിട്ടു കോട്ടിൻെറ തുണി തരാമെന്നുപറഞ്ഞു.

ഭാ—അതൊക്കെ, ചെല്ലുന്നവരുടെ മിടുക്കുപോലെയാ.

ഭ—എന്നാൽ നീ മിടുക്കത്തിയാണല്ലോ. നീ ചെന്നു മേടിച്ചോളൂ.

ഭാ—ഞാൻ ചെന്നാൽ ഏതു കച്ചോടക്കാരനും തരും.

ഭ—നീ പെണ്ണായതുകൊണ്ട്.

ഭാ—നിങ്ങളാണല്ലാഞ്ഞിട്ട്.

ഭ—ഇന്നു മുതൽ നീ ആണും ഞാൻ പെണ്ണും.

ഭാ— കോട്ടിൻെറ തുണിയല്ലാതെ ഇതു വരെ കൺട്രോൾ തുണിയൊന്നും വന്നില്ലെന്നാണോ പറയുന്നത്?

ഭ—നല്ല തുണിയൊക്കെ റിസർവ്വേലാണുപോലും. പിന്നെയൊള്ളതു കിട്ടണെങ്കിൽ നടന്നുകാലൊടിയണം. അല്ലെങ്കിൽ എല്ലൊടിയണം. കച്ചോടക്കാരൻെറ ആട്ടും കൊള്ളണം. ഒടുക്കം തിരിഞ്ഞ് തിരിഞ്ഞ് ഒന്നിനും കൊള്ളാത്തതു വേണെങ്കിൽ രണ്ടുമൊഴം കിട്ടിയേക്കും.

ഭാ—എന്നാൽ വേണ്ട (തിണ്ണതൂക്കുന്നു.)

ഭ—ഞാനൊരു കാര്യം പറയാം.

ഭാ—കാര്യം പറഞ്ഞാൽ തുണിയാകുമോ?

ഭ—ഞാൻ കുറെ പഞ്ഞി വാങ്ങിച്ചുകൊണ്ടു വന്നു തരാം. അതു നൂലാക്കണം. നൂലു കൊടുത്താൽ മുണ്ടു കിട്ടും.

അതും ഇതും.

സിനിമാതാരങ്ങളുടെ രഹസ്യ ജീവിതഗതി.

അഹമ്മദ്—നീനാ വിവാഹം.

ഷാലിമാർ പിക്ചേഴ്സിലെ ചിത്രനിർമ്മാണ കാര്യഡയറക്ടരുമായ ഡബ്ളിയു. ഇസഡ്. അഹമ്മദും ഒരു പ്രസിദ്ധ നടിയായ നീനയും തമ്മിൽ ദീർഘകാലത്തെ രഹസ്യ പ്രണയബന്ധത്തിനു ശേഷം കഴിഞ്ഞ സെപ്ററംബർ 12-ാം തീയതി മദ്ധ്യേന്ത്യയിലെ ഒരു നാട്ടു രാജ്യമായ ഡട്ടിയായിൽവച്ചു വിവാഹം നടന്നിരിക്കുന്നു. "ഏക്‌റാട്ട്" എന്ന അഹമ്മദിന്റെ പ്രഥമ ചിത്രത്തിൽ നീനാ അഭിനയിച്ച കാലം മുതൽ ഇവരെ രണ്ടു പേരെയും സംബന്ധിച്ച പല ദുഷ്കേൾവികളും പ്രചരിച്ചുകൊണ്ടാണിരുന്നതു്. എന്നാൽ ഇവർ ഇരുവരും അക്കാലത്തു മററു വിവാഹബന്ധങ്ങളിൽ ഏർപ്പെട്ടിരുന്നവരാണ്. നീനയെ വിവാഹം ചെയ്തിരുന്നതു് ഒരു അഭിനയചതുരയായ രേണുകാദേവിയുടെ സഹോദരനായ മോഹ്സിൻ അബ്ദുള്ളായായിരുന്നു. എന്നാൽ ഏതാനും മാസങ്ങൾക്കു മുൻപു രണ്ടുപേരും ഒരു വിധത്തിൽ വിവാഹമോചനം മൂലം അവരുടെ പൂർവ്വ വിവാഹബന്ധങ്ങളിൽനിന്നു വിമുക്തരാകയും അങ്ങനെ ഒരു പുതിയ വിവാഹത്തിനു വഴി തെളിക്കയും ചെയ്തു. അഹമ്മദിന്റെ ആദ്യ ഭാര്യ ഇപ്പോൾ അമേരിക്കയിലാണ്. നീനയുടെ പ്രഥമ ഭർത്താവു് അബ്ദുള്ളാ അവൾക്കു പകരം വേറൊരു പ്രസിദ്ധ നടിയായ മീരായെ ഇപ്പോൾ ഭാര്യയായി സ്വീകരിച്ചിരിക്കുന്നു. അവർ ഇരുവരും ഇപ്പോൾ ഫിൽമിസ്ഥാൻ സ്ററുഡിയോവിൽ അഭിനയിച്ചുകൊണ്ടിരിക്കയാണ്.

മീനായുടെ മൂന്നാം വിവാഹം.

കഴിഞ്ഞ ഒരു വർഷക്കാലമായി സോറാബ് മോഡിയുമായി വിവാഹ ബന്ധത്തിൽ ഏർപ്പെടാൻ പോകുന്നെന്നും മററും പല ശ്രുതികൾക്കു വിഷയമായിരുന്ന മീനാ ഇപ്പോൾ റാസാഹിർ എന്ന സുമുഖനായ ഒരു യുവ നടനെ ചൂണ്ടലിൽ കോർത്തിരിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെടുന്നു. പാഞ്ചോളികമ്പനിയുടെ ഷെർസിഡുർ എന്ന ചിത്രത്തിൽ അവളോടൊന്നിച്ചു് അഭിനയിച്ചിരുന്നതാണ് ഈ യുവനടൻ. മീനായുടെ ആദ്യഭർത്താവു് സാഹൂർരാജാ വളരെ മുൻപു തന്നെ സേബ്കുറേഷി എന്ന നടിയുടെ സഹോദരിയായ മുംററാസ് കുറേഷിയുടെ ഭർത്താവായിത്തീർന്നിരിക്കയാണ്. രണ്ടാമത്തെ ഭർത്താവും ഒരു പ്രസിദ്ധ നടനുമായ അൽനാസിർ ഈയിടെ മനോരമ എന്ന പേരായ വേറൊരു നടിയെ വിവാഹം കഴിച്ചു.

ഇതിനിടയിൽ മീനായും സോറാബ്മോഡിയുമായി വേറൊരു കുഴപ്പംകൂടെ ഉണ്ടായിരിക്കുന്നതായും കേൾക്കുന്നു. മിനേർവാ മൂവിടോണുമായുള്ള ഉടമ്പടി അവസാനിക്കാൻ ഇനിയും ഏതാനും മാസങ്ങൾകൂടെ ഉണ്ടായിരിക്കെ പാഞ്ചോളിയുടെ ഒരു പടത്തിൽ അഭിനയിച്ചതു സംബന്ധിച്ചു മോഡി നീനായുടെ പേരിൽ കരാർ ലംഘനത്തിനു കേസു കൊടുത്തിരിക്കുന്നതായിട്ടാണ് ഈ ശ്രുതി.

കുർഷീദിനു പകരം വനമാല.

ആവാസ് ചിത്ര നിർമ്മാതാക്കളുടെ വകയായി എസ്രാമീർ ഡയറക്ററു ചെയ്യുന്ന ഒരു ചിത്രത്തിൽ അഭിനയിക്കുന്നതിനു കുർഷീദ് ഉടമ്പടി ചെയ്തിരുന്നെങ്കിലും അവർ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും അവൾ അവിടെ ഹാജരാകാതിരിക്കയായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം ആവാസ് ചിത്രശാലക്കാരുമായി ബന്ധപ്പെട്ട ഒരു സിക്കുകാരൻ അവളെ സന്ദർശിക്കയും സംഭാഷണമദ്ധ്യേ അവളെക്കൊണ്ടു് ഉടമ്പടിപ്പകർപ്പു് എടുപ്പിച്ചു് അതു് അവളുടെ ദൃഷ്ടിയിൽ വച്ചുതന്നെ തുണ്ടുതുണ്ടായി കീറിക്കളയുകയും ചെയ്തു. ഇങ്ങനെ ആവാസും കുർഷീദുമായുള്ള ഉടമ്പടി ഇല്ലാതായിത്തീർന്നു. ആവാസു കമ്പനി കുർഷീദിനു എൺപതിനായിരം രൂപാ കൊടുക്കാമെന്നാണ് ഉടമ്പടിയിൽ സമ്മതിച്ചിരുന്നതു്. അവളുടെ ദുശ്ശാഠ്യം മൂലം അതു് ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുന്നു. കുർഷീദിനു പകരം ആവാസ് കമ്പനി ഇപ്പോൾ വനമാലയെയാണ് പ്രസ്തുത ചിത്രത്തിൽ അഭിനയിക്കുന്നതിന് ഏർപ്പാടു ചെയ്തിരിക്കുന്നതു്. അതിലേക്കു് പ്രതിഫലമായി വനമാലയ്ക്കു അൻപതിനായിരം രൂപാ സമ്മതിച്ചിട്ടുണ്ടെന്നും കേൾക്കുന്നു.

ഒന്നരലക്ഷം രൂപായുടെ പ്രണയം.

ബോംബയിൽ ഒരു നടി ഈയിടെ തന്റെ രഹസ്യ കാമുകനായ ഒരു നടനെ ഒന്നരലക്ഷം രൂപായുടെ കടങ്ങൾ വീട്ടി ഋണ ബന്ധനത്തിൽ നിന്നൊഴിവാക്കിയതായി അറിവായിരിക്കുന്നു. രണ്ടുപേരും മററു വിവാഹബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. എങ്കിലും കുറെക്കാലമായി അവർ തമ്മിൽ ചില പ്രണയബന്ധങ്ങൾ എല്ലാം ഉണ്ടായിരുന്നത്രെ. ഏതായാലും നടൻ ഈയിടെ ചൂതുകളിമൂലം ഒന്നരലക്ഷത്തോളം രൂപായ്ക്കു കടക്കാരനായിത്തീർന്നു. അപ്പോഴാണ് അവന്റെ രഹസ്യ പ്രണയഭാജനം സഹായത്തിനെത്തിയതു്. കാമത്തിനു കണ്ണില്ലെന്നാരു പറഞ്ഞു?.

ഭാ-മുണ്ടു വേണമെങ്കിൽ പഞ്ഞി വാങ്ങി നൂലാക്കണം. പായാണു വേണ്ടതെങ്കിൽ തഴ ചെത്തി നെയ്യണം. കലം വേണമെങ്കിൽ മണ്ണു കൊണ്ടുവന്നു് അരച്ചു കലം മനയണം! ശിവനേ! നല്ല ഏർപ്പാടു്!

ഭ-പിന്നെ ഇതൊക്കെ ചീത്തയാണോ?

ഭാ-നല്ലതാ! തന്നെത്താൻ ചെയ്തോളൂ.

ഭ-അവസ്ഥക്കൊറവാണെന്നു വിചാരിച്ചാണോ?

ഭാ-നല്ല അവസ്ഥയല്ല!

ഭ-നീയാ മഹിളാമന്ദിരത്തിലൊന്നു ചെന്നു നോക്കു്. അവിടെയുള്ളവർക്കു തുണിക്കു വല്ലതും ഒരു ക്ഷാമമുണ്ടോന്നു നോക്കു്.

ഭാ-അവക്കു വാങ്ങിച്ചുകൊടുക്കാനാങ്ങളുണ്ടായിട്ടു്.

ഭ-അവർ നൂലു നൂത്തു തന്നെത്താൻ നെയ്തു് ഉടുക്കുകാ.

ഭാ-ഇവിടുത്തെ ജോലി തന്നെത്താൻ ചെയ്തോളൂ. ഞാൻ നെയ്യാനും കലം മനയാനും പോകാം.

ഭ-ഇവിടെ വേലയില്ലാത്ത നേരത്തിതൊക്കെ ചെയ്യണം.

ഭാ-എന്നാലിതൊക്കെയൊന്നു പഠിപ്പിക്കു.

ഭ-എനിക്കറിയാമോ? നീ ആ മഹിളാമന്ദിരത്തിലൊന്നു ചെന്നു പഠിക്കു്.

ഭാ-എന്നാലാ മുണ്ടൊന്നു താ.

ഭ-വേഗം വരണം. എനിക്കത്ര വളരെനേരം പുരക്കകത്തു കേറിയിരിക്കാൻ വയ്യാ.

ഭാ-മേത്തിടാനൊരു തുണിക്കെന്താ വഴി?

ഭ-അങ്ങതിന്നെങ്ങാനും ഒന്നു വാങ്ങിക്കു്.

ഭാ-ഓ, അവിടെ ഇരിക്കുന്നു!

സിനിമാ ലോകം.

ഹാസ്യരസികന്റെ വിവാഹം.

തമിഴ് ചലച്ചിത്രങ്ങളിലെ ഒരു പ്രസിദ്ധ ഹാസ്യരസ വിദഗ്ദ്ധനായ കാളിഎൻരത്തിനം വിവാഹ ബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്നു. പച്ചയമ്മാൾ എന്നാണു വധുവിന്റെ പേരു്. ഇവർ തമ്മിലുള്ള വിവാഹം കഴിഞ്ഞ മാസത്തിൽ മലയപ്പനല്ലൂർ എന്ന സ്ഥലത്തുവച്ചു നടന്നു.

നികുതി ഒഴിവാക്കി.

വർഗ്ഗീയൈക്യവും സാമൂഹ്യ സമാധാനവും പരിപാലിക്കുന്നതിൽ അതിനുള്ള പ്രേരകശക്തിയെ പരിഗണിച്ചു പ്രഭാത് പിക്ചർ കമ്പനിയുടെ ഹംഎക്ക്ഹെയിൻ എന്ന ചലച്ചിത്രത്തെ ഗ്വാളിയർ ഗവമ്മെൻറു് അവിടത്തെ വിനോദ നികുതിയിൽ നിന്നു് ഒഴിവാക്കിയിരിക്കുന്നു.

പുതിയ രംഗപ്രവേശം.

ഉദയശങ്കറുടെ സെററിലെ ഒരു പ്രധാന നാട്യകലാവിദഗ്ദ്ധയും ഉദയശങ്കറുടെ സഹോദരനായ രാജേന്ദ്രശങ്കറിന്റെ ഭാര്യയുമായ ലക്ഷ്മി ബോംബേ ടാക്കീസിൽ ഒരു

പ്പെടുവിക്കുന്ന ഒരു തമിഴ് ചിത്രത്തിൽ ഇദംപ്രഥമമായി അഭിനയിക്കുന്നതായിരിക്കും. ഈ ചിത്രം തുളസീദാസ് എന്ന ഹിന്ദി ചിത്രത്തിന്റെ തമിഴ് പകർപ്പായിരിക്കുമെന്നും രഞ്ജിററു പിക്ച്ചേഴ്സിൽ ലീലാചിററ്നിസ് അഭിനയിച്ച ഭാഗംതന്നെയായിരിക്കും ലക്ഷ്മി ഇതിൽ അഭിനയിക്കുന്നതെന്നും അറിയുന്നു.

അഞ്ചു പുതിയ ചിത്രങ്ങൾ.

ഒക്ടോബർ 12-ാം നു- ശനിയാഴ്ച മദ്രാസിൽ 5 പുതിയ ഫിലിമുകളുടെ ഉൽപാദനസമാരംഭകർമ്മം നിർവഹിക്കപ്പെട്ടിരിക്കുന്നു. നവീന പിക്ച്ചേഴ്സ് ആദ്യമായി നിർമ്മിക്കുന്ന മധുരവീരൻ എന്ന ചിത്രത്തിന്റെ സമാരംഭകർമ്മം നിർവഹിച്ചതു് M. U. A. C. വളപ്പിൽ വച്ചായിരുന്നു. തെന്നിന്ത്യയിലെ ഒരു ധീരയോദ്ധാവിന്റെ വീരകൃത്യങ്ങളാണു കഥാസാരം. ഡയറക്ടർ കെ. സുബ്രഹ്മണ്യത്തിന്റെ പൊതുവെയുള്ള മേൽനോട്ടത്തിൽ ജി. കെ. ശേഷഗിരിയായിരിക്കും ചിത്രനിർമ്മാണം ഡയറക്ററു ചെയ്യുന്നതു്. അതിനെത്തുടന്നു് ശ്രീ സി. ആർ. പട്ടാഭിരാമൻ സരളാ ചിത്രനിർമ്മാണശാലക്കാരുടെവക "ഇയ്യപ്പൻ" എന്ന നൂതന ചിത്രത്തിന്റെ നിർമ്മാണോൽഘാടനം നിർവ്വഹിച്ചു. മററു മൂന്നു ചിത്രങ്ങളും പ്രഗതിസ്ററുഡിയോയിലാണു നിർമ്മാണം ആരംഭിച്ചിരിക്കുന്നതു്. അവിട



ത്ത ഘട്ടങ്ങളിൽ സർ എസ് രാധാകൃഷ്ണൻ ആദ്ധ്യക്ഷ്യം വഹിക്കയും ജസ്റ്റിസ് എൻ. ചന്ദ്രശേഖര അയ്യർ ക്യാമറാ പ്രവർത്തനം സമാരംഭിക്കയും ചെയ്തു.

ഗൃഹപ്രവേശം.

സരസ്വതി ചിത്രനിർമ്മാണശാലക്കാരുടെ ഗൃഹപ്രവേശം എന്ന പുതിയ ചിത്രം ഏതാനും ദിവസങ്ങൾക്കു മുൻപു പത്രപ്രതിനിധികൾക്കായി ഒരു പ്രദർശനം നടത്തുകയുണ്ടായി. വിരൂപനും അധർമ്മിയുമായ ഒരു ധനികനുമായി വിവാഹബന്ധത്തിൽ കുടുങ്ങാതെ രക്ഷ പ്രാപിക്കുന്നതിനു വേണ്ടി വീട്ടു വിട്ടു പോകുന്ന ഒരു യുവതിക്കു നേരിടുന്ന ധർമ്മസങ്കടങ്ങളും ഒടുവിൽ അവൾ ആനന്ദകരമായ ദാമ്പത്യ സുഖം അനുഭവിക്കുന്നതുമാണു കഥാസാരം.

ലണ്ടനിൽ സിനിമാ നടനവിദ്യാലയം.

സിനിമാനടനകലയിൽ പെൺകുട്ടികൾക്കു വേണ്ട പരിശീലനം നൽകുന്നതിനായി പ്രസിദ്ധ ബ്രിട്ടീഷ് ഫിലിം പ്രഭുവായ ആർതർ റാങ്ക് ലണ്ടനിൽ ഒരു രഹസ്യവിദ്യാലയം ആരംഭിച്ചിരിക്കുന്നു. അങ്ങുമിങ്ങുംനിന്നു വന്നുചേരുന്ന പെൺകുട്ടികളെ അവിടെ നാട്യകല അഭ്യസിപ്പിക്കുന്നു. അവരുടെ വിദ്യാലയമുറി സന്ദർശിക്കുന്നവർക്കു സൗന്ദര്യവതികളായ യുവതികൾ അവരുടെ തലയിൽ പുസ്തകങ്ങൾവച്ചുകൊണ്ടു് (ഭാവരൂപങ്ങൾ പരിരക്ഷിക്കുന്നതിനാണത്രെ) കരയുകയും ചിരിക്കുകയും നടക്കുകയും മററും ചെയ്യുന്നതായി കാണാം. ഒന്നാംതരം സിനിമാനടികളെ സൃഷ്ടിക്കുന്നതിനുവേണ്ട കോപ്പുകൾ ബ്രിട്ടനിൽ ധാരാളമുണ്ടെന്നും തൻെറ ശിഷ്യകളിൽ പലരും ഭാവിയിലെ പ്രധാന സിനിമാതാരങ്ങളായിരിക്കുമെന്നുമാണു മി. റാങ്കിൻെറ പ്രബലവിശ്വാസം.

പുതിയ ഫിലിം സിൻഡിക്കററു്.

ഫിലിം വ്യവസായത്തിനുവേണ്ടി സതേൺ പിക്ചേഴ്സ് എന്ന പേരിൽ മദ്രാസിൽ ഒരു പുതിയ സിൻഡിക്കററു സ്ഥാപിച്ചിരിക്കുന്നു. സിൻഡിക്കററിലെ പ്രധാന പ്രവർത്തകന്മാർ മെ. നന്ദലാൽ ബറേറവിയാ (ഭാസ്കർ പിക്ചേഴ്സ്) എസ്. സൗന്തര രാജ അയ്യങ്കാർ (തമിഴ് നാട്ടു ടോക്കീസ്) സി. വി. രാമൻ (സതേൺ തീയേറേറഴ്സ്) എന്നിവരാണു്. അവരുടെ വകയായി സതേൺ സ്ററുഡിയോസ് ലിമിററഡ് എന്ന പേരിൽ കിൽപ്പോക്കിൽ ലാണ്ടൻസ് ഗാർഡൻസിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ ചലച്ചിത്ര നിർമ്മാണശാലയുടെ ശിലാസ്ഥാപനം കഴിഞ്ഞ സെപ്ററംബർ 20-ാംനു- വെള്ളിയാഴ്ച സിലോൺ തീയേറേറഴ്സ് (കൊളംബ്) ലിമിററഡിൻെറ പ്രവർത്തകനായ മി. ഏ. ഗാർഡിനർ നിർവഹിച്ചുകഴിഞ്ഞു. രണ്ടുമാസത്തിനുള്ളിൽ പ്രസ്തുത സ്ററുഡിയോയിൽ ചിത്രനിർമ്മാണം ആരംഭിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

വാല്മീക രാമായണം ഖണ്ഡശ്ശഃ ചിത്രീകരിക്കുന്നതിനുള്ള ഒരു ഗംഭീര കാര്യപരിപാടിയാണു് സതേൺ പിക്ചേഴ്സ് തൽക്കാലം സ്വീകരിച്ചിരിക്കുന്നതു്. അതിൻെറ പ്രഥമഘട്ടമായ സീതാസ്വയംവരം ചിത്രീകരണം ഇതിനകം ആരംഭിച്ചുകഴിഞ്ഞു.

വികടയോഗി.

ഡയറക്ടർ സുബ്രഹ്മണ്യത്തിൻെറ വികടയോഗി ദീപാവലികാലത്തു പല പ്രധാന കേന്ദ്രങ്ങളിലും പ്രദർശനത്തിനു ലഭിക്കത്തക്കവണ്ണം ക്രമീകരണങ്ങൾ നടന്നുവരുന്നു. ടി. ആർ രാജകുമാരി, P. U. ചിന്നപ്പാ മുതലായവരാണു് അതിലെ പ്രധാന നടീനടന്മാർ.

ബോംബെയിൽ പുതിയ തീയററുകൾ.

അടുത്ത ഒരു വർഷത്തിനുള്ളിൽ ഒന്നാം കിടയിലുള്ള നാലോ അഞ്ചോ പുതിയ തീയററുകൾ ബോംബെയിൽ നിർമ്മിക്കപ്പെടുന്നതാണെന്നറിയുന്നു.

A. V. George & Company Limited.

(Incorporated in Travancore in 1937)

Telephone:— 91, 92 Telegrams:— 'ANCHERIL'

Head Office:- KOTTAYAM.

Branches.- Br. Cochin & Trivandrum.

BOARD OF DIRECTORS

A. V. GEORGE Esq. T. KURUVILLA THOMAS Esq.

M. C. KURIAN Esq. A. V. JOHN Esq.

MANAGING AGENTS FOR:-

1. The Thamarapally Rubber Company Ltd.
2. The Udayagiri Rubber Company Ltd.
3. The Nenmeny Rubber & Produce Company Ltd.
4. The Anandam Rubber Company Ltd.
5. The Nilgiri Tea Estates Ltd.
6. The Kailas Rubber Company Ltd

SECRETARIES,

The Travancore Wood & Toys Industries Ltd.

Chief Agents:

The New Guardian of India Life Insurance Co., Ltd.

Special Agents:

The United India Fire and General Insurance Co., Ltd.

Government Approved Dealers in Rubber

Selected Bud-Wood, Clonal Seeds, Rubber Stumps, & Plants grown from high yielding Rubber Seeds available for sale

Enquiries solicited.

പ്രശ്നപംക്തി

സിനിമാപ്രേമികൾക്കു്

സിനിമാ വിഷയകമായി വായനക്കാർ അറിവാൻ ആഗ്രഹിക്കുന്ന ന്യായമായ കാര്യങ്ങൾ എഴുതി അയച്ചാൽ അതിന്നു് ഉത്തരം നൽകുവാനാണു് ഈ പംക്തി തുറന്നിരിക്കുന്നതു്. ഗൗരവതരമായ ചോദ്യങ്ങൾക്കു ഗൗരവപൂർവ്വമായ മറുപടിയും വെറും ജിജ്ഞാസാപൂരണത്തിനുവേണ്ടിയുള്ള നിസ്സാര ചോദ്യങ്ങൾക്കു് ആ രീതിയിലുള്ള മറുപടിയും നൽകപ്പെടുന്നതാണു്. ഈ പംക്തി വായനക്കാർക്കു പൊതുവെ രസാവഹമായിരിക്കുമെന്നും വായനക്കാർ ഈ സൗകര്യം വേണ്ടപോലെ പ്രയോജനപ്പെടുത്തുമെന്നും വിശ്വസിക്കുന്നു. (പത്രാധിപർ)

1945—ൽ തമിഴിലും ഹിന്ദിയിലും തെലുങ്കിലും നിർമ്മിച്ചിട്ടുള്ള ഏററവും നല്ല ചിത്രങ്ങൾ ഏതെല്ലാം. ഓരോ ഭാഷകളിലും പ്രഥമസ്ഥാനം അർഹിക്കുന്ന നടീനടന്മാർ ആരെല്ലാം?

കെ. എസ്സ്. രാഘവൻ ചിറയിൻകീഴ്

തമിഴിനെ സംബന്ധിച്ചിടത്തോളം 1945—ൽ വിശിഷ്ടമെന്നു പറയപ്പെടാവുന്ന യാതൊരു ചിത്രവും നിർമ്മിച്ചിട്ടില്ലെന്നു വ്യസനപൂർവം സമ്മതിക്കേണ്ടിയിരിക്കുന്നു. ഒന്നാം തരത്തിന്റെ ഗണത്തിൽ ഉൾപ്പെടുത്താവുന്ന ചിത്രങ്ങൾ ഇല്ലാത്തതിനാൽ നടീനടന്മാരുടെ പേരു പറയുന്ന പ്രശ്നം ഉദിക്കുന്നതേയില്ല. എന്നാൽ തെലുങ്കിൽ വാഹിനിയുടെ സ്വർഗ്ഗസീമ ഏററവും പ്രശസ്തമായ ഒരു ചിത്രംതന്നെ. നാഗയ്യായാണു് നടന്മാരിൽ പ്രഥമഗണനീയൻ. നടികളിൽ ഭാനുമതിയും. ഹിന്ദിയെ സംബന്ധിച്ചാണെങ്കിൽ കഥാ

രസികവീഥി

(60-ാംപേജിൽനിന്നും തുടർച്ച)

ചുണ്ടലാണൊത്തിടുമ്പോൾ;
താരംപോൽ കണ്ടേചതോഗ്ഗുണസുഷമകരി-
  ക്കട്ടെയായ് ചാമ്പലാം, നാമ
താഴം പൂർണ്ണതമാനിന്നാരഴലി, ലവരട്ട-
  ത്താരഹസ്യങ്ങൾ കാൺകെ. (2)
(ഒരേ തരുണിയിൽ അഭിനിവേശം ജനിച്ച
രണ്ടു യുവാക്കന്മാരുടെ അനുഭവം)
ഹേമപ്പൂലതയിൽ സ്ഫുരിച്ചൊരുമലർ-
  പ്പൂൺപാൽ സമാകൃഷ്ടരായ്
കാമം നേടുവതിന്നണഞ്ഞു കുതുകാൽ
  പൂമ്പാററയും ഭൃംഗവും;
പ്രേമം ഹന്ത! പുറംപകിട്ടിൽ മുഴുകി-
  പ്പോയെന്നതായ് കേൾക്കയാൽ
കേമൻ വണ്ടു തിരിച്ചുപോയി, ശലഭം
  പൂന്തേൻ നുകർന്നിടിനാൻ. (3)
(വിവാഹിതനും അവിവാഹിതനും)
ഊരിപ്പോകാൻ കൊതിപ്പൂ കഴലിലൊരു കട്ടം-
  ചങ്ങലക്കെട്ടുപോലെ
ദൂരിക്ലേശത്തിലാഴ്ത്തും ജടിലകുടിലമാ-
  യുള്ള ദാമ്പത്യമേകൻ
പൂരിച്ചീടുന്നനവ്യപ്രണയമൊട്ടു വരി-
  ക്കുന്നു ഗാർഹസ്ഥ്യമന്യൻ
നാരിപ്പൂൺപിന്റെ പൂമെയ് പുണരുവതിനഹോ!
  ലോകരംഗം വിചിത്രം! (4)
(കലാശാലയിൽ തന്റെ സതീർത്ഥ്യയായിരുന്ന ഒരു തരുണി അനേകവത്സരം കഴിഞ്ഞിട്ടും ഒരു വൃദ്ധകന്യകയായിരിക്കുന്നതുകണ്ടു വിനോദപ്രിയനായ ഒരു യുവാവു പറയുന്നതു്)
അന്നന്മേഷവിലോലയായ്, ലളിതയാ,
  യാനന്ദസാന്ദ്രാഭയായ്
സൗന്ദര്യാമൃതവീചിയിൽച്ചിരതരം
  നീന്തിച്ചു നീ ഞങ്ങളെ;
ഇന്നോ കണ്ണുകുഴിഞ്ഞു ഹാ! കവിൾ വിള-
  ർത്താക്കം ദയാപാത്രമാ-
യെന്നിട്ടും രതിയെന്നറച്ചു പതിവായ്
  ലത്തുന്നു നീ കഷ്ടമേ! (5)
(പരസ്ത്രീലോലനായ ഒരു രസികനെക്കുറിച്ചു്)
തന്നാത്മേശ്വരി സൽക്കലാരസികയാ-
  ണൻപാർന്നിടും മുഗ്ദ്ധയാ-
ണെന്നാലും പരകന്യകാസുഷമയെ-
  പ്പുൽകാൻ കൊതിപ്പൂ നരൻ;
പൊന്നാരക്കുളിർ കല്പവൃക്ഷസുമവും
  സ്വാധീനമായാൽ വെറു-
ത്തെന്നാളും മനമാഗ്രഹിക്കുമകലെ-
  ക്കാണുന്നതാം കാട്ടുപൂ! (6)
(പ്രമദയായ ഒരു യുവതി കണ്ണാടിയിൽ നോക്കുന്നതു്)
അന്തിസ്നാനവിശുദ്ധയായ് പ്രമദയായ്
  താരുണ്യതേജോമൃതം
ചിന്തിച്ചിന്തിമനോരമന്റെ വദന-
  ശ്രീയും സ്മരിച്ചങ്ങനെ
വെൺതിങ്കൾക്കല വാപിയിൽ പ്രതിഫലി-
  ച്ചീടുന്നപോലോമലാൾ
കാന്തിപ്പെട്ടൊരു തന്റെ പൂന്തനുവിനെ-
  ക്കാണുന്നു കണ്ണാടിയിൽ. (7)
(ശൃംഗാരലീലയാൽ ക്ഷീണയായ നായിക ഉറങ്ങുന്നതു്)
പൂഞ്ചായൽച്ചുരുൾ കെട്ടഴിഞ്ഞലസമാം
  മൈക്കണ്ണടഞ്ഞും, നറും-
തേൻ ചാടീടിന ചെഞ്ചൊടിത്തളിരഹോ!
  ചന്തത്തിൽ വേർപെട്ടുമേ
അഞ്ചാതെ കുളിർകൊങ്കമൊട്ടുകളണ-
  ച്ചെന്നോമലാളെന്റെ മേൽ
തഞ്ചിസ്സ്വൈരമുറങ്ങിടുന്നു കനക-
  പ്പൂവല്ലരീതല്ലജം. (8)

സാരം, അഭിനയം. നിയന്ത്രണം എന്നിവകൊണ്ടെല്ലാം പ്രഥമസ്ഥാനം അർഹിക്കുന്നതു നൃത്തിയേററവുകാരുടെ ഹാം റാഹിയാണ്.

ഞാൻ ഒരു സ്കൂൾഫൈനൽ വിജയിയാണ്. സിനിമാ വിഷയത്തിൽ ശാസ്ത്രീയപഠനം നടത്താൻ ആഗ്രഹിക്കുന്നു. എവിടെ സാധിക്കുമെന്നറിയിക്കാനപേക്ഷ.

പി. എം. ജോർജ് തിരുവല്ലാ

Government school of Technology, Popham's Broadway, Madras എന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

ഫിലിം ഡയറക്ഷൻ പഠിക്കുവാൻ ഇൻഡ്യയിലുള്ള ഏററവും മികച്ച സ്ഥാപനം ഏതു്? അവിടെ അവർ ഫോട്ടോഗ്രാഫി, സ്വനഗ്രഹണം, ഡയറക്ഷൻ മുതലായവ പഠിപ്പിക്കുന്നുണ്ടോ.

നാരായണൻനായർ—ഇടപ്പള്ളി.

ഒരു ഫിലിം ഡയറക്ടരാകാൻ വേണ്ട പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ ഒന്നുംതന്നെ ഇൻഡ്യയിലൊ മറെറവിടെയെങ്കിലുമോ ഇല്ല. ഏതെങ്കിലും അംഗീകൃതചിത്രനിർമ്മാണശാലകളിൽ അപ്രൻറിസായി പരിശീലനം നടത്തുകയേ നിർവാഹമുള്ളു. ഓരോ ഡിപ്പാർട്ടുമെൻറിലും മാറി മാറി പരിശീലനം നടത്തുന്നതു കൂടുതൽ പ്രയോജനകരമായിരിക്കും, ബോമ്പയിൽ ഫാസൽബോയി ഇൻസ്റ്റിററ്യൂട്ടിൽ ഫോട്ടോഗ്രഫിയും, സ്വനഗ്രഹണവും അഭ്യസിപ്പിക്കുന്നുണ്ട്. സാങ്കേതിക ശാലകളിൽ വേണ്ടത്ര പരിശീലനം സിദ്ധിച്ചാൽ ഡയറക്ഷൻ സംബന്ധിച്ചും കൂടുതൽ സാദ്ധ്യതകളുണ്ട്.

ത്യാഗരാജഭാഗവതരുടെ ശിക്ഷയ്ക്കുശേഷം അദ്ദേഹത്തിൻെറ ഭാര്യ എന്തു ചെയ്യുന്നു എന്നറിവാനാഗ്രഹമുണ്ട്.

കെ. ഷൺമുഖം—ആലപ്പുഴ.

അവർ സുഖമായിതന്നെ ജീവിക്കുന്നു. പക്ഷെ അവരുടെ ഇപ്പോഴത്തെ സ്ഥിതി അനാവശ്യജിജ്ഞാസയെക്കാൾ സഹതാപത്തെയാണ് അർഹിക്കുന്നതു്.

ഹിന്ദിയിലുള്ള ഏററവും നല്ല ചിത്രമേതു്? ദ്രൗപതിയാണോ?

കെ. സി. വറുഗീസ്—പത്തനംതിട്ട.

ഹിന്ദിയിലെ ഏററവും നല്ല പടം രാമശാസ്ത്രിയാണ്. ദ്രൗപതിയും തരക്കേടില്ല.

തെക്കെ ഇൻഡ്യയിൽ വളരെ ചെറുപ്പത്തിൽതന്നെ സിനിമാ നടനത്തിൽ പ്രവേശിക്കയും ഇന്നും അതു തുടർന്നുകൊണ്ടിരിക്കയും ചെയ്യുന്ന നടീനടന്മാർ ആരെല്ലാം.

പി. കെ. അബ്ദുൾകാതർ—കൊച്ചി

ബേബി രുഗ്മിണി വളരെക്കാലം മുൻപുതന്നെ സിനിമായിൽ പ്രവേശിച്ചു. ഇപ്പോൾ കുമാരി രുഗ്മിണിയായി. ശ്രീവള്ളിയിൽ ഭംഗിയായി അഭിനയിച്ചിട്ടുമുണ്ട്. അതുപോലെ പുരുഷന്മാരിൽ മാസ്റ്റർ മഹാലിംഗം. ശ്രീ വള്ളിയിൽ പ്രധാന ഭാഗം മഹാലിംഗമാണ് അഭിനയിച്ചിരിക്കുന്നതു്.

തെക്കെ ഇൻഡ്യയിൽ കല, സംഗീതം, സാങ്കേതികവശം എന്നീ മൂന്നു ശാഖകളുടെയും നിയന്ത്രണത്തിന് ഏററവും സമർത്ഥനായ ഡയറക്ടർ ആരു്?

കെ ആർ. സുകുമാരൻ എറണാകുളം.

തമിഴിൽ മൂന്നിനും ഒരുപോലെ സമർത്ഥനായ ഒരാളില്ലെന്നുതന്നെ പറയാം കലാശാഖയിൽ എ. കെ. ശേഖരം, സംഗീതത്തിൽ നാഗയ്യായും, ഡയറക്ഷൻ സംബന്ധിച്ചു കെ. സുബ്രഹ്മണ്യവും പ്രഥമസ്ഥാനത്തു നിൽക്കുന്നു എന്നു പറയാം.

ശാന്താ ആപ്ടെ സിനിമായിൽ പ്രവേശിക്കുന്നതിനുമുമ്പ് അവളുടെ തൊഴിൽ എന്തായിരുന്നു.

മിസ്സ് റോസ് മേരി, കൊല്ലം.

ശാന്താആപ്ടെ വളരെ ചെറുപ്പത്തിൽതന്നെ സിനിമായിൽ പ്രവേശിച്ചു. അതിനാൽ മററുതൊഴിലുകൾ ഒന്നും ഉണ്ടായിരുന്നില്ല.


M. S. സുബ്ബ്ലക്ഷ്മി ഹിന്ദിപ്പാട്ടുകളും പാടുമെന്നാണല്ലോ കേൾക്കുന്നതു്. എന്നാൽ പിന്നെ എന്തുകൊണ്ടാണ് ഹിന്ദിചിത്രങ്ങളിൽ അവർ അഭിനയിക്കാത്തതു്.

മേരി ചാക്കൊ—കോട്ടയം.

അതിൽ സങ്കടപ്പെടേണ്ട. എം. എസ്സ്. അടുത്തുതന്നെ ഹിന്ദി സിനിമായിൽ പ്രവേശിക്കുന്നതാണ്.

സൗന്ദര്യവതിയായ യു. ആർ. ജീവരത്തിനത്തോടു് എനിക്ക് എന്തെന്നില്ലാത്ത ഒരു പ്രേമം ഉത്ഭവിച്ചിരിക്കുന്നു. എഴുത്തുകുത്തു നടത്തിയാൽ കൊള്ളാമെന്നാഗ്രഹമുണ്ട്. ഫിലിം വ്യവസായത്തിന് വെളിയിലുള്ള ആരെയെങ്കിലും അവക്ക് വിവാഹം ചെയ്തുകൂടേ. അവക്ക് എന്തു പ്രായമുണ്ട്?

നാരായണൻനായർ—തലശ്ശേരി



ദേശഭക്തി എന്ന ചിത്രത്തിലെ ഒരു രംഗം

നിങ്ങളുടേതു് ഒരു പുതിയതരം പ്രേമമാണ്. ചിലപ്പോൾ എഴുത്തയച്ചാൽ അതു തീർന്നേക്കും. അതുകൊണ്ട് അങ്ങനെതന്നെയാകട്ടെ. മേൽവിലാസം ഇതാ c/o മോഡേൺ തീയേറ്ററേഴ്സ് ലിമിറ്റഡ്, സേലം. നിങ്ങളുടെ താരത്തിന് 20 വയസ്സ് പ്രായമേയുള്ളൂ. ആരുടെ മേലാണ് വലയെറിയേണ്ടതെന്നു ഇതുവരെ നിശ്ചയിച്ചിട്ടില്ലെന്നാണ് തോന്നുന്നതു്. പക്ഷെ വിവാഹം ഒരു ഈശ്വരവിധിയാണെന്നാണ് തമിഴർ പറയുന്നതു്

സിനിമാ നടികളിൽ പലരും ദുർമ്മാർഗ്ഗികളാണെന്നു പൊതുവെ പറയപ്പെടുന്നു. ഡയറക്ടറന്മാർ ചലച്ചിത്ര നിർമ്മാണശാലകളിൽനിന്ന് അസന്മാർഗ്ഗിക ജീവിതരീതികളെ ദൂരീകരിക്കേണ്ടതല്ലേ? ശ്രീ വള്ളിയിൽ കുമാരി രുഗ്മിണിയുടെ ശൃംഗാരചേഷ്ടകൾ കുറെ അതിരു കടന്നിട്ടില്ലേ. മിസ്സിസ്സ് മറിയം മത്തായി—പെരുമ്പാവൂർ.

അസാന്മാർഗ്ഗിക ജീവിതരീതികൾ എവിടെയും ഏതു തൊഴിലിലും പരിവർജ്ജ്യമാണ്. ഫിലിം നിർമ്മാണശാലകൾ ഒരു ചെറിയ രംഗം മാത്രമായതുകൊണ്ട് അവിടെ പൊതുജനശ്രദ്ധ കൂടുതൽ കേന്ദ്രീകൃതമായിരിക്കുന്നു. അതിനാൽ ഫിലിം ലോകത്തിലെ ദുർന്നടപടികൾക്കു കൂടുതൽ പ്രസിദ്ധി ലഭിക്കുന്നു എന്നു മാത്രമേയുള്ളൂ അതുകൊണ്ട് ബാഹ്യലോകം അതിൽനിന്നൊഴിവാക്കപ്പെട്ടിരിക്കയാണെന്ന് അർത്ഥമില്ല.

ശ്രീ വള്ളിയിൽ കുമാരി രുഗ്മിണിയുടെ ചേഷ്ടകൾ അതിരുകടന്നിട്ടില്ല. മേയ്ക്കപ്പുകൊണ്ട് അങ്ങനെ തോന്നിക്കുന്നു എന്നു മാത്രമേയുള്ളൂ.

സിനിമാ നടികളെ കൂടുതൽ ചീത്തയാക്കുന്നതു ഡയറക്ടറന്മാരാണെന്ന് എനിക്കു തോന്നുന്നു. ഡയറക്ടറന്മാർ അവരുടെ ഭാര്യമാരെ ചലച്ചിത്രങ്ങളിൽ അഭിനയിക്കാൻ വിടുമോ. തോമസ്സ് വറുഗീസ്സ്—പുതുപ്പള്ളി.

യാഥാർത്ഥ്യം നേരെ മറിച്ചാണ്. സ്ത്രീകളാണു കൂടുതൽ കുറ്റക്കാർ സിനിമായിൽ പ്രവേശിച്ചു കഴിഞ്ഞാൽ സാമൂഹ്യ മര്യാദകളൊന്നും അവർ നോക്കാറില്ല. അവരെ ചീത്തത്തം ആരും പഠിപ്പിക്കേണ്ട ആവശ്യവുമില്ല. ഡയറക്ടറന്മാരുടെ ഭാര്യമാരിൽ പലരും ചിത്രങ്ങളിൽ അഭിനയിച്ചിട്ടുള്ളവരാണ് ഡയറക്ടറന്മാർ ക്രമേണയാണ് അവരെ വിവാഹം കഴിക്കാനിടയാകുന്നതു്. അഭിനയത്തിനു മുൻപോ പിൻപോ ഏതായാലും ഫലം ഒന്നുതന്നെ.

കണ്ണാംബ, ഭാനുമതി, സുശീലറാണി, വനമാല, കമലാ കോട്ട്നിസ് എന്നീ നടികളിൽ ആരെയാണു നിങ്ങൾ കൂടുതൽ ഇഷ്ടപ്പെടുന്നതു്.

കെ. സി. നാരായണൻ കണ്ണൂർ.

സുശീലറാണി ഒഴിച്ചുള്ളവരെല്ലാം നടികൾ എന്ന നിലയിൽ ഞങ്ങൾക്കു ഇഷ്ടപ്പെട്ടവർതന്നെ.

സിനിമാമാസിക

സിനിമാവിഷയകമായുള്ള

മലയാളത്തിലെ ഏക പത്രിക

എല്ലാ മലയാളമാസങ്ങളിലും 10–ാംനു–തോറും പ്രസിദ്ധംചെയ്യുന്നു

ചലച്ചിത്രങ്ങളുടെ നിമ്മാണം, വിതരണം, പ്രദർശനം എന്നിവ സംബന്ധിച്ചുള്ള വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങളും നടനകലാ ഛായാഗ്രഹണം, സ്വനഗ്രഹണം എന്നിവയെപ്പറ്റിയുള്ള രസകരങ്ങളായ വിവരണങ്ങളും പുതിയ പുതിയ ചിത്രങ്ങളെപ്പററിയുള്ള നിഷ്പക്ഷമായ വിമർശനങ്ങളും അതാതു കാലത്തെ പ്രധാന നടീനടന്മാരുടെയും, ഓരോ പ്രധാന ചിത്രങ്ങളിലെ ചില പ്രത്യേക രംഗങ്ങളുടെയും ചിത്രങ്ങളും സിനിമാമാസികയിൽ തുടരെ പ്രസിദ്ധംചെയ്യുന്നതാണ്.

വരിസംഖ്യ ഒരു വർഷത്തേക്കു് 6 രൂപാ

മംഗലാപുരംമുതൽ കന്യാകുമാരിവരെയുള്ള എല്ലാ പ്രധാന സ്ഥലങ്ങളിലും ഏജൻറന്മാർ വഴി മാസിക വിതരണത്തിനു് ഏർപ്പാടു ചെയ്തുകഴിഞ്ഞു. പതിനായിരത്തിലധികം കോപ്പികൾ കേരളക്കരയുടെ നാനാഭാഗങ്ങളിലുമായി വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

പരസ്യക്കാർക്കു് ഇതിലധികം സൌകര്യം വേറെ ലഭിക്കുന്നതല്ല.

പരസ്യക്കൂലി നിരക്കു്

ഫുൾപേജു്	40 രൂപാ.	കാൽപേജു് 15 രൂപാ.
അരപേജു്	25 രൂപാ.	കവർപേജുകൾക്കു പ്രത്യേക നിരക്കു്

മാനേജർ, സിനിമാമാസിക

Central Theatres Buildings, Kottayam, Travancore

നിങ്ങളുടെ അടുത്ത തിയേറററിൽ

പ്രതീക്ഷിപ്പിൻ

"നിഷാനി"

അഥവാ

"സ്മരണ"

രാഗിണി, മജനു മുതലായ പ്രസിദ്ധ താരങ്ങൾ അഭിനയിച്ച
ഹിന്ദി സംഗീത ചിത്രം

സത്യത്തെ മുൻനിറുത്തിയുള്ള ത്യാഗംമൂലം വിജയം നേടാമെന്നുള്ള
മഹാത്മഗാന്ധിയുടെ തത്വം 2000 വർഷങ്ങൾക്കു മുൻപ്
റോമിലെ ക്രിസ്ത്യാനികൾ പ്രവർത്തിച്ചു കാണിച്ച
തായി ചിത്രീകരിക്കുന്ന

"കുരിശടയാളം"

"SIGN OF THE CROSS"

എന്ന അതിമഹത്തായ ഇംഗ്ലീഷ് ചിത്രം
നിങ്ങളുടെ അടുത്ത തിയേറററിൽ കാണുക!

THE JAYA MOTION PICTURES LTD.

Regd. Office:- **KOTTAYAM.**

Authorised Capital	Rs.	5,00,000
Issued Capital	Rs.	5,00,000

DIVIDED INTO

25,000 Ordinary Shares of Rs. 10 each	Rs. 2,50,000
25,000 6% Travancore tax free Cumulative Preference Shares of Rs. 10 each	Rs. 2,50,000

Payable Rs. 5/- on application,
Rs. 5/- on allotment.

DIRECTORS

1. Sri Subramoniam (*Chairman*)
2. Sri A. V. George
3. Sri K. N. Sankunni Pillai
4. Sri K. V. Venkitasubramonia Iyer
5. Sri M. R. Ananthanarayana Iyer
6. Sri K. R. Sankaran
7. Sri T. K. Gopalakrishna Panikker (Ex-Officio)

MANAGING AGENTS

Messrs. Gopalakrishna Films, Kottayam.

AIMS & OBJECTS

Erection of a Studio in Travancore. Production of a Tamil & Malayalam Subject every year, distribution of pictures and exhibition through permanent and touring Cinema sets.

E. V. BAL & CO.,

(Manufacturers of High Class French Polishes & best Fountain pen Inks, Rubber Stamp Inks & Balco Indian Inks)

P. O. ERANHI PALAM,
CALICUT.

Available in:- 1 oz: 2 oz. 4 oz. 12 oz. 22 oz. 24 oz.

Available in:- 6 oz. 12 oz. 22 oz. 24 oz.



USE ALWAYS
BAL
Inks & French Polishes.
They are best & Cheapest.
Please ask your dealers.
"Try Once"



Also:-
Rubber Stamp Inks
&
BALCo Indian Inks.

വിദേശീയ മഷികളോടു കിടപിടിക്കുന്ന ബാൽമഷി നിങ്ങൾ വാങ്ങി ഉപയോഗിക്കുവിൻ. 100%സ്വദേശി വിലയിൽ കുറവും, ഗുണത്തിൽ മെച്ചവും ഇവ രണ്ടുംകൂടി നോക്കുമ്പോൾ **BAL** മഷികൾ തന്നെയാകുന്നു നല്ലതെന്നു എല്ലാവരും സമ്മതിക്കുന്നതാകുന്നു. എല്ലാ പ്രധാനപ്പെട്ട ഷാപ്പുകളിലും കിട്ടും. ഇല്ലെങ്കിൽ തിരുവനന്തപുരത്തു ശ്രീ ചിത്രാ പ്രദർശനശാലയിലുള്ള ഞങ്ങളുടെ സ്റ്റാളിൽ അന്വേഷിക്കുക. കച്ചവടക്കാർക്കു പ്രത്യേകകമ്മീഷൻ കൊടുക്കുന്നതാകുന്നു. ഒരിക്കൽ വാങ്ങി പരീക്ഷിച്ചാൽ നിങ്ങൾക്കു അതിന്റെ ഗുണം അറിയാവുന്നതാകുന്നു.

BALCO
Indian Ink
(For drawing)

ചിത്രകാരന്മാരുടെ മഹാഭാഗ്യം.

യുദ്ധം തുടങ്ങിയതോടുകൂടി ചിത്രകാരന്മാർക്കു് ഡ്റോയിങ്ങ് മഷി നല്ലതു കിട്ടുവാൻ വളരെ വിഷമമായിരുന്നു. പക്ഷെ ചിരകാല പരിശ്രമത്തിന്റെ ഫലമായി ഞങ്ങൾ ഇതാ ചുരുങ്ങിയ വിലക്കു വിദേശീയ മഷിയോടു കിടപിടിക്കത്തക്ക ഡ്റോയിങ്ങ് മഷി പുറത്തിറക്കിയിരിക്കുന്ന വിവരം സന്തോഷപൂർവ്വം എല്ലാവരേയും അറിയിച്ചുകൊള്ളുന്നു

ചങ്ങാതി നന്നെങ്കിൽ
കണ്ണാടി വേണ്ട!

അതെ, അതു വാസ്തവം തന്നെയാകുന്നു കാരണം ഞങ്ങളുടെ ബാൽ പോളിഷ് ഒരു പ്രാവശ്യം വാങ്ങി നിങ്ങളുടെ ഫർണിച്ചറിനു് ഉപയോഗിച്ചാൽ വീട്ടിൽ കണ്ണാടിക്കു പകരം അതുതന്നെ മതിയെന്നു തോന്നിപ്പോകാതിരിക്കയില്ല. ഇതിന്റെ വാസ്തവം എങ്ങനെയെന്നു് അറിയണമെങ്കിൽ ഇന്നുതന്നെ ഒരു കുപ്പി ബാൽഫ്റെഞ്ച് പോളീഷ് വാങ്ങി ഉപയോഗിച്ചാൽ അതിന്റെ വാസ്തവം കണ്ണുള്ള എല്ലാവരും അറിയുന്നതാണ്. എല്ലാ പ്രധാന ഇരുമ്പുഷാപ്പുകളിലും കിട്ടും. ഇല്ലെങ്കിൽ Trivandrum ശ്രീ ചിത്രാ Exhibitionനിൽ ഉള്ള ഞങ്ങളുടെ stallൽ അന്വേഷിക്കുക.

TRADE Congataries to:- **M/s E. V. BAL & Co., P. O. ERANHIPALAM, CALICUT.**

THE

TRAVANCORE FORWARD BANK LTD.

(Established 1929)

KOTTAYAM.

CAPITAL.

Authorised	Rs.	25,00,000
Issued & Subscribed	Rs.	25,00,000
Paid Up	Rs.	15,00,000
Reserve	Rs.	2,36,000
Total Resources (June 30th 1946)	Rs.	2,20,00,000

Head Office:- **KOTTAYAM, TRAVANCORE.**

BRANCHES:-

Adoor
Alleppey
Alwaye
Calicut
Cochin
Chalai
Changanacherry
Chengannur
Chirayinkil
Coimbatore
Ernakulam
Kayamkulam
Kothamangalam
Kottayam

K. K. Road, (Kottayam)
Kozhencherry
Kottarakara
Madras
Marthandam
Mavelikara
Madura
Munnar
Mundakayam
Muvattupuzha
Nagercoil
Ootacamund
Palai
Parur

Perumbavoor
Punalur
Ponkunnam
Palghat
Quilon
Shertallai
Shencc
Thiruvalla
Thiruppur
Thodupuzha
Trichur
Trivandrum
Vaikom

PAY OFFICES:-

Aiyoor
Colachel
Edapally
Karunagapally
Kumbanad

Kuthiathode
Kundara
Karthikappally
Chavara
Mallappally

Nedumangad
Nedunganda
Pattam (Trivandrum)
S. Paravoor
Vadasserry.

C. M. CHERIAN M. A.,
Secretary.

Printed and published by T. M. Chandy at the Popular Press, Kottayam.

CINEMA MASIKA License No: 482 Dated 1st May 1946.



തിരുനാൾ പ്രമാണിച്ച്

തമ്പാനൂർ

ന്യൂ തിയേററിൽ

1122 തുലാം 6-ാംനു- ബുധനാഴ്ച മുതൽ
ഇന്ത്യ ഒട്ടുക്ക് ഇദംപ്രഥമമായി പ്രദർശനം
ആരംഭിക്കപ്പെടുന്ന ഏററവും പുതിയ പടം.

ത്യാഗയ്യാ

ശ്രീ ത്യാഗരാജസ്വാമികളുടെ
ജീവചരിത്രം
നാഗയ്യാ ജയമ്മ
തുടങ്ങിയ വിശിഷ്ട താരങ്ങളഭിനയിച്ചതു്.

SRI RENUKA FILMS Ltd. MADRAS



Distributors:- ASSOCIATED PICTURES Ltd., Ernakulam.